
# സത്യദൂതൻ

2013 ജനുവരി | ലക്കം 1 വില ₹ 20



ഖുത്ബ:
ശഹാദത്ത് എന്ന ഉന്നത പദവി



പുതുവത്സരാശംസകൾ

## ഹദ്റത്ത് ഗുരുനാനക്ക് (റഹ്)

## ഹദ്റത്ത് ഫാത്വിമത്തുസ്സഹ്റാ

## വിശുദ്ധ ഖുർആനിലെ പ്രവചനങ്ങൾ


Ahmadiyya Muslim Mosque in Pramso, Ghana


Ahmadiyya Muslim Mosque, Daboase, Ghana



The Sathyadoothan Monthly


لا اله الا الله محمد رسول الله

# സത്യദൂതൻ

2013 ജനുവരി
ഹി.ശ.1392 - സുലഹ്
1434 - സഫർ - റ.അവ്വൽ
പുസ്തകം 85 ലക്കം 1
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** **എഡിറ്റോറിയൽ**

**6** **യുഗശബ്ദം**



**7**
ഖുത്വ്ബ
**ശഹാദത്ത് എന്ന ഉന്നത പദവി**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

**14**
**വിശുദ്ധ ഖുർആനിലെ പ്രവചനങ്ങൾ**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് ( റഹ്)
സമീപസ്ഥവും വിദൂരവുമായ ഭാവിയെ സംബന്ധിച്ച പ്രവചനങ്ങൾ



**18**
**ഹദ്റത്ത് ഗുരുനാനക്ക് (റഹ്)**
മൗലവി മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ



**22**
**ഹദ്റത്ത് ഫാത്വിമത്തുസ്സഹ്റാ(റ)**
സ്വാദിഖ ഫദ്ൽ

**32**
**നെപ്പോളിയന്റെ അനുഭാവം**
എ.എം.മുഹമ്മദ് സലിം
ഫ്രഞ്ച് വിപ്ലവാനന്തരം യൂറോപ്പിലെ ചക്രവർത്തിയെപ്പോലെ അധികാരത്തിൽ വാണ നെപ്പോളിയൻ ബോണോപ്പാർട്ട് യഹൂദരോട് പൊതുവെ അനുഭാവം പുലർത്തി. നെപ്പോളിയന്റെ പതനത്തിന് ശേഷം ക്രിസ്തീയ യൂറോപ്പ് വീണ്ടും യഹൂദ പീഡനത്തിനുള്ള അരങ്ങൊരുക്കിയെങ്കിലും ചരിത്ര ഗതിയെ പിറകോട്ട് നയിക്കാൻ അവർക്കായില്ല.

**35**
**കപട വിശ്വാസിയുടെ കുത്ത് വാക്കും റസൂൽ തിരുമേനി(സ)യുടെ ഔദാര്യവും**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)
കപട വിശ്വാസികളുടെ നേതാവായ അബ്ദുല്ലാ ഇബ്നു ഉബയ്യ് ഇബ്നി സുലുൽ റസൂൽ തിരുമേനി (സ) യെ അങ്ങേയറ്റം വിഷമിപ്പിച്ച യാളായിരുന്നു.



**36**
**ഉമർ(റ)യും ഈസാ നബി(അ)ന്റെ മരണവും**
മുസ്‌ലിം ലോകത്ത് ആദ്യമായുണ്ടായ ഏറ്റവും പ്രാമാണികവും ഏകീകൃതവുമായ അഭിപ്രായം മുഹമ്മദ് നബി(സ)ക്ക് മുമ്പുണ്ടായിരുന്ന എല്ലാ പ്രവാചകന്മാരും മരിച്ചു പോയി എന്നതാണ്

**39**
**കുട്ടികളോടുള്ള പെരുമാറ്റം**
മുസാഫിർ

**42**
**വാർത്തകൾ**



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ**: 9497343704

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250




Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്

കരുണാർദ്രമായി നീ അവർക്ക് വിനയത്തിന്റെ ചിറക് താഴ്ത്തിക്കൊടുക്കുക. എന്റെ നാഥാ അവർ രണ്ടു പേരും എന്നെ ചെറു പ്രായത്തിൽ പോറ്റി വളർത്തിയത് പോലെ നീയും അവർക്ക് കരുണ ചൊരിയേണമേ **(17:25)**





## നബിവചനം

അബൂഹുറൈറ (റ) യിൽ നിന്നും നിവേദനം: റസൂൽ തിരുമേനി പറഞ്ഞു: വാർദ്ധക്യം പ്രാപിച്ച മാതാപിതാക്കളേയോ അവരിൽ ഒരാളേയോ ലഭിച്ചിട്ടും സ്വർഗത്തിൽ പ്രവേശിക്കുവാൻ കഴിയാത്തവന്റെ മൂക്ക് നിലം പതിക്കട്ടെ ( അഥവാ അവൻ നീചനും നിന്ദ്യനുമാകട്ടെ) **(മുസ്‌ലിം)**

## വാഗ്ദത്ത മസീഹിന്റെ വചനം

ക്ഷുഭിതനായ ഒരാൾ പ്രകോപിതനായിക്കൊണ്ട് ഒരു കുട്ടിയെ ശിക്ഷിക്കുന്നതായാൽ അയാൾ തന്റെ കോപത്തിന്ന് വശംവദനായി കുട്ടിയുടെ ശത്രുവായി മാറുകയാണ് ചെയ്യുന്നത്. ചെയ്ത തെറ്റിനേക്കാൾ വർദ്ധിച്ച തോതിൽ അയാൾ കുട്ടിയിൽ ശിക്ഷ ചുമത്തുകയും ചെയ്യുന്നു. ആത്മാഭിമാനിയും ആത്മനിയന്ത്രണമുള്ളവനും അന്തസ്സുറ്റവനും ക്ഷമാശീലനുമായ ഒരാൾക്ക് കുട്ടിയെ നല്ലവനാക്കി തീർക്കാനും അവന് സന്മാർഗം കാണിച്ചു കൊടുക്കാനും ഒരു പരിധിവരെ സന്ദർഭത്തിനനുസരിച്ച് അവകാശമുണ്ട്. എന്നാൽ ക്രുദ്ധനും കോപാകുലനുമായ ഒരാൾ അയാളാകട്ടെ ക്ഷിപ്രകോപിയുമാണ് അത്തരമെരാൾ ഒരു കുട്ടിയുടെ രക്ഷിതാവായിരിക്കാൻ യേഗ്യത യില്ലാത്തയാളാണ്. ഞാൻ ആഗ്രഹിക്കുന്നത് കുട്ടികളെ ശിക്ഷിക്കുന്നതിന് പകരം രക്ഷിതാക്കന്മാർ തങ്ങളുടെ കുട്ടികൾക്ക് വേണ്ടി പ്രാർഥനയിൽ അഭയം തേടുന്നത് ശീലമാക്കിയിരുന്നെങ്കിൽ എന്നാണ്. മക്കൾക്ക് വേണ്ടി രക്ഷിതാക്കന്മാർ നടത്തുന്ന പ്രാർഥന പ്രത്യേകം സ്വീകാര്യതയുള്ളതാണ്. **(മൽഫൂസാത്ത്)**



എഡിറ്റോറിയൽ

# അഹ്മദിയ്യാ ഖിലാഫത്തിന് അത് സാദ്ധ്യമാണ്

ഭൂമിയിൽ ഒരു പ്രതിനിധിയെ നിശ്ചയിക്കാൻ തീരുമാനിച്ചപ്പോൾ ദൈവം മലക്കുകളുമായി നടത്തിയ ഒരു അത്യപൂർവ സംഭാഷണം വിശുദ്ധ ഖുർആൻ രേഖപ്പെടുത്തുന്നു. ***ഞാൻ ഭൂമിയിൽ ഒരു ഖലീഫയെ നിശ്ചയിക്കാൻ പോകുകയാണെന്ന് നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം (സ്മരിക്കുക). അവർ പറഞ്ഞു: കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെ നീ അവിടെ നിശ്ചയിക്കുകയാണോ? ഞങ്ങളാവട്ടെ നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്റെ മഹിമയെ പ്രകീർത്തിക്കുകയും നിന്റെ വിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു. അവൻ പറഞ്ഞു: നിശ്ചയമായും നിങ്ങളറിയാത്തത് ഞാനറിയുന്നുണ്ട്. അവൻ ആദമിന് എല്ലാനാമങ്ങളും പഠിപ്പിച്ചു ........നിങ്ങൾ ആദമിന്സുജൂദ് ചെയ്യുക (അനുസരിക്കുക) എന്ന് മലക്കുകളോട് നാം പറഞ്ഞ സന്ദർഭം (സ്മരിക്കുക) അപ്പോൾ അവർ(മലക്കുകൾ) അനുസരിച്ചു..... നാം പറഞ്ഞു. ആദമേ, നീയും നിന്റെ പത്നിയും ഈ തോട്ടത്തിൽ വസിക്കുകയും അവിടെ നിങ്ങൾ ഇച്ഛരിക്കുന്നിടത്ത് നിന്ന് ഭക്ഷിക്കുകയും ചെയ്തുകൊള്ളുക. എന്നാൽ ഈ വൃക്ഷത്തെ നിങ്ങൾ സമീപിക്കരുത് (സമീപിച്ചാൽ) നിങ്ങൾ അധർമികളാവും (2: 31–35)***

ഭൂമിയിൽ ഒരു ഖലീഫയെ നിശ്ചയിക്കാൻ അല്ലാഹു തീരുമാനിച്ചപ്പോൾ മനുഷ്യനെ സംബന്ധിച്ച് മലക്കുകളുയർത്തിയ ആശങ്കയാണ് ഖുർആൻ ഇവിടെ വിവരിക്കുന്നത്. അവർ രക്തം ചിന്തുന്നവരും കുഴപ്പമുണ്ടാക്കുന്നവരുമല്ലേ എന്നായിരുന്നു പരിശുദ്ധ സൃഷ്ടികളായ മലക്കുകളുടെ ആശങ്ക. മലക്കുകളുടെ ഈ അഭിപ്രായത്തെ സർവജ്ഞനായ അല്ലാഹു തള്ളുകയും ദൈവപ്രതിനിധിയായി ആദമിനെ നിശ്ചയിക്കുകയും ചെയ്തു. അതിന് ശേഷം അല്ലാഹു അദ്ദേഹത്തിന് ജ്ഞാനത്തിന്റെ കവാടങ്ങൾ തുറന്നു കൊടുത്തു. ഉന്നതിയിലേക്ക് കൈപിടിച്ചുയർത്തുകയും അദ്ദേഹത്തേയും പത്നിയേയും അനുയായികളേയും ഭക്ഷണസമൃദ്ധമായൊരു തോട്ടത്തിൽ കുടിയിരുത്തുകയും ചെയ്തു. ഏതൊരു ജനതയിൽ നിന്നാണോ ഒരു പ്രതിനിധിയെ നിയമിക്കുന്നതിൽ മലക്കുകൾ തങ്ങളുടെ ആശങ്ക പ്രകടിപ്പിച്ചത്, ആ മലക്കുകളോട് തന്നെ ആ ജനതയിൽ അല്ലാഹു നിയമിച്ച ഖലീഫക്ക് (ആദമിനെ) സുജൂദ് ചെയ്യാൻ അല്ലാഹു പിന്നീട് കൽപ്പിക്കുകയുണ്ടായി. ഖലീഫയുടെയും ഖലീഫ നേതൃത്വം കൊടുക്കുന്ന വ്യവസ്ഥയുടെയും സംസ്കരണാത്മകവും പരിവർത്തനോന്മുഖവുമായ ഗുണങ്ങളെയും അതിന് അല്ലാഹു നൽകുന്ന പിന്തുണയേയും സംബന്ധിച്ച ഗഹനമായ അർഥങ്ങളുള്ള മഹത്തായ ഒരു വിവരണമാണ് ഈ ആദിമ മനുഷ്യ കഥയിൽ വിശുദ്ധ ഖുർആൻ വരച്ചുകാട്ടുന്നത്.

ജീർണിച്ച ഒരു സാമൂഹ്യ വ്യവസ്ഥ നേർ മാർഗത്തിലേക്ക് കൊണ്ടു വരുന്നതിനെ സംബന്ധിച്ച് മലക്കുകൾ പോലും ആശങ്കപ്പെടുമ്പോൾ അതിനെ നേർവഴിയിലേക്ക് നയിക്കുക എന്നത് ദൈവം ഏറ്റെടുക്കുന്ന ഒരു ദിവ്യാദ്ഭുതമാണ്.ലോക ചരിത്രത്തിലുടനീളം ഈ ചരിത്ര പ്രതിഭാസം സാവകാശം ആവർത്തിക്കുകയുണ്ടായി. മത ഗ്രന്ഥങ്ങളിലും ഇതിഹാസങ്ങളിലും മിത്തുകളിലും മറ്റു ചരിത്ര കഥനങ്ങളിലും ആ ചരിത്ര നിയതി സൂക്ഷ്മ ദൃക്കുകൾക്ക് വായിച്ചെടുക്കാം. ലോകം ഇന്ന് നാനാവിധങ്ങളായ പ്രശ്നങ്ങളാൽ വലയുകയാണ് . ഭൗതികാസക്തി, അഴിമതി, കളവിന്റെ വ്യാപനം, ലൈംഗികരാജകത്വം, അസഹിഷ്ണുത, അന്യമത വിദ്വേഷം, ചൂഷണം, യുദ്ധക്കൊതി, പലിശ മുതലായ തിന്മകൾ സാർവത്രികമായി. ലോകത്ത് ഇന്ന് കാണുന്ന ധാർമികമായ കുത്തഴിഞ്ഞ അവസ്ഥയും അശാന്തിയും എങ്ങനെ നേരെയാവും എന്ന് ചിലർ ആത്മാർഥമായും ആശങ്കപ്പെടുന്നു. മനുഷ്യനെ നന്നാക്കാനായി രൂപം കൊണ്ടിട്ടുള്ള മതം തന്നെ ഇന്ന് ഭിന്നിച്ച് ജുഗുപ്സാവഹമായ രീതിയിൽ പരസ്പരം പോരടിക്കുകയും ജീർണതക്ക് വിധേയമാവുകയും ചെയ്യുന്നു. അപ്പോൾ എങ്ങനെ ലോകത്തെ നന്മയിലേക്ക് വീണ്ടെടുക്കാൻ കഴിയും എന്നാണ് പലരുടേയും ചോദ്യം. ഇത്തരം ആശങ്കകൾ നിഷ്ക്കളങ്കരും പരിശുദ്ധ സൃഷ്ടികളുമായ അല്ലാഹുവിന്റെ മലക്കുകൾ പോലും പ്രകടിപ്പിച്ചിട്ടുണ്ട് എന്ന് നാം ഓർക്കണം. ആ മലക്കുകൾ അവസാനം ആ ദൈവിക വ്യവസ്ഥയുടെ പൂർണാനുസാരികളായി തീർന്നു എന്നതാണ് വാസ്തവം. മലക്കുകളുടെ പോലും അനുസാരിത്വം നേടിയെടുക്കുന്ന സമൂലമായ മാറ്റത്തിന് വിധേയമായ വ്യവസ്ഥ ദൈവനിയുക്തനാൽ നാന്ദികുറിക്കപ്പെടുന്ന ഒരു അദ്ധ്യാത്മിക പ്രസ്ഥാനത്തിലൂടെ മാത്രമേ സാദ്ധ്യമാവുകയുള്ളൂ എന്നാണ് ഈ ആദി കഥയുടെ സാരാംശം. അതോടൊപ്പം സ്വർഗീയമായ സാമൂഹിക ക്രമം ആരംഭിച്ചപ്പോഴും സ്വർഗീയാരാമത്തിൽ അധാർമികത വെളിപ്പെടുത്തുന്ന ഒരു വൃക്ഷത്തിന്റെ നിത്യസാന്നിദ്ധ്യവുമുണ്ട്. അതിനെകൊള്ളെ സമീപിക്കരുത് എന്ന താക്കീത് സ്വർഗ്ഗീയ വാസികളെ നിരന്തരം ജാഗ്രതപ്പെടുത്തുന്നു.

ഈ കാലഘട്ടത്തിൽ അവതീർണനായ വാഗ്ദത്ത മസീഹ് സ്ഥാപിച്ച അദ്ധ്യാത്മിക സാമൂഹ്യക്രമം അഥവാ അഹ്മദിയ്യാ ഖിലാഫത്ത് വ്യവസ്ഥ മുഹമ്മദ് നബി(സ) പ്രവചിച്ചതും മനുഷ്യ സമൂഹത്തിൽ സമൂലമായ മാറ്റം ഉദ്ദേശിച്ചു കൊണ്ടുമുള്ള ഒരു ആഗോള ദൈവിക സ്ഥാപനമാണ്. ഇസ്ലാമിക മൂശയിൽ വ്യക്തിയുടേയും സമൂഹത്തിന്റെയും എല്ലാ ധാർമിക ഗുണങ്ങളെയും ഉത്തേജിപ്പിച്ചു കൊണ്ടും പോഷിപ്പിച്ചും അത് പുനസൃഷ്ടിക്കുന്നു.

***എല്ലാ വായനക്കാർക്കും സത്യദൂതന്റെ പുതുവത്സരാശംസകൾ***



ഹദ്റത്ത് അഹ്മദ് (അ)

വാസ്തവത്തിൽ ദൈവം തന്റെ ഭൗമിക രാജത്വം മൂലമാണ് അധികമായിതിരിച്ചറിയപ്പെട്ടിരിക്കുന്നത്. കാരണം ആകാശത്തിന്റെ രഹസ്യം മറഞ്ഞതും കാണാൻ പറ്റാത്തതുമാണെന്ന് ഒരോ വ്യക്തിയും ധരിക്കുന്നു. വർത്തമാനകാലത്ത് എല്ലാ ക്രിസ്ത്യാനികളും അവരുടെ തത്ത്വചിന്തകന്മാരും ഇഞ്ചീലിന്റെ അദ്ധ്യാപനമനുസരിച്ച് ദൈവരാജ്യത്തിന്റെ ആശ്രയവും അവലംബവുമായ ആകാശത്തിന്റെ അസ്തിത്വത്തെത്തന്നെ നിഷേധിച്ചിരിക്കയാണ്. എന്നല്ല ഭൂമി നമ്മുടെ കാലടികീഴിലുള്ള ഒരു ഗോളമാണ്. ആയിരക്കണക്കിന് ദൈവവിധികളുടെ കാര്യം അതിൽ പ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഇതൊക്കെ മനസ്സിലാക്കി ത്തരുന്നത് ഭൂമിയിൽ കാണപ്പെടുന്ന എല്ലാവിധ പരിവർത്തനങ്ങളും മാറ്റങ്ങളും സൃഷ്ടിയും നാശവും ഒരു ശക്തനായ യജമാനന്റെ കൽപ്പനക്ക് വിധേയമാണെന്നാണ്. അപ്പോൾ ഭൂമിയിൽ ദൈവരാജ്യം ഇപ്പോൾ ഇല്ല എന്ന് എങ്ങനെ നമുക്ക് പറയാൻ കഴിയും? ഈ രീതിയിലുള്ള അദ്ധ്യാപനം, ക്രിസ്ത്യാനികൾ ഉപരിലോകത്തെ പറ്റി വളരെ ശക്തിമത്തായ നിലയിൽ നിഷേധിക്കുന്നു. ഈകാലഘട്ടത്തിൽ അങ്ങേയറ്റം അനുചിതമായതാണ്. കാരണം ഭൂമിയിൽ ഇപ്പോൾ ദൈവരാജ്യം ഇല്ലെന്ന് അംഗീകരിക്ക പ്പെടുകയും മറുഭാഗത്ത് ഉപരിലോകത്ത് നിന്ന് ഒരു പ്രസക്തിയുമില്ലെന്ന് ക്രിസ്ത്യൻ ഗവേഷകർ സത്യഹൃദയത്തോടെ വിശ്വസിക്കുകയും തങ്ങളുടെ നവം നവങ്ങളായ ഗവേഷണങ്ങളാൽ തീരുമാനിച്ചിരിക്കുകയും ചെയ്തിരിക്കെ അവർ ദൈവരാജ്യം ഭൂമിയിലുമില്ല ആകാശത്തുമില്ല എന്ന നിഗമനത്തിലെത്തിച്ചേർന്നിരിക്കുകയാണ് ചെയ്തിരിക്കുന്നത്. അതായത് ഉപരി ലോകങ്ങളെ ക്രിസ്ത്യാനികൾ നിഷേധിച്ചിരിക്കുന്നു.. ഭൂമിയിൽ ദൈവരാജ്യം സ്ഥാപിതമായിട്ടില്ലെന്ന് ഇഞ്ചീൽ വ്യക്തമാക്കുന്നു. അപ്പോൾ അവരുടെ വിശ്വാസ പ്രമാണമനുസരിച്ച് അവരുടെ ദൈവത്തിന്റെ പക്കൽ ഭൂമിയിയിൽ രാജത്വമില്ല. ആകാശത്തിലേതുമില്ല. എന്നല്ല നമ്മുടെ പ്രതാപവാനായ അല്ലാഹു ഫാത്തിഹ അദ്ധ്യായത്തിൽ ആകാശത്തിന്റേയോ ഭൂമിയുടേയോ പേരെടുക്കാതെ അവൻ സകല പ്രപഞ്ചത്തിന്റേയും കർത്താവാണെന്ന യാഥാർഥ്യം നമുക്ക് നൽകുന്നു. അതായത് എവിടെയാക്കെ ജനവാസമുണ്ടോ എവിടെയൊക്കെ ഏതെങ്കിലും വിധത്തിലുള്ള സൃഷ്ടികളുണ്ടോ ശരീരങ്ങളാകട്ടെ ആത്മാക്കളാകട്ടെ അവയൊക്കെ സൃഷ്ടിക്കുന്നവനും പരിപാലിക്കുന്നവനും അല്ലാഹുവാകുന്നു. അവൻ സദാസമയവും ഒരോ നിമിഷവും അവരെ പരിരക്ഷിക്കുകയും അവരുടെ സ്ഥിതിഗതികൾക്കനുയോജ്യമായ നിലയിൽ അവർക്ക് ഈ സംവിധാനങ്ങൾ ചെയ്ത് കൊടുക്കുകയും ചെയ്യുന്നു. എല്ലാ പ്രപഞ്ചങ്ങളിലും സദാസമയവും, ഓരോ നിമിഷവും അവന്റെ പരിപാലനതത്ത്വവും പരമകാരുണികത്വവും ദയാർദ്രതയും രക്ഷാശിക്ഷനൽകാനുള്ള അധികാരത്വവും നടന്നുവരുന്നു. ഫാത്തിഹ അദ്ധ്യായത്തിലുള്ള **മാലിക്കി യൗമുദ്ദീൻ** എന്നത് കൊണ്ട് പുനരുത്ഥാന നാളിൽ മാത്രം രക്ഷാശിക്ഷ നടക്കുമെന്നല്ല. പരിശുദ്ധ ഖുർആനിൽ വളരെ വ്യക്തമായും ആവർത്തിച്ചാവർത്തിച്ചും പ്രസ്താവിച്ചിരിക്കുന്നത് പുനരുത്ഥാന നാൾ ഖിയാമത്തിന്റെ വലിയ വലിയ രക്ഷാശിക്ഷകളുടെ നേരമായിരിക്കുമെന്നാണ്.. എന്നാൽ ഒരു വിധത്തിലുള്ള ശിക്ഷ ഇതേ ലോകത്ത് ആരംഭിക്കുന്നുണ്ട്. **യജഅല്ലക്കും ഫുർക്കാനാ** (അവൻ നിങ്ങൾക്ക് ഒരു വിവേകവും വൈശിഷ്ട്യവും നൽകി-8:30) എന്ന ഖുർആനിക വചനം ഇതിലേക്ക് വിരൽചൂണ്ടുന്നു.

ഇവിടെ ഒരു കാര്യം കൂടി കേൾക്കുക. ഇഞ്ചീലി ലെ പ്രാർഥനയിൽ ദൈനംദിനമായുള്ള ആഹാരമാണ് ആവശ്യപ്പെട്ടിരിക്കുന്നത്. അതു പറയുന്നു: ഞങ്ങളുടെ ദൈനം ദിനമുള്ള ആഹാരം ഞങ്ങൾക്ക് തരേണമേ. എന്നാൽ അദ്ഭുതകരമെന്ന് പറയട്ടെ ഇത്വരെ ഭൂമിയിൽ ദൈവരാജ്യം ലഭിച്ചിട്ടില്ലാത്തവൻ എങ്ങനെയാണ് ആഹാരം നൽകുക.? ഇന്നേവരെ എല്ലാ കൃഷികളും കായ്കനികളും അവന്റെ കൽപ്പന പ്രകാരമല്ല സ്വയംഭൂവാണല്ലോ? മഴ സ്വയം വർഷിക്കുന്നു. അപ്പോൾ ആർക്കെങ്കിലും ആഹാരം നൽകുവാൻ അവനെന്ത് അധികാരമാണുള്ളത്? ദൈവരാജ്യം വരുമ്പോൾ അവനോട് ആഹാരം ചോദിക്കേണ്ടതാണ്. ഇപ്പോഴാണെങ്കിൽ അവന് ഭൗതിക കാര്യത്തിലും പങ്കില്ല. ഈ സ്വത്തിൽ പുർണമായ അധികാരം കൈവന്നാൽ മാത്രമല്ലേ അവന് ആർക്കെങ്കിലും ആഹാരം നൽകുവാൻ സാധിക്കുകയുള്ളൂ. ഈ സമയത്ത് അവനോട് ആവശ്യപ്പെടുന്നത് തന്നെ അഭംഗിയും അനുചിതവുമാണ്.

ഇതിന് ശേഷം ആവശ്യപ്പെടുന്നത് ഞങ്ങളുടെ ആ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചത് പോലെ ഞങ്ങളുടെ ആ കടങ്ങളെ ഞങ്ങളോട് ക്ഷമിക്കേണമേ എന്നാണ്. ഈ പരിതസ്ഥിതിയിൽ ഇതും ശരിയല്ല കാരണം ഭൂമിയുടെ

ശേഷം പേജ് 38-ൽ



# ശഹാദത്ത് എന്ന ഉന്നത പദവി

**(14 – 12 – 2012 ന് ഫ്രാങ്ക് ഫർട്ട് (ജർമനി)ൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.)**

**അ**ല്ലാഹുവിന്റെ മാർഗത്തിൽ ജീവൻ ത്യജിക്കുന്നവർക്ക് മാത്രം പറയുന്ന വാക്കാണ് ശഹീദ് എന്നാണെന്നാണ് പൊതുവിൽ മനസ്സിലാക്കുന്നത്. അല്ലാഹുവിന്റെ മാർഗത്തിൽ തന്റെ ജീവൻ ത്യജിക്കുന്ന വ്യക്തി തീർച്ചയായും ശഹീദിന്റെ സ്ഥാനം കരസ്ഥമാക്കുന്നവനാണ്. അല്ലാഹു അവർക്കായി സ്വർഗത്തിന്റെ കവാടം തുറന്നു കൊടുക്കുന്നതാണ്. എന്നാൽ ശഹീദ് എന്ന വാക്ക് വളരെ വിശാലമായ അർഥം ഉൾക്കൊള്ളുന്നതാണ്. അതിന് മറ്റു അർഥങ്ങളുമുണ്ട്. അതിനാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഉദ്ധരണികളുടെ അടിസ്ഥാനത്തിലും ചില ഹദീസുകളുടെ വെളിച്ചത്തിലും ഇതു സംബന്ധമായി ചില കാര്യങ്ങൾ പറയാനാണ് ഞാനിന്ന് ആഗ്രഹിക്കുന്നത്.

പാശ്ചാത്യ നാടുകളുടെ അന്തരീക്ഷ ത്തിൽ വളരുന്ന കുട്ടികളും യുവാക്കളും ഉന്നയിക്കുന്ന ഒരു ചോദ്യമുണ്ട്. പലപ്പോഴായി എന്നോട് ഈ ചോദ്യം ഉന്നയിക്കുകയുണ്ടായി. കഴിഞ്ഞ ദിവസം ഹാംബർഗിൽ വാഖിഫാത്തെ നൗ കുട്ടികളുടെ ക്ലാസ്സ് ഉണ്ടായിരുന്നു. അവിടെ ഒരു പെൺകുട്ടി ചോദിച്ചതും ഇതുതന്നെയാണ്. 'ഹുസൂർ ശുഹദാക്കളുടെ സംഭവങ്ങൾ വിവരിക്കുമ്പോൾ അതിൽ പല സംഭവങ്ങളിലും ആ ശഹീദായവർ തങ്ങളുടെ ബന്ധുക്കളോട് തനിക്ക് ശഹീദാകാൻ ഭാഗ്യം കിട്ടുന്നതിനായി ദുആ ചെയ്യാൻ പറഞ്ഞതായി കേൾക്കുന്നു. അതല്ലെങ്കിൽ ശഹീദിന്റെ സ്ഥാനം ലഭിക്കാനായി ആഗ്രഹം പ്രകടിപ്പിച്ചതായി കാണാം. ശഹാദത്ത് ഭാഗ്യവാന്മാർക്കാണ് ലഭിക്കുന്നത് എന്നും പറയുന്നു. എന്നാൽ ശഹീദാകുന്നതിന് ദുആ ചെയ്യാൻ പറയുന്നതിന് പകരം ശത്രുക്കളുടെ മേൽ വിജയം വരിക്കുന്നതിനായി ദുആ ചെയ്യാൻ എന്തു കൊണ്ട് അവർ പറയുന്നില്ല.'

ശത്രുക്കൾക്കുമേൽ വിജയം കൈവരിക്കാനുള്ള ദുആയാണ് പ്രഥമമായ ദുആ. ദൈവീക പ്രസ്ഥാനങ്ങൾക്കാണ് വിജയം ലഭിക്കുക എന്നത് അല്ലാഹുവിന്റെ അവരോടുള്ള വാഗ്ദാനം കൂടിയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹു വിവിധ സന്ദർഭങ്ങളിൽ വിജയത്തിന്റെയും ഉന്നതിയുടെയും വാഗ്ദാനങ്ങൾ നൽകുകയുണ്ടായി. വിജയത്തെക്കുറിച്ചുള്ള സുവാർത്ത നൽകുകയുണ്ടായി. ഈ വിജയത്തിന്റെ വ്യക്തമായ അടയാളങ്ങൾ അഹ്മദിയ്യാ ജമാഅത്ത് കാണും എന്നതിൽ നാം അടിയുറച്ചു വിശ്വസിക്കുകയും ചെയ്യുന്നു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതിന്റെ അടയാളങ്ങൾ നാം കാണുകയും ചെയ്യുന്നു. ഓരോ വർഷവും ശക്തമായ എതിർപ്പുകൾ ഉണ്ടായിട്ടുകൂടി ലക്ഷക്കണക്കിന് ആളുകൾ ബൈഅത്ത് ചെയ്തുകൊണ്ട് അഹ്മദിയ്യത്തിലേക്ക് പ്രവേശിച്ചുകൊണ്ടിരിക്കുന്നു. മാത്രമല്ല, എതിർപ്പുകളുള്ള സ്ഥലങ്ങളിൽ നിന്നു തന്നെ ബൈഅത്തുകൾ ലഭിക്കുകയും ചെയ്യുന്നു. ഇതെല്ലാം തന്നെ പുരോഗതിയും വിജയങ്ങളും തന്നെയാണ്. അതിന്റെ

കാഴ്ചകളാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്.

ഇതേപോലെ ജമാഅത്ത് ചെയ്യുന്ന മറ്റു പ്രവർത്തനങ്ങൾ, വിശിഷ്യ ഇസ്‌ലാമിന്റെ മനോഹര അദ്ധ്യാപനത്തെ ലോകസമക്ഷം സമർപ്പിച്ചുകൊണ്ട് അമുസ്‌ലിം നാടുകളുടെ സംശയങ്ങൾ ദുരീകരിക്കുന്ന പ്രവർത്തനങ്ങൾ, യഥാർഥത്തിൽ ഇത് വിജയ ങ്ങളിലേക്കും പുരോഗതിയിലേക്കുമുള്ള ജമാഅത്തിന്റെ കാൽവെപ്പുകൾ തന്നെയാണ്. ഇവയെല്ലാം ഒരു കാലത്ത് അസാധാരണമായ ഒരു വിപ്ലവം ലോകത്ത് സൃഷ്ടിക്കുന്നതായിരിക്കും. ഇതിനുവേണ്ടി ഓരോ അഹ്മദിയും പരിശ്രമിക്കുകയും ദുആ ചെയ്യുകയും ചെയ്യേണ്ടതാണ്.

ചുരുക്കത്തിൽ, വലിയ ലക്ഷ്യങ്ങൾ കരസ്ഥമാക്കാനായി ത്യാഗങ്ങൾ സമർപ്പിക്കേണ്ടത് അനിവാര്യമാണ്. ജീവനും നൽകേണ്ടി വരും. അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ ആവശ്യമുള്ള സ്ഥലങ്ങളിൽ എല്ലാ രീതിയിലുമുള്ള ത്യാഗങ്ങൾ സമർപിക്കുന്നുമുണ്ട്. അതിനായി തയ്യാറായിരിക്കുകയും ചെയ്യുന്നു. ജീവൻ നൽകുന്നവരും ഇതിലുണ്ട്. അങ്ങനെ അവർ ശഹാദത്തിന്റെ സ്ഥാനം കരസ്ഥമാക്കുന്നു. അല്ലാഹുവിന്റെ പ്രീതിയുടെ സ്വർഗത്തിൽ അവർ പ്രവേശിക്കുകയും ചെയ്യുന്നു.

എന്നാൽ ഞാൻ പറഞ്ഞതുപോലെ ശഹാദത്ത് എന്നതിന് ഈ ഒരർഥം മാത്രമല്ല ഉള്ളത്. അത് വലിയ വ്യാപ്തിയുള്ളതാണ്. അതിന്റെ ആഴവും പരപ്പും മനസ്സിലാക്കാൻ ചോദ്യകർത്താക്കളായ യുവതലമുറ പരിശ്രമിക്കണം. അതേപോലെ മുതിർന്നവരും മനസ്സിലാക്കണം. അപ്പോൾ മാത്രമേ ശഹാദത്തിന്റെ സ്ഥാനം കരസ്ഥമാക്കാൻ ഓരോരുത്തരും പരിശ്രമിക്കുകയുള്ളു. ദുആയുടെ ആത്മാവ് എന്താണെന്ന് മനസ്സിലാക്കുകയുള്ളൂ. അങ്ങനെ അല്ലാഹുവിന്റെ പ്രീതിയുടെ സ്വർഗത്തിൽ പ്രവേശിക്കുകയുള്ളൂ.

തിരുനബി(സ) ഒരിക്കൽ ഹദ്റത്ത് അബൂഹുറൈറ(റ)യോട് പറഞ്ഞു: "അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെടുന്നവർ മാത്രമാണ് ശഹീദ് എന്ന് പറയപ്പെടുകയുള്ളുവെങ്കിൽ എന്റെ ഉമ്മത്തിൽ കുറച്ച് ശഹീദുകൾ മാത്രമേ ഉണ്ടാകുകയുള്ളൂ."

മുസ്‌ലിമിൽ നിന്നും എടുത്ത ഒരു ഹദീസ്. തിരുനബി(സ)അരുളി: "സത്യസന്ധതയോടുകൂടി ആരാണോ ശഹാദത്ത് ആഗ്രഹിക്കുന്നത് അല്ലാഹു അവരെ ശഹീദുകളുടെ ഗണത്തിൽ ഉൾപ്പെടുത്തുന്നതാണ്; അവരുടെ മരണം കട്ടിലിൽ കിടന്നാണെങ്കിലും ശരി"

ബദർ യുദ്ധാവസരത്തിൽ നാം കാണുന്നതെന്താണ്? തിരുനബി(സ) ബദർ യുദ്ധാവസരത്തിൽ അല്ലാഹുവിന്റെ വാഗ്ദാനങ്ങളെ എറ്റു പറഞ്ഞുകൊണ്ട് അവനോട് വിജയത്തിനായാണ് തേടിയത്. തിരുനബി(സ)യോടൊപ്പം ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത മുസ്‌ലിംങ്ങളുടെ ജീവൻ രക്ഷിക്കാനാണ് അല്ലാഹുവിനോട് പ്രാർ ഥിച്ചത്. എല്ലാവരും വധിക്കപ്പെട്ട് ശഹാദത്ത് ലഭിക്കണം എന്നല്ല തേട്ടം. അല്ലാഹു വിനോട് ഇപ്രകാരമാണ് പറഞ്ഞിരുന്നത്, 'ഈ മുസ്‌ലിംകൾ വധിക്കപ്പെട്ടുകഴി ഞ്ഞാൽ നിന്നെ ആരാധിക്കുന്നവരായി ആരും ഉണ്ടാകില്ല.'

മനുഷ്യസൃഷ്ടിപ്പിന്റെ ലക്ഷ്യമായി അല്ലാഹു പറയുന്നത് ആരാധനയാണ്. അതിനാൽ ഒരു യഥാർഥ വിശ്വാസിയുടെ ജീവിതലക്ഷ്യം എന്നത് തന്റെ ജീവൻ സമർപ്പിക്കുക എന്നതല്ല. നിരന്തരമായി അവൻ ദൈവപ്രീതി കരസ്ഥമാക്കാനായി പരിശ്രമിക്കുക എന്നതാണ്. എല്ലാ ത്യാഗത്തിനായും അവൻ എപ്പോഴും തയ്യാറായിരിക്കുന്നതാണ്.

ഹദീസിൽ മറ്റൊന്ന് വന്നിട്ടുള്ളത് ഒരു വിശ്വാസി ഒരിക്കലും യുദ്ധം ആഗ്രഹിക്കരുതെന്നാണ്. എന്നാൽ യുദ്ധം അടിച്ചേൽപ്പിക്കപ്പെട്ടു കഴിഞ്ഞാൽ, മതത്തിന്റെ പേരിൽ ഒരു വിശ്വാസിയുടെ ജീവൻ അപഹരിക്കാനുള്ള ശ്രമം നടന്നു കഴിഞ്ഞാൽ ഭീരുത്വം കാണിച്ചുകൊണ്ട് ഒരിക്കലും പിന്നോട്ട് മാറരുത്. സധൈര്യം വീറോടെ തന്റെ ജീവൻ സമർപ്പിക്കുക. ഒരിക്കലും പിന്തിരിയരുത്. യുദ്ധത്തിനുള്ള അനുവാദവും അവസരവും ഉണ്ടായിരുന്നപ്പോൾ ശത്രുക്കളെ നേരിട്ടുകൊണ്ട്, തങ്ങളുടെ ജീവൻ നൽകികൊണ്ട് ഒരു വിശ്വാസി ശഹാദത്തിന്റെ സ്ഥാനം കരസ്ഥമാക്കിയിരിക്കുന്നു. അതിന് ഒരുവിധ ഭയമോ പേടിയോ ഉണ്ടായിരുന്നില്ല. ഇന്നത്തെ അവസ്ഥയിൽ യുദ്ധമില്ല. അഹ്മദിയ്യത്തിന്റെ ഭീരുക്കളായ ശത്രുക്കൾ പാത്തും പതുങ്ങിയുമാണ് ആക്രമിക്കുന്നത്. നേരിട്ട് വന്നു യുദ്ധം ചെയ്താൽ തന്നെയും നമുക്ക് ഇക്കാലത്ത് യുദ്ധത്തിനുള്ള അനുവാദമില്ല. ചില അഹ്മദികൾക്ക് ഭീഷണിയുള്ള കത്തുകൾ വരാറുണ്ട്. അഹ്മദിയ്യത്ത് ഉപേക്ഷിക്കുക അല്ലെങ്കിൽ മരിക്കാൻ തയ്യാറായിരിക്കുക എന്ന് അതിൽ എഴുതുന്നു. അപ്പോൾ ഒരു വിശ്വാസി തന്റെ പൗരുഷം പ്രകടിപ്പിക്കേണ്ടത് ജീവൻ നൽകേണ്ടി വന്നാലും മതത്തേയും ദൈവപ്രീതിയേയും ത്യജിക്കാൻ തയ്യാറല്ല എന്ന് പറഞ്ഞുകൊണ്ടാണ്. പാകിസ്താനി അഹ്മദികൾ ഈ രീതിയിലുള്ള പ്രകടനം കാഴ്ചവെക്കുന്നുണ്ട്.

ഇതാണ് ഒരു വിശ്വാസിയുടെ വ്യതിരിക്തത. അത് വിവിധ സന്ദർഭങ്ങളിൽ, വിവിധ അവസരങ്ങളിൽ പ്രകടമാകുന്നു. എന്നാൽ ശഹാദത്തിന്റെ വ്യാപ്തി എത്ര മാത്രമുണ്ട്? അതേപോലെ നബിമാരിലും സിദ്ദീഖുകളിലും ശുഹദാക്കളിലും സ്വാലിഹീങ്ങളിലും ഉൾപ്പെടാനായിട്ടുള്ള പ്രാർഥന അല്ലാഹു പഠിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇതിന്റെ അർഥമെന്താണ്? ഇതിൽ അടങ്ങിയിരിക്കുന്ന തത്ത്വമെന്താണ്? ഇതിന്റെ വ്യാപ്തി എത്ര മാത്രമുണ്ട്? ഇത് മനസ്സിലാക്കുന്നതിനായി അല്ലാഹു നമ്മോട് കരുണ ചെയ്തുകൊണ്ട് കാലഘട്ടത്തിന്റെ ഇമാമിനെയും വാഗ്ദത്ത മസീഹിനെയും വിശ്വസിക്കാനുള്ള തൗഫീഖ് നൽകിയിരിക്കുന്നു. ആ മഹാത്മാവ് ഈ കാര്യങ്ങളെല്ലാം സുവ്യക്തമായ രീതിയിൽ നമുക്ക് മനസ്സിലാക്കിത്തരികയുണ്ടായി. ഞാൻ നേരത്തെ പറഞ്ഞ നബി, സിദ്ദീഖ്, ശഹീദ്, സ്വാലിഹ് എന്നീ എല്ലാ പദവികളെകുറിച്ച് ഞാൻ ഇപ്പോൾ വിവരിക്കുന്നില്ലെങ്കിലും ശഹീദ് എന്നതിനെക്കുറിച്ചാണ് പൊതുവിൽ ചോദ്യം വരാറുള്ളത്. അതുകൊണ്ട് വാഗ്ദത്ത മസീഹിന്റെ വ്യാഖ്യാനങ്ങളുടെ അടിസ്ഥാന ത്തിൽ അതിനെക്കുറിച്ച് അൽപം വിവരിക്കുന്നതായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവിധ സന്ദർഭങ്ങളിൽ ശഹീദിന്റെ സ്ഥാനമാനത്തെക്കുറിച്ചും അതിന്റെ മഹത്വത്തെക്കുറിച്ചും വിവരിച്ചിട്ടുണ്ട്. ഞാൻ കേൾപ്പിക്കുന്ന ഉദ്ധരണികളിൽ നിന്നും ശഹീദാകാൻ ദുആ ചെയ്യേണ്ടതിന്റെ ആവശ്യം എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നതാണ്. എതു രീതിയിലുള്ള ശഹീദാകാനാണ് ദുആ ചെയ്യേണ്ടത് എന്നും ഒരു യഥാർഥ വിശ്വാസിക്ക് ഇതിനുള്ള ആഗ്രഹം എന്തു കൊണ്ട് ഉണ്ടാകണമെന്നും മനസ്സിലാകുന്നതാണ്.

ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ്(അ) പറയുന്നു. "പൊതുജനങ്ങൾ മനസ്സിലാക്കുന്നത് വധിക്കപ്പെടുകയോ വെള്ളത്തിൽ മുങ്ങിമരിക്കുകയോ പ്രകൃതിക്ഷോഭത്തിൽ മരിക്കുകയോ ചെയ്തവർക്കാണ് ശഹീദ് എന്ന് പറയുന്നതെന്നാണ്. എന്നാൽ ഞാൻ പറയുന്നത് ഇവർ മാത്രമാണ് ശഹീദ് എന്ന് കരുതുന്നതും ഇതിനെ ഈ പരിധിക്കുള്ളിൽ തളച്ചിടുന്നതും വിശ്വാസിയുടെ മഹത്വത്തിന് ചേർന്നതല്ല. ശഹീദ് എന്ന് പറയുന്നത് യഥാർഥത്തിൽ അല്ലാഹുവിനോട് സ്ഥിരചിത്തതയിൽ സമാശ്വാസം കൈവരിക്കുന്ന വ്യക്തിയാണ്. ഒരുവിധ ഭയാനകമായ വിപത്തോ അപകടമോ അവനെ ഇളക്കി മാറ്റില്ല. എതുതരം പ്രയാസമാണെങ്കിലും അതിനെ നെഞ്ചൂക്കോടെ അവർ നേരിടും. അല്ലാഹുവിന് വേണ്ടി ഇനി തന്റെ ജീവൻ തന്നെ

നൽകേണ്ടി വന്നാലും അനിതരസാധാരണമായ നിലയിലുള്ള സ്ഥൈര്യം അവന് ലഭ്യമാകുന്നു. ഒരുവിധ ദുഃഖമോ വിഷമമോ ഇല്ലാതെ തന്റെ കഴുത്ത് നീട്ടിക്കൊടുക്കുന്നു. അവൻ ആഗ്രഹിക്കുന്നത് എനിക്ക് വീണ്ടും വീണ്ടും ജീവിതം ലഭിക്കുകയാണെങ്കിൽ വീണ്ടും വീണ്ടും അല്ലാഹുവിന്റെ മാർഗത്തിൽ തന്നെ സമർപ്പിക്കുക എന്നതാണ്. അവർക്ക് പ്രത്യേകമായ ഒരു ആനന്ദവും സംതൃപ്തിയും കൈവരുന്നതാണ്. അവന്റെ ശരീരത്തിൽ പതിക്കുന്ന ഓരോ വാളും, അവനെ കഷണം കഷണ മാക്കുന്ന ഓരോ വെട്ടും അവന് പുതുജീവനും സന്തോഷവും പ്രസന്നതയും നൽകുന്നു." ശഹീദ് എന്നതിന്റെ അർഥമാണിത്.

ശഹീദ് എന്ന വാക്ക് ശഹദ്(തേൻ) എന്നതിൽ നിന്നും നിഷ്പന്നമായതാണ്. കഠിനമായ ആരാധന ആരാണോ സഹിക്കുന്നത്, അല്ലാഹുവിന്റെ മാർഗത്തിൽ എല്ലാ കയ്പേറിയ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും സഹി ക്കുന്നത്, എല്ലാം സഹിക്കാൻ തയ്യാറായിരിക്കുന്നത്, അവർ തേനിനെപ്പോലെ ഒരു മാധുര്യവും രുചിയും കരസ്ഥമാക്കുന്നു. തേൻ(ശഹദ്) **ഫീഹി ശിഫാഉൻ ലിന്നാസ്,** (അത് ജനങ്ങൾക്ക് രോഗശമനൗഷധമാണ്) എന്നതുപോലെ ഇവ്വിധമാളുകളും ശമനൗഷധങ്ങളാണ്. ഇവരുടെ സാമീപ്യം കരസ്ഥമാക്കുന്നവർ വിവിധതരം രോഗങ്ങളിൽ നിന്നും മോചിതരാകുന്നു".

മരണം ഒന്നുകൊണ്ട് മാത്രമാണ് ശഹീദ് എന്ന പദവി ലഭിക്കുന്നതെങ്കിൽ അവരുടെ സാമീപ്യമാർജിക്കുന്നവർ എങ്ങനെ ഫലമെടുക്കാനാണ്. അവരുടെ യഥാർഥ നന്മകൾ, ദൈവപ്രീതിയുടെ മാർഗത്തിലുള്ള അവരുടെ ചലനം, ദൈവസാമീപ്യം കരസ്ഥമാക്കൽ എന്നിവയും ഒരു ശഹീദിന്റെ സ്ഥാനമാണ്. ഇങ്ങനെയുള്ളവരുടെ സാമീപ്യം പ്രാപിക്കുന്നവർ വിവിധതരം രോഗങ്ങളിൽ നിന്നും മോചിതരാകുന്നു.

തുടർന്ന് പറയുന്നു."ശഹീദ് എന്നത് ഉന്നതമായ ഒരാത്മീയ സ്ഥാനമാണ്. അതിൽ മനുഷ്യൻ തന്റെ ഓരോ പ്രവൃത്തിയിലും അല്ലാഹുവിനെ കാണുന്നു. ചുരുങ്ങിയ പക്ഷം അല്ലാഹുവിനെ കാണുന്നുണ്ടെന്ന് അടിയുറച്ച് വിശ്വസിക്കുന്നു. ഇതിന്റെ മറ്റൊരു പേര് ഇഹ്സാൻ എന്നതുമാണ്."

ഹദ്റത്ത് മസീഹ് മൗഊദ്(അ) ശഹീദിന്റെ സ്ഥാനത്തെക്കുറിച്ച് പറഞ്ഞതിൽ ഒന്ന് അവൻ ഓരോ പ്രവൃത്തി ചെയ്യുമ്പോഴും അല്ലാഹുവിനെ കാണുന്നു. ചുരുങ്ങിയ പക്ഷം അല്ലാഹു കാണുന്നുണ്ടെന്ന ദൃഢജ്ഞാനം ഉണ്ടാകുന്നു. ഞാൻ ചെയ്യുന്ന പ്രവൃത്തി എല്ലാം അല്ലാഹു കാണുന്നുണ്ടെന്ന പൂർണബോധം അവനുണ്ടാകും. ഈ ഒരവസ്ഥ സംജാതമായാൽ എപ്പോഴും സദ്പ്രവൃത്തി ചെയ്യുന്നതിനെക്കുറിച്ച് മാത്രമായിരിക്കും ചിന്തയുണ്ടാകുക. അവന് ദുഷ്പ്രവൃത്തി ചെയ്യാൻ സാധിക്കില്ല.

ഇഹ്സാൻ എന്ന ഗുണം അല്ലാഹുവിന്റെ അസ്തിത്വവുമായി ബന്ധപ്പെടുത്തുമ്പോൾ എന്താണെന്ന് നോക്കാം. ഇഹ്സാൻ എന്താണെന്ന് വിവരിച്ചുകൊണ്ട് പറയുന്നു: "അല്ലാഹുവിൽ നിന്നും നിങ്ങൾക്കുള്ള കല്പന അവനോടും അവന്റെ സൃഷ്ടികളോടും നിങ്ങൾ 'അദ്ൽ' (നീതി) നടപ്പിൽ വരുത്തുക എന്നതാണ്. ഇഹ്സാൻ എന്നതിന് മുമ്പുള്ള അവസ്ഥയാണ് അദ്ൽ. അല്ലാഹുവിനോടുള്ള കടപ്പാടും സൃഷ്ടികളോടുള്ള കടപ്പാടും നിർവഹിക്കുക. ഇതിനേക്കാളും കൂടുതൽ ചെയ്യാൻ സാധിക്കുമെങ്കിൽ അദ്‌ലിന് പകരം ഇഹ്സാൻ ചെയ്യുക. നിർബന്ധ കടമകളെക്കാളും കൂടുതലായി ചെയ്യുക. അല്ലാഹുവിനെ കാണുന്നുണ്ടെന്ന രീതിയിൽ നന്മകൾ ചെയ്യുക. (നിർബന്ധ കടമകൾ ചെയ്യേണ്ടതു തന്നെയാണ്. അതിനു പുറമേ ഐച്ഛികമായ കർമങ്ങൾ കൂടുതൽ ചെയ്യുക). അല്ലാഹുവിനെ ആരാധിക്കുന്നതിൽ അതിന്റേതായ കടമകൾ നിറവേറ്റുക. അല്ലാഹുവുമായി ഒരു ബന്ധം സ്ഥാപിക്കുക. ഇതു ചെയ്യുകയാണെങ്കിൽ ഇത് ഇഹ്സാൻ ആയിത്തീരുന്നതാണ്. ഇവ ശഹാദത്തിന്റെ പദവിയിലേക്ക് മനുഷ്യനെ എത്തിക്കുന്നതായിരിക്കും. ജനങ്ങളോട് ചെയ്യേണ്ട കടമകളേക്കാളും കൂടുതലായി ചെയ്യുക. ശഹീദിന്റെ പദവി കരസ്ഥമാക്കുന്നവരിൽ ഉൾപ്പെടണമെങ്കിൽ ജനങ്ങളോടുള്ള ബാധ്യതകൾ നിറവേറ്റിയതിനുശേഷം അവരോട് കൂടുതൽ സ്നേഹവും വാൽസല്യവും പ്രകടിപ്പിക്കുക. അവരോട് മയത്തോടും കാരുണ്യത്തോടും കൂടി വർത്തിക്കുക.

അല്ലാഹുവിനോടുള്ള നീതി ആവശ്യപ്പെടുന്നത് ആരാധനക്കർഹൻ അവനല്ലാതെ മറ്റാരുമില്ലാത്ത രീതിയിൽ അവനുമായി ബന്ധം സ്ഥാപിക്കുക. അതേപോലെ സ്നേഹിക്കാൻ അർഹനായിട്ടുള്ളവനും, എല്ലാം സമർപ്പിക്കാൻ അർഹനായിട്ടുള്ളവനും മറ്റാരും ഉണ്ടായിരിക്കരുത്. കാരണം അവൻ സ്രഷ്ടാവാണ്. ഈ ജീവിതത്തെയും ഇതിലെ അനുഗ്രഹങ്ങളെയും നിലനിറുത്തുന്നവൻ അവനാണ്. അവൻ പരിപാലകനാണ്. അവന്റെ അനുഗ്രഹങ്ങൾ അവൻ നൽകുന്നു. ഒരു വിശ്വാസി ഈ കാര്യങ്ങളിൽ ഉറച്ച് വിശ്വസിച്ചാൽ മാത്രം പോരാ, അല്ലാഹുവാണ് എല്ലാ ശക്തിയുടേയും കേന്ദ്രം, അവൻ റബ്ബാണ് എന്ന് മനസ്സിലാക്കിയാൽ മാത്രം പോരാ, മറിച്ച് ഇതിൽ നിന്നും അവൻ മുന്നേറണം. ആ മുന്നേറ്റം എന്നത് അല്ലാഹുവിന്റെ മഹത്വത്തെക്കുറിച്ച് പൂർണമായും അംഗീകരിക്കുകയും അവന്റെ ആരാധനയിലും അവന്റെ മുമ്പിൽ കുമ്പിടുന്നതിലും പൂർണമായും വിലയം പ്രാപിക്കുകയും ചെയ്യുന്നവനായിത്തീരണം. ഹൃദയത്തിൽ നിന്നും വരുന്ന വികാരത്തോടുകൂടി അവന്റെ മുമ്പിൽ കുമ്പിടുന്നവരായി മാറണം. അവന്റെ മഹത്വവും പ്രതാപവും, ഒരിക്കലും അവസാനിക്കാത്ത അവന്റെ സൗന്ദര്യവും സ്വയം ദർശിച്ചതുപോലെ അവന്റെ സ്നേഹത്തിൽ തന്നെ ലീനമാക്കുകയും ചെയ്യുക. അനന്തമായ, ഒരിക്കലും അവസാനിക്കാത്ത അല്ലാഹുവിന്റെ സൗന്ദര്യത്തെ മനുഷ്യൻ കാണുമ്പോൾ, അവന്റെ ഗുണവിശേഷങ്ങളിൽ അടിയുറച്ചു വിശ്വസിക്കുമ്പോൾ, അവനെ ആരാധിക്കുന്നതിലേക്ക് ശ്രദ്ധയുണ്ടാകുന്നു. അങ്ങനെയുള്ള വ്യക്തിയിൽ നിന്നും അല്ലാഹുവിന്റെ പ്രീതിക്ക് വിരുദ്ധമായ ഒരു പ്രവർത്തിയും ഉണ്ടാകുന്നതല്ല. ഈ ഒരവസ്ഥ കൈവരിച്ചു കഴിഞ്ഞാൽ ഇത് ശഹീദിന്റെ പദവിയാണ്.

ശഹീദിന്റെ പദവിയെക്കുറിച്ച് മറ്റൊന്ന് പറഞ്ഞത്, അല്ലാഹുവുമായി ബന്ധം സ്ഥാപിക്കപ്പെട്ടു കഴിഞ്ഞാൽ അതിനുശേഷം സ്ഥിരചിത്തതക്കുള്ള ശക്തി കൈവരുന്നു. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനായി ഏതുതരം ത്യാഗത്തിനും മനുഷ്യൻ തയ്യാറാകുന്നു. ഇതൊന്നുംതന്നെ ആരോ നിർബന്ധിച്ചതുകാരണം ചെയ്യുന്നതായിരിക്കില്ല. ഈ മാർഗത്തിലുള്ള പ്രയാസങ്ങളിലും ഒരുവിധ സമാധാനം അവർക്ക് ലഭിക്കുന്നു. അതും സംതൃപ്തിക്ക് കാരണ മായിത്തീരുന്നു. ഓരോ പ്രയാസത്തിനു മുമ്പിലും നെഞ്ചൂക്കോടെ വിശ്വാസി നിലയുറപ്പിക്കുന്നു. ഒരു വിധ ഭയവും ദുഃഖവും നിരാശയും അവരുടെ ഹൃദയത്തിൽ ഉണ്ടാവില്ല. ഞാൻ ഇങ്ങനെ ചെയ്യാതിരുന്നെങ്കിൽ എന്നോ, അഹ്മദിയ്യത്തിന്റെ എതിരാളിയുടെ കാര്യങ്ങൾ ഞാൻ കേട്ടിരുന്നെങ്കിൽ എന്നോ അവരുടെ ഭീഷണി കേട്ട് അഹ്മദിയ്യത്ത് ഉപേക്ഷിച്ചിരുന്നെങ്കിൽ ഇവിധ പ്രയാസങ്ങളിലൊന്നും ഞാൻ ഉൾപ്പെടുമായിരുന്നില്ലെന്നുമുള്ള വേവലാതിയൊന്നും ഒരു വിശ്വാസിക്ക് ഉണ്ടാകുന്നതല്ല. യഥാർഥ അർഥത്തിൽ അവൻ വിശ്വാസിയാണെങ്കിൽ ഇങ്ങനെയൊന്ന് ചിന്തിക്കാനേ

കഴിയില്ല. മറിച്ച് വിശ്വാസത്തിലുള്ള ദൃഢതയും അല്ലാഹുവിന്റെ അസ്തിത്വത്തിലുള്ള ദൃഢവിശ്വാസവും ഈ പ്രയാസങ്ങളിലും അവർക്ക് ആനന്ദവും സന്തോഷവും പകർന്ന് കൊടുക്കുന്നതായിരിക്കും.

ഇതാണ് ശഹീദിന്റെ സ്ഥാനം. തുടർന്ന് പറഞ്ഞത് ശഹീദിന്റെ സ്ഥാനം ലഭിക്കുന്നത് പ്രയാസങ്ങൾ സഹിച്ചുകൊണ്ട് അല്ലാഹുവിനെ ആരാധിക്കുമ്പോഴാണ് എന്നാണ്. എല്ലാവിധ ഭൗതികാനന്ദങ്ങളും അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടിയും അവനെ ആരാധിക്കുന്നതിനു വേണ്ടിയും ത്യജിക്കുന്നു. ത്യാഗം ചെയ്യുക മാത്രമല്ല, ഈ പ്രവൃത്തി മുഖേന അല്ലാഹുവിൽ നിന്ന് പ്രത്യേകമായ സമാധാനവും ശാന്തിയും അവന് ലഭിക്കുന്നു. തേനിൽ നിന്നും മാധുര്യം ലഭിക്കുന്നതുപോലെ ആരാധനയിൽ അവന് പ്രത്യേക മാധുര്യം ലഭിക്കാൻ തുടങ്ങുന്നു. ഒരു വിശ്വാസിയുടെ നമസ്കാരവും ആരാധനകളും നമസ്കാരത്തിലുള്ള ശ്രദ്ധയും ആരാധനയിലേക്കുള്ള താത്പര്യവും ഒന്നുംതന്നെ ആരുടേയെങ്കിലും നിർബന്ധത്താലായിരിക്കില്ല. മറിച്ച് അല്ലാഹുവിലുള്ള അടിയുറച്ച വിശ്വാസം കാരണമായിട്ടായിരിക്കും. അല്ലാഹു എന്നെ കാണുന്നുണ്ടെന്നതു കൊണ്ടായിരിക്കണം. അല്ലാഹുവിന് വേണ്ടി ചെയ്യുന്ന ഓരോ പ്രവൃത്തിയും തന്നെ ദൈവപ്രീതിക്ക് കാരണമായിത്തീരുന്നതാണ്. ഈ പ്രീതി ശഹാദത്തിന്റെ സ്ഥാനം നൽകി അനുഗ്രഹിക്കുന്നു.

ഇതേപോലെ മനുഷ്യൻ ഉപേക്ഷിക്കുന്ന ഓരോ തിന്മയും അല്ലാഹു ഉപേക്ഷിക്കണം എന്ന് പറഞ്ഞ കാരണത്താൽ ഉപേക്ഷിക്കുകയാണെങ്കിൽ, തനിക്ക് ദൈവപ്രീതി കരസ്ഥമാക്കേണ്ടതുണ്ടെന്ന ചിന്തയുണ്ടെങ്കിൽ, അല്ലാഹുവുമായി തന്റെ ബന്ധം ശക്തിപ്പെടുത്തണം എന്ന ചിന്തയുണ്ടെങ്കിൽ, അല്ലാഹു എല്ലാ പ്രവർത്തനവും കാണുന്നതുകൊണ്ട് തന്റെ ഈ ദുഷ്പ്രവർത്തി അല്ലാഹുവിന്റെ കോപത്തിന് പാത്രമാകുമെന്ന വിചാരമുണ്ടെങ്കിൽ ഇവ അല്ലാഹുവിന്റെ പ്രീതികരസ്ഥമാക്കാൻ ശ്രമിക്കുന്നവരെ തിന്മയിൽ നിന്ന് തടയുക മാത്രമല്ല നന്മയിലേക്ക് അവരുടെ ശ്രദ്ധ തിരിച്ചുവിടുന്നതുമായിരിക്കും. അല്ലാഹുവിലുള്ള വിശ്വാസത്തിലും ദൃഢജ്ഞാനത്തിലും ഉറച്ച നിലപാട് അവർക്ക് ഉണ്ടായിത്തീരും. ഒരു മനുഷ്യന്റെ ജീവിത ലക്ഷ്യം ഇതാണ്. ഒരു വിശ്വാസിയുടെ ജീവിതലക്ഷ്യം ഇതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തുടർന്ന് പറയുന്നു: ''പൊതുജനങ്ങൾ ശഹീദ് എന്നതുകൊണ്ട് അർഥ മാക്കുന്നത് ശഹീദ് എന്ന് പറഞ്ഞാൽ അമ്പുകൊണ്ടോ തോക്കുകൊണ്ടോ വധിക്കപ്പെടുന്നവരാണ്. അതുമല്ലെങ്കിൽ വല്ല യാദൃച്ഛിക മരണത്തിലും അകപ്പെടുന്ന വരാണെന്നാണ്.'' (ഒരു ഹദീസ് ഞാനിവിടെ വിവരിക്കുകയാണ്. തിരുനബി(സ) പറയുകയുണ്ടായി. അഞ്ചുവിഭാഗം ആളുകൾ ശഹീദിന്റെ ഗണത്തിൽ ഉൾപ്പെടുന്നതാണ്. വിപത്തിൽ മരണമടയുന്നവർ, വയറു സംബന്ധമായ രോഗം കാരണം മരണമടയുന്നവർ, മുങ്ങി മരിക്കുന്നവർ, ഏതെങ്കിലും കെട്ടിടത്തിന്റെ മേൽകൂരയ്ക്ക് താഴെ അകപ്പെട്ടുകൊണ്ട് മരിക്കുന്നവർ, അല്ലാഹുവിന്റെ മാർഗത്തിൽ ജീവൻ നൽകുന്നവർ. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇതിന്റെ വിശദീകരണ മാണ് നൽകുന്നത്.)"അല്ലാഹുവിന്റെ മുമ്പിൽ ശഹാദത്തിന് ഈയൊരു സ്ഥാനം മാത്രമല്ല ഉള്ളത്. ഇത് ഭൗതികമായ മരണം മൂലമുള്ള ശഹാദത്താണ്. എന്നാൽ ശഹാദത്തിന്റെ മറ്റു പദവികൾ കൂടിയുണ്ട്. അത് ഓരോ വിശ്വാസിയും അന്വേഷിക്കേണ്ടതാണ്."

പറയുന്നു. "എന്റെ പക്കൽ ശഹീദ് എന്നതുകൊണ്ട് അർഥമാക്കുന്നത് മറ്റൊന്നാണ്. ഒരു പക്ഷേ അവന്റെ ശരീരം മുറിക്കപ്പെടുന്നുണ്ടാവില്ല. ശഹീദ് എന്നത് ഹൃദയവുമായി ബന്ധപ്പെട്ട ഒരവസ്ഥക്കാണ് പറയുന്നത്. ഓർക്കുക, സിദ്ദീഖ് നബിയുമായി ഒരടുപ്പം വെക്കുന്നവരാണ്. (അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിക്കുന്നവർ, അവർ നബി, സിദ്ദീഖ്, ശഹീദ്, സ്വാലിഹ് എന്നീ ഗണത്തിൽപ്പെട്ടവരായിരിക്കും.) അവർ രണ്ടാമത്തെ പദവിയിലുള്ളവരായിരിക്കും. ശഹീദ് സിദ്ദീഖിന്റെ അടുത്ത പദവിയിലുള്ളവരുമായിരിക്കും. നബിയിൽ എല്ലാ ശ്രേഷ്ഠതകളും ഉൾകൊള്ളുന്നു. അവർ സിദ്ദീഖും ശഹീദും സ്വാലിഹും ആയിരിക്കും. എന്നാൽ സിദ്ദീഖ്, ശഹീദ് എന്നിവ വ്യത്യസ്തമായ പദവികളാണ്. സിദ്ദീഖ് ശഹീദാകുമോ എന്ന് ചർച്ച ചെയ്യേണ്ടതില്ല. ഓരോപ്രവർത്തനവും തന്നെ മുഅ്ജിസ്സയായി, അദ്ഭുതമായി കാണുന്നതാണ്. അവ ഈ രണ്ട് സ്ഥാനങ്ങളിലും അവരുടെ മഹത്വവും പദവിയും അനുസരിച്ച് വ്യത്യസ്തമായിരിക്കും. അതുകൊണ്ടാണ് അല്ലാഹു അവർക്ക് പ്രത്യേകമായ കഴിവ് നൽകുന്നത്. നല്ല പ്രവർത്തനങ്ങളും നല്ല സ്വഭാവഗുണങ്ങളും പൂർണമായ രീതിയിൽ അവരിൽ നിന്നും പ്രകടമാകുന്നു. യാതൊരുവിധ ബാഹ്യപ്രകടനവും കൂടാതെ അവരിൽ നിന്ന് ഇവ പ്രകടമാകുന്നു. ഒരുവിധ ഭയമോ പ്രതീക്ഷയോ ഈ സദ്പ്രവൃത്തികൾ ചെയ്യുന്നതിന് പ്രേരകമാകുന്നില്ല. മറിച്ച് അത് അവരുടെ പ്രകൃതിയുടെ ഭാഗമായിത്തീരുന്നു. പ്രകടനാത്മകത അവരുടെ പ്രകൃതത്തിൽ കാണില്ല. ഭൗതികലോകത്ത് നാം ഒരു യാചകനെ കാണുന്നു. അവൻ ഒരാളുടെ അടുത്ത് വന്ന് കൈനീട്ടുന്നു. ചോദിക്കപ്പെട്ട വ്യക്തിയുടെ കൈവശം കൊടുക്കാനായി ഉണ്ടെങ്കിലും ഇല്ലെങ്കിലും ജനമധ്യത്തിലായതുകൊണ്ട് അയാൾക്ക് എന്തെങ്കിലും നൽകേണ്ടതായി വരും. മറ്റുള്ളവരുടെ മുമ്പിൽ ലജ്ജിക്കാതിരിക്കാനായി വല്ലതും നൽകാൻ അവർ തയ്യാറാകുന്നു. അല്ലാഹുവിനെ ഭയപ്പെടുന്നില്ലെങ്കിൽ മനുഷ്യരെ ഭയപ്പെട്ടെങ്കിലും അവൻ നൽകുന്നു. (ഞാൻ കഴിവുണ്ടായിട്ടും ഒന്നും നൽകുന്നില്ലെങ്കിൽ ജനങ്ങൾ എന്ത് കരുതും എന്ന ചിന്തയായിരിക്കും അവനുണ്ടാകുക) എന്നാൽ ഈ രീതിയിലുള്ള പ്രകടനാത്മകതയൊന്നും ശഹീദിന് ഉണ്ടാകില്ല. ഈ ഒരു ശക്തി അവനിൽ വർദ്ധിച്ചുകൊണ്ടേ പോകുന്നതാണ്. അത് വർദ്ധിക്കുന്നതനുസരിച്ച് അവന്റെ പ്രയാസം കുറഞ്ഞുവരുന്നു. ഒന്നും ഭാരമായി അവന് തോന്നുകയേയില്ല. അല്ലാഹുവിന്റെ പ്രീതിക്ക് വേണ്ടി എല്ലാ പ്രയാസങ്ങളും സഹിക്കാൻ അവൻ തയ്യാറാകുന്നു. യാതൊരു പ്രേരണയുമില്ലാതെ അവൻ തയ്യാറാകുന്നു. ഭയം കാരണമായോ പ്രതിഫലം ലഭിക്കുമെന്ന ആശയാലോ ആയിരിക്കില്ല. ആനയുടെ തലക്കു മീതെ ഒരുറുമ്പ് ഇരുന്നാൽ ആനക്കെന്തു ഭാരമാണ് ഉണ്ടാകുക. ഇതേരീതിയിലുള്ള അവസ്ഥയാണ് യഥാർഥത്തിൽ വിശ്വാസിക്ക് പ്രയാസങ്ങൾ കൊണ്ടുണ്ടാകുന്നത്. ശഹാദത്തിന്റെ ആ സ്ഥാനം കരസ്ഥമാക്കുന്നവർ ഈ അവസ്ഥയിലായിരിക്കും.

ചുരുക്കത്തിൽ ശഹാദത്ത് എന്നത് ഹൃദയത്തിന്റെ അവസ്ഥയുടെ പേരാണ്. ഹൃദയത്തിന്റെ ഈ അവസ്ഥ അല്ലാഹുവിലുള്ള ദൃഢവിശ്വാസത്താലും പൂർണജ്ഞാനത്താലുമാണുണ്ടാകുന്നത്. മുമ്പ് വിവരിച്ചതു പോലെ തന്റെ ഓരോ പ്രവൃത്തിയും അല്ലാഹു കാണുന്നുണ്ടെന്ന ചിന്തയുണ്ടായിരിക്കണം. ഓരോ പ്രവൃത്തിയും അല്ലാഹുവിന് വേണ്ടിയാണ് ചെയ്യേണ്ടത്. അങ്ങനെയുള്ള വിശ്വാസികളിൽ നിന്ന് ഉന്നത ധാർമിക ഗുണങ്ങളും സദ്പ്രവർത്തനങ്ങളും എല്ലാം യഥാർഥ രീതിയിൽ പ്രകടമാകുന്നതാണ്. ഈ പ്രവർത്തനങ്ങളെല്ലാം ചെയ്യുന്നത് ജനങ്ങളെ കാണിക്കാൻ വേണ്ടി ആയിരിക്കില്ല. മറിച്ച് അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടിയായിരിക്കും. അല്ലാഹുവിന്റെ ഈ പ്രീതി, പരിശ്രമം കൊണ്ടു മാത്രം നേടിയെടുക്കാൻ കഴിയില്ല. ഇവ ഒരു

വിശ്വാസിയുടെ പ്രകൃതത്തിന്റെ ഭാഗമായി തീരുന്നതാണ്. അവന് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുക എന്ന ചിന്ത മാത്രമായിരിക്കും ഉണ്ടാകുക. ജമാഅത്തിന് സേവനം ചെയ്യാനുള്ള അവസരം അവന് ലഭിക്കുന്നുണ്ടെങ്കിൽ, അത് നല്ല രീതിയിൽ അവന് നിർവഹിക്കാൻ സാധിക്കുന്നുണ്ടെങ്കിൽ, ജനങ്ങൾ തന്നെ പുകഴ്ത്തിപ്പറയണം എന്ന നിയ്യത്തോടുകൂടി ആയിരിക്കില്ല അവർ പ്രവർത്തിക്കുന്നത്. മറിച്ച് അല്ലാഹുവിന്റെ പ്രീതി ലഭിക്കണം എന്ന ഒരൊറ്റ ലക്ഷ്യമായിരിക്കും ഉണ്ടാകുക. കാരണം സേവനം എന്നത് ആ വ്യക്തിയുടെ പ്രകൃതത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു. അത് ചെയ്യാതെ അവന് സ്വസ്ഥത കൈവരില്ല. ചിലരിൽ നിന്ന് സേവനം ആവശ്യപ്പെടാതെ വരുമ്പോൾ അസ്വസ്ഥരാകാറുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതിനെ ഒരുദാഹരണത്തിലൂടെ മനസ്സിലാക്കിത്തരുന്നു. ഒരു യാചകൻ ഒരാളുടെ അടുത്ത് ചെന്നാൽ ഭൗതികരായവർ പൊതുവിൽ അയാൾക്ക് വല്ലതും നൽകുന്നു. ഈ നൽകുന്നതിൽ പൊതു വിൽ പ്രകടനം ഉണ്ടാകുന്നു. എന്നാൽ ശഹീദിന്റെ സ്ഥാനം ഇതല്ല. ശഹീദ് ഈ നന്മകൾ ചെയ്യുന്നത് അവന്റെ സദ്പ്രകൃതം ഈ നന്മകൾ ചെയ്യാൻ അവനെ നിർബന്ധിക്കുന്നു എന്നതുകൊണ്ടാണ്. പ്രകൃതിപരമായ നന്മ ചെയ്യാനുള്ള ശക്തി കാലം കഴിയുന്നതനുസരിച്ച് വർദ്ധിച്ചുകൊണ്ടേ പോകുന്നതാണ്. ഏതെങ്കിലും നന്മ ചെയ്യുമ്പോഴും എതെങ്കിലും സേവനം ചെയ്യുമ്പോഴും ഞാൻ വലിയ പ്രവൃത്തികളാണ് ചെയ്യുന്നത്, അതു കൊണ്ട് അതിനുള്ള പ്രതിഫലവും പ്രശംസയും ഇവിടെയുള്ളവരിൽ നിന്ന് ലഭിക്കണം എന്നൊന്നും അവർ പ്രതീക്ഷിക്കുന്നില്ല. ജമാഅത്തിന് വേണ്ടി സേവനം ചെയ്തതുകൊണ്ട് ഭാരവാഹികൾ എനിക്ക് അതിനുള്ള പ്രതിഫലം നൽകണം എന്ന് ചിന്തിക്കില്ല. മറിച്ച് അല്ലാഹുവിന്റെ പ്രീതിക്ക് വേണ്ടി മാത്രമായിരിക്കണം പ്രവർത്തിക്കേണ്ടത്.

തർയാഖുൽ ഖുലൂബ് എന്ന തന്റെ ഗ്രന്ഥത്തിൽ ഹ : മസീഹ് മൗഊദ് (അ) പറയുന്നു. "ശഹാദത്ത് എന്ന പദവികൊണ്ട് ഉദ്ദേശിക്കുന്നത് മനുഷ്യൻ തന്റെ വിശ്വാസത്തിന്റെ ശക്തി മുഖേന അല്ലാഹുവിലും പ്രതിഫലം നൽകുന്ന നാളിലും അടിയുറച്ച് വിശ്വസിച്ച് കൊണ്ട് അല്ലാഹുവിനെ തന്റെ കണ്ണുകളെ കൊണ്ട് കാണുന്ന അവസ്ഥ വരെ എത്തുക എന്നതാണ്. ഈ ദൃഢജ്ഞാനം കാരണമായി സൽപ്രവൃ ത്തികൾ ചെയ്യുമ്പോൾ അതിലുണ്ടാകുന്ന വിഷമതകളും കഷ്ടതകളും ദുരീകരിക്കപ്പെടുന്നു. അല്ലാഹുവിന്റെ ഒരു നിശ്ചിതവിധിയും അവന്റെ പ്രകൃതവും യോജിച്ച കാരണത്താൽ തേനിന്റെ മാധുര്യം പോലെ ഒരു വിധ ആനന്ദം അവന് ലഭിക്കുന്നു. നെഞ്ചകത്തെ ഒന്നടങ്കം മാധുര്യം കൊണ്ട് നിറക്കുന്നു. എല്ലാം തന്നെ പാരിതോഷികം എന്ന നിലയിൽ അവന് അനുഭവപ്പെടുന്നു. ചുരുക്കത്തിൽ ശഹീദ് എന്ന് പറയുന്നത് തന്റെ വിശ്വാസശക്തി മുഖേന അല്ലാഹുവിനെ കാണുന്നവനും അവന്റെ കയ്പ്പേറിയ വിധിയിൽ നിന്ന് മാധുര്യം നുകരുകയും ചെയ്യുന്നവനുമാണ്. ഈ കാരണം കൊണ്ടാണ് അവനെ ശഹീദ് (സാക്ഷി) എന്ന് പറയുന്നത്. ഒരു പരിപൂർണ വിശ്വാസിയുടെ അടയാളമായി അവന് ലഭിക്കുന്നതാണ് ഈ പദവി."

വിധി നാളിലുള്ള വിശ്വാസം ഓരോ വിശ്വാസിക്കും ഉണ്ട്. എന്നാൽ ഇതിലുള്ള ദൃഢജ്ഞാനം എന്നതുകൊണ്ട് അർഥമാക്കുന്നതെന്താണ്? അല്ലാഹുവുമായി ഈ ലോകത്ത് ബന്ധം സ്ഥാപിക്കുന്നതിലൂടെയാണ് ദൃഢജ്ഞാനം കരഗതമാകുക. ഭൗതികരായവർ തന്റെ പ്രേമിക്കായി പല പ്രയാസങ്ങളും സഹിക്കാറുണ്ട്. അല്ലാഹു എല്ലാ പ്രേമഭാജനത്തേക്കാളും വലിയ പ്രേമഭാജനമാകേണ്ടതാണ്. അവന് വേണ്ടി എന്തെന്തെല്ലാം ത്യാഗങ്ങൾ നാം സമർപ്പിക്കേണ്ടതുണ്ട്.

ഭൗതികലോകത്ത് പ്രേമം സമയം കഴിയുന്നതിനസുരിച്ച് കുറഞ്ഞു വരുന്നു. അതല്ലെങ്കിൽ ഈ ലോകത്ത്വെച്ച് അവസാനിക്കുന്നു. എന്നാൽ അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ ഫലം ഈ ലോകത്ത് നിന്ന് വിട്ടു പിരിഞ്ഞതിന് ശേഷം പരലോകത്തും ഇതിനേക്കാളും കൂടുതലായി ലഭിക്കുന്നു. സദ്പ്രവൃ ത്തികളുടെ പ്രതിഫലം അല്ലാഹുവിന്റെ പ്രീതിയുടെ സ്വർഗത്തിൽ ചെന്നെത്തിക്കുന്നു. ചില പ്രവർത്തനങ്ങൾ മനുഷ്യൻ ഈ ലോകത്ത് ചെയ്യുന്നത് ചില സമയങ്ങളിൽ കഠിനവും കയ്പ്പേറിയതുമായിരിക്കും.

ലൗകികനായ ഒരു വ്യക്തി കളവ് പറഞ്ഞുകൊണ്ട് തന്റെ ഭൗതിക നേട്ടത്തിനുള്ള കാര്യങ്ങൾ നേടിയെടുക്കുന്നു. എന്നാൽ യഥാർഥ വിശ്വാസി കളവിനെ ശിർക്ക് തുല്യമായി കരുതുന്നതു കാരണം കളവ് പറഞ്ഞ് ഒരിക്കലും കാര്യം നേടാൻ ശ്രമിക്കുകയില്ല.

ഒരു ഹദീസിന്റെ അടിസ്ഥാനത്തിൽ സത്യത്തിൽ അടിയുറച്ച് നിന്ന് കൊണ്ട് ദീനിനു വേണ്ടി ഹിജ്റത്ത് ചെയ്യുന്നവർ ശഹീദ് മാത്രമല്ല സിദ്ദീഖും ആയിത്തീരുന്നു. അബൂദാവൂദിൽ നിന്നുള്ള ഒരു നിവേദനം. തിരുനബി (സ) അരുളി. "തന്റെ ദീനിൽ ഫിത്നയുണ്ടാകുമെന്ന് ഭയന്ന് കൊണ്ട് അതിനെ സംരക്ഷിക്കാനായി ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് പലായനം ചെയ്യുന്നവർ അല്ലാഹുവിന്റെ പക്കൽ സിദ്ദീഖ് ആണ്. ഇതേ അവസ്ഥയിൽ വഫാത്തായാൽ അവൻ ശഹീദുമാകുന്നതുമാണ്. അല്ലാഹുവും അവന്റെ റസൂലിലും വിശ്വസിക്കുന്നവർ തങ്ങളുടെ നാഥന്റെ പക്കൽ സിദ്ദീഖ്, ശഹീദ്, എന്നിവരിൽ ഉൾപ്പെടുന്നതാണ് എന്ന ഖുർആനിക വചനം പാരായണം ചെയ്യുകയും ചെയ്തു. തന്റെ മതവിശ്വാസ സംരക്ഷണത്തിനായി ഒരു നാട്ടിൽ നിന്ന് മറ്റൊരു നാട്ടിലേക്ക് പോകുന്നവർ ഖിയാമത്ത് നാളിൽ ഈസബ്നു മർയമിന്റെ കൂടെ ഒരേ സ്വർഗത്തിലായിരിക്കും."

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് പറയുന്നു. "ശിക്ഷാരക്ഷ എന്നത് ഉറപ്പാണ്. അല്ലാഹുവിന്റെ കല്പനയാണ്. തിരുനബി (സ) പറഞ്ഞതാണ്. ഇത് സുനിശ്ചിതമായിരിക്കെ അല്ലാഹുവിന്റെ കല്പനയനുസരിച്ച് ജീവിതം നയിച്ച് ഉത്തമ പ്രതിഫലം കരസ്ഥമാക്കാൻ ശ്രമിക്കുക. ഭൗതിക നേട്ടത്തിനായി അല്ലാഹുവിന്റെ ശിക്ഷക്ക് എന്തിന് മനുഷ്യൻ കാരണക്കാരനായിത്തീരണം."

ഇത് മറ്റൊരു വിഷയമാണ്. പ്രതിഫല നാളിനെ മുമ്പിൽ കാണുന്നവർ അല്ലാഹുവിൽ പൂർണമായ ദൃഢജ്ഞാനം ഉൾകൊള്ളുന്നവനായിരിക്കും. അവർ ശഹീദ് എന്ന പദവിയിൽ എത്തുന്നവരാണ്.

ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) തുടർന്ന് പറയുന്നു. "ശഹീദിന്റെ മഹത്വം എന്നത് പ്രയാസങ്ങളും പരീക്ഷണങ്ങളും കഷ്ടതകളും ഉണ്ടാകു മ്പോൾ അവനിൽ വിശ്വാസ ശക്തിയും, ധാർമിക ശക്തിയും സ്ഥിരചിത്തതയും പ്രകടമാകുന്നു. ഇവയെല്ലാം അനിതര സാധാരണമാകയാൽ ഒരു അടയാളമായിത്തീരുന്നതാണ്.

ഈമാൻ സുദൃഢമായി നിൽക്കുന്നതുവരെ പ്രവർത്തനങ്ങളിലും ശക്തിയുണ്ടാകുന്നു. ഈ ഈമാനിക ശക്തി പൂർണ വളർച്ച എത്തിക്കഴിഞ്ഞാൽ അങ്ങനെയുള്ള വിശ്വാസി ശഹീദിന്റെ പദവി ആർജിക്കുന്നവനായിത്തീരുന്നു. കാരണം ഒരു പ്രവൃത്തിയും തന്നെ അവന്റെ വഴി തടയുകയില്ല. അവൻ തന്റെ പ്രിയപ്പെട്ട ജീവൻ നൽകുന്നതിന് പോലും സങ്കോചിച്ചു നിൽക്കില്ല.

ചുരുക്കത്തിൽ, ശഹീദിന്റെ സ്ഥാനം കരസ്ഥമാക്കുക എന്നത് ജീവൻ നൽകുക മാത്രമല്ല, വിശ്വാസത്തിന്റെ ഉന്നത നിലവാരം കരസ്ഥമാക്കലും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കലുമാണ്. നാം ഓരോ പ്രവൃത്തിയും ചെയ്യുമ്പോഴും

അല്ലാഹു അത് കാണുന്നുണ്ടെന്ന അടിയുറച്ച വിശ്വാസം വെച്ചു പുലർത്തലാണ്.

അല്ലാഹു ഒരു വിശ്വാസിയുടെ വിശ്വാസ നിലവാരം എന്തെല്ലാമാണ് നിർണയിച്ചതെന്നുകൂടി ചുരുക്കി വിവരിക്കാം.

അല്ലാഹു പറയുന്നു. **യുഅ്മിനൂന ബിൽ ഗൈബി** അവർ അദൃശ്യ കാര്യങ്ങളിൽ വിശ്വസിക്കുന്നു. തുടർന്ന് പറഞ്ഞത് നമസ്കാരം നില നിർത്തുന്നു, അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നു, കഴിഞ്ഞുപോയ എല്ലാ പ്രവാചകന്മാരെയും തിരുനബി(സ)യെയും പൂർണമായും വിശ്വസിക്കുന്നു, ഇക്കാലത്തെ മസീഹ് മൗഊദിലും വിശ്വസിക്കുന്നു. അല്ലാഹു പറയുന്നു. **വബിൽ ആഖിറത്തിഹും യൂഖിനൂൻ**. ആഖിറത്തിൽ ദൃഢമായും വിശ്വസിക്കുന്നു. വരാനിരിക്കുന്ന, വാഗ്ദത്തം ചെയ്യപ്പെട്ട കാര്യങ്ങളിലും അവർ ദൃഢവിശ്വാസം കൈകൊള്ളുന്നു. അവസാന കാലത്തെ ഏറ്റവും സുപ്രധാനമായ പ്രവചനം വാഗ്ദത്ത മസീഹിന്റെ വരവിനെ കുറിച്ചാണ്. ഈ ആയത്തിനെ പരാമർശിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞത് തന്നെ വിശ്വസിക്കേണ്ടത് നിർബന്ധമാണെന്ന് അല്ലാഹു ഇവിടെ പറയുന്നു എന്നാണ്.

വിശ്വാസ ദൃഢീകരണത്തിനായി മറ്റൊന്ന് പറഞ്ഞത് ഒരു വിശ്വാസി ഏറ്റവും കൂടുതൽ സ്നേഹിക്കുന്നത് അല്ലാഹുവിനെയായിരിക്കും എന്നാണ്. ഇക്കാര്യത്തെക്കുറിച്ചും ഓരോരുത്തരും ചിന്തിക്കേണ്ടതാണ്. മറ്റെല്ലാ സ്നേഹത്തേക്കാളും കൂടുതൽ സ്നേഹം അല്ലാഹു വിനോടായിരിക്കണം. ഈ സ്നേഹമില്ലെങ്കിൽ വിശ്വാസം ബലഹീനമായിത്തീരുന്നതാണ്. അല്ലാഹുവിലുള്ള വിശ്വാസം, അവന്റെ മലക്കുകളിലുള്ള വിശ്വാസം, അവന്റെ ഗ്രന്ഥങ്ങളിലുള്ള വിശ്വാസം, അവന്റെ പ്രവാചകന്മാരിലുള്ള വിശ്വാസം എന്നിവയെല്ലാം തന്നെ വിശ്വാസത്തിന് അനുപേക്ഷണീയമാണ്. ഇതിന്റെ സ്ഥാനവും ഉയർന്നുകൊണ്ടിരിക്കണം.

ഈമാന്റെ സ്ഥാനത്തെകുറിച്ച് അല്ലാഹു പറഞ്ഞ ഒരുകാര്യം വിശ്വാസികളുടെ മുമ്പാകെ അല്ലാഹുവിനെ കുറിച്ച് പരാമർശിക്കപ്പെട്ടു കഴിഞ്ഞാൽ അവരുടെ ഹൃദയം അല്ലാഹുവിനോടുള്ള ഭയം കാരണം വിറകൊള്ളുമെന്നാണ്. മറ്റൊന്ന് പറഞ്ഞത് അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുന്നവരാണ് മുഅ്മിനീങ്ങൾ എന്നാണ്.

ജിഹാദ് വിവിധ തരത്തിലുണ്ട്. വാളുകൊണ്ടുള്ള പോരാട്ടമാണ് ഒരു ജിഹാദ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) വന്നതോടു കൂടി അത് നിർത്തലാക്കി. ഇനി മതയുദ്ധങ്ങൾ ഇല്ല. ഈ രീതിയിലുള്ള ജിഹാദ് ഇല്ല. ഒരു അഹ്മദി എല്ലായിപ്പോഴും എല്ലാ നാട്ടിലും ചെയ്യേണ്ട ജിഹാദ് തബ്‌ലീഗിന്റെ ജിഹാദാണ്. ഇത് വിശ്വാസം ശക്തിപ്പെടുത്തുന്നതിനും ദൃഢചിത്തത കൈവരിക്കുന്നതിനും അനിവാര്യമാണ്. തങ്ങളുടെ നഫ്സിന്റെ സംസ്കരണവുമായി ബന്ധപ്പെട്ട ജിഹാദ് ചെയ്യുമ്പോൾ അല്ലാഹുവിന്റെ സന്ദേശമെത്തിക്കുക എന്ന ജിഹാദ് ചെയ്യേണ്ടതും ഓരോ അഹ്മദിയുടെയും നിർബന്ധകടമയാണ്. ഈ ജിഹാദ് എല്ലാ ദേശത്തും എല്ലാ സ്ഥലത്തും ചെയ്യാവുന്നതാണ്. ഇവിടെ വന്നിട്ടുള്ള എല്ലാ അഹ്മദികളും ഈ ജിഹാദിലും കൂടുതലായി പങ്കെടുക്കേണ്ടതാണ്.

അല്ലാഹുവിന്റെ പ്രീതിക്കായി ഹിജ്റത്ത് ചെയ്യുക എന്നതും വിശ്വാസ ത്തിന്റെ ഭാഗമായി പറയുകയുണ്ടായി. വിശ്വാസത്തിന്റെ മറ്റൊരു ലക്ഷണമായി പറഞ്ഞത് അല്ലാഹുവിന്റെ കല്പനകളിലേക്ക് വിശ്വാസികളെ ക്ഷണിക്കുമ്പോൾ അവർ സമിഅ്നാ വ അത്വഅ്നാ എന്നാണ് പറയുക. ഒരു ചെവിയിലൂടെ കല്പന കേട്ട് മറ്റേ ചെവിയിലൂടെ വിട്ടുകളയുകയില്ല. മറിച്ച് കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നു. ഒരു യഥാർഥ വിശ്വാസിയുടെ വ്യതിരിക്തത ഇതായിത്തീരേണ്ടതാണ്.

പല ഉപദേശങ്ങളും നൽകാറുണ്ട്. ഖുത്ബകൾ നിങ്ങൾ കേൾക്കുന്നു. അതു കേൾക്കാൻ വേണ്ടി മാത്രമല്ല കേൾപ്പിക്കുന്നത്. അതനുസരിച്ച് പ്രവർത്തിക്കുകയും വേണം. കേൾക്കുകയും അനുസരിക്കുകയും ചെയ്യണം. അനുസരണം പ്രകടമാകുന്ന പ്രവർത്തനമാണ് വേണ്ടത്. ഇതിനായി പരിശ്രമിക്കുമ്പോഴാണ് യഥാർഥ വിശ്വാസിയായിത്തീരുന്നത്. അതിനു ശേഷം ശഹാദത്തിന്റെ പദവി നൽകുന്ന സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്നതാണ്.

ഇന്ന കല്പനക്ക് ഇന്നതാണ് വ്യാഖ്യാനമെന്ന് പറഞ്ഞ് ചർച്ച ചെയ്ത് കാര്യം നീട്ടികൊണ്ടു പോവുകയും തർക്കവിതർക്കങ്ങളിൽ പങ്കാളികളാവുകയും ചെയ്യലല്ല വിശ്വാസിയുടെ ജോലി. അല്ലാഹുവിന്റെ കല്പനകൾ കേൾക്കുമ്പോൾ അവന്റെ ഹൃദയം വിറകൊള്ളുന്നു. ഇതാണ് യഥാർഥ വിശ്വാസിയുടെ പ്രവർത്തന ശൈലി. എല്ലാ കല്പനകളും പ്രാവർത്തികമാക്കാൻ സൗഭാഗ്യം ലഭിക്കുന്നതിനായി അല്ലാഹുവിന്റെ സവിധത്തിൽ സാഷ്ടാംഗം പ്രണമിക്കുന്നു. തിരുനബി (സ) യോടുള്ള സ്നേഹത്തിൽ വർദ്ധനവ് വരുത്തുന്നവനും ഒരു യഥാർത്ഥ വിശ്വാസിയാണ്. ഒരു വിശ്വാസിയുടെ ഇക്കാലത്തെ ഗുണങ്ങൾ ഇതെല്ലാമാണ് വേണ്ടത്. മാത്രമല്ല, തിരുനബി (സ) യുടെ പ്രവർത്തനങ്ങൾ മുന്നോട്ട് നയിക്കാൻ തിരുനബിയെ പിൻപറ്റികൊണ്ട് അദ്ദേഹത്തിന്റെ പ്രിയ പ്രേമിയെ അല്ലാഹു ഇക്കാലത്ത് അയക്കുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ് (അ) ബൈഅത്തിന്റെ നിബന്ധനകളിൽ പറഞ്ഞതുപോലെ ആ വാഗ്ദത്ത മസീഹിനോടുള്ള ബന്ധം മറ്റു ഭൗതിക ബന്ധങ്ങളെക്കാളും കൂടുതൽ ഉണ്ടാകേണ്ടതാണ്.

ഈ പ്രത്യേകതകളാണ് ഒരു വിശ്വാസിയിൽ ഉണ്ടാകേണ്ടത്. ഈ പ്രത്യേകതകൾ ഉണ്ടായിക്കഴിഞ്ഞാൽ ആ വ്യക്തി സ്വാഭാവികരീതിയിൽ മരിക്കുകയാണെങ്കിൽ തന്നെ ശഹാദത്തിന്റെ സ്ഥാനം കരസ്ഥമാക്കുന്നതാണ്. അതിനാൽ നാം ശഹാദത്തിന്റെ സ്ഥാനം കരസ്ഥമാക്കുന്നതിനായി അല്ലാഹുവിന്റെ അസതിത്വത്തിൽ പൂർണ വിശ്വാസം ഉണ്ടാക്കിയെടുക്കേണ്ടിയിരിക്കുന്നു. പ്രതിഫലം നൽകുന്ന നാളിനെ കുറിച്ച് അടിയുറച്ച വിശ്വാസം ഉണ്ടായിരിക്കണം. എന്തു പ്രവർത്തിക്കുമ്പോഴും അല്ലാഹു തന്നെ കാണുന്നുണ്ടെന്ന് അടിയുറച്ച് വിശ്വസിക്കുക. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാനായി എല്ലാതരം പ്രയാസങ്ങളും സഹിക്കാനുള്ള കരുത്ത് അല്ലാഹുവിനോട് തേടുക. അടയാളമായിത്തീരുന്ന തരത്തിലുള്ള വിശ്വാസ ശക്തി ലഭിക്കാനായി അല്ലാഹുവിനോട് തേടുക. വിശ്വാസത്തെ സുദൃഢീകരിക്കാനായി അല്ലാഹുവിനോട് തേടുക. ഭൗതികമായ ഒരു അത്യാഗ്രഹവും, ആഗ്രഹവും നമ്മുടെ വിശ്വാസത്തിന് കോട്ടം തട്ടുന്നതാകാതിരിക്കട്ടെ. സദ്പ്രവൃത്തികൾ ചെയ്യുന്നതിനായി എല്ലാതരം ഭയങ്ങളെയും മനസ്സിൽ നിന്നും നീക്കിക്കളയുക. ആരെയും കാണിക്കാനല്ലാതെ ദൈവ പ്രീതിക്കായി സദ്പ്രവർത്തികൾ ചെയ്യുക. ഓരോ നന്മയും നമ്മുടെ പ്രകൃതത്തിന്റെ ഭാഗമായിത്തീരട്ടെ.

സ്ഥിരചിത്തതയുടെയും സമാധാനത്തിന്റെയും ശക്തി കരഗതമാകുന്നതിനായി അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുന്ന വരായി നാം മാറട്ടെ. അല്ലാഹുവിന്റെ സാമീപ്യം ലഭിക്കുന്നരീതിയിലുള്ള ആരാധന നടത്തുവാനുള്ള സൗഭാഗ്യം ലഭിക്കാനായി തേടികൊണ്ടിരിക്കുക. ഈ സ്ഥാനമാണ് ഒരു മുഅ്മിൻ കരസ്ഥമാക്കാനായി ശ്രമിക്കേണ്ടത്. ഇതിനായി പ്രാർഥിക്കുകയും വേണം. ഇതറിഞ്ഞതിന് ശേഷം ശഹാദത്ത് ലഭിക്കണം എന്ന് ദുആ ചെയ്യേണ്ടത് ആവശ്യമാണോ എന്ന ചോദ്യ

മുന്നയിക്കുന്ന ഏതെങ്കിലും ഒരു വിശ്വാസി ഉണ്ടായിരിക്കുമോ? ഈ യഥാർഥ ശഹാദത്തിന്റെ പദവി ലഭിക്കാനായി ഒരു വിശ്വാസി ദുആ ചെയ്യേണ്ടത് അനിവാര്യമാണ്. എന്നാൽ മാത്രമെ അവൻ യഥാർഥ വിശ്വാസിയായിത്തീരുകയുള്ളു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഉദ്ധരണികളുടെ വെളിച്ചത്തിൽ ചുരുങ്ങിയ രീതിയിൽ ഞാൻ കാര്യങ്ങൾ വിവരിച്ചിരിക്കുകയാണ്. ഇത് കരസ്ഥമാക്കാനും സ്വായത്തമാക്കാനും ജീവിതത്തിൽ നടപ്പിൽ വരുത്തുവാനും നമ്മിൽ ഓരോരുത്തരും ആഗ്രഹിക്കേണ്ടതാണ്. ഈ സ്ഥാനം കരസ്ഥമാക്കികഴിഞ്ഞാൽ ശത്രുക്കളുടെ വെടിയുണ്ടകൾ കാരണമായി നാം ജീവൻ നൽകുന്നവർ ആണോ അല്ലയോ എന്ന് നോക്കാതെ സമാധാനാന്തരീക്ഷത്തിൽ ലോകത്തെവിടെ കഴിയുന്നവർക്കും ശഹാദത്തിന്റെ സ്ഥാനം കരസ്ഥമാക്കാൻ സാധിക്കുന്നതാണ്. അല്ലാഹു തആല നമുക്കതിന് തൗഫീഖ് നൽകുമാറാകട്ടെ.

കഴിഞ്ഞ ഖുത്ബ ഹംബർഗിലാണ് ഞാൻ അനുഷ്ഠിച്ചിരുന്നത്. അന്ന് ഒരു ശഹാദത്തിനെ കുറിച്ച് പറഞ്ഞിരുന്നു. അപ്പോൾ എനിക്ക് അദ്ദേഹത്തിന്റെ പൂർണ വിവരങ്ങൾ ലഭിച്ചിരുന്നില്ല. അതിനാൽ ജനാസ ഗാഇബ് നമസ്കരിച്ചിരുന്നില്ല. ഇന്ന് ജുമുഅക്ക് ശേഷം ആ ശഹീദിന്റെ ജനാസ ഞാൻ നമസ്കരിക്കുന്നതാണ്. മഖ്സൂദ് അഹ്മദ് സാഹിബ് എന്നാണ് അദ്ദേഹത്തിന്റെ പേര്. പിതാവിന്റെ പേര് നവാബ് ഖാൻ സാഹിബ് എന്നാണ്. 2012 ഡിസംബർ 7ന് കോയിട്ടയിൽ വെച്ചാണ് അദ്ദേഹം ശഹീദായത്. ഇന്നാലില്ലാഹി..... അദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് പ്രവേശിച്ചത് അദ്ദേഹത്തിന്റെ പിതാവ് നവാബ് ഖാൻ സാഹിബിന്റെ ഉമ്മൂമ ബാഗൂ സാഹിബ എന്നറിയപ്പെട്ടിരുന്ന ബാഗ്ബറി സാഹിബ മുഖേനയാണ്. ഖാദിയാന്റെ അടുത്ത ഗ്രാമമായ നങ്കൽ നിവാസിയായിരുന്നു ഇവർ. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് നേരിട്ട് ബൈഅത്ത് ചെയ്തിരുന്നു. പാകിസ്താൻ സ്ഥാപിച്ചതിന് ശേഷം ഈ കുടുംബം ഹിജ്റത്ത് ചെയ്ത് സായിവാളിലേക്ക് പോയി. അവിടെ നിന്ന് 1965 ൽ കോയിട്ടയിലേക്ക് പോയി. മഖ്സൂദ് സാഹിബ് ജനിച്ചത് കോയിട്ടയിലാണ്. 31 വയസ്സായിരുന്നു. മിഡിൽ വരെയാണ് പഠിച്ചത്. പിതാവിനോടൊപ്പം കോൺട്രാക്റ്റ് ജോലി ചെയ്തിരുന്നു. ഈ വർഷം നവംബറിൽ ഇദ്ദേഹത്തിന്റെ സഹോദരൻ മൻസൂർ അഹ്മദ് സാഹിബിനെ ശഹീദാക്കിയിരുന്നു.

ശഹാദത്ത് സംഭവം നടന്നത് ഇപ്രകാരമാണ്. ഡിസംബർ 7 ന് കാലത്ത് 9 മണിക്ക് തന്റെ ജോലിക്കാരനുമൊത്ത് മഖ്സൂദ് സാഹിബ് സാറ്റലൈറ്റ് ടൗണിലുള്ള ഹാർഡ് വെയർ കടയിലെത്തി. ജോലിക്കാരെ കടയിൽ ഇരുത്തി രണ്ടു കുട്ടികളെ സാറ്റലൈറ്റ് ടൗണിലെ സ്കൂളിൽ കൊണ്ടുവിടാനായി പോയി. കുട്ടികളെ സ്കൂളിൽ വിട്ട് തിരിച്ചു വരുന്നതേ ഉണ്ടായിരുന്നുള്ളു. അജ്ഞാതരായ രണ്ടു പേർ ബൈക്കിൽ വന്ന് വെടിവെക്കുകയാണുണ്ടായത്. അഞ്ചുവെടിയുണ്ടകൾ അദ്ദേഹത്തിന്റെ ശരീരത്തിൽ തുളച്ച് കയറി. നാലെണ്ണം തലക്കും ഒന്ന് തോളിലുമാണ് ഏറ്റത്. ഉടനെ ആശുപത്രിയിലേക്ക് കൊണ്ടു പോയെങ്കിലും വഴിയിൽ വെച്ച് ശഹീദാകുകയാണുണ്ടായത്. ഇന്നാലില്ലാഹി......

കഴിഞ്ഞമാസം അദ്ദേഹത്തിന്റെ സഹോദരനെ ശഹീദാക്കിയിരുന്നു. 2009 ൽ ഇദ്ദേഹത്തെ തട്ടിക്കൊണ്ട് പോയിരുന്നു. 12 ദിവസത്തിന് ശേഷം വലിയ തുക മോചന ദ്രവ്യം നൽകികൊണ്ടാണ് വിട്ടു കിട്ടിയത്. ഖിദ്മത്തെ ഖൽഖ് പ്രവർത്തനത്തിന് വളരെ താത്പര്യമുള്ള വ്യക്തിയായിരുന്നു. മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുമ്പോൾ ശഹീദ് മർഹൂം തന്റെ വണ്ടി വിട്ടുകൊടുക്കുമെന്ന് മാത്രമല്ല സ്വയം ഡ്രൈവ് ചെയ്ത് കൂടെ പോകുമായിരുന്നു. ദഅ്വത്തെ ഇലല്ലാഹ് പ്രവർത്തനത്തിലും തന്റെ വണ്ടി നൽകുമായിരുന്നു. അവരോടൊപ്പം പോകുമായിരുന്നു. കോയിട്ടയിൽ വരുന്ന മുറബ്ബിമാരെ പ്രത്യേകം പരിഗണിച്ചിരുന്നു. അവരെ സേവിച്ച് കൊണ്ട് അതിൽ സന്തോഷം കണ്ടെത്തിയിരുന്നു. സെക്യൂരിറ്റി ഡ്യൂട്ടി വളരെ താത്പര്യത്തോടെ ചെയ്തിരുന്നു. ജുമുഅദിവസത്തെ ഡ്യൂട്ടി പ്രത്യേകമായി നൽകിയിരുന്നു.

സദ്ർ സാഹിബ് സാറ്റലൈറ്റ് ടൗൺ കോയിട്ട പറയുന്നു. ശഹീദ് മർഹൂം അതിഥി സൽക്കാരപ്രിയനും മിതഭാഷിയും സത്സ്വഭാവിയും നമ്രഹൃദയനും സാദാ പ്രകൃതക്കാരനുമയിരുന്നു. അരോടും ദേഷ്യം പിടിക്കാറില്ല. പിണങ്ങാനുള്ള അവസരം ആർക്കും നൽകാറുമില്ല.

എതിരാളികൾ പരുഷമായി സംസാരിച്ചാൽ തന്നെ ചിരിച്ചുകൊണ്ട് അത് തള്ളികളയുമായിരുന്നു. ഇതൊന്നും അദ്ദേഹം ശ്രദ്ധിച്ചിരുന്നില്ല എന്നല്ലാ അവരുടെ കാര്യങ്ങൾ പറഞ്ഞുകൊണ്ട് വീട്ടിൽ സംസാരിക്കാറുണ്ടായിരുന്നു. ശഹാദത്തിന് മൂന്നു ദിവസം മുമ്പ് ഫോൺ ചെയ്തു കൊണ്ട് പറഞ്ഞു. എന്റെ ചന്ദ ഇതുവരെ വാങ്ങിയിട്ടില്ലല്ലോ. അതിനു ശേഷം ചന്ദ പൂർണമായും അടച്ചുതീർത്തു. ഭാര്യാമക്കളോട് പ്രത്യേക സ്നേഹമായിരുന്നു. അവരോട് ഒരിക്കലും ഉച്ചത്തിൽ സംസാരിച്ചിട്ടില്ല. മാതാപിതാക്കളെ കൂടാതെ ഭാര്യയുടെ മാതാപിതാക്കളെയും വളരെയധികം ആദരിച്ചിരുന്നു. അവരുടെ കാര്യങ്ങൾ എപ്പോഴും ശ്രദ്ധിച്ചിരുന്നു.

മുഅല്ലിം സാറ്റലൈറ്റ് ടൗൺ അദ്ദേഹത്തെ കുറിച്ച് എഴുതുന്നു. അദ്ദേഹം സാദാ പ്രകൃതക്കാരനായിരുന്നു. അതിഥി സൽക്കാരം അദ്ദേഹത്തിന്റെ വീട്ടിലെ ഒരു വിശിഷ്ഠ ഗുണമായിരുന്നു. മുബല്ലിഗ് മുഅല്ലിമുമാരെ വളരെയധികം ആദരിച്ചിരുന്നു. വളരെ സന്തോഷത്തോടെ അവരെ സമീപിച്ചിരുന്നു. അദ്ദേഹത്തിന്റെ വീട് നമസ്കാരസെന്ററായിരുന്നു. അതിനെ സജീവമാക്കി നിർത്തിയിരുന്നു. വഖ്ഫെ നൗ യോഗവും അത്ഫാൽ ക്ലാസും വീട്ടിൽ നടക്കാറുണ്ടായിരുന്നു. കുട്ടികളുടെ തർബിയ്യത്ത് കാര്യം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കോയിട്ടയിലെ അവസ്ഥ വളരെ മോശമായതുകൊണ്ട് ഇവിടെ നിന്ന് ഹിജ്റത്ത് ചെയ്യണമെന്ന് ചിന്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. മുഅല്ലിം സാഹിബുമായി ചർച്ച ചെയ്തിരുന്നു. എനിക്ക്കത്തെഴുതാൻ ഇരിക്കുകയായിരുന്നു. അല്ലാഹുവിന്റെ വിധി ഇതായിരുന്നു. ഇതിനു മുമ്പേ അല്ലാഹു അദ്ദേഹത്തിന് ശഹാദത്തിന്റെ പദവി നൽകി അനുഗ്രഹിച്ചു. പിതാവിന് രണ്ട് ആൺകുട്ടികളാണ് ഉണ്ടായിരുന്നത്. രണ്ടുപേരും അല്ലാഹുവിന്റെ മാർഗത്തിൽ ശഹീദാക്കപ്പെടുകയുണ്ടായി. ഇദ്ദേഹത്തിന്റെ പിതാവ് ആകാശത്തേക്ക് നോക്കി ഇത്രമാത്രമാണ് പറഞ്ഞത്.

“അല്ലാഹുവേ! നീ രണ്ടു പേരെയും കൊണ്ടു പോയി. ഈ അക്രമികളോട് നീ തന്നെ പ്രതികാരം ചെയ്താലും”. അല്ലാഹു മർഹൂമിന്റെ പദവി ഉയർത്തട്ടെ. ഈ ശഹാദത്ത് ഇദ്ദേഹത്തിന് എഴുതപ്പെട്ടതായിരുന്നു, അല്ലാഹു ഇദ്ദേഹത്തിന്റെ മക്കളുടെ സംരക്ഷകനും സഹായിയുമായിത്തീരട്ടെ. തന്റെ സംരക്ഷണത്തിൽ എടുക്കട്ടെ. ഭാര്യക്കും മക്കൾക്കും മാതാപിതാക്കൾക്കും ക്ഷമയും ധൈര്യവും സ്ഥൈര്യവും നൽകുമാറാകട്ടെ. ശത്രുക്കളെ നാശഗർത്തത്തിലേക്കെത്തിക്കുകയും ചെയ്യട്ടെ.

വി.വ. എം. നാസിർ അഹ്മദ്
കൊടിയത്തൂർ



# വിശുദ്ധ ഖുർആനിലെ പ്രവചനങ്ങൾ

സമീപസ്ഥവും വിദൂരവുമായ ഭാവിയെ സംബന്ധിച്ച പ്രവചനങ്ങൾ

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്)

**താ**ഴെ വിവരിക്കുന്ന ഖുർആന്റെ പ്രവചനങ്ങളെല്ലാം തന്നെ സാമൂഹികവും മതപരവും രാഷ്ട്രീയവുമായ വികസനങ്ങളുമായി ബന്ധപ്പെട്ട മാനവീയ വിഷയങ്ങളാണ്. അതുപോലെ തന്നെ ഭൂമിയുടെ മുഖച്ഛായ തന്നെ മാറ്റി കളഞ്ഞ യുഗപരിവർത്തനകാരികളായ ശാസ്ത്രീ യ മുന്നേറ്റങ്ങളെ പറ്റിയുള്ളതുമാണ്.

അവയിൽ ചില പ്രവചനങ്ങൾ, ഭാവിയിലെ ശാസ്ത്രീയ കണ്ടു പിടിത്തങ്ങളും വ്യാവസായിക മുന്നേറ്റങ്ങളും മുഖേന സംഭവിക്കേണ്ടതും ആവാസ വ്യവസ്ഥ സംബന്ധമായും പാരിസ്ഥിതികമായും വളരെയേറെ പ്രാധാന്യമുള്ളതുമാണ്. ഖുർആന്റെ അവസാനത്തെ അധ്യായങ്ങൾ അത്തരം നിരവധി പ്രവചനങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുകയാണ്. പക്ഷേ അത്തരം പ്രവചനങ്ങൾ മാത്രമല്ല അതുൾക്കൊള്ളുന്നത്. ഈ ഖുർആനിക പ്രവചനങ്ങളെ പറ്റിയുള്ള ചർച്ച യാതൊരർഥത്തിലും ഒരു കാലത്തും നിലച്ചു പോകുന്നതല്ല. അതിൽ ചില പ്രവചനങ്ങൾ പ്രവാചക തിരുമേനി(സ)യുടെ നിരവധി വചനങ്ങളിൽ വിശദീകരിക്കപ്പെട്ടതും കൂടുതൽ വിവരിക്കപ്പെട്ടതുമാണ്. അതിൽ നിന്ന് വിവിധ തരത്തിൽപ്പെട്ട ഏതാനും പ്രവചനങ്ങൾ മാത്രമാണ് നാം തിരഞ്ഞെടുത്തിരിക്കുന്നത്. ഈ അധ്യായത്തിന്റെ അവസാന ഭാഗത്ത് പുതിയ യാത്രാവാഹനങ്ങളെ സംബന്ധിച്ചും അതിന്റെ ദൂരവ്യാപകമായ ഫലങ്ങളെ സംബന്ധിച്ചും സുദീർഘമായി തന്നെ പ്രതിപാദിക്കുന്നതാണ്. കാരണം അതിന്റെ ആഗോളപ്രാധാന്യം അത്രമാത്രമാണ്.

പ്രവചനങ്ങളുടെ ഒരു സമയാനുക്രമം പാലിക്കാൻ വേണ്ടി, പ്രവാചകന്റെ ജീവിത കാലത്തു തന്നെ പൂർത്തികരിക്കപ്പെട്ട പ്രവചനങ്ങളിൽ നിന്നാണ് നാം ആരംഭിക്കുന്നത്. അവയിൽ ചിലത് റസൂൽ തിരുമേനി(സ) പ്രവാസ ജീവിതത്തിന് നിർബന്ധിതനായി മദീനയിലേക്ക് പോവുകയും വീണ്ടും മക്കയിലേക്ക് തിരിച്ചു വന്നപ്പോൾ ഉണ്ടായ സംഭവങ്ങളുമായി ബന്ധപ്പെട്ടതാണ്. അത്തരത്തിലുള്ള വചനങ്ങൾ അവതരിച്ചത് റസൂൽ തിരുമേനി(സ) മദീനയിലേക്ക് പലായനം ചെയ്യുന്നതിന് മുമ്പേ തന്നെയായിരുന്നു. ആ പ്രവചനങ്ങളിൽ പ്രവാചക തിരുമേനി(സ)യുടെ മക്കത്തു നിന്നുള്ള പലായനവും പിന്നീടുണ്ടാകുന്ന തിരിച്ചു വരവിനെ പറ്റിയും ഒരേ സമയം പ്രവചിച്ചിരിക്കുന്നു. താഴെകാണുന്ന പ്രവചനം ഹിജ്റക്ക് മുമ്പേ അവതരിച്ച സൂറ: അൽഖസസിൽ ഉള്ളതാണ്.

***ഖുർആൻ നിനക്ക് നിയമമാക്കി കൽപിച്ചവൻ തീർച്ചയായും നിന്നെ പ്രത്യാഗമന സ്ഥാനത്തേക്ക് തിരിച്ചെത്തിക്കുന്നവനാണ്. പറയുക; എന്റെ നാഥൻ, നേർമാർഗം കൊണ്ടു വരുന്നവനാരെന്നും സ്പഷ്ടമായ വഴികേടിലകപ്പെട്ടവനാരെന്നും നല്ലവണ്ണം അറിയുന്നവനാകുന്നു.*** (28:86)

മദീനയിലേക്കുള്ള റസൂൽ തിരുമേനി(സ)യുടെ പലായനത്തിനു മുമ്പേ തന്നെ മക്കയിലേക്ക് തിരിച്ചു വരുന്നതിനെ സംബന്ധിച്ച ഈ പ്രവചനത്തിൽ വാസ്തവത്തിൽ രണ്ട് കാര്യങ്ങളടങ്ങിയിട്ടുണ്ട്. റസൂൽ തിരുമേനി(സ)യുടേയും അനുയായികളുടേയും മക്കയിലെ ജീവിതം അങ്ങേയറ്റം ദുസ്സഹമായി കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പലായനം (ഹിജ്റ) യുക്തിപരമായ ഒരു തീരുമാനമായി വായനക്കാർക്ക് തോന്നിയേക്കാം. പക്ഷേ, പ്രവചനത്തിലെ വിസ്മയകരവും ആശ്ചര്യമുളവാക്കുന്നതുമായ കാര്യം പലായനത്തെ സംബന്ധിച്ച നിർദേശത്തിലല്ല കുടികൊള്ളുന്നത്. പ്രവചിക്കപ്പെട്ട പലായനത്തിന് പോലും റസൂൽ തിരുമേനി(സ)യേയും അനുയായികളേയും അനുവദിക്കാത്ത മക്കക്കാരുടെ ശക്തി പ്രതാപങ്ങളുടേയും നിശ്ചയദാർഢ്യത്തിന്റേയും തുറന്ന പരാജയ

മാണ് അദ്ഭുതകരമായിട്ടുള്ളത്. റസൂൽ തിരുമേനി(സ) യെ യാതൊരു വിധത്തിലും മക്കത്ത് നിന്ന് രക്ഷപ്പെടാൻ അനുവദിക്കരുതെന്ന മക്കക്കാരുടെ അതി കഠിനമായ നിശ്ചയ ദാർഢ്യത്തിനു മുമ്പിൽ അങ്ങേയറ്റം നിസ്സഹായാവസ്ഥയിൽ റസൂൽ തിരുമേനി(സ) നടത്തിയ അത്തരം ഒരു പ്രവചനം അസംഭവ്യവുമായിരുന്നു. എന്നിട്ടും അത് സംഭവിച്ചു.

മറ്റൊന്ന്, റസൂൽ തിരുമേനി(സ) മക്കയിലേക്ക് സത്യത്തിന്റെ വിജയപ്രകടനവുമായി തിരിച്ചെത്തുമെന്നുള്ള ദൈവിക വാഗ്ദാനം അദ്ദേഹത്തിൽ രൂഢമൂലമായിരുന്നുവെന്ന് താഴെ കാണുന്ന ഖുർആനിക വചനം വെളിപ്പെടുത്തുന്നു.

***പറയുക, ബാഹ്യവും ആന്തരികവുമായ നല്ല പ്രവേശന മാർഗത്തിൽ നീ എന്നെ പ്രവേശിപ്പിക്കുകയും ബാഹ്യവും ആന്തരികവുമായ നല്ല പുറപ്പെടുന്ന മാർഗത്തിലൂടെ എന്നെ പുറത്ത് കൊണ്ട് വരികയും ചെയ്യേണമേ! (17:81)***

മൂന്നാമത്തെ ഉദാഹരണം, പലായനം (ഹിജ്റ) നടക്കുന്നതിന് മുമ്പേ തന്നെ റസൂൽ തിരുമേനി(സ)യുടെ മക്കയിലേക്കുള്ള വിജയകരമായ മടക്കത്തിന്റെ പ്രവചനത്തെ പറ്റിയുള്ളതാണ്.'സൂറ:അർറൂം'ൽ നിന്ന് എടുത്ത ഈ വചനങ്ങൾ ഹിജ്റക്ക് മുമ്പേ അവതരിച്ചതാണെന്നത് പണ്ഡിതൻമാരുടെ ഏകകണ്ഠമായ അഭിപ്രായമാണ്.

***റോമക്കാർ പരാജയപ്പെട്ടിരിക്കുന്നു. ഏറ്റവും അടുത്ത് കിടക്കുന്ന (ഒരു) ദേശത്ത് വെച്ച് അവരുടെ പരാജയത്തിന് ശേഷം താമസിയാതെ അവർ വിജയിക്കുന്നതാണ്. ഏതാനും വർഷങ്ങൾക്കുള്ളിൽ അതിന്റെ മുമ്പേയും പിമ്പേയും ആധിപത്യം അല്ലാഹുവിന് മാത്രമുള്ളതാണ്. അന്നാളിൽ അല്ലാഹുവിന്റെ സഹായം കൊണ്ട് സത്യവിശ്വാസികൾ സന്തുഷ്ടരാകും. താൻ ഉദ്ദേശിക്കുന്നവരെ അവൻ സഹായിക്കുന്നു. അവൻ പ്രതാപശാലിയും കരുണാമയനുമാകുന്നു. (30:3–6)***

ഈ വചനങ്ങളിൽ, പേർഷ്യക്കാരുടെ കരങ്ങളാൽ റോമക്കാർക്ക് സംഭവിക്കുന്ന ഭാഗികമായ ചില യുദ്ധ പരാജയങ്ങളെ പറ്റിയാണ് പരാമർശിക്കുന്നത്. പേർഷ്യക്കാരുടെ ഈ വിജയം കുറഞ്ഞ കാലത്തേക്ക് മാത്രമുള്ളതാണെന്ന് ഈ വചനം വളരെ വ്യക്തമായി പ്രവചിക്കുന്നു. റോമക്കാരുടെ ഈ പരാജയം ഉടൻ തന്നെ വിജയത്തിൽ കലാശിക്കുന്നതാണ്. '*അന്നാളിൽ അല്ലാഹുവിന്റെ സഹായം കൊണ്ട് സത്യവിശ്വാസികൾ സന്തുഷ്ടരാകും*'. ഈ വചനത്തിൽ സത്യവിശ്വാസികളുടെ വിധിയുമായി ബന്ധപ്പെട്ട പ്രവചനം വളരെ വ്യക്തമാണ്. ഈ വെളിപാടുകൾ അവതരിച്ചതിന് ശേഷം ഉടൻ തന്നെ മുസ്ലിംകൾക്ക് അവരുടെ സ്വത്തും പാർപ്പിടവും നഷ്ടപ്പെടുകയുണ്ടായി. മക്കക്കാർ അത് പിടിച്ചെടുക്കുകയായിരുന്നു. വിഗ്രഹാരാധകരായിരുന്ന പേർഷ്യക്കാരെ പരാജയപ്പെടുത്തി, റോമക്കാർക്കുണ്ടായ വിജയം പോലെ മുസ്ലിംകളുടെ ജന്മസ്ഥലമായിരുന്ന മക്ക അവർക്ക് തിരിച്ചു കിട്ടുമെന്ന് പ്രവാചകന്റെ അനുചരൻമാരിൽ ഒരു പൊതു വിചാരം ഉണ്ടായിരുന്നു. റസൂൽ തിരുമേനി(സ)യുടെ അനുയായികളിൽ എല്ലാവരിലും ഈയൊരു വിചാരം ഉണ്ടായിരുന്നു. ഈ പ്രവചനം എപ്പോഴാണ് പുലരുക എന്ന കാര്യത്തിൽ മാത്രമായിരുന്നു അഭിപ്രായ വ്യത്യാസം. ഈ അഭിപ്രായ വൈവിധ്യം മുളപൊട്ടിയത് '*ബിളഇൻ സിനീൻ*' എന്ന ഖുർആന്റെ പ്രയോഗത്തിൽ നിന്നായിരുന്നു. അക്ഷരാർഥത്തിൽ അതിന്റെ അർഥം 'മൂന്ന് മുതൽ ഒൻപത് വർഷം വരെയുള്ള ഒരു കാലയളവ്' എന്നാണ്. റസൂൽ തിരുമേനി(സ)യുടെ ചില അനുചരൻമാർ അവരുടെ അത്യാവേശത്താൽ മൂന്ന് വർഷം കൊണ്ട് തീർച്ചയായും മക്കത്ത് മുസ്ലിംകൾ എത്തിച്ചേരുമെന്ന് പന്തയം വെച്ചു. മറ്റു ചിലർ കുറച്ചു കൂടി താമസിച്ചു കൊണ്ട്, ഒൻപത് വർഷത്തിനുള്ളിൽ തിരിച്ചെത്തുമെന്നുമാണ് പറഞ്ഞത്. അതായത് ഒൻപത് വർഷം എന്നത് *ബിളഇൻ സിനീൻ* എന്ന പ്രയോഗത്തിലെ പരമാവധി വർഷമായിരുന്നു. ഈ വചനത്തിലെ പ്രവചനങ്ങൾ അവർക്കു മുമ്പിൽ പുലരുകയുണ്ടായി. രണ്ടാമത് പറഞ്ഞ കൂട്ടരുടെ അഭിപ്രായമായിരുന്നു ശരിയാണെന്ന് തെളിഞ്ഞത്. അങ്ങനെ ഈ രണ്ട് വാഗ്ദാനങ്ങളും അക്ഷരത്തിലും അർഥത്തിലും പുലരുകയുണ്ടായി. ആദ്യമായി റോമക്കാർക്ക്, അവർക്ക് നഷ്ടപ്പെട്ട പ്രദേശങ്ങൾ പ്രവചനത്തിൽ പറയപ്പെട്ട സമയത്തിനുള്ളിൽ തന്നെ തിരിച്ചു ലഭിച്ചു. പിന്നീട് മുസ്ലിംകളുടെ ഊഴമായിരുന്നു. പ്രവാസ ജീവിതത്തിന്റെ 8–ാം വർഷം കഴിഞ്ഞ് മഹത്തായ രീതിയിൽ മുസ്ലിംകൾ മക്കയിലേക്ക് മടങ്ങിയെത്തി.

റസൂൽ തിരുമേനി(സ)യുടെ ജീവിത കാലത്ത് തന്നെ വ്യക്തമായി പുലർന്ന മറ്റു ചില പ്രവചനങ്ങൾ മദീനയിൽ വെച്ച് മക്കക്കാരുടെ ആക്രമണവുമായി ബന്ധപ്പെട്ടതായിരുന്നു. നാടോടി ഗോത്രത്തിൽപ്പെട്ടവരുമായി കൂട്ടുചേർന്നു കൊണ്ടായിരുന്നു മക്കക്കാർ മദീനയിൽ മുസ്ലിംകളെ ആക്രമിച്ചിരുന്നത്.

താഴെ കാണുന്ന വചനങ്ങളിൽ പ്രതിപാദിച്ച ആദ്യത്തെ പ്രവചനങ്ങൾ വ്യക്തമായും ബദ്ർ യുദ്ധത്തിലെ സംഭവങ്ങളാണ് ചിത്രീകരിക്കുന്നത്. പ്രബലവും തൊഴിൽ വൈദഗ്ധ്യത്തോടെ സംഘടിപ്പിക്കപ്പെട്ടിരുന്നതുമായ മക്കാൻ സൈന്യവുമായി മുസ്ലിംകൾ ആദ്യമായി ഏറ്റുമുട്ടിയ സുപ്രധാന യുദ്ധത്തിൽ അക്രമികളായ മക്കാൻ സൈന്യത്തിന്റെ അണികൾ പൂർണമായും ചിതറിയോടുകയും, താരതമ്യേന ചെറിയ ഒരു പ്രതിരോധ സംഘം മാത്രമായിരുന്ന മുസ്ലിംകളാൽ വളരെ നാണം കെട്ട അവസ്ഥയിലാവുകയും ചെയ്തു.

***അഥവാ തങ്ങൾ വിജയം പ്രാപിക്കുന്ന ഒരു സംഘമാണെന്ന് അവർ പറയുന്നുവോ? എന്നാൽ, ആ സൈന്യസമൂഹം താമസിയാതെ പരാജയപ്പെടുത്തപ്പെടും. അവർ പിന്തിരിഞ്ഞോടുകയും ചെയ്യും. എന്നാൽ, ആ സമയം അവരുടെ നിശ്ചിത അവധിയാണ്. ആ സമയം ഏറ്റവും ആപൽക്കരവും കടുത്ത തിക്തവുമായിരിക്കും.(54: 45–47)***

മേൽ പ്രതിപാദിച്ച വചനങ്ങളിൽ മക്കാ സൈന്യത്തിന്റെ വമ്പിച്ച പരാജയം വളരെ വ്യക്തമായും പ്രവചിച്ചിരിക്കുന്നു. അവസാന വചനത്തിൽ ആ സമയത്ത് അവർ അനുഭവിക്കുന്ന തിക്താനുഭവത്തെപ്പറ്റി പരാമർശിച്ചിരിക്കുന്നു.

ഇസ്ലാം മതത്തിന്റെ കഠിന ശത്രുക്കളായ ഗോത്ര നേതാക്കൻമാർ റസൂൽ തിരുമേനി(സ) യോടുള്ള വിദ്വേഷം കൊണ്ട് കുപ്രസിദ്ധരായിരുന്നു. അവരെല്ലാം ഒന്നിന് പിറകെ മറ്റൊന്നായി വീഴുകയും ബദർ രണാങ്കണത്തിലെ പൊടി മണ്ണിൽ മുഖം പൊത്തുകയും ചെയ്തു.

ശൈബ, ഉത്ബ എന്നീ രണ്ട് യുവ കേസരിമാർ യുദ്ധം തുടങ്ങി ഏതാനും മണിക്കൂറുകൾക്കകം തന്നെ അബൂജഹ്ലിനെ വാളിനിരയാക്കി. ഖിയാമം നാൾപോലെ മക്കക്കാരുടെ നിരാശ പൂണ്ട ഹൃദയത്തിൽ ആ രാത്രി വന്നെത്തി. അവരുടെ അണികൾ ചിന്നിച്ചിതറി. ലജ്ജാകരമായ ഈ പരാജയത്തെ പറ്റിയാണ് *സൂറഃ അൽ അൻഫാലിലെ* വചനത്തിൽ പരാമർശിക്കുന്നത്.

***രണ്ട് കക്ഷികളിൽ ഒന്ന് നിങ്ങൾക്ക് (അധീനമാക്കിത്തരുമെന്ന്) അല്ലാഹു നിങ്ങളോട് വാഗ്ദാനം ചെയ്ത സന്ദർഭം(ഓർക്കുക). നിരായുധരായ സംഘം (ഏറ്റു മുട്ടുന്നതിന്) നിങ്ങൾക്ക് കിട്ടിയാൽ കൊള്ളാമെന്ന് നിങ്ങൾ ആഗ്രഹിക്കുകയായിരുന്നു. എന്നാൽ, തന്റെ***

*വിധികൾ മുഖേന സത്യം സ്ഥാപിക്കുന്നതിനും അവിശ്വാസികളെ ഉൻമൂലനാശം വരുത്തുന്നതിനും അല്ലാഹു ഉദ്ദേശിക്കുകയായിരുന്നു.(8:8)*

## കിടങ്ങ് യുദ്ധം

ഇസ്‌ലാമിന്റെ ശത്രുക്കളുമായി നടന്ന യുദ്ധങ്ങളിൽ സൂക്ഷ്മമായി പ്രവചിക്കപ്പെട്ടതിൽ അസാധാരണ പ്രാധാന്യമുള്ള ഒരു യുദ്ധമാണ് കിടങ്ങ് യുദ്ധം. ഈ യുദ്ധാവസരത്തിലായിരുന്നു ഇസ്‌ലാമിന്റെ ചില മഹത്തായ ചരിത്ര വിജയങ്ങളെ പറ്റിയുള്ള പ്രവചനമുണ്ടായത്. ആ സന്ദർഭത്തിൽ മുസ്‌ലിംകൾ അവരുടെ അതിജീവന സമരത്തിന്റെ ഏറ്റവും തീക്ഷ്ണമായ സന്ദിഗ്ധാവസ്ഥയിലായിരുന്നു.

'സൂറഃ സാദ്' ലാണ് കിടങ്ങ് യുദ്ധത്തെ പറ്റിയുള്ള ആദ്യത്തെ പ്രവചനം വരുന്നത്. തീർച്ചയായും അത് റസൂൽ തിരുമേനി(സ)യുടെ മക്കാ ജീവിത കാലത്ത് വെളിപ്പെട്ടതായിരുന്നു. മിക്ക പണ്ഡിതൻമാരുടേയും അഭിപ്രായത്തിൽ പ്രവാചകത്വത്തിന്റെ ആദ്യകാലഘട്ടത്തിലാണ് ഈ വചനം വെളിപ്പെട്ടതെന്നാണ്.

***ഐക്യകക്ഷികളിൽപ്പെട്ട പരാജയമടയുന്ന ഒരു നിസ്സാര സൈന്യമുണ്ടവിടെ(38:12)***

ഈ പ്രവചനത്തെ പറ്റിയാണ് ഖുർആൻ പ്രതിപാദിക്കുന്നത്. ***സത്യവിശ്വാസികൾ ഐക്യകക്ഷികളെ കണ്ടപ്പോൾ പറഞ്ഞു: 'ഇത് അല്ലാഹുവും അവന്റെ ദൂതനും ഞങ്ങളോട് വാഗ്ദാനം ചെയ്തതാണ്. അല്ലാഹുവും അവന്റെ ദൂതനും സത്യം പറഞ്ഞിരിക്കുന്നു.' അത് അവർക്ക് വിശ്വാസവും അനുസരണ ബോധവും വർദ്ധിപ്പിക്കുക മാത്രമേ ചെയ്തുള്ളൂ. (8:8)***

ഇസ്‌ലാം മതത്തിന്റെ പുണ്യ പ്രവാചകൻ(സ) ചെയ്യേണ്ടിവന്ന യുദ്ധങ്ങളിൽ കിടങ്ങ്‌യുദ്ധമായിരുന്നു ഏറ്റവും അപകടസാധ്യതയുണ്ടായിരുന്നത്. മദീനയിലെ മുസ്‌ലിം കൾക്ക് അത് ഏറ്റവും കടുത്ത പരീക്ഷണ ഘട്ടമായിരുന്നു. പലപ്പോഴും മുസ്‌ലിംകളുടെ നിലനിൽപ്പിനു തന്നെ വിപരീതമായി വന്ന വിപത്തുകൾ കനത്തതായിരുന്നു. മുസ്‌ലിംകളുടെ അവസ്ഥ ഖുർആൻ വിവരിക്കുന്നത് ഇപ്രകാരമാണ്:

***അവർ (ശത്രുസൈന്യം)നിങ്ങളുടെ മുകൾ ഭാഗത്ത് നിന്നും നിങ്ങളുടെ താഴ് ഭാഗത്ത് നിന്നും നിങ്ങളുടെ നേരെ വന്നു കൊണ്ടിരുന്നപ്പോൾ, (നിങ്ങളുടെ) ദൃഷ്ടികൾ പതറുകയും ഹൃദയങ്ങൾ കണ്ഠനാളങ്ങളിൽ കുതിച്ചെത്തുകയും അല്ലാഹുവിനെക്കുറിച്ച് (പല ഭാവനകളും) നിങ്ങൾ ഭാവിക്കുകയും ചെയ്ത സന്ദർഭത്തിൽ അവിടെ (ആ സമയത്ത്) സത്യവിശ്വാസികൾ പരീക്ഷിക്കപ്പെടുകയും ശക്തമായി വിറപ്പിക്കപ്പെടുകയും ചെയ്തു. അല്ലാഹുവും അവന്റെ ദൂതനും വഞ്ചിക്കാൻ വേണ്ടി മാത്രമാണ് നമ്മോട് വാഗ്ദാനം ചെയ്തതെന്ന് കപടവിശ്വാസികളും തങ്ങളുടെ ഹൃദയങ്ങളിൽ രോഗമുള്ളവരും പറയുകയായിരുന്ന സന്ദർഭം (സ്മരിക്കുക), യഥ്‌രിബ് (മദീന) നിവാസികളെ, നിങ്ങൾക്ക് (ശത്രുക്കൾക്കെതിരെ) നിലനിൽപ്പില്ല. അതുകൊണ്ട് നിങ്ങൾ തിരിച്ചു പോകുകയെന്ന് അവരിലൊരു കൂട്ടർ പറഞ്ഞ സന്ദർഭവും സ്മരിക്കുക. ഞങ്ങളുടെ വീടുകൾ അരക്ഷിതാവസ്ഥയിലാണെന്ന് പറഞ്ഞ് അവരിൽ നിന്നുള്ള ഒരു സംഘം നബിയോട് സമ്മതം ചോദിക്കുകയായിരുന്നു. (വാസ്തവത്തിൽ) അവരുടെ വീടുകൾ അരക്ഷിതാവസ്ഥയിലായിരുന്നില്ല. അവർ ഓടിപ്പോകാൻ മാത്രമേ ഉദ്ദേശിക്കുന്നുണ്ടായിരുന്നുള്ളൂ.'(33:11–14)***

ഈ യുദ്ധം കിടങ്ങ് യുദ്ധം എന്ന പേരിലാണ് അറിയപ്പെടുന്നത്. എല്ലാ അറബ് ഗോത്രങ്ങളും ഇസ്‌ലാമിനെ എന്നെന്നേക്കുമായി നശിപ്പിക്കാൻ മദീനക്കെതിരെ ഒരു അവസാന യുദ്ധത്തിന് ഗൂഢാലോചന നടത്തുന്നതായി മുഹമ്മദ് നബി (സ) അറിഞ്ഞപ്പോൾ, മദീനയുടെ തുറസ്സായ ഭാഗത്ത് ഒരു കിടങ്ങ് കുഴിക്കൽ നിർബന്ധമായി വന്നു. ആക്രമിക്കാൻ വരുന്ന സൈന്യവുമായി താരതമ്യം ചെയ്യുമ്പോൾ മദീനയിൽ അപ്പോൾ ഉണ്ടായിരുന്ന മുസ്‌ലിംകൾ വളരെ കുറച്ച് പേരായിരുന്നു. ഒരു തുറന്ന യുദ്ധം മുഖേന അവരെ മദീനയിലേക്ക് പ്രവേശിക്കുന്നതിൽ നിന്ന് തടഞ്ഞു നിറുത്താൻ അവർക്ക് തീർത്തും അസാധ്യമായിരുന്നു. അതിനാൽ കൂടിയാലോചനക്ക് ശേഷം ഒരു കിടങ്ങ് കുഴിക്കുക മാത്രമാണ് രക്ഷയെന്ന തീരുമാനത്തിൽ എത്തിച്ചേർന്നു. പാറക്കൂട്ടങ്ങൾ നിറഞ്ഞ ആ പ്രദേശത്ത് ഒരു മൈൽ നീളത്തിൽ കിടങ്ങ് കുഴിക്കുക എന്നത് വളരെയേറെ പ്രയാസകരമായിരുന്നു.ഏറ്റവും ദുസ്സഹമായ ഈ സന്ദർഭത്തിൽ കിടങ്ങ് കുഴിക്കുന്ന ഈ ഉദ്യമത്തിൽ പങ്കെടുത്ത മുസ്‌ലിംകളുടെ എണ്ണത്തെ പറ്റി അഭിപ്രായ ഭേദങ്ങളുണ്ട്. ഏറ്റവും കുറഞ്ഞത് എഴുന്നൂറും പരമാവധി മൂവായിരവുമാണ്. നമ്മുടെ കണക്ക് കൂട്ടൽ പ്രകാരം മിക്കവാറും അവരുടെ എണ്ണം ആയിരത്തി എണ്ണൂറ് ആയിരുന്നു എന്നാണ്. ഒരു കാര്യത്തിൽ പണ്ഡിതൻമാർ യോജിക്കുന്നു. അതായത് ഓരോ പത്ത് വീതം അംഗങ്ങളുള്ള സംഘങ്ങളും പത്ത് ഗജം (Yard= ഒരു ഗജം – മൂന്നടിക്കോൽ)വീതം കിടങ്ങ് കുഴിക്കാനായിരുന്നു തീരുമാനിച്ചത്. കിടങ്ങ് ഒരു മൈലിൽ അധികം നീളമില്ലെന്നിരിക്കെ അതിൽ പങ്കെടുത്ത മുസ്‌ലിം കൾ ആയിരത്തി എഴുനൂറ്റി അറുപതിൽ കവിയില്ല. കിടങ്ങു കുഴിക്കുന്ന ജോലി വളരെ കഠിനവും സൂക്ഷ്മവുമായിരുന്നു. മൊത്തത്തിലുള്ള ദാരിദ്ര്യവും നിസ്വതയും മുസ്‌ലിം ക്യാമ്പിലെ പ്രശ്നങ്ങൾ കൂടുതൽ ദുരിതപൂർണമാക്കി. ആ സമയത്ത് ഒട്ടിയ വയറുമായി ദിവസങ്ങളോളം അവർ ജോലിയെടുക്കേണ്ടി വന്നു.

ഏറ്റവും ദുസ്സഹമായ ഈ സന്ദർഭത്തിൽ കിടങ്ങ് കുഴിക്കുന്നതിൽ ഏർപ്പെട്ട ഒരു അനുചരന്റെ ഉപകരണങ്ങൾക്ക് വഴങ്ങാതെ നിന്ന ഒരു പാറ കണ്ടെത്തിയത് റസൂൽ തിരുമേനി(സ)യെ അറിയിക്കുകയുണ്ടായി. പ്രയാസം നേരിടുന്ന ആ സ്ഥലത്തേക്ക് റസൂൽ തിരുമേനി (സ)പോയി. അവിടെയെത്തിയ തിരുമേനി(സ) തന്റെ കൈയിൽ പിക്കാസെടുത്തു. ആ പാറയിൽ മൂന്ന് തവണ ആഞ്ഞുവെട്ടി. ആ പാറ പൊട്ടി കഷണങ്ങളായി. ഓരോ സമയത്തും റസൂൽ തിരുമേനി(സ) പാറമേൽ വെട്ടുമ്പോൾ തീ ചിതറുന്നുണ്ടായിരുന്നു. അപ്പോൾ അദ്ദേഹം വിസ്മയത്തോടെ *'അല്ലാഹു അക്ബർ'* (അല്ലാഹുവാണ് ഏറ്റവും മഹാൻ) എന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു. ഒടുവിൽ അനുചരൻമാർ അദ്ദേഹത്തോട് അങ്ങ് എന്തുകൊണ്ടാണ് ഒരു വിജയിയെ പോലെ അല്ലാഹു അക്ബർ എന്ന് ഉരുവിട്ടത് എന്ന് ചോദിച്ചു. റസൂൽ തിരുമേനി (സ) മറുപടി പറഞ്ഞു: ഒന്നാമത്തെ വെട്ടിൽ പാറയിൽ നിന്ന് തീപാറിയപ്പോൾ, ബൈസാന്റിയൻ* സാമ്രാജ്യത്തിന്റെ സിറിയൻ കൊട്ടാരങ്ങളും അതിന്റെ താക്കോലുകളും എനിക്ക് നൽകപ്പെട്ടതായി ഞാൻ കണ്ടു. രണ്ടാമത്തെ തവണ എനിക്ക് ദർശിക്കാൻ കഴിഞ്ഞത്, മദീനയിലെ പ്രകാശം പൊഴിക്കുന്ന പേർഷ്യൻ കൊട്ടാരങ്ങളാണ്. അതിന്റെ താക്കോൽ എനിക്ക് നൽകപ്പെട്ടതായും കണ്ടു. മൂന്നാമത്തെ തവണ ഞാൻ പാറയിൽ വെട്ടിയപ്പോൾ, സനായുടെ കൊട്ടാരങ്ങളുടെ താക്കോൽ എനിക്ക് നൽകപ്പെടുന്നതായും കണ്ടു. ഇതെല്ലാം അക്ഷരം പ്രതി പുലർന്നതിന് പിൽക്കാല ചരിത്രം സാക്ഷിയാണ്. എന്നാൽ, അതിന്റെ പൂർത്തീകരണത്തിൽ മാത്രമല്ല അദ്ഭുതം കിടക്കുന്നത്. ഈ പ്രവചനങ്ങൾ നട

ത്തിയ സന്ദർഭമാണ് ഇതിനെ ഒരു ദിവ്യാദ്ഭുതമാക്കി മാറ്റുന്നത്.ബലഹീനരും വ്രണിത ചിത്തരുമായി കൊണ്ട് ദിവസങ്ങളോളം പട്ടിണിയും പരിവട്ടവുമായി കിടങ്ങു കുഴിക്കലിൽ ഏർപ്പെട്ട മുസ്‌ലിംകളുടെ അവസ്ഥയിലുള്ളവരുടേത് പോലെ നിസ്സഹായരുടെ പ്രതിരോധ സംരംഭങ്ങൾ വളരെ അപൂർവമായി മാത്രമേ ചരിത്രത്തിൽ കാണാൻ സാധിക്കൂ. മുസ്‌ലിം കളുടെ ദുരിതാവസ്ഥക്ക് അതിൽപരം താഴാൻ കഴിയാത്ത അങ്ങേയറ്റം വിപരീതമായ സന്ദർഭമായിരുന്നു അത്. ആ സന്ദർഭത്തിലാണ് മുഹമ്മദ്(സ) ചരിത്രം കുറിച്ച ഈ വാക്കുകൾ ഉരുവിടുന്നത്. ചരിത്രത്തിന് അത് സൃഷ്ടിക്കാൻ സാധ്യമല്ലായിരുന്നു. അവർ ചരിത്രം സൃഷ്ടിക്കുകയായിരുന്നു.

ഇത്തരത്തിൽ അങ്ങേയറ്റം ദുരിത പൂർണമായ നിസ്സഹായാവസ്ഥയിൽ വൻ വിജയങ്ങളെ പറ്റിയുള്ള പ്രവചനം നടത്തുക എന്നത് ഒന്നുകിൽ ഒരു ഭ്രാന്തന്റെ പുലമ്പലായിരിക്കും; അല്ലെങ്കിൽ ഒരു മഹാനായ പ്രവാചകനിലൂടെയുള്ള ദൈവത്തിന്റെ പ്രഖ്യാപനങ്ങളായിരിക്കും. റസൂൽ തിരുമേനി(സ) എക്കാലത്തും ജീവിച്ചിരുന്ന ജ്ഞാനികളിൽ വെച്ച് ഏറ്റവും വലിയ ജ്ഞാനിയായിരുന്നു. ഒരിക്കലും അദ്ദേഹം ഭ്രാന്തനായിരുന്നില്ല. ഏതെങ്കിലുമൊരു പ്രവാചകൻ ദൈവത്തിന്റെ വചനമായിരിക്കാൻ വേണ്ടി അനുഗൃഹീതനായിട്ടുണ്ടെങ്കിൽ അത് അദ്ദേഹമായിരുന്നു. അദ്ദേഹത്തിന്റെ വദനവും അദ്ദേഹത്തിന്റെ അധരവുമായിരുന്നു മനുഷ്യ ഭാഗധേയങ്ങൾ നിർണയിച്ചത്. ദൈവം അദ്ദേഹത്തോട് പ്രവചിച്ചതെന്തോ അതുപ്രകാരം അദ്ദേഹം വിധികൾ പ്രഖ്യാപിച്ചു. അദ്ദേഹം ദൈവത്തിനു വേണ്ടി സംസാരിച്ചു.

നേരത്തെ സൂചിപ്പിച്ചത് പോലെ ഈ പ്രബന്ധത്തിന്റെ ഉദ്ദേശ്യം വിശുദ്ധ ഖുർആനിലേയും റസൂൽ തിരുമേനി(സ)യുടേയും എല്ലാവിധ പ്രവചനങ്ങളുടേയും ശ്രമകരമായ പഠനമല്ല. ദൂരവ്യാപകമായ ഫലങ്ങളുണ്ടാക്കിയ ഏതാനും പ്രത്യേക പ്രവചനങ്ങൾ മാത്രമാണ് നാമിവിടെ അവതരിപ്പിക്കാൻ ശ്രമിക്കുന്നത്. അതിൽ ചിലത് റസൂൽ തിരുമേനി(സ)യുടെ കാലത്തും അതിന് തൊട്ടടുത്ത കാലത്തും പുലർന്നു കഴിഞ്ഞതും നാം ചർച്ച ചെയ്തു കഴിഞ്ഞു. താരതമ്യേന വിദൂര ഭാവിയുമായി ബന്ധപ്പെട്ട ചില വചനങ്ങളിലേക്കാണ് നമ്മുടെ ചർച്ച ഇപ്പോൾ തിരിയുന്നത്. അതെവിടെ നിന്നാണ് തുടങ്ങേണ്ടതെന്ന കാര്യം തീരുമാനിക്കുക പ്രയാസകരമാണ്. ഒരുപക്ഷേ, അമേരിക്കയുടെ കണ്ടുപിടിത്തവും അതിന് ശേഷം നാം അറിയുന്ന ലോകത്തിന്റെ വികസനത്തെ പറ്റിയും പ്രതിപാദിച്ചു കൊണ്ട് ആരംഭിക്കുന്നതിൽ അനൗചിത്യമുണ്ടായിരിക്കില്ല. അതു സംബന്ധിച്ച് താഴെ കാണുന്ന പ്രസക്തമായ വചനങ്ങൾ ഇപ്രകാരമാണ്.

***ഭൂമി വികസിപ്പിക്കപ്പെടുകയും അതിനകത്തുള്ളത് എല്ലാം പുറത്തേക്ക് തള്ളിവിട്ട് അത് ശൂന്യമായിത്തീരുകയും, അത് അതിന്റെ നാഥന്റെ കല്പന അനുസരിക്കാൻ സന്നദ്ധമാവുകയും ചെയ്യുമ്പോൾ ഇത് അതിന്മേലുള്ള ബാദ്ധ്യതയായിരിക്കും.(84:46)***

4-ാം വചനത്തിൽ അടങ്ങിയ പ്രവചനം 15-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ പുതിയ ലോകത്തിന്റെ കണ്ടുപിടിത്തത്തോടെ സാക്ഷാൽക്കരിക്കപ്പെട്ടു. പുതിയ ലോകം കണ്ടെത്താൻ പുറപ്പെട്ട ക്രിസ്റ്റഫർ കൊളംബസ് 1492 ഒക്ടോബർ 12-ാം തീയതി ബഹാമാസിലെ ഒരു ദ്വീപിൽ ഇറങ്ങിയതോടെയാണ് അത് സാക്ഷാത്കരിക്കപ്പെട്ടത്. അത് അവിടുത്തെ തദ്ദേശിയരായ അമേരിക്കക്കാരുടെ അവസാനത്തിന്റെ ആരംഭമായിരുന്നു. പക്ഷേ, അമേരിക്കക്കാർക്ക് അത് ഉയിർത്തെഴുന്നേൽക്കാനും ബാക്കി ലോകത്തിനു മേൽ മേധാവിത്വം സ്ഥാപിക്കാനുമുള്ള അവസാനിക്കാത്ത ഒരു ആരംഭത്തിന്റെ അവസരം സൃഷ്ടിച്ചു കൊടുത്തു. ഈ പ്രവചനം തൊട്ടടുത്ത വചനത്തിലെ പ്രവചനത്തിൽ ഉള്ളടങ്ങിയിരിക്കുന്നു. ഭൂമി അതിനകത്തുള്ള രഹസ്യങ്ങൾ പുറത്തേക്കിട്ട് അത് ശൂന്യമായിത്തീരും എന്നതാണ് ആ പ്രവചനം.


ഈയൊരു വിഷയം തന്നെ മറ്റൊരദ്ധ്യായത്തിൽ കൂടുതൽ വിശദീകരിക്കാം. ഉദാഹരണത്തിന് സൂറഃ അൽ സിൽസാലിലെ 2,3 വചനങ്ങൾ ശ്രദ്ധിക്കുക.ഭൂമി ശക്തമായി പ്രകമ്പനം ചെയ്യപ്പെടുകയും ഭൂമി അതിന്റെ ഭാരങ്ങൾ പുറന്തള്ളപ്പെടുകയും ചെയ്യുമ്പോൾ

***ഭൂമി അതിശക്തമായി വിറപ്പിക്കപ്പെടുകയും അതിന്റെ ഭാരമേറിയ ലോഹങ്ങൾ പുറം തള്ളപ്പെടുകയും അതിന് എന്താണ് സംഭവിച്ചു കൊണ്ടിരിക്കുന്നതെന്ന് മനുഷ്യൻ അദ്ഭുതംകൂറാൻ തുടങ്ങുകയും ചെയ്യും.(99-23)***

'അഥ്ഖാൽ' എന്ന പദം ഭാരമേറിയ എല്ലാറ്റിനേയും സൂചിപ്പിക്കുന്നു. അതുകൊണ്ട് ഭൂമി അതിന്റെ ഭാരമേറിയ ലോഹങ്ങൾ പുറത്തെറിയും എന്നത് അതിന്റെ അനിവാര്യമായ ഒരു അർഥകല്പനയായി കരുതേണ്ടതില്ല. ഭൂമി അതിന്റെ മറഞ്ഞിരിക്കുന്ന നിധികൾ പുറത്തെറിയുന്നു എന്ന് മറ്റൊരു രീതിയിൽ വിവർത്തനം ചെയ്യാം. ഇക്കാലത്ത് നാം കാണുന്ന വമ്പിച്ച ശാസ്ത്രീയ മുന്നേറ്റങ്ങൾ പുതിയ ധാതു പദാർഥങ്ങളുടെ കണ്ടുപിടിത്തമില്ലാതെ സംഭവിക്കുകയില്ല. അതാണ് പ്രവചനങ്ങളിൽ പറയപ്പെട്ടത് പോലെ ഭൂമി പുറത്തേക്ക് എറിയുന്നത്. പുതിയ ധാതുക്കൾ ഒഴിവാക്കിയാൽ ശാസ്ത്രത്തിന്റെ ചക്രം പിറകോട്ട് തിരിയലായിരിക്കും ഫലം. കൽക്കരി, പെട്രോളിയം. യുറേനിയം, പ്ലൂട്ടോണിയം എന്നിവയുടെ കണ്ടുപിടിത്തമില്ലായിരുന്നുവെങ്കിൽ പ്രസക്തമായ യാതൊരു ആധുനിക ശാസ്ത്ര മുന്നേറ്റങ്ങളും സാധ്യമാകുമായിരുന്നില്ല.

മേൽ പറഞ്ഞ രണ്ടു പ്രവചനത്തിലെ കാലാനുക്രമം തന്നെ ഒരു സന്ദേശം നൽകുന്നുണ്ട്. പുതിയ ധാതുക്കളുടെ കണ്ടുപിടിത്തത്തിന് തൊട്ട് പിറകെയാണ് പഴയ ലോകത്തിന്റെ വികസനത്തെപ്പറ്റിയുള്ള പ്രവചനമുള്ളത്. ഈയൊരു ക്രമത്തിൽ തന്നെയാണ് ഈ പ്രവചനങ്ങൾ പുലർന്നത്.(വെളിപാട് യുക്തി ജ്ഞാനം സത്യം എന്ന പുസ്തകത്തിൽനിന്ന്)

***ബൈസാന്റിയം:-** ക്രി.മു 27ൽ ആരംഭിച്ച റോമാ സാമ്രാജ്യം കിഴക്കും പടിഞ്ഞാറുമായി വിഭജിക്കപ്പെട്ടിരുന്നു. റോമാ സാമ്രാജ്യത്തിന്റെ കിഴക്കൻ ഭാഗത്തേയാണ് ബൈസാന്റിയം എന്ന് വിളിക്കുന്നത്. റോം ആസ്ഥാനമായുള്ള പടിഞ്ഞാറൻ റോമാ സാമ്രാജ്യം അഞ്ഞൂറ് കൊല്ലം മാത്രമേ നിലനിന്നിരുന്നുള്ളൂ. ബൈസാന്റിയം അഥവാ കിഴക്ക് റോമാ സാമ്രാജ്യമാണ് പിന്നീട് ആയിരം കൊല്ലം നിലനിന്നത്. ക്രിസ്തുമതം സ്വീകരിച്ച കോൺസ്റ്റാന്റയിൻ ചക്രവർത്തിയാണ് (ക്രി.വ. 274-337)റോമാ സാമ്രാജ്യ തലസ്ഥാനം റോമിൽ നിന്ന് കിഴക്ക് ഭാഗത്തുള്ള കോൺസ്റ്റാന്റിനോപ്പിളിലേക്ക്(ഇന്നത്തെ തുർക്കിയിലെ ഇസ്താം ബുൾ) മാറ്റിയത്. ബൈസാന്റിയം എന്ന പുരാതന ഗ്രീക്ക് പട്ടണത്തിൽ ഒരു കോട്ട നഗരം പണിയുകയും തന്റെ പേര് അനശ്വരമാക്കാൻ കോൺസ്റ്റാന്റിനോപ്പിൾ എന്ന് നാമകരണം ചെയ്യുകയുമായിരുന്നു. ഇസ്‌ലാം അവതരിക്കുമ്പോൾ അറേബ്യയുടെ പടിഞ്ഞാറ് ഭാഗത്ത് കോൺസ്റ്റാന്റിനോപ്പിൾസ് ആസ്ഥാനമായുള്ള ബൈസാന്റിയം സാമ്രാജ്യവും കിഴക്ക് ഭാഗത്ത് ഇറാൻ കേന്ദ്രമായുള്ള പേർഷ്യൻ സാമ്രാജ്യവുമായിരുന്നു. ഇസ്‌ലാം ആവിർഭവിച്ച് എട്ടര നൂറ്റാണ്ടുകൾക്ക് ശേഷം ക്രി.വ.1453ലാണ് ബൈസാന്റിയം സാമ്രാജ്യം തുർക്കി സുൽത്താൻ മുഹമ്മദ് ഫാത്തിഹ് പൂർണമായും കീഴടക്കിയത്(വിവ:)



# ഹദ്റത്ത് ഗുരുനാനക്ക് (റഹ്)

## പൂർണമായി ഇസ്‌ലിമിക വിശ്വാസം ഉൾക്കൊണ്ട അല്ലാഹുവിന്റെ ഒരു വലിയായിരുന്നു സിക്ക്മതസ്ഥാപകനെന്നറിയപ്പെടുന്ന ഹദ്റത്ത് ഗുരുനാനക്ക്

**മൗലവി മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ**

**പ**ഞ്ചാബിലെ നങ്കാനയ്ക്കടുത്തുള്ള ഒരു ഗ്രാമത്തിൽ ക്രിസ്ത്വാബ്ദം 1469-ൽ ഗുരു നാനക്ക് ജനിച്ചു. ഇടത്തരം കുടുംബത്തിലായിരുന്നു ജനനം. പിതാവിന്റെ പേര് **ബാബാ കല്യാൺചന്ദ്, കാലൂ** എന്നാണ് അറിയപ്പെട്ടിരുന്നത്. മാതാവിന്റെ പേര് മാതാ **തർതിപാജീ** എന്നായിരുന്നു. ചില ഗ്രന്ഥങ്ങളിൽ അവരുടെ പേര് **മാതാ ബീബീ** എന്നും രേഖപ്പെടുത്തി കാണുന്നുണ്ട്. (ജനം സാഖി ഭായിബാല 1871 പേജ് 55, 62,67). നാനക്ക് സാഹിബിന്റെ ജനനത്തീയതിയും ജനനസ്ഥലവും സംബന്ധിച്ച് സിക്ക് പണ്ഡിതന്മാർക്കിടയിൽ ധാരാളം അഭിപ്രായ ഭിന്നതകൾ നിലനില്ക്കുന്നുണ്ട്. ഒരു കൂട്ടർ പറയുന്നത് ഇപ്പോൾ **നങ്കാന** എന്നറിയപ്പെടുന്ന **ഭൂയേയിലെ തൽവണ്ടി**യിലാണ് അദ്ദേഹം ജനിച്ചതെന്നാണ്. (ജനംസാഖി ഭായിബാല പേജ് 5)

ഗുരുനാനക്ക് അമ്മവീട്ടിലാണ് ജനിച്ചത്. അതുമായി ബന്ധപ്പെട്ടാണ് അദ്ദേഹത്തിന് നാനക്ക് എന്നുപേരിട്ടത്. ഇതിന്റെ അർഥം അമ്മയുടെ വീട്ടിൽ ജനിച്ചവൻ എന്നാണ്.

ലാലഃ അമീർ ചന്ദ് ഘനഃ എന്ന പണ്ഡിതൻ ഇതു സംബന്ധമായി പറയുന്നു: 'ആത്മീയതയുടെ ശാസ്ത്രവിധികളെ സംബന്ധിച്ച് പറയുന്നത് ഇവിടെ അനുചിതമാണെങ്കിലും അമ്മവീട്ടിൽ പിറക്കുന്ന കുട്ടി അപാരമായ ബുദ്ധിമാനും ശക്തനും ആയിരിക്കുമെന്നത് എന്റെ ദൃഢ വിശ്വാസമാണ്. പക്ഷേ, വായനക്കാർ ഓർക്കുക, ഭഗവാൻ കൃഷ്ണനും ഗുരു നാനക്ക് ജീ മഹാരാജും ജനിച്ചത് തങ്ങളുടെ അമ്മവീട്ടിലായിരുന്നു.' (രിസാല ഗുരുസന്ദേശ് യമുനാ നഗർ ആഗസ്റ്റ് 1966)

ഗുരുജിയുടെ ജനനത്തിനു മുമ്പേ ആ മഹാത്മാവിന്റെ മാതാപിതാക്കൾക്ക് ഒരു മുസ്‌ലിം ഫക്കീർ സുവാർത്ത അറിയിച്ചിരുന്നുവെന്ന് സിക്കു പണ്ഡിതന്മാർ പറയുന്നുണ്ട്. ഒരു സിക്കു പണ്ഡിതൻ ചില ചരിത്ര ഗ്രന്ഥങ്ങൾ ഇതിനായി ഉദ്ധരിക്കുന്നുണ്ട്. പറയുന്നു: "ഒരു മുസ്‌ലിം ഫക്കീർ, ഗുരൂജിയുടെ പിതാവിന് അദ്ദേഹത്തിന്റെ ജനനത്തെ കുറിച്ച് സുവാർത്ത അറിയിച്ചു."(രിസാല സുന്നത്ത് സപാഹി അമൃത് സർ നവംബർ 1965)

ഡോക്ടർ മോഹൻസിംഗ്ജീ പറയുന്നു: ഗുരുനാനക്ക് ജനിക്കുന്നതിന് കുറച്ചു കാലം മുമ്പേ തലവണ്ടിയിലെ സർദാർ **റായെ ബല്ലാർ** 'തലവണ്ടിയിൽനിന്ന് ജ്യോതിർമയമായ ഒരു നദി ഉത്ഭവിക്കുന്നതായും അത് ജനങ്ങളുടെ ഹൃദയവയലുകളെ സേചനം നടത്തുന്നതായും സ്വപ്നം കണ്ടു.' (നാനക്ക് പ്രകാശ് പത്രിക മാർച്ച് 1969)

വീണ്ടും അദ്ദേഹം പറയുന്നു: 'ഗുരുവിന്റെ ജനന നേരത്ത് ഏറ്റവുമാദ്യം അദ്ദേഹത്തെ മടിയിൽ എടുത്തത് ഒരു മുസ്‌ലിം ധാത്രിയായ ദൗലത്താ തന്നെയായിരുന്നു. അവർ ഗുരുജിയെ കുളിപ്പിച്ച് വസ്ത്രം അണിയിച്ചു. പിന്നീട് ബിസ്മില്ലാഹ് ചൊല്ലി തേൻ തൊട്ടുകൊടുത്തു.' (നാനക്ക് പ്രകാശ് പത്രിക മാർച്ച് 1969)

ഗുരുനാനക്കിന് കുട്ടിക്കാലം മുതൽക്കെ മുസ്‌ലിംകളുമായി നല്ല ബന്ധമായിരുന്നു. ഡോക്ടർ തർലോചൻ സിംഗ്ജീ പറയുന്നു: 'ഏതെങ്കിലും മുസ്‌ലിംകുട്ടി നാനക്കുമായി കണ്ടുമുട്ടിയാൽ ഉടനെ അദ്ദേഹം പറയും, അല്ലാഹു അക്ബർ.' (ജീവൻ ചരിത്ര് ഗുരുനാനക്ക് ദേവ് പേജ് 4)

ഇസ്‌ലാമിക ചരിത്രങ്ങൾ ഉദ്ധരിച്ചുകൊണ്ട് **കത്ഘഹം** പറയുന്നു: 'ഗുരുനാനക്കിന്റെ നാട്ടിലെ വലിയ്യും അമാനുഷികശക്തിയുള്ള ആളും സർവസമ്മതനും അസാമാന്യ പീറുമായി അംഗീകരിക്കപ്പെട്ട വ്യക്തിയുമായിരുന്നു **മീർ സയ്യിദ് ഹസ്സൻ**. കാലൂവിന്റെ അയൽവാസിയായിരുന്നു അദ്ദേഹം. അദ്ദേഹം തന്റെ ആത്മീയവും ഭൗതികവുമായ എല്ലാ അറിവുകളും ഗുരുനാനക്ക്ജീയെ പഠിപ്പിക്കുകയും സത്യമാർഗത്തിന്റെ വലിയവലിയ രഹസ്യങ്ങൾ അദ്ദേഹത്തിന് പറഞ്ഞു കൊടുക്കുകയും ചെയ്തു.' (തവാരീഖ് ഗുരു ഖാലിസഃ പേജ് 59)

ഇതു സംബന്ധമായി പ്രസിദ്ധ സിക്കു പണ്ഡിതനായ **ഗിയാനീ ലാൽ സിംഗ്ജീ ഡബിൾ എം. എ** പറയുന്നു: 'സയ്റുൽ മുതഹ്ഹരീന്റെ കർത്താവായ മൗലവി ഗുലാം ഹുസയ്നും പഞ്ചാബ് ചരിത്രത്തിന്റെ കർത്താവായ മുഹമ്മദു ലത്വീഫും തങ്ങളുടെ ഗ്രന്ഥങ്ങളിൽ എഴുതുന്നു, ഒരു സുപ്രസിദ്ധ മുസ്‌ലിം ദർവേശായ സയ്യിദ് ഹസ്സൻ, നാനക്ക്ജീയെ നല്ല ഭാവിയുള്ളവനായി കണ്ട് ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ വിശ്വാസാദർങ്ങൾ പഠിപ്പിച്ചു. അദ്ദേഹത്തിന്റെ സ്വാധീനം കൊണ്ടു തന്നെയാണ് ഗുരൂജി പഞ്ചാബിയിലെ ഭാഷാപ്രയോഗത്തിൽ തന്റെ മാതൃഭാഷയിലൂടെ ബാണീ രചിക്കാൻ തുടങ്ങിയത്.' (ഗുരുനാനക്ക് ജോത് തെ സ്വരൂപ് പേജ് 46)

കാലൂവിന്റെ അയൽവാസിയും ഫാർസി അറിയുന്നയാളു

മായ സയ്യിദ് ഹസ്സൻ, ഗുരുജിയെ ഫാർസി പഠിപ്പിച്ചു. (ഗുരുനാനക്ക് ചമത്കാർ പേജ് 40)

ഈ വിദ്യാഭ്യാസത്തിന്റേയും ശിക്ഷണത്തിന്റേയും ഫലമായിട്ടാണ് ബിംബാരാധകരും അന്യാരാധകരുമായ ഒരു ജനതയിൽ ജനിച്ച ഗുരുനാനക്ക് ഏക ദൈവസിദ്ധാന്തത്തിന്റെ പ്രചാരകനായി മാറിയത്. അദ്ദേഹത്തിന്റെ ഹൃദയത്തിൽ **ഇലാഹുൽആലമീനോടുള്ള** സ്നേഹവും വിശ്വാസവും അലയടിച്ചുയരാൻ തുടങ്ങി. തൗഹീദിന്റെ പ്രചാരകനാകാൻ അദ്ദേഹം തീരുമാനിച്ചു. ഈ ഉദ്ദേശ്യത്തിനായി അദ്ദേഹം ലോകം സഞ്ചരിച്ചു. ഈ യാത്രയും സ്വൂഫീവര്യനായ ഒരു മുസ്‌ലിം ദർവേശിന്റെ നിർദേശവും ഉപദേശവും പ്രകാരമായിരുന്നു അദ്ദേഹം ചെയ്തിരുന്നത് എന്നതിന് സിക്ക് ചരിത്രം സാക്ഷിയാണ്. (ജനംസാഖി ഭായിബാലാ (1871) പേജ് 89).

ഈ **മുസ്‌ലിംസ്വൂഫിദർവേശിനെ** ഗുരുനാനക്ക് വളരെയധികം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. (ജീവൻ ചരിത്ര് ഗുരുനാനക്ക് ദേവ് പേജ് 68)

ഈ യാത്രകളിൽ ഗുരുജി തന്റെ കൂട്ടുകാരനാക്കിയത് ഒരു മുസ്‌ലിം സഹോദരനായ **മർദാനഃ**യെയായിരുന്നു. ഡോക്ടർ തർലോചൻ സിംഗ്ജീ അദ്ദേഹം പറഞ്ഞതായിട്ട് പറയുന്നു: 'ഞാൻ നോമ്പു പിടിക്കുന്നു, നമസ്കരിക്കുന്നു. നല്ല മുസൽമാൻ ആയിത്തീരാനുള്ള റസൂലിന്റെ കല്പനയാണിത്.' (ജീവൻ ചരിത്ര് ഗുരുനാനക്ക് ദേവ് ജീ പേജ് 47).

ഗുരുജി തന്റെ യാത്രയിൽ ആദ്യം താമസിച്ചത് **ലാലൂ**വിന്റെ വീട്ടിലായിരുന്നു. ഒരു ഹിന്ദു പണ്ഡിതന്റെ അഭിപ്രായത്തിൽ അദ്ദേഹമൊരു മുസൽമാനായിരുന്നു. (അജീത് ജാലന്ധർ 1969 ഒക്ടോബർ 12) ഇപ്രകാരം തന്നെ 10 വർഷം പൂർണമായി ഗുരുജി, **ശേയ്ഖ് ഫരീദ് രണ്ടാമനു**മായിച്ചേർന്ന് അല്ലാഹുവിന്റെ സന്ദേശമെത്തിച്ചു കൊണ്ടിരുന്നു. (ഇസ്‌ലാം ആൻഡ് സിക്കിസം പേജ് 126)

അധികകാലവും ഗുരൂജി കഴിച്ചുകൂട്ടിയിരുന്നത് ഇസ്‌ലാമിക രാജ്യങ്ങളിലായിരുന്നു. (ഗുരുഗ്രന്ഥ് തെ തപ്തഃ പേജ് 70).

ഗുരൂജി മുസ്‌ലിം വീടുകളിൽ പാചകം ചെയ്ത ഭക്ഷണമായിരുന്നു കഴിച്ചിരുന്നത്. (ധരം തെ സദാചാർ പേജ് 61)

ഒരു സിക്ക് വിദ്വാൻ പ്രൊഫസർ **സാഹിബ് സിംഗ്** എഴുതുന്നു: ഗുരു (നാനക്ക്) സാഹിബ് സാധാരണയുള്ള ഇടപഴകലിലും ഭക്ഷണം കഴിക്കുന്നതിലും പാനം ചെയ്യുന്നതിലും ജാതീയമായി ഒന്നും ചിന്തിച്ചിരുന്നില്ല. എല്ലാ ഇസ്‌ലാമിക രാജ്യങ്ങളിലും പോകുകയും മുസ്‌ലിം വീടുകളിൽനിന്ന് ഭക്ഷണം കഴിക്കുകയും ചെയ്തിരുന്നു. (ഗുർമത് ദർശൻ പേജ് 116).

**ഗുരൂനാനക്കിന്റെ അറബി പാണ്ഡിത്യം** : ഗുരുനാനക്ക് അറബി ഭാഷയിൽ അവഗാഹം നേടിയിരുന്നതായി സിക്കു പണ്ഡിതന്മാർ വിവരിക്കുന്നുണ്ട്. ഇസ്‌ലാമിക കർമശാസ്ത്രത്തിലും അദ്ദേഹത്തിന് ജ്ഞാനമുണ്ടായിരുന്നു. 10 വർഷംവരെ അദ്ദേഹം ഇസ്‌ലാമിക രാജ്യങ്ങളിൽ പാർത്തു. അറബി ഭാഷയിൽ നല്ല പ്രാവീണ്യംനേടി. അറബിയിലെ അദ്ദേഹത്തിന്റെ രചനയെക്കുറിച്ച് ഒരു സിക്കു പണ്ഡിതൻ പറയുന്നു: 'ഗുരുനാനക്ക്ജീ തലവണ്ടിയിലെ സയ്യിദ് ഹസ്സൻ എന്ന സ്വൂഫീ ദർവേശിൽനിന്ന് ഫാർസിയും അറബിയും പഠിച്ചിരുന്നു. ഇസ്‌ലാമിന്റെ അടിസ്ഥാന ഗ്രന്ഥങ്ങളിൽ നിന്നുള്ള വിജ്ഞാനങ്ങളും അദ്ദേഹത്തിൽനിന്ന് പഠിച്ചിരുന്നു. (ജീവൻ ചരിത്ര് ഗുരുനാനക്ക് ദേവ് ജീ പേജ് 14).

പരിശുദ്ധ മക്കയിൽ പോകുന്നതിനു മുമ്പേ ഗുരൂജി ഹാജി പീർമാർ ധരിക്കുന്ന നീലവസ്ത്രംധരിച്ചു. കൈയിൽ വടിയെടുത്തു. കക്ഷത്ത് ഗ്രന്ഥം (ഖുർആൻ) വെച്ചു. (ജനംസാഖി ഭായി ബാലാ ഉർദു, 1923 പേജ് 149, ഗുരു ഖാലിസ്വഃ ചരിത്രം ഉർദു ആദ്യ പതിപ്പ് പേജ് 144).

അറബിയും ഫാർസിയും മുസ്‌ലീംകളുടെ നിവേദനങ്ങളും ഗുരു സ്വാഹിബ് നല്ലവണ്ണം അറിഞ്ഞിരുന്നു. ഏകദൈവവിശ്വാസിയായ വളരെനല്ലൊരു സ്വൂഫീദർവേശായി തോന്നുമായിരുന്നു. (ജീവൻ ചരിത്ര് ഗുരുനാനക്ക് ദേവ് ജീ പേജ് 30).

ഇന്നേക്ക് അന്നൂറ്റാണ്ടു മുമ്പേ **സാധൂ ഗോബിന്ദ്സിംഗ് നിർമലെ** പറഞ്ഞു: 'ബാഗ്ദാദ് പട്ടണത്തിൽ വലിയൊരു തോട്ടമുണ്ട്. അവിടെ ബാബാ നാനക്കിന്റെ വീടു പണിതിട്ടുണ്ട്. മുസ്‌ലിം ഫക്കീർമാർ അതിൽ താമസിക്കുന്നു.......ഗുരുവിന്റെ ബാണീയും അറബി ലിപികളിലുണ്ട്. (ഇതിഹാസ് ഗുരു ഖാലിസ്വഃ ഹിന്ദി പേജ് 1

ഇതു സംബന്ധിച്ച് പ്രസിദ്ധസിക്കു ചരിത്രകാരനായ **ഗ്യാനീ ഗിയാൻസിംഗ്ജി** പറയുന്നു: 'ഇവിടെ (ബാഗ്ദാദിൽ) ഗുരുനാനക്ക്ജീയുടെ സ്മരണയ്ക്കായി ഒരു വീടു നിർമിച്ചിട്ടുണ്ടെന്ന് സത്യസന്ധരായ മിക്ക ഹാജീമാരിൽനിന്നും അറിയാൻ കഴിഞ്ഞു. അതിനെ നാനക്ക് പീർ എന്നുവിളിക്കുന്നു. അവിടത്തെ ജനങ്ങൾ അദ്ദേഹത്തെ പൊതുവെ മുസ്‌ലിം പീറായിട്ടാണ് വിശ്വസിക്കുന്നത്.' (തവാരീഖ് ഗുരു ഖാലിസ്വഃ ഉർദു ഒന്നാം പതിപ്പ് പേജ് 149)

ഗുരുജിയുടെ ബാഗ്ദാദിലെ ഈ സ്മാരകമന്ദിരവും മുസ്‌ലിംകൾ നിർമിച്ചതാണ്. ഇപ്പോഴും അതു മുസ്‌ലിംകളുടെ കൈയിൽതന്നെയാണ്. അവർ തന്നെയാണ് അതിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതും. (സബ്തൂൻ വഡാ സത്ഗുർനാനക്ക് പേജ് 120)

ചുരുക്കംപറഞ്ഞാൽ ഇസ്‌ലാമിക രാജ്യങ്ങളിലെല്ലാം അദ്ദേഹം ഒരു മുസ്‌ലിംസ്വൂഫീ വര്യനായിട്ടാണ് മനസ്സിലാക്കപ്പെടുന്നത്. ഒരു സിക്കു പണ്ഡിതൻ എഴുതുന്നു: 'മിക്ക ഇറാനീ പത്രമാസികകളിലും ഗുരൂനാനക്കിന്റെ അധ്യാപനങ്ങളെക്കുറിച്ച് ഫാർസിയിൽ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ട്. അദ്ദേഹത്തെ ഉന്നതക്കിടയിലുള്ള സ്വൂഫീവര്യനായിട്ടാണ് മനസ്സിലാക്കുന്നത്. ഗുരൂനാനക്ക്ജീയെ ആദരിക്കുന്ന മുസ്‌ലിംകൾ പാകിസ്താനിലും ഭാരതത്തിലും മാത്രമല്ല, വിദേശ മുസ്‌ലിം രാജ്യങ്ങളിലുമുണ്ട്. അവരും ഗുരൂജിയെ സത്യഹൃദയത്തോടെ തങ്ങളുടെ ഒരു മഹാത്മാവായിട്ട് വിശ്വസിക്കുന്നു. ഗുരൂജി പറയുന്നു:

**ഹീനമാ ദഖ്‌ലത് മർഖദശ്ശയ്ഖി ബഹ്‌ലൂല ദാനാ അല**
**യ്ഹിർറഹ്മത്തുൽ അബ്ബാസീ**

(ഞാൻ ശേയ്ഖ് ബഹ്‌ലൂൽ ദാനാ അബ്ബാസി (റഹ്) യുടെ സമാധി സ്ഥലത്ത് വന്ന നേരത്താണ് ഈ കവിതകൾ പറഞ്ഞത്.)

**വ അഖംതു ഫിത്തകിയ്യത്തിൽ അബ്ബാസിയത്തിൽ**
**വാഖിഅത്തി ഫീ മഹല്ലത്തിൽഖയ്സുറാൻ**

(അതു ഖയ്സുറാൻ മഹല്ലിൽ അബ്ബാസിയ്യഃ തക്കിയ്യയിൽ സ്ഥിതി ചെയ്യുന്നു.)

**ബഅ്ദ ഇയാബീ മിൻ മക്കത്തിൽമുക്കർറമത്തി.**

(ഞാൻ ആദരണീയമായ മക്കയിൽനിന്ന് മടങ്ങി വന്നപ്പോൾ അവിടെയാണ് താമസിച്ചത്.)

**വ ദാലിക്ക ഫീ ശഹ്‌രി റബീഇൽഅവ്വലി സനത്ത സബ്**
**അത്ത അശ്ര വ തിസ്ഇ മിഅത്തിൻ** (917) **ഹിജ്‌രിയ്യത്ത**

(ഈ മടക്കം ഉണ്ടായത് ഹിജരീ 917 റബീഉൽ അവ്വലിലാണ്.)

**വ അഖംതു ബിഹാ ഇലാ റജബിൽമുബാറക്കി**

(അനുഗൃഹീതമായ റജബ് മാസംവരെ ഇവിടെ താമസിച്ചു.)

**ഥുമ്മ സാഫർതു മിൻഹാ വ മഇയസ്സിദ്ദീഖുൽഹമീമു**
**റുക്കൻദീനു വ ഇലാ ജിഹതി ഹിന്ദുസ്ഥാന,തമ്മത്.**

(പിന്നീടു ഞാൻ എന്റെ ഉറ്റചങ്ങാതിയായ റുക്കൻദീനിന്റെ കൂടെ ഇന്ത്യയിലേക്കു യാത്ര ചെയ്തു.

ഗുരുനാനക്ക്ജിയുടെ ആ കവിത ഡോക്ടർ തർലോചൻ സിംഗ്ജീ തന്റെ ഗ്രന്ഥത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു

**തുവുട്ടിയതു ഫീ കുല്ലിൽബിലാദി ഫഖീറാ**
**വസറയ്തു ഫീ അഖ്സ്വൽ ബിലാദി കഥീറാ (ഖാഫ്)**
**വ അതയ്തു ബഗ്ദാദശ്ശരീഫത്ത കയ് അറാ**
**ബഹ് ലൂല ദാനാ ഇദ് ഇലയ്ഹി ഉശീറാ**
**നാനക്ക അതാക്കൽയൗമി ഫീക്ക മുശവ്വഖ**
**യർജുൽമുസാമഅ മിൻക വത്തഖ്സ്വീറാ (ഖാഫ്)**

ഞാൻ പോയിടത്തെല്ലാം ഒരു ദർവേശ് എന്ന നിലയിൽ ജനങ്ങൾ എന്നെ സ്നേഹിച്ചു. ഞാൻ വളരെ ദൂരദൂര രാജ്യങ്ങളിൽ സഞ്ചരിച്ചു. ബഹ്ലുൽദാനായുടെ ഖബ്ർ സിയാറത്തിനായി ഞാൻ ബാഗ്ദാദ് ശരീഫിൽ വന്നു. അത് ഒരു അശരീരി എനിക്കു നല്കിയ സൂചനയുടെ അടിസ്ഥാനത്തിലായിരുന്നു. ഏയ് ബഹ്ലൂൽ ദാനാ! ഇന്ന് നാനക്ക് നിന്നോടുള്ള സ്നേഹത്തിൽ മുങ്ങിക്കുളിച്ച് നിന്റെ സന്നിധിയിൽ ഹാജരായിരിക്കുന്നു. അവൻ നിന്നോടു മാപ്പും ക്ഷമയും തേടുന്നു. (ജീവൻ ചരിത്ര് ഗുരുനാനക്ക് ദേവ് ജീ പേജ് 304,305 ന്റെ ഇടയ്ക്കുള്ള പ്ലേറ്റ് നമ്പർ 9)

**ലില്ലാഹി ഖൗമുൻ ഫിസ്സിയാഹത്തി ഫുത്തിനാ**
**കൽവർദി ഇല്ലാ അന്നഹൂ ലാ തുജ്തനാ**
**വ ളുഗാതു ഹിന്ദുസ്ഥാന യദ്ഊനീ ലഹും**
**ശുക്റൻ ഇലാഹൽഅർശി ഇന്നീ മുഅ്മിനാ**
**വ മുകവ്വിനുൽഅക്വാനി അൻകദ നാനക്കാ**
**മിൻ ഹിസ്ബി ദിശ്ശയ്ത്വാനി ത്വഹ്ഹറ ഖൽബനാ**
**ഇദ് യജ്അലൂന മഅൽഇലാഹി മുശ്രിക്കൻ**
**ഹാശാ ശരീക്കിൻ അയ്യകൂന ലിറബ്ബിനാ**

ആ ദൈവസവിധത്തിലെ സിദ്ധന്മാരുടെ സംഘത്തെപ്പറ്റി എന്തു പറയാനാണ്. അവർ യാത്രകളുടേയും പര്യടനങ്ങളുടേയും അടിസ്ഥാനത്തിൽ പരീക്ഷണങ്ങളിൽ ഇടപ്പെട്ടു. അവർ റോസാപ്പൂവ് പോലെയാണ്. പക്ഷേ, ആ പുഷ്പത്തെ നുള്ളിയെടുക്കാൻ പറ്റുകയില്ല. ഇന്ത്യയിലെ ധിക്കാരികൾ എന്നെ അവരിലേക്കു വിളിക്കുന്നു. അർശിന്റെ ഉടയവനായ അല്ലാഹുവിന് നന്ദി. ഞാൻ മുഅ്മിനാണ്. അതായത് താൻ അവരിലേക്കു ചാഞ്ഞവനല്ലെന്ന്. പ്രപഞ്ചനാഥൻ നാനക്കിനെ ശയ്ത്വാന്റെ സംഘത്തിൽനിന്ന് രക്ഷിച്ചു. അവൻ നമ്മുടെ ആദ്യാവസ്ഥ നിർമലമാക്കി. അവർ അന്യാരാധകരാണ്. അല്ലാഹുവിന് പങ്കാളികളെ വയ്ക്കുന്നു. അങ്ങനെ ഒരിക്കലും സംഭാവ്യമല്ല. നമ്മുടെ രക്ഷിതാവിന് പങ്കാളികളായി ആരുമില്ല.(ജീവൻ ചരിത്ര് ഗുരുനാനക്ക് ദേവ് ജീ പേജ് 304,305 ന്റെ ഇടയ്ക്കുള്ള പ്ലേറ്റ് നമ്പർ 11).

മുസ്ലിംകളോടു സ്നേഹവും പ്രേമവും ഗുരുജിയ്ക്കുണ്ടായിരുന്നുവെന്ന് അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽനിന്ന് വെളിവാകുന്നുണ്ട്. ഗുരുജി കർത്താപൂർ എന്ന സ്ഥലം ജനവാസമുള്ളതാക്കി. അതിൽ തനിക്കു താമസിക്കാൻ ഒരു വീടും നിർമിച്ചു. ആ വീടിനോടു ചേർന്ന് ഒരു പള്ളിയും പണി കഴിപ്പിച്ചു. അഞ്ചുനേരം നമസ്കരിപ്പിക്കാൻ ഒരു ഇമാമുസ്സ്വലാത്തിനേയും നിശ്ചയിച്ചു.

**അല്ലാഹുവും ഗുരുനാനക്കും:** സർദാർ സൻതോഖ് സിംഗ്ജീ പറയുന്നു: 'ഗുരുനാനക്ക് ഈ ലോകത്ത് വന്നിട്ട് ഏതെങ്കിലും പുതിയദൈവത്തെക്കുറിച്ചു പറഞ്ഞില്ല, പുതിയൊരു മതവും തുടങ്ങിയില്ല. വിശുദ്ധഖുർആനിൽ പറഞ്ഞ അല്ലാഹുവിനെക്കുറിച്ചുള്ള കാര്യമാണ് ഗുരുനാനക്ക്ജീ പറഞ്ഞത്.'(രിസാല ജീവൻപ്രീതി ചണ്ഡീഗഢ് മെയ് 1975)

**സാഹിബ് മേരാ ഏകോ ഹെ**
**എകോഹെ ഭായി ഏകൊഹെ (പേജ് 45)**

എന്റെ ദൈവം ഏകനാണ്. അല്ലയോ സഹോദരാ, അവൻ ഏകൻ തന്നെയാണ്. (ശ്രീ ഗുരുഗ്രന്ഥ് സാഹിബ് മഹല്ലഃ പേജ് 350)

**പ്രാർഥനയും ഗുരുനാനക്കും:** ബർഥീ കദേ നഃ ഹൊവയീ ജിൻകി ഇർദാസ് (പേജ് 57)

അല്ലാഹു നല്ലവരായ തന്റെ ദാസന്മാരുടെ പ്രാർഥനകൾ കേൾക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു. തന്റെ ദാസന്മാരുടെ ഒരു പ്രാർഥനയും പാഴാക്കിക്കളയുകയില്ല. (ഗുരുഗ്രന്ഥ് സാഹിബ് ബലാവൽ മഹല്ലഃ പേജ് 819)

**കൻഠ് ലായേ ഓഗണ് സബ് മിട്ടേ ദയാല് പൂരഖ് ബഖ്ശൻദ്**
**ജോ മാൻകെ ഠാക്കർ അപ്നെ തെ സൂയിസൂയി ദേവേ**

അല്ലാഹു തന്റെ ദാസന്മാരെ എപ്പോഴും സംരക്ഷിക്കുന്നു. അവരെ തന്റെ നെഞ്ചോടു ചേർത്ത് അവരുടെ പാപങ്ങളും പൊറുത്തു കൊടുക്കുന്നു. കാരണം അവൻ പൊറുക്കുന്നവനാണ്. അവന്റെ ദാസരും മറ്റുള്ളവരുടെ മുമ്പിൽ കൈനീട്ടുന്നതിനു പകരം അവനോടു ചോദിക്കേണ്ടതാണ്. അവൻ അവർക്ക് കൊടുക്കുന്നു. നിരാശരാക്കി തിരിച്ചയക്കുകയില്ല.

**മലക്കുകളും ഗുരുനാനക്കും:** ഇസ്ലാംകാര്യത്തിൽ രണ്ടാമത്തേത് മലക്കുകളിലുള്ള വിശ്വാസമാണ്. മലക്കുകളിൽ വിശ്വസിക്കേണ്ടത് ഓരോ മുസൽമാനും നിർബന്ധമാണ്. വിശുദ്ധ ഖുർആനിൽ ഇക്കാര്യം വ്യക്തമായും പറഞ്ഞിട്ടുണ്ട്. മലക്കുകളെ നിഷേധിക്കുന്നവൻ അല്ലാഹുവിന്റെ ശത്രുവാണ്. അല്ലാഹു അത്തരം വ്യക്തികളെ തന്റെ സുഹൃത്തുക്കൾ ആക്കുകയില്ല. മലക്കുകൾ അല്ലാഹുവിന്റെ ജ്യോതിർമയ സൃഷ്ടികളാണ്. ഭൗതിക കണ്ണുകൾക്ക് അവരെ കാണാൻ കഴിയില്ല. ഗുരുനാനക്ക്ജി പറഞ്ഞു:

**സ്വബ്റ് സ്വബൂരീ സ്വാദിഖാൻ തോശഃ മലായിക്കാൻ**

മലക്കുകളുടെ പാഥേയം ക്ഷമയാകുന്നു. അവർക്ക് അശന പാനീയങ്ങളുടെ ആവശ്യമില്ല. (ഗുരുഗ്രന്ഥ് സ്വാഹിബ് ശ്രീ രാഗ് മഹല്ല 1 പേജ് 82)

**സുനോ സയ്യിദ് കരീംദീൻ ജാനോ സഹ്നാ ഹെ**
**നൂറോം ഛാർ ഫരിശ്തെ ഛാർ കുതേബ് ഗവാ ഹെ**

ഏയ് സയ്യിദ് കരീംദീൻ! നിങ്ങൾ സത്യം അറിയുന്നവരല്ല. അല്ലാഹു നാലുമലക്കുകളെ സൃഷ്ടിച്ചുവെന്നതിന് നാലു ഗ്രന്ഥങ്ങളും സാക്ഷിയാണ്. (ജനംസാഖി ഭായിബാലാ പേജ് 169)

**ഇസ്റാഫീൽ ജിബ്റായീൽ മീക്കായീൽ പച്ഛാന്**
**അസ്റായീൽ ഫരീശതഃ ഛാർ മോക്കല് ജാന്**
**ചാരോം വാരിഥ് തഖ്ത് ദേ ഹുക്മീ ബൻദേ ഛാർ**
**സദാ ഹുസൂരി തെസ് രഹീന് ജോഥിയോവെ അവ്താർ.**

ഇസ്റാഫീൽ, ജിബ്റായീൽ, മീക്കായീൽ, ഇസ്റാഫീൽ എന്നിങ്ങനെ നാല് മലക്കുകളുണ്ട്. ഇവരെ മുവക്കൽ എന്നു പറയുന്നു. അതായത് പ്രത്യേക കാര്യങ്ങൾക്കായി ചുമതലപ്പെടുത്തപ്പെട്ടവർ. ഈ നാലുപേരും തന്നെയാണ് അല്ലാഹുവിന്റെ സിംഹാസനത്തിന്റെ അവകാശികൾ. അവർ അല്ലാഹുവിന്റ കല്പനകൾ ശിരസാ വഹിക്കുന്നു. അതു ധിക്കരിക്കാനുള്ള കഴിവ് അവർക്കില്ല. അവർ എപ്പോഴും നബിമാർക്കും റസൂൽമാർക്കും സേവനം ചെയ്തുകൊണ്ടിരിക്കുന്നു. (ജനംസാഖി ഭായിബാലാ പേജ് 241)

**ശയ്ത്വാനും ഗുരുനാനക്കും:** മനുഷ്യൻ നന്മ ചെയ്യുമ്പോൾ അവിടെ അവനിൽനിന്ന് ചിലപ്പോൾ തിന്മയും ഉണ്ടാകും. ഇസ്ലാമിക പാഠമനുസരിച്ച് തിന്മയുടെ ഉറവിടം ശയ്ത്വാനാണ്. തിന്മ ചെയ്യാൻ പ്രേരിപ്പിക്കുന്നത് അവനാണ്. അവനെക്കുറിച്ച് ഗുരുജി പറയുന്നു:

**അവ്വൽ ദുശ്മൻ നഫ്സ് ഹെ ദൂജാഹെ ശയ്ത്വാൻ**

മനുഷ്യന്റെ ആദ്യത്തെ ശത്രു അവന്റെ ശരീരേച്ഛയാണ്. രണ്ടാമത്തേത് ശയ്ത്വാനും. (ജനംസാഖി ഭായിബാലാ പേജ് 147)

**ഗുസ്സ്വഃ ഹുവേ ജത് ഖാദിയാന് ശഹ് വത് മനീ ഹറാമ്**
**ഖുദീ തകബ്ബുറ് ശയ്ത്വാന്ഗീ കരേ ഇബ്ലീസ് കാമ്**

ചില ഭക്ഷണ പദാർഥങ്ങളുണ്ട്. അവ കഴിക്കുന്ന കാരണ

ത്താൽ മനുഷ്യനിൽ കോപം ഉണ്ടാകുന്നു. അവന്റെ കാമ വികാരങ്ങൾ ജ്വലിച്ചുയരുന്നു. ഇതിന്റെ ഫലമായി ശയ്ത്വാൻ അഥവാ ഇബ്‌ലീസിന്റെ പണിയെടുക്കാൻ തുടങ്ങുന്നു. (ജനംസാഖി ഭായി ബാലാ പേജ് 1770)

**ദൈവികഗ്രന്ഥങ്ങളും ഗുരുനാനക്കും :** ഇസ്‌ലാമിലെ മൂന്നാമത്തെ കാര്യം അല്ലാഹുവിന്റെ ഗ്രന്ഥങ്ങളിലുള്ള വിശ്വാസമാണ്. അതിന്റെ അടിത്തറ പരിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളാണ്. ഇക്കാര്യം വിശുദ്ധ ഖുർആനിൽ പല സ്ഥലങ്ങളിലും വ്യക്തമായും പറഞ്ഞിരിക്കുന്നു. അല്ലാഹുവിൽനിന്ന് ലോകത്തിന്റെ ക്ഷേമത്തിനായി വിവിധകാലങ്ങളിൽ വിവിധ ഭാഷകളിൽ ഗ്രന്ഥങ്ങൾ ഇറക്കപ്പെട്ടിട്ടുണ്ട്. ഈമാനിന്റെ പൂർത്തീകരണത്തിന് അവയിൽ വിശ്വസിക്കേണ്ടത് അനിവാര്യമാണ്. എന്നല്ല ചില ഗ്രന്ഥങ്ങളുടെ പേരും അതിൽ കൊടുത്തിട്ടുണ്ട്. തൗറാത്ത്, സബൂർ, ഇഞ്ചീൽ, ഇബ്‌റാഹീമിന്റെ ഏടുകൾ. ഗുരുജി പറയുന്നു:

**ദേഖ് തൗറേത് ഇഞ്ചീലിനൂ സബൂറെ ഫുർഖാന്**
**ഈഹോ ചാർ കുതേബ് ഹൈ പഢ് കെ ദേഖ് ഖുർആന്**

'നാലു ഗ്രന്ഥങ്ങളും അല്ലാഹുവിൽ നിന്നിറങ്ങിയതാണ്. ഈ നാലു ഗ്രന്ഥങ്ങളുടേയും പേര് വിശുദ്ധഖുർആനിൽ രേഖപ്പെടുത്തിയിരിക്കുന്നു. തൗറാത്ത്, സബൂർ, ഇഞ്ചീൽ, ഫുർഖാൻ അതായത് ഖുർആൻ.(ജനംസാഖി ഭായിബാലാ 1890 പേജ് 176)

**ഖുർആനും ഗുരുജീയും :**

**ഘാവന് ഖസം ഖുർആൻ ദി കാരണ് ദനീ ഹറാമ്**
**ആതിശ് അൻദർ സാഡേന്ആഘേ നബി കലാമ്**

ഭൗതികോദ്ദേശ്യത്തിനും ആവശ്യത്തിനുമായി ഖുർആനെ പിടിച്ച് സത്യം ചെയ്യുന്നത് വളരെ മോശമായ കാര്യമാണ്. അത് അടിമുടി നിയമവിരുദ്ധമാണ്. അത്തരക്കാരെ മരണശേഷം നരകത്തിൽ കത്തിക്കുന്നതാണ്. ഇതു അല്ലാഹുവിന്റെ പരിശുദ്ധ പ്രവാചകന്റെ നിർദേശമാണ്.

**പ്രവാചകന്മാരും ഗുരുനാനക്കും :** ജനങ്ങളെ നേരായ മാർഗത്തിൽ നയിക്കുന്നതിനായി അല്ലാഹു നബിമാരെ അയക്കാൻ തുടങ്ങി. എല്ലാ ജനതയിലും പ്രവാചകന്മാർ വന്നിട്ടുണ്ട്. അവർ തങ്ങളുടേതായ നിലയിൽ ജനങ്ങളെ നേരായ മാർഗത്തിൽ നയിച്ചു. അവരുടെ പ്രവർത്തന ഫലമായി പലരും ദൈവ സാമീപ്യം പ്രാപിച്ചു. ഹദീഥുകളിൽ അവരുടെ എണ്ണം ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരമാണ്. ഗുരുജി പറയുന്നു:

**സവാ ലാഘ് പേഗമ്പർ ആയേ ദുൻയാ മാഹീ**
**ആപോ അപ്നീ നൗബത്തേം സഭോ ചലായെ റാഹെ**

അല്ലാഹു ഈ ലോകത്ത് ഒന്നേകാൽ ലക്ഷം പ്രവാചകന്മാരെ അയച്ചു. അവർ അവരുടേതായ കാലഘട്ടത്തിൽ ജനങ്ങൾക്കു നേരായ മാർഗത്തിന്റെ മേൽവിലാസം നല്കി. അല്ലാഹുവിന്റെ അടുക്കൽ ചെന്നെത്തുന്നവരുമാക്കി. (ജനംസാഖി ഭായിബാലാ പേജ് 143)

**നബി(സ)യും ഗുരുനാനക്കും :** ഗുരുനാനക്ക്ജി ഹദ്റത്ത് നബി (സ) തിരുമേനിയെ അല്ലാഹുവിന്റെ നബിയും ഖാത്തമുൽമുർസലീനുമായി വിശ്വസിച്ചിരുന്നു. ഗുരുജീ പരിശുദ്ധ മക്കയിൽവെച്ച് അല്ലാഹുവിനോടായിപ്പറഞ്ഞു:

"സത്യവാനായിട്ടുള്ളവനേ! ഇതിനു മുമ്പേ നീ ഖാത്തമുൽമുർസലീൻ മുഹമ്മദുമുസ്തഫായെ ലോകത്ത് അയച്ചു. (ജനംസാഖി ഭായിബാലാ ഉർദു പതിപ്പ് 1922 പേജ് 151)

**സ്വലാത്തും ഗുരുജീയും :**

**പീർ പേഗംബര് സാലിക് സ്വാദിഖ് ശുഹദേ ഔർ ശഹീദ്**
**ശേയ്ഖ് മശായിഖ് ഖാസി മുല്ലാ ദർ ദർവേശ് റശീദ്**
**ബർക്കത് തന്കർ അഗലീ പഢ്ദേ രഹന് ദുറൂദ്**

ഇതിനെ ഗുരുനാനക്ക്ജീ തന്നെ വിശദീകരിക്കുന്നത് കാണുക: 'ഖാൻസാഹിബേ! കേട്ടാലും. പീർമാരും അല്ലാഹുവിന്റെ റസൂൽമാരും നബിമാരും സ്വാലിഹീംകളും സ്വാദിഖുമാരും ശഹീദുമാരും ദർവേശുമാരും അല്ലാഹുവിന്റെ മാന്യന്മാരും എത്രത്തോളമുണ്ടോ അവരെല്ലാവരും അല്ലാഹുവിനെ ദർശിച്ചു. പക്ഷേ, അവന്റെ പരമമായ അവസ്ഥ പ്രാപിക്കാൻ അവർക്കു കഴിഞ്ഞില്ല. ആരാണോ അല്ലാഹുവിന്റെ സന്നിധിയിൽ സ്വലാത്തു ചൊല്ലിക്കൊണ്ടിരിക്കുന്നത് അവർക്ക് അല്ലാഹുവിൽനിന്ന് ധാരാളം അനുഗ്രഹങ്ങൾ ലഭിക്കുന്നു. സ്വലാത്തു ചൊല്ലുന്ന കാരണത്താൽ അവരുടെ പ്രാർഥന സ്വീകരിക്കപ്പെടുന്നു.

**സ്വഹാബത്തും ഗുരുജീയും**

**സുന്ന് പേഗമ്പരെ മുസ്വത്വഫാ തസ്ദേ ചാരോം യാര്**
**ഉമർഖത്വാബ് അബൂബക്കർ ഉഥ്മാൻ അലീ വീചാറ്**
**ചാറോം യാറ് മുസൽമേം ചാർ മുസ്വല്ലാ കീണ്**
**പഞ്ചവാന് നബിറസൂല് ഹെ ജിന് ഥാബിത് കീതാ ദീന്**

(ജനംസാഖി ഭായിബാലാ പേജ് 146)

ഗുരുജി ഈ പവിത്ര വചനങ്ങളിൽ നബി (സ)യുടെ പ്രസിദ്ധരായ നാലു സ്വഹാബിമാരായ അബൂബക്കർ, ഉമർ, ഉഥ്മാൻ, അലീ (റ)എന്നിവരെക്കുറിച്ച് പറഞ്ഞതിനുശേഷം പറയുന്നു: 'റസൂൽ(സ) മുഖേന ദീൻ പൂർണമാക്കപ്പെട്ടിരിക്കുന്നു. ലോകത്തിന് തികവുറ്റതും ആഗോളതലത്തിലുള്ളതുമായ ഒരു മതം ലഭിച്ചു. ഇതിന്റെ കവാടം ഓരോ രാജ്യക്കാർക്കും സമുദായക്കാർക്കും എപ്പോഴും തുറന്നു കിടക്കുന്നു.

**ഖിയാമത്തും ഗുരുനാനക്കും:** ഇസ്‌ലാമിലെ അഞ്ചാമത്തെ കാര്യം പുനരുത്ഥാനത്തിലുള്ള വിശ്വാസമാണ്. സകലതും നശിച്ചൊടുങ്ങുന്ന ഒരുകാലം വരുമെന്ന് വ്യക്തമായും പഠിപ്പിക്കുന്നു. അല്ലാഹു മാത്രമായിരിക്കും അവശേഷിക്കുക. ഗുരുജി ഈ ഇസ്‌ലാമിക വീക്ഷണത്തെ അംഗീകരിക്കുന്നു. പ്രപഞ്ചം അല്ലാഹുവിന്റെ സൃഷ്ടിയാണെന്നും നശ്വരമാണെന്നും ഗുരുജി വിശ്വസിക്കുന്നു. സൂര്യനും ചന്ദ്രനും ലക്ഷക്കണക്കിന് നക്ഷത്രങ്ങളും ഇല്ലാതാകും.ഏകനായ അല്ലാഹുമാത്രം അവശേഷിക്കും. (ശബ്ദാർഥ് ഗുരുഗ്രന്ഥ് സാഹിബ് പേജ് 64)

**കണക്കെടുപ്പും ഗുരുജിയും :** ഖിയാമത്തുന്നാളിൽ വിശ്വസിക്കുന്നതിനോടൊപ്പം അല്ലാഹു ഓരോവ്യക്തികളിൽനിന്നും അവരവരുടെ കർമങ്ങളുടെ കണക്കെടുക്കുമെന്നുള്ളതുമാണ് ഇസ്‌ലാമിക വിശ്വാസം. അവന്റെ കർമങ്ങൾക്കനുസരിച്ച് തീരുമാനം കല്പിക്കും. ജഹന്നമിയാണോ ജന്നത്തിയാണോ എന്ന്.

ഗുരുജീ പറയുന്നു: **ഹെ ഹയബത് തിത് ദിൻകി ജിസ്ദിന് അദൽകരേ ബാബ് ഉസാഡേ റുക്ന് ദീന് കഹ്‌യാ ഹുക്കും കരേ.**

അല്ലാഹു ജനങ്ങളിൽനിന്ന് അവരുടെ കർമങ്ങളുടെ കണക്കെടുക്കുന്ന നാളിനെ നാം ഭയപ്പെടുന്നു. അവരോട് നീതിയോടെ പെരുമാറും. ഏയ് റുക്ന് ദീന്! ആ **അഹ്കമുൽഹാക്കിമീൻ** എന്നെക്കുറിച്ച് എന്തായിരിക്കും വിധിക്കുക എന്നോർത്ത് എനിക്കു ഭയമുണ്ടാകുന്നു.(ജനംസാഖി വലായത് വാലി പേജ്258, ജനംസാഖി ഭായിബാലാ പേജ് 232).

മഹാകവി അല്ലാമ ഇഖ്ബാൽ പറഞ്ഞു:

**ഫിർ ഉഠീ ആഖിർ സ്വദാ തൗഹീദ് കി പഞ്ചാബ് സെ**
**ഹിന്ദ് കൊ ഇക് മർദെകാമിൽ നെ ജഗായാ ഖാബ് സെ**

തൗഹീദിന്റെ ധ്വനി പിന്നീട് ഉയർന്നു പഞ്ചാബിൽനിന്ന്, തന്റെ ദർശനംകൊണ്ട് ഭാരതത്തെ ഒരു സമ്പൂർണ പുരുഷൻ ഉണർത്തി.

MTA INTERNATIONAL
Muslim Television Ahmadiyya International



# ഹദ്റത്ത് ഫാത്വിമത്തുസ്സഹ്റാ (റദിയല്ലാഹുഅൻഹാ)

സ്വാദിഖ ഫദ്ൽ

**ജ**നനം: ചരിത്രത്തിൽ ഹദ്റത്ത് ഫാത്വിമ യുടെ(റ)ജന്മവർഷത്തെ സംബന്ധിച്ച് അഭിപ്രായ ഭിന്നതകൾ കാണുന്നുണ്ട്. പക്ഷേ, മിക്ക നിവേദനങ്ങളിൽ നിന്നും മനസ്സിലാ കുന്നത് കഅ്ബദേവാല യത്തിന്റെ സമ്പൂർണ പുനർനിർമാണം നടന്നു കൊണ്ടിരുന്ന വർഷമാണ് ഹദ്റത്ത് ഫാത്വിമ(റ)ജനിച്ച തെന്നാണ്.

ഹദ്റത്ത് ഫാത്വിമ(റ), നബി(സ) തിരുമേനിക്ക് പ്രവാചകത്വം ലഭിക്കുന്ന തിന് ഏകദേശം 5 വർഷം മുമ്പേ ജനിച്ചു. ഒന്നിലധികം നിവേദനങ്ങളനുസരിച്ച് ജമാദുൽആഖിർ 20-ന് ജുമുഅ ദിവസം അതിരാവിലെയാണ് ജനിച്ചത്. അപ്പോൾ നബി(സ)യ്ക്ക് 35 വയസ്സും ഹദ്റത്ത് ഖദീജത്തുൽകുബ്റാ(റ)ക്ക് 50 വയസ്സു മായിരുന്നു.

**ശരീരപ്രകൃതി**: ഹദ്റത്ത് ഫാത്വിമയു ടെ(റ)ശരീരപ്രകൃതി നബി(സ) തിരുമേ നിയോടു നല്ലവണ്ണം സാമ്യമുള്ളതായി രുന്നു. ഹദ്റത്ത് ആയിശാ(റ)ൽ നിന്ന് നിവേദനം. ഹദ്റത്ത് ഫാത്വിമായുടെ നടപ്പും ഇരുപ്പും എഴുന്നേൽക്കലും, സംസാരരീതിയുമെല്ലാം തികച്ചും നബി(സ) തിരുമേനിയെ പ്പോലെ യായിരുന്നു. അതീവ സുന്ദരിയുമായിരുന്നു.

**സ്ഥാനപ്പേര്**: ഫാത്വിമ എന്നായിരുന്നു പേര്. ത്വാഹിറ, ബതൂൽ (കുമാരി), സഹ്റാ (അതീവസുന്ദരി) തുടങ്ങിയസ്ഥാനപ്പേരും ഉണ്ടായിരുന്നു.

**ശിക്ഷണം പരിപാലനം**: പരിശുദ്ധ മായ സ്വഭാവങ്ങളുടെ ഉടമയായിരുന്നു ഹദ്റത്ത് ഖദീജ (റ). അതേ ഉന്നതമായ സ്വഭാവങ്ങളുടെ ഉടമകളായിരുന്നു ആ മഹതിയുടെ മക്കളും. ഹദ്റത്ത് ഖദീജ(റ), ഫാത്വിമയ്ക്കും നല്ല രീതിയിൽ ശിക്ഷണം നല്കി വളർത്തി. ഹദ്റ ത്ത് ഫാത്വിമ(റ) ഉള്ളതിൽ തൃപ്തിപ്പെട്ട് ജീവി ക്കുന്നവരും ധാരാളമായി ആരാധനാകർ മങ്ങളിൽ മുഴുകുന്നവരുമായിരുന്നു. ആത്മീ യവും ഭൗതികവുമായ എല്ലാതരം ശിക്ഷണ വും അവർക്കു ലഭിച്ചു. ഇക്കാരണത്താൽ ഉന്നതമായ സ്വഭാവങ്ങളുടെ ഉടമയായി അവർ മാറി. അല്ലാഹുവിനേയും അവന്റെ പ്രിയപ്പെട്ടദൂതനേയും (ആ മഹാത്മാവ് ഫാത്വി മയുടെ പിതാവാണെന്ന കാര്യം ഓർ ക്കുക) സത്യസന്ധമായും പൂർണ ഹൃദയത്തോ ടെയും അനുസരിച്ചിരുന്നു.

**വിവാഹത്തിനു മുമ്പേ**: ഹിജറ 10-ാം

വർഷം ഹദ്റത്ത് ഖദീജ(റ) ഇഹലോക വാസം വെടിഞ്ഞു. അപ്പോൾ ഹദ്റത്ത് ഫാത്വിമ(റ)ക്ക് 15 വയസ്സായിരുന്നു. നബി(സ)തിരുമേനിക്കു ഹദ്റത്ത് ഫാത്വിമയോടും ഹദ്റത്ത് ഫാത്വിമ(റ)ക്ക് നബി(സ)തിരുമേനിയോടും അതിരറ്റ സ്നേഹമാണുണ്ടായിരുന്നത്. നബി(സ) പ്രവാചകത്വം പ്രഖ്യാപിച്ചപ്പോൾ ബിംബാരാധകരായിരുന്ന ഖുറയ്ശികൾ ആ മഹാത്മാവിനെ വല്ലാതെ ഉപദ്രവിക്കാൻ തുടങ്ങി. ശാരീരികമായും പീഡിപ്പിച്ചു. നബി(സ)നടക്കുന്ന വഴിയിൽ മുള്ളുകൾ വിതറി. മുള്ളുകൾതറച്ച് കാലുകളിൽനിന്ന് ചോരഒഴുകുമായിരുന്നു. ഒരുദിവസം നബി(സ)കഅ്ബദേവാലയത്തിൽ നമസ്കരിക്കുമ്പോൾ ഉഖ്ബ ബിൻ അബീ മുഈത്ത് എന്ന ദുർഭഗൻ ഒട്ടകത്തിന്റെ കുടൽ ആ മഹാത്മാവിന്റെ പിരടിയിൽ കൊണ്ടുപോയിട്ടു. അക്രമികളായ ഖുറയ്ശികൾ അതു കണ്ട് രസിച്ച് കുലുങ്ങിക്കുലുങ്ങി ചിരിച്ച് സന്തോഷം കൊള്ളുകയായിരുന്നു. കുട്ടിയായിരുന്നിട്ടും ഹദ്റത്ത് ഫാത്വിമ(റ)ആ വാർത്തകേട്ട് അവിടെ ഓടിയെത്തുകയും തന്റെ പ്രിയപ്പെട്ട പിതാവിന്റെ പിരടിയിൽനിന്ന് കുഞ്ഞിക്കൈകൾകൊണ്ട് അത് ഇറക്കി വെക്കുകയും ചെയ്തു.

ഹദ്റത്ത് ഖദീജായുടെ മരണശേഷം ഹദ്റത്ത് ഫാത്വിമ(റ)അങ്ങേയറ്റം ദുഃഖിതയായി കാണപ്പെട്ടു. വിഷമങ്ങൾ കടിച്ചിറക്കിയാണ് ജീവിച്ചുപോന്നത്. ഉമ്മയുടെ വേർപാടിന്റെ ദുഃഖം മനസ്സിൽ എപ്പോഴും തളംകെട്ടി നില്ക്കുക എന്നതു സ്വാഭാവികമാണല്ലോ? പക്ഷേ, നബി(സ)യുടെ അതിയായ സ്നേഹം ഫാത്വിമയ്ക്ക് എപ്പോഴും ലഭിച്ചു കൊണ്ടിരുന്നു. തന്റെ പ്രിയപ്പെട്ട മകളുടെ ദുഃഖം ശരിക്കും മനസ്സിലാക്കിയിരുന്ന നബി(സ)തിരുമേനി പല രീതിയിലും ഫാത്വിമയെ സമാധാനിപ്പിച്ചു. അങ്ങനെ ഹദ്റത്ത് ഫാത്വിമ(റ) മെല്ലെ മെല്ലെ വീട്ടു കാര്യങ്ങളിൽ വ്യാപൃതയാവാൻ തുടങ്ങി. ആരാധനാകർമങ്ങളിൽ ഒരിക്കലും അശ്രദ്ധ കാണിച്ചില്ല. സന്തോഷം കണ്ടെത്തിയിരുന്നത് സൃഷ്ടികൾക്കു സേവനം ചെയ്യുന്നതിലും സാധുക്കളെ സഹായിക്കുന്നതിലുമായിരുന്നു.

**നിക്കാഹ്:** ഹദ്റത്ത് ഫാത്വിമയുടെ(റ) നിക്കാഹ് വിളംബരം ഹിജറ 2-ാം വർഷം ദുൽഹജ്ജ് മാസത്തിൽ നബി(സ) തന്നെയാണ് നടത്തിയത്. അപ്പോൾ ഹദ്റത്ത് ഫാത്വിമ(റ)ക്ക് പതിനഞ്ചര വയസ്സായിരുന്നു. നിവേദനങ്ങളിൽ വന്നിരിക്കുന്നു, ആദ്യം ഹദ്റത്ത് അബൂബക്കർ(റ) വിവാഹാഭ്യർഥനയുമായി നബി(സ)തിരുമേനിയുടെ അടുക്കൽ വന്നു. നബി(സ)പറഞ്ഞു: 'അബൂബക്കറേ! അല്ലാഹുവിന്റെ തീരുമാനം കാത്തിരിക്കുക.' 'അല്ലാഹുവിന്റെ കല്പനയായിരിക്കും നടക്കുക' എന്നു പറഞ്ഞതായിട്ട് മറ്റൊരു നിവേദനത്തിലും കാണുന്നുണ്ട്. ഹദ്റത്ത് അബൂബക്കറിനു ശേഷം ഹദ്റത്ത് ഉമറും(റ)ഈ ഭാഗ്യം കരസ്ഥമാക്കാൻ ആഗ്രഹിച്ചു. ഹദ്റത്ത് അബൂബക്കറിനു കൊടുത്ത അതേ മറുപടി തന്നെയാണ് നബി(സ) ഹദ്റത്ത് ഉമറിനും കൊടുത്തത്.

**ഹദ്റത്ത് അലിയുടെ അഭ്യർഥന:** അക്കാലത്ത് ഹദ്റത്ത് അലി(റ)വളരെ കഷ്ടപ്പെട്ടും വിഷമിച്ചും ജീവിച്ചുവരികയായിരുന്നു. ഹദ്റത്ത് ഫാത്വിമ(റ)യെ വിവാഹം കഴിക്കണമെന്ന ആഗ്രഹം അദ്ദേഹത്തിനുമുണ്ടായിരുന്നു. പക്ഷേ, നബി(സ)തിരുമേനിയോടു അതു പറയാനുള്ള ധൈര്യം അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. ഹദ്റത്ത് അബൂബക്കറിനും ഹദ്റത്ത് ഉമറിനും കിട്ടിയ മറുപടികൂടി അറിഞ്ഞപ്പോൾ മടിയും തോന്നി. അൻസ്വാരികളായ ചില സ്വഹാബാക്കൾ, ചില നിവേദനങ്ങളനുസരിച്ച് ഹദ്റത്ത് ഉമറും(റ)അവരിലുണ്ടായിരുന്നു, നബി(സ)തിരുമേനിയോട് വിവാഹാഭ്യർഥന നടത്താൻ ഹദ്റത്ത് അലിയോടു(റ)പറഞ്ഞു. തുടർന്ന് ഹദ്റത്ത് അലി ഒരു ദിവസം നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി തലകുനിച്ചിരുന്നു. വന്ന കാര്യം എന്താണെന്ന് നബി(സ)ചോദിച്ചു. ഹദ്റത്ത് അലി(റ)പറഞ്ഞു: 'കുട്ടിക്കാലത്തു തന്നെ ഉമ്മയിൽനിന്നും ഉപ്പയിൽനിന്നും വേർപ്പെട്ടു വന്നവനാണ്. അങ്ങയുടെ വീട്ടിലാണ് താമസിക്കുന്നതും. ഫാത്വിമയുമായി എന്റെ നിക്കാഹ് നടക്കാൻ വല്ല സാധ്യതയുമുണ്ടോ?' ഹദ്റത്ത് അലിയുടെ വാക്കുകൾകേട്ട് നബി(സ)പുഞ്ചിരിച്ചു. നിശബ്ദനായിരിക്കുകയും ചെയ്തു. മറ്റൊരു നിവേദനത്തിൽ വന്നിട്ടുണ്ട്, ഹാശ്മി കുടുംബത്തിലേയും അൻസ്വാരീ കുടുംബത്തിലേയും ചിലയാളുകൾ ഹദ്റത്ത് അലിയുടെ അടുക്കൽ വന്നു. സംസാരത്തിന്നിടയിൽ ഫാത്വിമയെ നിക്കാഹു ചെയ്തു തരാൻ എന്തു കൊണ്ട് നബി(സ)യോടുപറയുന്നില്ല എന്ന് അവർ ഹദ്റത്ത് അലിയോടു ചോദിച്ചു. അപ്പോൾ ഹദ്റത്ത് അലി(റ)അവരോടു പറഞ്ഞു: 'ആ വലിയ ആളുകളുടെ വിവാഹാഭ്യർഥന നിരസിച്ച സ്ഥിതിയ്ക്ക് എന്റെ അപേക്ഷ സ്വീകരിക്കുമെന്ന് ഞാനെന്തിനു പ്രതീക്ഷിക്കണം! ആ സുഹൃത്തുക്കൾ പറഞ്ഞു: 'താങ്കൾ നബി(സ)യുടെഅടുത്ത ബന്ധുവാണ്. നബിയാണെങ്കിൽ(സ)താങ്കളെ വളരെ സ്നേഹിക്കുന്നുമുണ്ട്. നബി(സ)യുടെ തണലിലാണ് താങ്കൾക്കു ശിക്ഷണം ലഭിച്ചിട്ടുളളതും. അതുകൊണ്ടു താങ്കളുടെ അഭ്യർഥന നിരസിക്കാൻ പഴുതൊന്നും കാണുന്നില്ല.' ഇക്കാര്യം ഹദ്റത്ത് അലിയുടെ(റ) തലയിൽ നല്ലവണ്ണം തറച്ചു.

ഒരു ദിവസം രണ്ടും കല്പിച്ച് നബി(സ)യുടെ സന്നിധിയിൽ ഹാജരായി. സലാം ചൊല്ലി മിണ്ടാതെ ഇരുന്നു. നബി(സ)ചോദിച്ചു: 'അബൂ ത്വാലിബിന്റെ മകനേ! എന്താണ് വന്നത്?' ഹദ്റത്ത് അലി വളരെ മെല്ലെ പറഞ്ഞു, 'അങ്ങയോടു ഫാത്വിമ(റ)യെഎനിക്കു വിവാഹം കഴിച്ചു തരണമെന്ന് അപേക്ഷിക്കാനാണ് ഞാൻ ഇപ്പോൾ വന്നിട്ടുള്ളത്.' അതുകേട്ടപ്പോൾ നബി(സ) പറഞ്ഞു: '**മർഹബൻ വ്വ അഹ് ലൻ**.' അതായതു സ്വാഗതം! ഹദ്റത്ത് അലി വെളിയിൽ വന്നപ്പോൾ സ്വഹാബാക്കൾ വിവരങ്ങൾ ചോദിച്ചു. അദ്ദേഹം പറഞ്ഞു, 'കാര്യം അറിയിച്ചപ്പോൾ നബി(സ) പുഞ്ചിരിച്ചു. പിന്നീട് നിശബ്ദനായി. **മർഹബൻ വ്വ അഹ് ലൻ** എന്നും പറഞ്ഞു. അത്രമാത്രം. ഈ സ്ഥിതിക്കു എന്റെ അപേക്ഷ സ്വീകരിച്ചോ എന്ന് എനിക്കെങ്ങനെയാണ് പറയാൻ കഴിയുക?' എല്ലാവരും പറഞ്ഞു: 'തീർച്ചയായും അല്ലാഹുവിന്റെ ദൂതൻ (സ) താങ്കളുടെ അപേക്ഷ സ്വീകരിച്ചിരിക്കുന്നു, ഇനി താങ്കൾ അതിനെക്കുറിച്ച് ചിന്തിക്കേണ്ട.'

മറ്റൊരു നിവേദനം ഇങ്ങനേയും വന്നിട്ടുണ്ട്. ആ അവസരത്തിൽ ഹദ്റത്ത് അലിയോട്(റ), നബി(സ)തിരുമേനി ചോദിച്ചു: 'മഹ്ർ കൊടുക്കാൻ നിന്റെ കൈയിൽ എന്താണുള്ളത്?' ഹദ്റത്ത് അലി(റ) പറഞ്ഞു: 'എന്റെ അവസ്ഥ അങ്ങയുടെ മുമ്പിലുണ്ട്.' നബി(സ) ചോദിച്ചു: 'ബദ്ർ യുദ്ധാവസരത്തിൽ നിനക്കു തന്ന ആ പടയങ്കി എവിടെയാണുള്ളത്?' അതിനു പുറമെ അലിയുടെ കൈയിൽ വിരിച്ചുകിടക്കുന്ന ഒരു തോലും ഒരു വാളും ഒരൊട്ടകവും ഒരു പഴയ പുതപ്പും ഉണ്ടായിരുന്നു. പിന്നീടു നബി(സ)അകത്ത് ഹദ്റത്ത് ഫാത്വിമയുടെ(റ)അടുക്കൽപോയി. ഹദ്റത്ത് ഫാത്വിമ(റ)അപ്പോൾ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയായിരുന്നുവെന്ന് ഒരു നിവേദനത്തിൽ കാണുന്നു. നബി(സ)തിരുമേനി തന്റെ മകളോടു പറഞ്ഞു: 'അലി നിന്നെ തേടിവന്നിരിക്കുകയാണ്.' അതു കേട്ടപ്പോൾ ഫാത്വിമ

നാണംകൊണ്ടു തല കുനിച്ചു. നബി(സ) ഫാത്വിമയെ നോക്കിക്കൊണ്ടി രുന്നു. പിന്നീടു പറഞ്ഞു: 'നിന്റെ മൗനം തന്നെയാണ് നിന്റെ സമ്മതം.' അതുകേട്ട പ്പോൾ ഹദ്റത്ത് ഫാത്വിമ(റ) കൂടുതൽ നാണിച്ചു. പിന്നീടു നബി(സ) വെളിയിൽ വന്നു. ഹദ്റത്ത് അലിയോടു പറഞ്ഞു: 'ഫാത്വിമയുമായി നിന്റെ നിക്കാഹ് നടത്തുന്നത് എനിക്കു സമ്മതമാണ്. നിന്റെ പടയങ്കി വിറ്റു കൊള്ളുക. അതിൽനിന്ന് സാധനങ്ങളും വാങ്ങുക. മഹ്റും കൊടുക്കാൻ കഴിയും.' ഈ വിവരം ഹദ്റത്ത് അബൂബക്ക റിനേയും ഹദ്റത്ത് ഉമറിനേയും മറ്റു അൻസ്വാറു കളേയും സ്വഹാബാക്ക ളേയും (റദിയല്ലാ ഹു അൻഹും) ഹദ്റത്ത് അലി അറിയിച്ച പ്പോൾ അവരെല്ലാം സന്തോഷിച്ചു. ഇതുതന്നെയാണ് തങ്ങളും പ്രതീക്ഷിച്ചി രുന്നതെന്ന് അവർ പറഞ്ഞു. ഹദ്റത്ത് അലി പടയങ്കി 480 ദർഹമിനു വിറ്റു. ആ തുക ഉറുമാലിൽ പൊതിഞ്ഞ് നബി(സ) തിരുമേനിക്കു കൊടുത്തു. അതിൽനിന്ന് കുറച്ചു തുക നബി(സ) എടുത്തിട്ട് ബാക്കിയുള്ളത് ഹദ്റത്ത് ബിലാലി(റ)ന് കൊടുത്തുകൊണ്ടു പറഞ്ഞു: 'അങ്ങാടി യിൽപോയി പരിമള വസ്തുക്കൾ വാങ്ങിവരിക.' മിച്ചമുള്ള തുക മറ്റു സാധനങ്ങൾ വാങ്ങാൻ അലിയെതന്നെ ഏല്പിക്കുകയും ചെയ്തു. ഒരു നിവേദന ത്തിൽ അത്യാവ ശ്യ സാധനങ്ങൾ വാങ്ങാൻ ആ തുക ഏല്പിച്ചത് ഹദ്റത്ത് ഉമ്മുസലമ(റ) യെയാണെന്നും കാണുന്നു ണ്ട്. (നബി യ്ക്ക്(സ) പരിമള വസ്തുക്കൾ വളരെ യേറെ ഇഷ്ടമായിരുന്നു).

ഈ അവസരത്തെ സംബന്ധിച്ച് ഒരു നിവേദനം ഇങ്ങനേയും കാണുന്നുണ്ട്. പടയങ്കി വില്ക്കാൻ നബി(സ) ഹദ്റത്ത് അലിയോടു പറഞ്ഞപ്പോൾ, ഹദ്റത്ത് അലി അതുംകൊണ്ട് അങ്ങാടിയിൽ ച്ചെന്നു. ആ പടയങ്കി കണ്ടപ്പോൾ ഹദ്റത്ത് ഉഥ്മാൻ(റ)അതു വിലക്കുവാങ്ങി. 400 ദർഹം ഹദ്റത്ത് അലിയ്ക്കു കൊടുത്തു കൊണ്ടു പറഞ്ഞു: 'അലീ! ഈ പടയങ്കി താങ്കളുടെ കൈയിലിരിക്കുന്നത് ഏറെ നല്ലതായി എനിക്കു തോന്നുന്നു. ഈ തുകയും താങ്കൾതന്നെ വെച്ചുകൊള്ളു ക.' ഹദ്റത്ത് അലി തിരിച്ചു വന്ന് നടന്ന കാര്യങ്ങളെല്ലാം നബിയോടു(സ) പറഞ്ഞു. 400 ദർഹം നബിയ്ക്കു(സ) കൊടുക്കുകയും ചെയ്തു. അതിൽനിന്ന് 360 ദർഹം സാധനങ്ങൾ വാങ്ങാൻ നബി(സ) ഹദ്റത്ത് അബൂബക്കറിനെ ഏല്പിച്ചു. ഹദ്റത്ത് അബൂബക്കർ(റ) അതുകൊണ്ട് പരിമളവസ്തുക്കൾ, ഒരു കിടക്ക, പഞ്ഞിനിറച്ച തുകലുകൊണ്ടുള്ള ഒരു തലയണ, വെള്ളം കുടിക്കാനുള്ള മണ്ണിന്റെ കുറച്ചു കോപ്പകൾ, ഒരു പാനപാത്രം, കൈയിൽകെട്ടുന്ന രണ്ടു വെള്ളി ആഭരണവും വാങ്ങി. ബാക്കി 40 ദർഹം ഹദ്റത്ത് അലിക്കു കൊടുത്തു കൊണ്ടു പറഞ്ഞു: 'നിക്കാഹിനു ശേഷം വിതരണം ചെയ്യാൻ മിഠായിയും ഈത്തപ്പഴവും കുറച്ചു നെയ്യും വാങ്ങി വരിക.' അതുകൊണ്ട് ഒരുതരം അലുവായും ഉണ്ടാക്കി. നബി(സ) തിരുമേനി നിക്കാഹ് വിളംബരം ചെയ്തു. നബി(സ)യുടെ നിർദേശ പ്രകാരം ഹദ്റത്ത് അലി(റ)വെളിയിൽവന്നു മുസ്ലിംകളെ അകത്തേക്ക് വിളിക്കു കയും അവർക്കു ഭക്ഷണം കൊടുക്കു കയും ചെയ്തു. നിക്കാഹിന്റെ ഈ സന്തോഷ വേളയിൽ ദഫ് മുട്ടും ഉണ്ടായിരുന്നുവെന്ന് ചരിത്രത്തിൽ കാണുന്നുണ്ട്. നിക്കാഹിനു കുറച്ചു മാസങ്ങൾക്കുശേഷം വീടുകൂടലും നടന്നു.

**നിക്കാഹ് ഖുത്ബ**: ഹദ്റത്ത് ഫാത്വിമയുടെ നിക്കാഹിന്റെ അവസര ത്തിൽ നബി(സ)തിരുമേനി സ്വഹാബാക്ക ളെ ഒരുമിച്ചുകൂട്ടി. എല്ലാ മുഹാജിരീം കളും അൻസ്വാറുകളും അതിൽ പങ്കെടുത്തു. നബി(സ)നിക്കാഹ് പ്രഭാഷണത്തിൽ പറഞ്ഞു: 'ഞാൻ അല്ലാഹുവിന് നന്ദി പറയുന്നു. തന്റെ അനുഗ്രഹങ്ങൾ കാരണത്താൽ അവൻ സർവസ്തുതിയ്ക്കും അർഹനാണ്. തന്റെ പ്രതാപംകൊണ്ടു ആരാധനയ്ക്കു അർഹനാണ്. അവന്റെ ഭരണാധിപത്യം എല്ലായിടത്തും നിലകൊള്ളുന്നു. ഭൂമിയിലും ആകാശത്തിലും അവന്റെ ഭരണാധിപത്യമാണ് നടക്കുന്നത്. പിന്നീടു തന്റെ കല്പന നടപ്പിൽ വരുത്താൻ അവയെ പരസ്പരം വേർപ്പെടുത്തി. തന്റെ മതത്തിന്റെ ഉന്നതിക്കായി തന്റെ നബി മുഖേന അവയ്ക്ക് നിലയും വിലയും നല്കി. അല്ലാഹു വിവാഹം ഒരു നിർബന്ധ കാര്യമായി നിശ്ചയിച്ചി രിക്കുന്നുവെന്നതിൽ സംശയമില്ല. അവൻ പറയുന്നു: **വ ഹുവല്ലദീ ഖലഖ മിനൽമാഇ ബശ്റൻ വ ജഅലഹൂ നസ്ബൻ വ സ്വഹ്റൻ വ കാന റബ്ബിക്ക ഖദീറാ** അല്ലാഹു തന്റെ എല്ലാ പ്രവൃത്തിയും തന്റെ വിധിക്കു അനുസൃതമാക്കി. അവന്റെ വിധി, ശക്തിപ്രഭാവത്തിനു(ഖുദ്റത്ത്) വിധേയമാണ്. എല്ലാ വിധിയും വിധിക്ക പ്പെട്ടിട്ടുള്ളതാണ്. വിധി നടപ്പിൽ വരുന്ന തിന് സമയം നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ഓരോ വിധിയ്ക്കും ഗ്രന്ഥമുണ്ട്. ഫാത്വിമയുടെ നിക്കാഹ് അലിയുമായി നടത്താൻ അല്ലാഹു എന്നോടു കല്പിച്ചിരിക്കുന്നു. 400 മിഥ്ക്കാൽ വെള്ളിയ്ക്കു പകരം ഞാൻ അലിയുടെ നിക്കാഹ് എന്റെ മകളുമായി നടത്തിയി രിക്കുന്നുവെന്നതിന് നിങ്ങളെ സാക്ഷിയാ ക്കുന്നു. ഖുത്ബ നിർവഹിച്ച തിനു ശേഷം നബി(സ) അവർക്കു രണ്ടുപേർ ക്കുംവേണ്ടി ദുആ ചെയ്തു. ദുആയ്ക്കു ശേഷം ഈത്തപ്പഴം കൊണ്ടുവന്നു. വന്നവരോട് അതു കഴിച്ചുകൊള്ളാൻ നബി(സ) ആംഗ്യ ത്തിൽ പറഞ്ഞു.

**വീടുകൂടൽ**: നിക്കാഹ് കഴിഞ്ഞ് മാസങ്ങൾക്കു ശേഷമാണ് ഹദ്റത്ത് ഫാത്വിമയുടെ വീടുകൂടൽ നടന്നത്. സമ്പന്നന്റെ മകളായാലും ദരിദ്രന്റെ മകളായാലും മാതാപിതാക്കളുടെ വീട്ടിൽനിന്ന് വിടപറഞ്ഞു പോകുമ്പോൾ വിഷമം ഉണ്ടാകുകയെന്നത് സ്വാഭാവിക മാണ്. സ്വയമേവ കരച്ചിൽ വരും. വിടപറയുന്ന നേരത്ത് ഹദ്റത്ത് ഫാത്വിമ(റ)വേർപാടിന്റെ ദുഃഖം താങ്ങാനാവാതെ കരയുകയായിരുന്നു. നബി(സ)അകത്തേക്കു കയറി. ഹദ്റത്ത് ഫാത്വിമയുടെ ഏങ്ങലടിച്ചുള്ള കരച്ചിൽ കണ്ടപ്പോൾ വിഷമം ഉള്ളിലൊതു ക്കിക്കൊണ്ടു പറഞ്ഞു: 'മോളേ! നീ എന്തിനാണു കരയുന്നത്? അറിവിലും മഹത്വത്തിലും ശ്രേഷ്ഠനും കുട്ടികളിൽ വച്ച് ഇസ്ലാം സ്വീകരിച്ചവരിൽ ഒന്നാമനുമായിട്ടുള്ള ഒരാൾക്കാണ് ഞാൻ നിന്നെ വിവാഹം കഴിച്ചു കൊടുത്തി ട്ടുള്ളത്.' അതിനുശേഷം നബി(സ) തിരുമേനി ഹദ്റത്ത് ഫാത്വിമയെ(റ) ഉമ്മു അയ്മനോടൊപ്പം ഹദ്റത്ത് അലിയുടെ വീട്ടിൽ പറഞ്ഞു വിട്ടു. ഹദ്റത്ത് ഫാത്വിമ ഒട്ടകപ്പുറത്ത് യാത്രയായി. വിടപറയു മ്പോൾ ഹദ്റത്ത് അലിയോടു നബി(സ) പറഞ്ഞു: 'അലീ! എന്നെ കാത്തിരി ക്കണം.' കുറച്ചു കഴിഞ്ഞ് നബി(സ) അലിയുടെ വീട്ടിലെത്തി. വാതിൽക്കൽ ചെന്ന് അകത്തു കടക്കാൻ നബി(സ) അനുവാദം ചോദിച്ചു. ഉമ്മുഅയ്മനാണ് വാതിൽ തുറന്നത്. നബി(സ)ചോദിച്ചു, 'എന്റെ സഹോദരൻ ഇവിടെയുണ്ടോ?' ഉമ്മു അയ്മൻ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ! അലി എങ്ങനെയാണ് അങ്ങ യുടെ സഹോദരനാകുന്നത്? അങ്ങ് അങ്ങയുടെ മകളെ അദ്ദേഹത്തിനു വിവാഹം കഴിച്ചു കൊടുത്തിരിക്കു കയാണല്ലോ? 'അതു കേട്ടപ്പോൾ നബി(സ)പറഞ്ഞു,'അതേ,അത് അങ്ങനെത്തന്നെയാണ്.' (ഹദ്റത്ത് അലി(റ), നബി(സ)തിരുമേനിയുടെ മൂത്താപ്പ അബൂത്വാലിബിന്റെ മകനായി രുന്നു). തുടർന്ന് നബി(സ)ചോദിച്ചു:

'അസ്മാഅ് ബിൻത് ഉമയ്സും ഇവിടെ ഉണ്ടോ?' ഉമ്മുഅയ്മൻ പറഞ്ഞു: 'ഇവിടെയുണ്ട്.' അവർ പറഞ്ഞു, 'ഞാനും ഇപ്പോൾ അല്ലാഹുവിന്റെ റസൂൽ ഫാത്വിമയെ ആശിർവദിക്കാൻ വന്നിരിക്കുകയാണ്.' പിന്നീടു നബി(സ)അകത്തു കയറി. ഉമ്മു അയ്മന് നന്മകൾ നേർന്നുകൊണ്ട് കുറച്ചു വെള്ളം കൊണ്ടുവരാൻ പറഞ്ഞു. നബി(സ) വെള്ളം വാങ്ങി അലിയേയും ഫാത്വിമയേയും വിളിച്ചു. ഹദ്റത്ത് ഫാത്വിമ അങ്ങേയറ്റം നാണത്തോടുകൂടി അലിയോടൊപ്പം വന്നു. നബി(സ)ആ വെള്ളം രണ്ടുപേരുടേയും തോളുകളിലും നെഞ്ചത്തും തളിച്ചു. എന്നിട്ട് ഇങ്ങനെ ദുആ ചെയ്തു: **'അല്ലാഹുമ്മ ബാരിക് ഫീഹിമാ വ ബാരിക് അലയ്ഹിമാ വ ബാരിക് ലഹുമാ ഫീ നസ്‌ലിഹിമാ** അല്ലാഹുവേ! ഇവർ രണ്ടുപേരേയും നീ അനുഗ്രഹിക്കേണമേ. രണ്ടുപേരിലും നീ അനുഗ്രഹം ചൊരിയേണമേ. രണ്ടുപേരുടെ മക്കളേയും നീ അനുഗ്രഹിക്കേണമേ.' തുടർന്നു പറഞ്ഞു: 'ഫാത്വിമാ! നമ്മുടെ കുടുംബത്തിൽ ഏറ്റവും സൽസ്വഭാവവും ഉയർന്ന മനസ്സുമുള്ള വ്യക്തിയുമായിട്ടാണ് ഞാൻ നിന്റെ നിക്കാഹ് നടത്തിയിട്ടുള്ളത്.'

പിന്നീടൊരിക്കൽ നബി(സ), ഹദ്റത്ത് ഫാത്വിമായുടെ വീട്ടിൽ വന്നു. ഹദ്റത്ത് അലിയെ വലതുഭാഗത്തും ഹദ്റത്ത് ഫാത്വിമയെ ഇടതു ഭാഗത്തും ഇരുത്തി, ഭാര്യാഭർത്താക്കന്മാരുടെ കടമകളെക്കുറിച്ചും പരസ്പരമുള്ള അവകാശങ്ങളെക്കുറിച്ചും രണ്ടുപേരേയും ഉപദേശിച്ചു.

**ഹദ്റത്ത് ഫാത്വിമായുടെ വീട്:** നിക്കാഹിനു മുമ്പേവരെ ഹദ്റത്ത് അലി(റ), നബി(സ)തിരുമേനിയുടെ കൂടെത്തന്നെയായിരുന്നു താമസിച്ചിരുന്നത്. വിവാഹശേഷം അവർക്കു വേറെ വീട് വേണ്ടി വന്നു. അങ്ങനെ ഹദ്ത്ത് അലി(റ)ഒരു വീടു വാങ്ങി. അത് നബി(സ)യുടെ വീട്ടിൽ നിന്ന് കുറച്ച് അകലത്തായിരുന്നു. ഹദ്റ ത്ത് ഫാത്വിമ അടുത്ത് താമസിച്ചിരുന്നെങ്കിലെന്ന് നബി(സ)ആശിച്ചു. സംസാരത്തിനിടയിൽ ഇക്കാര്യം നബി(സ)ഒരിക്കൽ പറയുകയും ചെയ്തു. അക്കാര്യം ഹദ്റത്ത് ഹാരിഥ് ബിൻ നുഅ്മാനോടു പറയാൻ ഹദ്റത്ത് ഫാത്വിമ പറഞ്ഞു. ഹദ്റത്ത് ഹാരിഥ് ബിൻ നുഅ്മാൻ അൻസ്വാരിക്ക് ധാരാളം വീടുകളുണ്ടായിരുന്നു. അവയിൽ പലതും മുമ്പേ നബി(സ)തിരുമേനിക്ക് കാഴ്ചവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഹദ്റത്ത് ഹാരിഥ് ബിൻ നുഅ്മാൻ ഇക്കാര്യം അറിഞ്ഞപ്പോൾ സന്തോഷ ത്തോടെ നബി(സ)യുടെ അടുത്തു വന്നു. തന്റെ സ്വന്തം വീട് ഹദ്റത്ത് ഫാത്വിമയ്ക്കു താമസിക്കാൻ വിട്ടുകൊടുക്കുകയും ചെയ്തു. അങ്ങനെ ഫാത്വിമ, നബി(സ) തിരുമേനിയുടെ സമീപത്ത് എത്തിച്ചേർന്നു.ആ സന്ദർഭത്തിൽ നബി(സ) ഹദ്റത്ത് ഹാരിഥ് ബിൻ നുഅ്മാനുവേണ്ടി ദുആ ചെയ്തു: 'അല്ലാഹു താങ്കളിൽ അനുഗ്രഹം ചൊരിയുമാറാകട്ടെ.'

**വിവാഹസമ്മാനം:** ഹദ്റത്ത് ഫാത്വിമയ്ക്ക്(റ), നബി(സ)തിരുമേനി വിവാഹാവസരത്തിൽ സമ്മാനമായിട്ടു നല്കിയ വസ്തുക്കളുടെ വിവരണം ഇപ്രകാരമാണ്. ഒരു നമസ്കാരപ്പടം, വിശുദ്ധ ഖുർആനിന്റെ ചില സൂറത്തു കൾ, മുളകൊണ്ടുള്ള കട്ടിൽ, ഈത്തപ്പനയോല നിറച്ച തുകലിന്റെ ഒരു കിടക്ക, ഒന്നോരണ്ടോ മണ്ണിന്റെ കോപ്പ, ഒരു തോൽസഞ്ചി, രണ്ട് മൺകുടം, ധാന്യങ്ങൾ പൊടിക്കാനുള്ള രണ്ടു ആട്ടു കല്ല്. ഇതായിരുന്നു ഇരുലോകത്തിന്റേയും രാജാവായ നബി(സ)തന്റെ ഓമനപുത്രി ഹദ്റത്ത് ഫാത്വിമയ്ക്കു നല്കിയ വിവാഹസമ്മാനം. ഹദ്റത്ത് അലി(റ)പറയുന്നു: ഫാത്വിമയുമായി എന്റെ വിവാഹം കഴിഞ്ഞപ്പോൾ എന്റെ അടുക്കൽ കിടക്കപോലും ഉണ്ടായിരുന്നില്ല. തുകലിന്റെ ഒരു വിരിപ്പുണ്ടായിരുന്നു. അതു വിരിച്ച് രാത്രിയിൽ കിടക്കും. പകൽ അതു വെള്ളം കോരാനും ഉപയോഗിക്കും. വിവാഹശേഷവും ഹദ്റത്ത് ഫാത്വിമയുടെ ജീവിതം അങ്ങേയറ്റം ലളിതമായിരുന്നു. ഭൗതിക മായ സുഖമോ സൗഖ്യമോ ഒന്നും ഉണ്ടായിരുന്നില്ല. എന്നാൽ, ഫാത്വിമയുടെ മൂത്ത മൂന്നു സഹോദരിമാരും സന്തോഷത്തിലും നല്ല നിലയിലു മായിരുന്നു.

**സ്നേഹം:** നബി(സ)തിരുമേനിക്ക് തന്റെമകൾ ഫാത്വിമയോടു അതിയായ സ്നേഹം ഉണ്ടായിരുന്നു. അതുപോലെ തന്നെയായിരുന്നു ഫാത്വിമയ്ക്ക് തന്റെ പിതാവിനോടും. തന്റെ കരളിന്റെ കഷണത്തെ കുറിച്ച് നബി(സ)തിരുമേനി പറഞ്ഞു: 'ഫാത്വിമ എന്റെ കണ്ണിന്റെ കുളിർമയാണ്. അല്ലാഹുവേ! നീ അവളെ ഋജുമാനസയാക്കി വെക്കേണമേ.' മറ്റൊരിക്കൽ പറഞ്ഞു: 'ഫാത്വിമ, അവളെന്റെ കരളിന്റെ കഷണമാണ്. അവളെ വേദനിപ്പിക്കുന്നവർ എന്നെയാണ് വേദനിപ്പിക്കുന്നത്. അവളെ സ്നേഹിക്കുന്നവർ എന്നെയാണ് സ്നേഹിക്കുന്നത്.'

നബി(സ)മദീനയിൽനിന്ന് വെളിയിൽ പോകുമ്പോഴെല്ലാം ഫാത്വിമയെ കണ്ടിട്ടേ പോകാറുള്ളു. അതുപോലെ തന്നെയായിരുന്നു തിരിച്ചു വരുമ്പോഴും. ഹദ്റത്ത് ഫാത്വിമ(റ), നബി(സ)യുടെ അടുക്കൽ വരുമ്പോഴെല്ലാം സ്നേഹത്തോടെ ആ മഹാത്മാവ് എഴുന്നേറ്റു നില്ക്കുകയും മുത്തം കൊടുക്കുകയും താനിരുന്ന സ്ഥലത്ത് ഇരുത്തുകയും ചെയ്യുമായിരുന്നു. ഹദ്റത്ത് ഫാത്വിമക്കും നബി(സ)തിരുമേനിയോടു അതിരറ്റ സ്നേഹമായിരുന്നു. കഅ്ബഃ ദേവാലയത്തിൽ നബി(സ) നമസ്കരിക്കുമ്പോൾ അന്യാരാധകർ ആ മഹാത്മാവിന്റെ പിരടിയിൽ ഒട്ടകത്തിന്റെ കുടൽ വലിച്ചുകൊണ്ടിട്ടിരുന്നു. ആ വാർത്ത കേട്ടുടനെ കുട്ടിയായിരുന്ന ഫാത്വിമ അങ്ങേയറ്റം വിഷമത്തോടെ ഓടിയെത്തി, ആ കുടൽ തള്ളി താഴെയിട്ടു. ഇപ്രകാരംതന്നെ ഉഹുദു യുദ്ധാവസരത്തിൽ നബി(സ)തിരുമേനിക്ക് ഗുരുതരമായ പരിക്കുപറ്റി. ഫാത്വിമയുടെ വിവാഹം കഴിഞ്ഞിട്ട് അപ്പോൾ അധികമായിരുന്നില്ല. മദീനയിൽ ആ വാർത്ത എത്തിയപ്പോൾ ഫാത്വിമ ഇരുന്നിടത്തുനിന്ന് എഴുന്നേറ്റ് അസ്വസ്ഥതയോടെ ഉഹുദു മൈതാനത്തു ഓടിയെത്തി. നബി(സ)അപ്പോൾ അബോധാവസ്ഥയിലായിരുന്നു. ഹദ്റത്ത് ഫാത്വിമ(റ)മുറിവുകൾ കഴുകി വൃത്തിയാക്കി. ചാക്ക് കത്തിച്ച് അതിന്റെ ചാരം മുറിവിൽവച്ചു കെട്ടി. ആ സമയം നബി(സ)തിരുമേനിയുടെ കണ്ണിൽനിന്ന് കണ്ണീർ ധാരധാരയായി ഒഴുകുകയായിരുന്നു. ഇത്രയധികം സ്നേഹം നബി(സ)തിരുമേനിക്ക് ഹദ്റത്ത് ഫാത്വിമയോടു ഉണ്ടായിട്ടും ആ മഹാത്മാവിന്റെ നീതി എങ്ങനെയായിരുന്നുവെന്നു നോക്കുക. ഒരിക്കൽ മഖ്ദൂം ഗോത്രത്തിലെ ഒരു സ്ത്രീ മോഷണം നടത്തി. ഇസ്‌ലാമിക നിയമപ്രകാരം അവളുടെ കൈവെട്ടാൻ വിധിയായി. അവരുടെ ശിക്ഷ ഇളവു ചെയ്യാൻ ചിലർ ശിപാർശ ചെയ്തു. ഇതു കേട്ടപ്പോൾ നബി(സ)പറഞ്ഞു: 'അല്ലാഹുവിന്റ ശിക്ഷാവിധി നടപ്പാക്കുന്നതിൽ, അല്ലാഹുവാണ! എന്റെ മകൾ ഫാത്വിമ തന്നെയും ശിക്ഷയ്ക്കു വിധിക്കപ്പെട്ടാൽ ഞാൻ അവൾക്കും മാപ്പു കൊടുക്കുകയില്ല. നിയമം എല്ലാവർക്കും ഒരുപോലെ ബാധകമാണ്.'

ഒരിക്കൽ ഹദ്റത്ത് അലി(റ) നബി(സ)തിരുമേനിയോടു ചോദിച്ചു: 'ഞങ്ങൾ രണ്ടു പേരിൽ അങ്ങയ്ക്കു കൂടുതൽ ഇഷ്ടം ആരോടാണ്? എന്നോടോ അതോ ഫാത്വിമയോടോ?' ഹദ്റത്ത് അലി (റ) ഈ ചോദ്യം

ചോദിച്ചത് പ്രവാചകത്വ പദവിയോടുള്ള അഭിമാനം കൊണ്ടായിരുന്നു. നബി(സ) പറഞ്ഞു: 'ഫാത്വിമ നിന്നെക്കാൾ എനിക്കു സ്നേഹമുള്ളവളാണ്. നീ അവളെക്കാൾ എനിക്കു പ്രിയപ്പെട്ടവനും.'

മറ്റൊരു നിവേദനം ഇങ്ങനേയുമുണ്ട്: നബി(സ)തിരുമേനി ഒരിക്കൽപറഞ്ഞു, 'എനിക്കു ഫാത്വിമ കൂടുതൽ പ്രിയപ്പെട്ടവളാണ്; പിന്നീട് അലിയും.' നബി(സ)തിരുമേനിക്ക് അവരുടെ മക്കളായ ഹദ്റത്ത് ഹസനോടും ഹദ്റത്ത് ഹുസയ്നോടും വളരെ സ്നേഹമുണ്ടായിരുന്നു. ഇതിനെക്കുറിച്ചുള്ള വിശദീകരണം 'ഫാത്വിമയുടെ മക്കൾ' എന്ന ശീർഷകത്തിൽ വരുന്നുണ്ട്.

**വിവാഹശേഷമുള്ള ജീവിതം:** ഹദ്റത്ത് ഫാത്വിമ(റ)പരിശുദ്ധയും അധികമധികമായി ആരാധനാ കർമങ്ങൾ നിർവഹിക്കുന്നവരും അങ്ങേയറ്റം ദയാലുവുമായിരുന്നു. ദരിദ്രരെ സഹായിക്കുന്നതിൽ മുൻപന്തിയിലായിരുന്നു. സ്വയം പട്ടിണിയിലായിട്ടുകൂടി ഭിക്ഷക്കാർ ആരെങ്കിലും വീട്ടുപടിക്കൽ വന്നാൽ വെറുംകൈയോടെ മടക്കുമായിരുന്നില്ല. ഹൃദയംഗമമായ നിലയിൽ ഭർത്താവിനെ അനുസരിച്ചിരുന്നു. സന്തോഷത്തോടെ ഭർത്താവിനെ സേവിച്ചിരുന്നു. ഉള്ളതിൽ തൃപ്തിപ്പെട്ട് ജീവിക്കുകയും ക്ഷമയോടെ ലളിതമായ ജീവിതം നയിക്കുകയും അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തയുമായിരുന്നു. പരാതിയുടെ ഒരക്ഷരംപോലും നാവിൽ കൊണ്ടുവരുമായിരുന്നില്ല. പദ്യങ്ങൾ രചിക്കാറുണ്ടായിരുന്നു. നബി(സ)യുടെ വേർപാടിൽ വിലാപഗാനം രചിച്ചിരുന്നു. ഹദ്റത്ത് ഫാത്വിമ(റ) നാണത്തിന്റേയും ലജ്ജയുടേയും പ്രതിരൂപമായിരുന്നു. തന്റെ ജനാസയുടെമേൽ പൂർണമായും പർദ പാലിക്കണമെന്ന് ഹദ്റത്ത് ഫാത്വിമ(റ)വസ്വിയ്യത്തു ചെയ്തിരുന്നു. ഹദ്റത്ത് ഫാത്വിമായുടെ സൽപെരുമാറ്റവും സവിശേഷഗുണങ്ങളും സൗശീലങ്ങളും കണ്ട് അല്ലാഹു പുണ്യവതികളായി പ്രഖ്യാപിച്ചവരുടെ പട്ടികയിൽ ഫാത്വിമയേയും നബി(സ)തിരുമേനി ഉൾപ്പെടുത്തിയിരുന്നു. ഹദീഥിൽ വന്നിരിക്കുന്നു, നബി(സ)തിരുമേനി പറഞ്ഞു: 'ലോകത്ത് പിന്തുടരാൻ പറ്റിയ സ്ത്രീകളിൽ നിങ്ങൾക്കു മതിയായവരാണ് മർയമും ഖദീജയും ആസിയയും ഫാത്വിമയും.'(റദിയല്ലാഹു അൻഹും). ഹദ്റത്ത് ഫാത്വിമ(റ)എല്ലാ പ്രവൃത്തിയിലും അല്ലാഹുവിന്റെ തൃപ്തിയെ മുന്തിച്ചിരുന്നു. അതിരറ്റ ക്ഷമയും സഹനവും ഫാത്വിമയിൽ പ്രകടമായിരുന്നു. സൗശീലയുമായിരുന്നു.

ഭക്ഷണം കഴിക്കുന്നതിനുമുമ്പേ അയൽപക്കത്ത് തീപുകഞ്ഞിട്ടുണ്ടോ എന്ന് തീർച്ചയായും നോക്കിയിരുന്നു. അവിടെ ഒന്നും വെച്ചിട്ടില്ലെങ്കിൽ തന്റെ വീട്ടിൽനിന്ന് കൊടുത്തു വിടുമായിരുന്നു. എല്ലാവരേയും സഹായിച്ചു. സ്വന്തം ബന്ധുമിത്രാദികളോടുള്ള പെരുമാറ്റം പറയേണ്ടതില്ലല്ലോ? അന്യരോടു എന്നല്ല ശത്രുക്കളോടുപോലും നല്ല നിലയിൽ പെരുമാറി.

ഹദ്റത്ത് അലി(റ) മുസ്‌ലിമായതിനു ശേഷം യഹൂദി അയൽവാസിയായ ശംഓൻ, ഒരുപാട് ദ്രോഹിച്ചു കൊണ്ടിരുന്നു. അയാളുടെ ഭാര്യ മരണപ്പെട്ടപ്പോൾ അയാളോട് എന്തെങ്കിലും ചോദിക്കാൻ പോലും ആരുമുണ്ടായില്ല. അയാളുടേയും ഭാര്യയുടേയും എതിർപ്പുകളെല്ലാം മറന്ന് രാത്രിനേരത്ത് ചാദുർ പുതച്ച് ഹദ്റത്ത് ഫാത്വിമ(റ)അവരുടെ വീട്ടിൽ പോകുകയും ആ സ്ത്രീയുടെ മയ്യിത്ത് കുളിപ്പിച്ച് വീട്ടിൽ തിരിച്ചു വരികയും ചെയ്തു. അശരണരെ സഹായിച്ചു. ഒരിക്കൽ ഒരു നവമുസ്‌ലിം വിശന്നു വലഞ്ഞു വീട്ടിൽവന്നു. വീട്ടിൽ ധാന്യമൊന്നുമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെകൂടെ ഹദ്റത്ത് സൽമാനുൽ ഫാരിസിയും (റ)ഉണ്ടായിരുന്നു. ഹദ്റത്ത് ഫാത്വിമ(റ)തന്റെ പുതപ്പു പണയം വെച്ചിട്ട് ധാന്യം വാങ്ങി വരാൻ പറഞ്ഞു. അങ്ങനെ ധാന്യം കടം കിട്ടിയപ്പോൾ പൊടിച്ച് റൊട്ടി ഉണ്ടാക്കി. ഹദ്റത്ത് ഹസനും ഹുസയ്നും(റ)കുറച്ച് എടുത്തുവയ്ക്കാൻ ഹദ്റത്ത് സൽമാ നുൽഫാരിസി(റ) ഹദ്റത്ത് ഫാത്വിമയോടു പറഞ്ഞപ്പോൾ ഹദ്റത്ത് ഫാത്വിമ(റ)പറഞ്ഞു: 'അവരെ ഞാൻ അല്ലാഹുവിന്റെ മാർഗത്തിൽ കൊടുത്തു കഴിഞ്ഞിരിക്കുകയാണ്. ഇപ്പോൾ ഇതിൽനിന്ന് എടുത്തുവെക്കുന്നത് ശരിയല്ല.' ഒരു യഹൂദിയുടെ കൈയിൽ പുതപ്പ് പണയം വെച്ചിട്ടാണ് ഹദ്റത്ത് സൽമാനുൽഫാരിസി(റ)ധാന്യം വാങ്ങി വന്നത്. അയാൾ ഇതറിഞ്ഞപ്പോൾ മുസ്‌ലിമായി. നിവേദനം ഇങ്ങനെയാണ്. ഒരു നവമുസ്‌ലിമിനു വേണ്ടിയാണല്ലോ ഹദ്റത്ത് ഫാത്വിമ(റ)ഇത്രയേറെ ബുദ്ധിമുട്ട് സഹിച്ചത്. അയാൾ അല്പം മുമ്പേ നബി(സ)തിരുമേനിയോട് അപമര്യാദയോടെ പെരുമാറിയിട്ടാണ് അവിടെ വന്നത്. അയാളുടെ പെരുമാറ്റം അങ്ങനെയായിരുന്നിട്ടും നബി(സ)അയാളോടു പ്രതികരിച്ചത് നല്ല രീതിയിലായിരുന്നു. അത് അയാളെ വല്ലാതെ സ്വാധീനിക്കുകയും പെട്ടെന്ന് അയാൾ ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു. ആ മനുഷ്യൻ അങ്ങേയറ്റം ദരിദ്രനായിരുന്നു. ആ സമയത്ത് അസഹ്യമായ വിശപ്പും അയാൾക്കുണ്ടായിരുന്നു. ഈ സംഭവം നടക്കുമ്പോൾ ഹദ്റത്ത് സൽമാനുൽഫാരിസി(റ) അടുത്തുണ്ടായിരുന്നു. അങ്ങനെ അയാളേയുംകൂട്ടി അവിടെ നിന്നിറങ്ങിയതാണ്. വഴിയിലായിരുന്നു ഹദ്റത്ത് ഫാത്വിമയുടെ(റ)വീട്. അതു കണ്ടപ്പോൾ അവിടെയൊന്ന് കയറിയതാണ്. അങ്ങനെയാണ് മുകളിൽ പറഞ്ഞ സംഭവങ്ങളെല്ലാം നടക്കുന്നത്. ഇതെല്ലാം പിന്നീട് ഹദ്റത്ത് സൽമാനുൽഫാരിസി(റ) നബി(സ) തിരുമേനിയോടു പറഞ്ഞു. നബി(സ)തന്റെ കരളിന്റെ കഷണമായ ഫാത്വിമ(റ)യുടെ വീട്ടിൽ വന്നു. കൈയുയർത്തി ദുആ ചെയ്തു: 'ഇലാഹീ, ഫാത്വിമ നിന്റെ ദാസിയാണ്. അവളെ നീ ഇഷ്ടപ്പെട്ടാലും.' മകളോടു പറഞ്ഞു: 'ക്ഷമ കൈക്കൊള്ളുക, ക്ഷമയുടെ ഫലം അല്ലാഹുവിന്റെ പക്കൽ അമാനത്താണ്.' സൃഷ്ടിസേവനത്തിന്റെ എത്രമാത്രം ഉദാത്തമായ സ്ഥാനമാണിത്. വീട്ടിൽ മൂന്നു ദിവസം അടുപ്പിച്ച് പട്ടിണിയാണ്. ഭിക്ഷക്കാരൻ വീട്ടുപടിക്കൽ വരുന്നു, വെറുംകൈയോടെ മടക്കുന്നത് ശരിയല്ലെന്ന് കരുതി, തന്റെ പുതപ്പു പണയംവെച്ച് ധാന്യം വാങ്ങി ഇടിച്ചുപൊടിച്ചു റൊട്ടി ഉണ്ടാക്കി കൊടുത്തിട്ട് സ്വയം പട്ടിണി കിടക്കുന്നു. ഇതെല്ലാം ചെയ്തത് അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ടു മാത്രമായിരുന്നു.

ഹദ്റത്ത് ഫാത്വിമയിൽനിന്ന് ഹദീഥുഗ്രന്ഥങ്ങളിൽ ധാരാളം നിവേദനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. വലിയവലിയ സ്വഹാബാക്കളാണ് അതു നിവേദനം ചെയ്തിട്ടുള്ളത്. അതായത് ഹദ്റത്ത് അലിയ്യുബ്നു അബീത്വാലിബ്(റ), ഹദ്റത്ത് ഹസൻ(റ), ഹദ്റത്ത് ഹുസയ്ൻ(റ), ഹദ്റത്ത് ആയിശാ(റ), ഹദ്റത്ത് അനസുബ്നു മാലിക്(റ).

**കുടുംബ വിശേഷങ്ങൾ:–** ജീവിതം മുഴുവൻ ഞെരുക്കവും വിഷമവും ആയിരുന്നിട്ടും ഉള്ളതിൽ തൃപ്തിപ്പെട്ടും സഹിച്ചും നന്ദി കാണിച്ചും ഹദ്റത്ത് ഫാത്വിമ(റ)ജീവിച്ചുപോന്നു; ലളിതമായ ജീവിതം. വീട്ടുജോലികളെല്ലാം സ്വന്തം ചെയ്തു. ധാന്യങ്ങൾ ആട്ടിയാട്ടി കൈകളിൽ തഴമ്പായി. വീടും മുറ്റവും സ്വയം അടിച്ചുവാരി വൃത്തിയാക്കി. അടുപ്പിന്റെ അടുത്തിരിക്കുന്നതുകൊണ്ട് വസ്ത്രങ്ങങ്ങൾ പുകപിടിച്ച് വേഗം മുഷിയാറുണ്ടായിരുന്നു. ഈ വിഷമങ്ങളെല്ലാം കണ്ടിട്ട് ഹദ്റത്ത്

അലി(റ)ഒരിക്കൽ പറഞ്ഞു: 'ഇപ്പോൾ വിജയത്തിന്റെ കാലമാണ്, നബി(സ) തിരുമേനിയുടെ പക്കൽ ധാരാളം തടവുകാർ വന്നിട്ടുണ്ട്. നബി(സ)യുടെ അടുക്കൽപോയി ഒരു അടിമയെ ചോദിക്കുക.' ആദ്യം പോയെങ്കിലും ഹദ്റത്ത് ഫാത്വിമ (റ)നാണിച്ചിട്ട് ചോദിക്കാതെ മടങ്ങിവന്നു. രണ്ടാമത് ഹദ്റത്ത് അലിയേയും കൂട്ടിപ്പോയി. പറഞ്ഞു: 'വെള്ളം കോരിക്കോരി നെഞ്ചു വേദനിക്കുന്നു. ധാന്യം ആട്ടിപ്പൊടിച്ച് കൈകൾ തഴമ്പുകൊണ്ട് നിറഞ്ഞു. അങ്ങയുടെ പക്കൽ ധാരാളം തടവുകാർ വന്നിട്ടുണ്ടല്ലോ, ആരെയെങ്കിലും സഹായത്തിനു കിട്ടിയാൽ കൊള്ളാമായിരുന്നു.' ഇതു കേട്ടപ്പോൾ നബി(സ) പറഞ്ഞു,'അല്ലാഹുവാണ, നിങ്ങൾക്കു രണ്ടുപേർക്കും ഒരു തടവുകാരനേയും തരാൻപറ്റില്ല. നിങ്ങളെക്കാൾ അധികം അതിനർഹർ ബദ്റിലെ യത്തീംകളാണ്.'

അവർക്ക് സൗന്ദര്യവർധക വസ്തുക്കളൊന്നും നബി(സ) ഇഷ്ടപ്പെട്ടിരുന്നില്ല. ഒരിക്കൽ നബി(സ) ഒരു യുദ്ധം കഴിഞ്ഞു മടങ്ങിവന്നു. ഹദ്റത്ത് ഫാത്വിമയുടെ വീട്ടിൽ കർട്ടൺ തൂക്കിയിട്ടിരിക്കുന്നതുകണ്ട് വെറുപ്പ് പ്രകടിപ്പിച്ചു. അതു ഫാത്വിമയ്ക്ക് മനസ്സിലായപ്പോൾ ഉടനെ അഴിച്ചുമാറ്റി. കുട്ടികളുടെ കൈയിൽ വെള്ളിവളകൾ കിടക്കുന്നതു കണ്ടപ്പോൾ അതു താൻ ഇഷ്ടപ്പെടുന്നില്ലെന്ന് നബി(സ) പറഞ്ഞുടനെ അതും അഴിച്ചുമാറ്റി. അതിനുപകരം ഫാത്വിമയ്ക്ക് കൊമ്പിന്റെ ഒരു മാലയും കുട്ടികൾക്ക് ആനപ്പല്ലിന്റെ വളയും വാങ്ങാൻ പറഞ്ഞു. ഹദ്റത്ത് ഫാത്വിമയ്ക്ക്, ഹദ്റത്ത് അലി(റ) സ്വർണമാല കൊണ്ടു വന്നതാണ്. പക്ഷേ, നബി(സ) അതിഷ്ടപ്പെട്ടില്ല. കൊമ്പിന്റെ മാല വാങ്ങിപ്പിച്ചു. താൻ വീട്ടുജോലി ചെയ്ത് ക്ഷീണിച്ചു പോകുന്നു, വല്ലാതെ ബുദ്ധിമുട്ടുന്നുവെന്ന് ഹദ്റത്ത് ഫാത്വിമ(റ) പറഞ്ഞപ്പോൾ നബി(സ)പറഞ്ഞു: 'വീട്ടുവേലക്കാരേക്കാൾ ഉത്തമമായത് ഞാൻ നിനക്കു പറഞ്ഞു തരട്ടെ, ഉറങ്ങാൻ കിടക്കുമ്പോഴും എല്ലാ നമസ്കാരത്തിനു ശേഷവും 33 പ്രാവശ്യം സുബ്ഹാനല്ലാഹ് എന്നും 33 പ്രാവശ്യം അൽഹംദുലില്ലാഹ് എന്നും 34 പ്രാവശ്യം അല്ലാഹു അക്ബർ എന്നും ചൊല്ലി ശരീരം മുഴുവൻ ഊതുക. ഹദ്റത്ത് ഫാത്വിമയുടെ പക്കൽ കുറച്ചു വസ്ത്രമേ ഉണ്ടായിരുന്നുള്ളു, അതു കഴുക്കഴുകി ഉപയോഗിക്കുകയായിരുന്നു പതിവ്.

ഹദ്റത്ത് അലിയുടെ സാമ്പത്തിക സ്ഥിതിയും മെച്ചപ്പെട്ടതായിരുന്നില്ല. പണിയെന്തെങ്കിലും കിട്ടിയാൽ ഉടനെ അതുകൊണ്ട് ധാന്യം വാങ്ങിയിടും. ഹദ്റത്ത് ഫാത്വിമ(റ)ഭക്ഷണം പാചകം ചെയ്തു കൊടുക്കും. വീട്ടിൽ സാധനമുണ്ടെങ്കിൽ കൃത്യസമയത്തു ഭക്ഷണം തയ്യാർ ചെയ്ത് ഹദ്റത്ത് അലിയുടെ മുന്നിലെത്തിക്കും. സുബ്ഹി നമസ്കാരം കഴിഞ്ഞാൽ ധാന്യം കുത്തിപൊടിക്കാൻ തുടങ്ങും. ഒരിക്കൽ ഹദ്റത്ത് അലി(റ)പറഞ്ഞു: 'റസൂലിന്റെ മകളേ! അല്പസമയം വിശ്രമിക്കുക. ആരാധനാ കർമങ്ങൾ കൂടുതൽ ചെയ്യുന്നതുകൊണ്ടും കൂടുതൽ ജോലി എടുക്കുന്നതുകൊണ്ടും രോഗം മൂർച്ഛിക്കാനിടയുണ്ട്.' ഹദ്റത്ത് ഫാത്വിമ(റ) ചിരിച്ചുകൊണ്ടു പറഞ്ഞു: 'അല്ലാഹുവിനെ ആരാധിക്കുന്നതും അങ്ങയ്ക്കു സേവനം ചെയ്യുന്നതും തന്നെയാണ് എന്റെ രോഗത്തിനുള്ള ചികിത്സ. ഇവ രണ്ടിൽ ഏതെങ്കിലും ഒന്നു കാരണത്താൽ മരണം ഉണ്ടായാൽതന്നെ അതിനെക്കാൾ നല്ല മരണം മറ്റെന്താണ്.?' ഇതു കേട്ട് ഹദ്റത്ത് അലി(റ)പറഞ്ഞു: 'ഫാത്വിമ ഉത്തമയായ സ്ത്രീകളിൽ പ്പെട്ടവളാണെന്ന് അല്ലാഹുവിന്റെ റസൂൽ പറഞ്ഞത് എത്രമാത്രം ശരിയാണ്!'

ഒരു നിവേദനം ഇങ്ങനെ വന്നിട്ടുണ്ട്, ഹദ്റത്ത് അലി(റ)പറഞ്ഞു: 'ഫാത്വിമ അല്ലാഹുവിന്റെ സൃഷ്ടികളിൽ ഉത്തമയാണെന്നപോലെ ഉത്തമയായ കുടുംബിനിയുമാണ്. എന്റെ വീട്ടിൽ പട്ടുവസ്ത്രങ്ങൾ ഒന്നും ഇല്ലെന്നത് ശരിതന്നെ. പക്ഷേ ഫാത്വിമയുടെ ആട്ടുകല്ലിൽ പൊടിപടലങ്ങളൊന്നുമില്ല. ഞങ്ങളുടെ വിരിപ്പുകൾ പൊടിപിടിച്ചു കിടക്കുകയുമില്ല. അവളുടെ പുതപ്പിൽ കണ്ടംവെച്ചു തുന്നിയിട്ടുള്ളതു കാണാം. പക്ഷേ, അതിൽ അഴുക്കൊന്നും ഉണ്ടാകുകയില്ല.' ഇപ്പറഞ്ഞതിൽ നിന്നെല്ലാം ഹദ്റത്ത് ഫാത്വിമയുടെ(റ) സൗശീലം മനസ്സിലാക്കാൻകഴിയും.

മനുഷ്യ പ്രകൃതിയനുസരിച്ച് ദമ്പതിമാർക്കിടയിൽ വല്ലപ്പോഴുമൊക്കെ വഴക്കുകളുണ്ടാകുന്നതും സർവസാധാരണമാണ്. ഇവർക്കിടയിലും അത്തരം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷേ, രണ്ടു പരിശുദ്ധാത്മാക്കളുടേയും പവിത്രമായ സ്വഭാവങ്ങളെ അത് ഒരു വിധത്തിലും ബാധിച്ചിരുന്നില്ല. എപ്പോഴെങ്കിലും ചെറുതോ വലുതോ ആയ വല്ലപ്രശ്നവും ഉണ്ടായാൽ അവർക്കിടയിൽ വളരെ നല്ല നിലയിൽ നബി(സ) തിരുമേനി രഞ്ജിപ്പ് ഉണ്ടാക്കുമായിരുന്നു. നിവേദനം: "ഒരിക്കൽ നബി(സ)തിരുമേനി ഹദ്റത്ത് ഫാത്വിമയുടെ വീട്ടിൽ പോയി. പുറത്തു വന്നപ്പോൾ മുഖത്ത് സന്തോഷം പ്രസരിച്ചുകണ്ടു. അനുചരന്മാർ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ! അകത്തു പോയപ്പോൾ അങ്ങയുടെ അവസ്ഥ ഇതായിരുന്നില്ലല്ലോ? പുറത്തു വന്നപ്പോൾ തികച്ചും സന്തോഷത്തിൽ കാണുന്നു.' നബി(സ)പറഞ്ഞു: 'എനിക്കു ഏറ്റവുമധികം പ്രിയപ്പെട്ട ഇവരെ രണ്ടുപേരേയും തമ്മിൽ ഞാൻ ഇണക്കിയിരിക്കുന്നു.'' ഇപ്രകാരം തന്നെ മറ്റൊരു നിവേദനമുണ്ട്. 'ഒരിക്കൽ അലിയെക്കുറിച്ചുള്ള പരാതിയുമായി ഹദ്റത്ത് ഫാത്വിമ(റ) ,നബി(സ)യുടെ അടുക്കൽവന്നു. ഫാത്വിമയുടെ പിന്നാലെ ഹദ്റത്ത് അലി(റ)യും അവിടെയെത്തി. നബി(സ)ഹദ്റത്ത് ഫാത്വിമയോടു പറഞ്ഞു, 'മോളേ! ഏതു ഭർത്താവാണ് തന്റെ ഭാര്യയുടെ അടുക്കൽ നിശബ്ദനായി നടന്നു വരുന്നതെന്ന് നീ മനസ്സിലാക്കണം.' ഈ വാക്കുകൾ ഹദ്റത്ത് അലിയുടെ മനസ്സിൽ ആഴത്തിൽ തറച്ചു. ഹദ്റത്ത് അലി(റ)പ്രതിജ്ഞയെടുത്തു: 'ഇനി ഫാത്വിമയ്ക്കു ചേരാത്തതൊന്നും ഞാൻ ചെയ്യുകയില്ല.

ഒരിക്കൽ ഹദ്റത്ത് അലി പള്ളിമുറ്റത്തുവന്നു കിടന്നു. വീട്ടിൽനിന്ന് ദ്വേഷപ്പെട്ട് ഇറങ്ങിപ്പോന്നതാണെന്ന് നബി(സ)തിരുമേനിക്കു മനസ്സിലായപ്പോൾ ഉടനെ അടുത്തെത്തി. അലിയുടെ പുറത്തു പറ്റിപ്പിടിച്ചിരുന്ന മണൽത്തരികൾ തട്ടിക്കളഞ്ഞുകൊണ്ടു പറഞ്ഞു, 'അബൂ തുറാബേ! എഴുന്നേല്ക്കുക.' രണ്ടു പ്രാവശ്യം നബി(സ) അതാവർത്തിച്ചു. നബി(സ)തിരുമേനി വിളിച്ച ആ പേര് ഹദ്റത്ത് അലിയ്ക്കു നന്നേ പിടിച്ചു. ഹദ്റത്ത് ഫാത്വിമയോടും ഹദ്റത്ത് അലിയോടും നബി(സ) തിരുമേനിക്ക് ഒത്തിരി സ്നേഹമുണ്ടായിരുന്നു. ചിലപ്പോൾ എന്റെ മൂത്താപ്പായുടെ മക്കളേ എന്ന് അവരെ വിളിക്കുമായിരുന്നു.

ഒരിക്കൽ ഹദ്റത് അലി(റ), നബി(സ) തിരുമേനിയോടു പറഞ്ഞു: 'ഫാത്വിമയ്ക്ക് ഇഷ്ടമില്ലാതെ ഞാൻ ഇന്ന ഇന്ന ആളുകളുടെ അടുക്കൽ പോകുന്നതുകൊണ്ട് എന്നോടു വെറുപ്പാണ്.' ഹദ്റത്ത് ഫാത്വിമ ഉടനെ പറഞ്ഞു,'അല്ല, അല്ല എനിക്കൊരിക്കലും അലിയെ വെറുക്കാൻ കഴിയില്ല. അദ്ദേഹത്തിന് തെറ്റു പറ്റിയിരിക്കുന്നു. ഞാൻ വെറുതെ അങ്ങനെ പറഞ്ഞുവെന്നേയുള്ളൂ.' ഒരിക്കൽ അല്ലാഹുവിന്റേയും ഇസ്ലാമിന്റേയും ശത്രുവായിരുന്ന അബൂജഹ്ൽ തന്റെ മകളെ അലിയെകൊണ്ട് വിവാഹം കഴിപ്പിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചു.

നബി(സ)ഇത് അറിഞ്ഞപ്പോൾ മിമ്പറിൽ കയറി നിന്ന് പ്രസംഗിച്ചു: 'ഹിശാമിന്റെ കുടുംബം, അലിയ്യുബ്നു അബീത്വാലിബിന്റെ നിക്കാഹ് തന്റെ മകളുമായി നടത്താൻ ആഗ്രഹിക്കുന്നു. എന്നോട് അതിനു സമ്മതം ചോദിക്കുന്നു. പക്ഷേ, അല്ലാഹുവാണ! ഞാനൊരിക്കലും അതിനു സമ്മതം നല്കുകയില്ല. ഹലാലിനെ ഹറാമാക്കുന്നതിനും ഹറാമിനെ ഹലാലാക്കുന്നതിനുമല്ല ഞാൻ നില്ക്കുന്നത്. അല്ലാഹുവാണ! ഒരു നബിയുടെ മകളും അല്ലാഹുവിന്റെ ശത്രുവിന്റെ മകളും പരസ്പരം ഒത്തുപോകുകയില്ല.ഫാത്വിമ എന്റെ ശരീരത്തിന്റെ ഭാഗമാണ്. ആരാണോ അവളെ ബുദ്ധിമുട്ടിക്കുന്നത് അവൻ എന്നെ ബുദ്ധിമുട്ടിക്കുന്നു.' ഈ വാക്കുകൾ ഹദ്റത്ത് അലിയെ പിടിച്ചു കലുക്കി കളഞ്ഞു. അദ്ദേഹം ഫാത്വിമായുടെ ജീവിതകാലത്ത് മറ്റൊരു വിവാഹം കഴിച്ചില്ല. ഹദ്റത്ത് ഫാത്വിമ യുടെ മരണശേഷം അവരുടെ വസിയ്യത്തനുസരിച്ച് ഫാത്വിമയുടെ സഹോദരി സയ്നബിന്റെ മകൾ ഉമാമയെ വിവാഹം കഴിച്ചു. ആ അവസരത്തിൽ നബി(സ) തിരുമേനി ഇങ്ങനേയും പറഞ്ഞിരുന്നു: 'അലി ബിൻ ത്വാലിബിന് എന്റെ മകളെ ത്വലാഖുചൊല്ലി ഹിശാമിന്റെ മകളെ വിവാഹം കഴിക്കാവുന്നതാണ്.' ആ ഘട്ടത്തിൽ നബി(സ)തിരുമേനി തന്റെ മൂത്ത മരുമകനായ അബുൽആസിനെ അദ്ദേഹം തന്നോടു പറഞ്ഞതെല്ലാം നിറവേറ്റി കാണിച്ചുവെന്നു പറഞ്ഞ് ഒരുപാട് പുകഴ്ത്തുകയും ചെയ്തു.

**നബി(സ)യുടെ വിയോഗം:** ഹിജറ 10-ാം വർഷം അവസാനിക്കുന്ന സന്ദർഭം. വിശുദ്ധഖുർആനിലെ പ്രസിദ്ധമായ വചനം ഇറങ്ങി: **"ഇന്നേ ദിവസം സത്യനിഷേധികൾ നിരാശരായിരിക്കുന്നു. നിങ്ങൾ അവരെ ഭയപ്പെടരുത്. എന്നെ ഭയപ്പെടുക. ഇന്നേ ദിവസം നിങ്ങളുടെ മതത്തെ ഞാൻ പൂർണമാക്കിത്തരികയും എന്റെ അനുഗ്രഹത്തെ നിങ്ങൾക്കു പൂർത്തീ കരിക്കുകയും ഇസ്ലാമിനെ നിങ്ങൾക്കു മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു."**

ഈ വചനത്തിൽനിന്ന് നബി(സ) തിരുമേനിയുടെ വിയോഗം അടുത്തിരിക്കുന്നുവെന്ന് മുസ്ലിംകൾ മനസ്സിലാക്കി. നബി(സ)കഅ്ബാദേവാലയത്തിൽ ഹജ്ജ് കർമവും നിർവഹിച്ചു കഴിഞ്ഞിരുന്നു. ഹജ്ജ് കർമം നിർവഹിച്ച നബി(സ) മദീനയിലെത്തി. രണ്ടു മാസം കഴിഞ്ഞപ്പോൾ രോഗശയ്യയിലായി. ഒരു ദിവസം കഠിനമായ തലവേദനയും പനിയുമുണ്ടായി. ഈ പനി ഓരോ ദിവസവും കൂടിക്കൂടി വന്നു. അതിനോടൊപ്പം ക്ഷീണവുംകൂടി. ആറു ദിവസത്തിനുശേഷം ക്ഷീണം വീണ്ടുംകൂടി. ഹദ്റത്ത് മയ്മൂനായുടെ വീട്ടിൽനിന്ന് ഹദ്റത്ത് ആയിശായുടെ വീടുവരെ നബി(സ) എത്തിയത് രണ്ടാളുടെ സഹായത്താലാണ്. അവസാനമായി ബാധിച്ച രോഗത്തിൽ നബി(സ)തിരുമേനിയുടെ ബുദ്ധിമുട്ടും വിഷമവുംകണ്ട് ഹദ്റത്ത് ഫാത്വിമ(റ) കരയിൽ പിടിച്ചിട്ട മത്സ്യത്തെപോലെ പിടയ്ക്കുകയും ഏങ്ങലടിച്ചു കരയുകയും ചെയ്തു. ഫാത്വിമയുടെ അവസ്ഥ കണ്ടപ്പോൾ നബി(സ) അടുത്തേക്കു വിളിച്ചു. ചെവിയിൽ എന്തോ മന്ത്രിച്ചു. അപ്പോൾ ഹദ്റത്ത് ഫാത്വിമയുടെ കരച്ചിലിന് ആക്കംകൂടി. ഉടനെ മറ്റേ കാതിലും എന്തോ പറഞ്ഞു. അപ്പോൾ ഹദ്റത്ത് ഫാത്വിമ ചിരിച്ചു. എന്താണ് പറഞ്ഞതെന്ന് ഹദ്റത്ത് ആയിശാ(റ)ചോദിച്ചപ്പോൾ പറഞ്ഞു: 'അല്ലാഹുവാണ! എന്റെ ഉപ്പ ജീവിച്ചിരിക്കെ ഈ രഹസ്യം ഞാനൊരിക്കലും വെളിപ്പെടുത്തുകയില്ല.'

18 ദിവസം പനി ഒരുപോലെനിന്നു. തലവേദനയും അസഹ്യമായിരുന്നു. കഠിനമായ ആ വിഷമം കണ്ട് ഹദ്റത്ത് ഫാത്വിമ(റ)അനിയന്ത്രിതമായി പറഞ്ഞുപോയി: 'ഹോ! എന്റെ പിതാവിന്റെ വിഷമമേ! 'തന്റെ പ്രിയപ്പെട്ട മകളുടെ വേദനതിങ്ങിയ ആ വാക്കുകൾ നബി(സ) കേട്ടു. മെല്ലെ പറഞ്ഞു: 'മകളേ, ഇന്നേയ്ക്കുശേഷം നിന്റെ ഉപ്പാക്ക് ഒരു വിഷമവുമുണ്ടാകുകയില്ല.' നബി(സ)തിരുമേനിയുടെ ചുണ്ടുകൾ ചലിക്കുന്നതായി കണ്ടു. അനുഗൃഹീത ചുണ്ടുകളിലെ ആ ചലനം ഈ വാക്കുകളായിരുന്നു. : **'അല്ലാഹുമ്മ റഫീഖിൽ അഅ്ലാ.'** വേർപാടിന്റെ ആ ദിനവും അവസാനം വന്നെത്തി. ഹിജറത്ത് കഴിഞ്ഞ് 11-ാം വർഷം. റബീഉൽഅവ്വൽ മാസത്തിന്റെ 12-ാം ദിവസം. ഹദ്റത്ത് ഫാത്വിമ ത്തുസ്സഹ്റായുടെ തലയ്ക്കുമീതെനിന്ന് തന്റെ പരിശുദ്ധനായ പിതാവിന്റെ തണൽ എന്നെന്നേക്കുമായി നീങ്ങിപ്പോയി. മുസ്ലിംകളുടെ തലയ്ക്കുമീതെയും പരിശുദ്ധ നബി(സ)യുടെഅനുഗൃഹീത തണൽ ഇല്ലാതെയായി. നബി(സ) തിരുമേനിയുടെ വേർപാടിനുശേഷം ഹദ്റത്ത് ഫാത്വിമയെ ചിരിക്കുന്ന മുഖത്തോടെ ആരും കണ്ടിട്ടില്ലെന്ന് ഹദീഥ്ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആ മഹതി എപ്പോഴും ഉദാസീനയും ദുഃഖാർത്തയുമായിരുന്നു.

ഹദ്റത്ത് അനസ്(റ)പറയുന്നു: ''ഖബ്റടക്കം കഴിഞ്ഞ് വീട്ടിൽ എത്തിയപ്പോൾ ഹദ്റത്ത് ഫാത്വിമ എന്നോടു ചോദിച്ചു.: 'അനസേ! താങ്കൾക്ക് ഏതു മനസ്സോടെയാണ് അല്ലാഹുവിന്റെ റസൂലിനെ മണ്ണിനടിയിൽ മറയ്ക്കാൻ കഴിഞ്ഞത്?" ഇതും പറഞ്ഞ് പൊട്ടിപ്പൊട്ടി കരയാൻ തുടങ്ങി. കരയാതിരിക്കാൻ എന്തു വകയാണുള്ളത്? ആദ്യം ഉമ്മ. പിന്നീടു സ്വന്തം കൺമുമ്പിൽ ഒന്നിനു പിറകെ ഒന്നായി യുവതികളായ മൂന്നു സഹോദരിമാർ. സമാശ്വസിപ്പിച്ചുപോന്ന, അങ്ങേയറ്റം സ്നേഹം പകർന്നു നല്കിയ ഒരു പിതാവുണ്ടായിരുന്നു. ഇപ്പോൾ ആ തണലും ഇല്ലാതായിരിക്കുന്നു. ഹദ്റത്ത് അലിയുടെ അനുകമ്പയും അതിയായ സ്നേഹവുമൊക്കെ ഉണ്ടായിരുന്നിട്ടും ഫാത്വിമായുടെ മനസ്സിൽ ദുഃഖം തളം കെട്ടിനിന്നു. വീട്ടിലെ തിരക്കിനിടയിലും പലപ്പോഴും നബി(സ)തിരുമേനിയുടെ ഏതെങ്കിലും വസ്ത്രമെടുത്ത് മണത്തുകയും കണ്ണിൽ പൊത്തുകയും കരയുകയും ചെയ്യുമായിരുന്നു.

ഹദ്റത്ത് ഫാത്വിമ(റ) ബുദ്ധിമതിയായിരുന്നു. വിശുദ്ധഖുർആനിന്റെ ജ്ഞാനം നല്ലവണ്ണം ഉണ്ടായിരുന്നു. ചിലപ്പോൾ എല്ലാ സംസാരത്തിന്റേയും രത്നചുരുക്കം ഖുർആൻ തന്നെയായിരുന്നു. നബി(സ)തിരുമേനി മരണപ്പെട്ടപ്പോൾ ഹദ്റത്ത് ഫാത്വിമയുടെ അണപൊട്ടിയൊഴുകിയ കണ്ണീരുകളിൽ നിന്ന് ശോകമയമായ ചില വാക്കുകൾ കവിതാ രൂപത്തിൽ ഉതിർന്നു വീണു. അത് അദ്ദുർറുൽ മൻശൂർ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിലെ ചില വരികളുടെ തർജമ ഇതാ:

ആകാശം പൊടിപടലങ്ങൾകൊണ്ടു നിറഞ്ഞു. സൂര്യൻ ചുരുട്ടപ്പെട്ടു. കാലം അന്ധകാരത്തിലമർന്നു. ആദരണീയനായ നബി(സ)തിരുമേനിക്കുശേഷം ഭൂമി ദുഃഖഹന്താവായി എന്നു മാത്രമല്ല, ദുഃഖഭാരത്താൽ വിണ്ടുകീറിപ്പോയിരിക്കുന്നു. നബി(സ)തിരുമേനിയുടെ ദേഹവിയോഗത്തിൽ പാശ്ചാത്യ ദേശവാസികളും പൗരസ്ത്യ ദേശവാസികളും യമൻവാസികളും ഒരുപോലെ വിലപിക്കുകയാണ്. വലിയ വലിയ പർവതങ്ങളിൽനിന്നും കൊട്ടാരങ്ങളിൽ നിന്നും നിലവിളികൾ ഉയരുകയാണ്. അല്ലയോ ഖാത്തമുന്നബിയ്യീൻ! അല്ലാഹു അങ്ങയുടെമേൽ കാരുണ്യം വർഷിക്കുമാറാകട്ടെ."

നിവേദനം: ഒരിക്കൽ നബി(സ)യുടെ പരിശുദ്ധ ഖബറിനടുക്കൽ പോയി. പരിസരം മറന്ന് കരഞ്ഞ്കരഞ്ഞ്

നിലത്തുവീണു. ദുഃഖം നാവിലൂടെ ഇങ്ങനെ വെളിയിൽ വന്നു:

"എന്റെ ഉപ്പ എന്നിൽനിന്ന് വേർപെട്ടു പോയി. അറേബ്യൻ മരുഭൂമിയെ പ്രകാശമാനമാക്കിയ ആ ദീപം ഇതാ അണഞ്ഞു പോയിരിക്കുന്നു. ഇപ്പോൾ ദുൻയാവിന്റെ മുസ്വീബത്തുകൾ എന്റെ കൺമുമ്പിലുണ്ട്. ഉമ്മ ഇല്ലാത്ത ഈ കുട്ടി ഉപ്പയുടെ വേർപാടിൽ കരഞ്ഞുകരഞ്ഞ് നേരം കഴിക്കുന്നു. എന്റെ തലയിൽ മുസ്വീബത്തിന്റെ പർവതം കൊണ്ടിട്ട ആ കാളരാത്രി, അതൊരു ഖിയാമത്തായിരുന്നു. എന്റെ ജീവിതത്തിന് നീളമുണ്ട്. ഈ ദുഃഖഭരത്താൽ അതവസാനിച്ചില്ല. അല്ലാഹുവിന്റെ പ്രവാചകരേ! എന്റെ ദുആയ്ക്ക് അങ്ങ് ആമീൻ ചൊല്ലിയാലും. സർവലോത്തിന്റേയും ആരാധ്യനായിട്ടുള്ളവനേ! വിഷമങ്ങൾക്കു വിധേയയായി ക്കൊണ്ടിരിക്കുന്ന ഈ മകളേ അവളുടെ ഉപ്പയുടെ അടുക്കൽ എത്തിച്ചാലും. അവളുടെ കണ്ണുകൾ തിളക്കമുള്ളതാക്കിയാലും."

ഹദ്റത്ത് ഫാത്വിമ(റ) മിക്കപ്പോഴും നബി(സ)തിരുമേനിയുടെ ഖബ്റിനടുക്കൽ പോകുമായിരുന്നു. അർധരാത്രി വരെ അവിടെ ആരാധനയിൽ മുഴുകുമായിരുന്നു. നബി(സ)യുടെ വിയോഗത്തിനു ശേഷം തന്റെ ചെവിയിൽ പറഞ്ഞകാര്യം ഹദ്റത്ത് ഫാത്വിമ(റ) വെളിപ്പെടുത്തി: "ആദ്യം നബി(സ)എന്റെ ചെവിയിൽ പറഞ്ഞു, 'ഈ രോഗത്തിൽ ഞാൻ മരിക്കുന്നതാണ്.' അപ്പോൾ ഞാൻ കരയാൻ തുടങ്ങി. രണ്ടാമത് നബി(സ) പറഞ്ഞു, 'എന്റെ കുടുംബത്തിൽ ഏറ്റവും ആദ്യം എന്റെ അടുത്തുവരുന്നത് നീ ആയിരിക്കും.' അപ്പോൾ ഞാൻ ചിരിച്ചു."

ഹദ്റത്ത് അലിക്കും, നബി(സ) തിരുമേനിയോടു അതിരറ്റ സ്നേഹമുണ്ടായിരുന്നു. കുട്ടിക്കാലം മുതൽ നബി(സ)യുടെ വീട്ടിലായിരുന്നു ഹദ്റത്ത് അലി കഴിഞ്ഞിരുന്നത്. നബി(സ) അങ്ങേയറ്റം സ്നേഹത്തോടും വാത്സല്യത്തോടുംകൂടി അലിയെ വളർത്തി. അതുകൊണ്ടുതന്നെ അലിയ്ക്കും നബി(സ)യുടെ വേർപാട് അസഹ്യമായിരുന്നു. ഉദാസീനത ആ മുഖത്ത് എപ്പോഴും നിഴലിച്ചുനിന്നു. ഹദ്റത്ത് ഫാത്വിമയുടെ ദുഃഖംകൂടിയായപ്പോൾ അതിരട്ടിയായി. ഹദ്റത്ത് ഫാത്വിമയെ സമാധാനിപ്പിച്ചു, സാന്ത്വനപ്പെടുത്തി. എന്നാൽ, ഹദ്റത്ത് ഫാത്വിമയുടെ ആരോഗ്യം നിത്യേന ക്ഷയിച്ചു കൊണ്ടിരുന്നു. ഖബ്റിനടുക്കൽനിന്ന് ഒരിക്കൽ മടങ്ങി വരുമ്പോൾ ആരോഗ്യം വളരെ വഷളായി. മരണം അടുത്തിരിക്കുന്നുവെന്ന് ഹദ്റത്ത് ഫാത്വിമയ്ക്കു തോന്നി. ഹദ്റത്ത് അലിയെ വിളിച്ചു വസ്വിയ്യത്ത് ചെയ്തു: '**അന്യരായ ആരും എന്റെ മയ്യിത്ത് പിടിക്കരുത്. ഖബ്റടക്കം രാത്രിയിലായിരിക്കണം.**' ഒരു ദിവസം വുദു(ക്ഷാളനം)ചെയ്ത് വെള്ള വസ്ത്രം ധരിച്ചു. ഈ വസ്ത്രത്തിലായിരിക്കണം തന്നെ കുളിപ്പിക്കേണ്ടതെന്ന് അലിയോടു പറയാൻ ഹദ്റത്ത് അസ്മായെ ചുമതലപ്പെടുത്തി. ഖിബ്‌ലയ്ക്കു നേരെ തിരിഞ്ഞു. റമദാൻ മാസം 3-ാം തീയതി, ചൊവ്വാഴ്ച മഗ്‌രിബ്നും ഇശായ്ക്കുമിടയിൽ സ്വർഗവാസിനി ഹദ്റത്ത് ഫാത്വിമത്തുസ്സഹ്റാ(റ)ഈ ലോകത്തോടു എന്നെന്നേയ്ക്കുമായി വിടപറഞ്ഞു. അന്ന് നബി(സ)തിരുമേനി മരണപ്പെട്ടിട്ട് 6 -മാസം കഴിഞ്ഞതേയുള്ളു. ആ നേരത്ത് ഹദ്റത്ത് ഫാത്വിമത്തുസ്സഹ്റാ(റദിയല്ലാഹു അൻഹാ)യുടെ പ്രായം 28,29ന് അടുത്തായിരുന്നു.

**ഫദക് തോട്ടം:** ഹദ്റത്ത് ഫാത്വിമയുടെ ജീവിതത്തിലെ പ്രധാനപ്പെട്ടൊരു സംഭവമായിരുന്നു ഇത്. യുദ്ധമൊന്നും കൂടാതെ മുസ്‌ലിംകൾക്കു ലഭിച്ച ഒരു തോട്ടമായിരുന്നു ഫദക്. അക്കാലത്ത് യഹൂദികൾ വളരെ നിന്ദ്യമായി പരാജയം ഏറ്റുവാങ്ങിയിരുന്നു. ഹിജറ 7-ാം വർഷമായിരുന്നു ഈ സംഭവം നടന്നത്. ഫദക് തോട്ടത്തിൽനിന്ന് മുസ്‌ലിംകൾക്കു വരുമാനം ലഭിക്കാൻ തുടങ്ങി. ഈ തോട്ടം നബി(സ)യ്ക്കുമാത്രം അവകാശപ്പെട്ടതാണെന്ന് എല്ലാവരുംകൂടി തീരുമാനിച്ചു. നബി(സ)തിരുമേനി ഉൾപ്പെടെയുള്ളവരുടെ തീരുമാനമായിരുന്നു അതെന്നതിൽ സംശയമില്ല. പക്ഷേ, അതിൽനിന്ന് കിട്ടിയിരുന്ന വരുമാനം എല്ലാം മുസ്‌ലിംകൾക്കുംവേണ്ടിയാണ് ചെലവഴിച്ചിരുന്നത്. നബി(സ) ഇഹലോകവാസം വെടിഞ്ഞതോടെ, 'ഫദക് തോട്ടത്തിന്റെ ഉടമസ്ഥൻ നബി(സ)ആയിരുന്നു, അതുകൊണ്ട് നിങ്ങളുടെ അനന്തരാവകാശമാണതെന്ന്' ചിലർ ഹദ്റത്ത് ഫാത്വിമയോടു പറഞ്ഞു. അങ്ങനെ പ്രശ്നം ഒന്നാം ഖലീഫ ഹദ്റത്ത് അബൂബക്കർ(റ)ന്റെ മുന്നിലെത്തി. ഹദ്റത്ത് അബൂബക്കർ(റ)പറഞ്ഞു: ''അനന്തരാവകാശസ്വത്തായിട്ട് നബിമാർക്ക് ഒന്നും ഉണ്ടാകുകയില്ല. നബി(സ)പറഞ്ഞിട്ടുള്ളതു തന്നെ ഇങ്ങനെയാണ്: 'നബിമാർ ഉപേക്ഷിച്ചു പോകുന്ന സ്വത്തുക്കളെല്ലാം ദാനമായിരിക്കും. അതിൽ അനന്തരാവകാശം ഉണ്ടായിരിക്കുകയില്ല. അല്ലെങ്കിൽതന്നെ നബിയുടെ കുടുംബത്തിന് സ്വദഖ അനുവദനീയമല്ല.'' ഇതിനെ തുടർന്ന് ഹദ്റത്ത് ഫാത്വിമയ്ക്ക് ഹദ്റത്ത് അബൂബക്കർ(റ)നോടു വെറുപ്പായി. കുറേകാലം അതങ്ങനെ നിലനിന്നു. ഹദ്റത്ത് ഫാത്വിമ (റ)ഹദ്റത്ത് അബൂബക്കറുമായി സംസാരിക്കാൻ കൂട്ടാക്കിയില്ല. ഹദ്റത്ത് അബൂബക്കർ(റ)പറഞ്ഞു: 'നബി(സ)യുടെ കാലഘട്ടത്തിൽ അഹ്‌ലെ ബയ്ത് എത്രത്തോളം ഫലം അനുഭവിച്ചിരുന്നുവോ അതിപ്പോഴും അവർക്കു അനുഭവിക്കാവുന്നതാണ്. എന്നാൽ, അവർക്കു ഇതിന്റെ അനന്തരാവകാശം ലഭിക്കുകയില്ല.' ഹദ്റത്ത് ഫാത്വിമ(റ) അവസാനം ഹദ്റത്ത് അബൂബക്ക റുമായി (റ) സന്തോഷത്തിലായിരുന്നുവെന്ന് ത്വബഖാത് ഇബ്നുസഅ്ദിൽ എഴുതിയിരിക്കുന്നു. കാരണം ഹദ്റത്ത് അബൂബക്കർ(റ) എന്തൊക്കെയായാലും നബി(സ)യുടെ നിർദേശമനുസരിച്ചു തന്നെയായിരുന്നല്ലോ പ്രവർത്തിക്കേണ്ടിയിരുന്നത്?

നിവേദനം: ഹദ്റത്ത് ഫാത്വിമയ്ക്ക്(റ) സുഖമില്ലാതായപ്പോൾ രോഗവിവരം അറിയാൻ ഹദ്റത്ത് അബൂബക്കർ(റ) അവരുടെ വീട്ടിൽപോയി. അതിൽ ഫാത്വിമ ഏറെ സന്തോഷിച്ചു. ഇതിൽനിന്ന് താല്കാലികമായി നീരസം ഉണ്ടായിരുന്നെങ്കിലും പിന്നീടത് തികച്ചും നീങ്ങിയിരുന്നുവെന്ന് മനസ്സിലാകുന്നു. ഹദ്റത്ത് ഫാത്വിമ(റ) നിഷ്കളങ്കയായിരുന്നു. അപ്പോൾ ദീർഘനാൾ വെറുപ്പ് കാണിച്ചിരിക്കാൻ അവർക്കെങ്ങനെയാണ് കഴിയുക? ബഖീഅ് ഖബ്ർസ്ഥാനിൽ ഹദ്റത്ത് ഫാത്വിമയെ(റ) ഖബ്റടക്കി. ഹദ്റത്ത് അലി(റ)ആയിരുന്നു ജനാസഃ നമസ്കരിപ്പിച്ചത്.

**ഫാത്വിമയുടെ മരണം, അലിയുടെ വിഷമം** : സ്വഭാവഗുണങ്ങളിൽ ഹദ്റത്ത് അലി(റ) നബി(സ)തിരുമേനിയെ പൂർണമായും പിൻപറ്റിയിരുന്നു. നബി(സ)യുടെ വീട്ടിൽ ഹദ്റത്ത് ഫാത്വിമയോടൊപ്പം സ്നേഹത്തോടും സന്തോഷത്തോടുംകൂടി ജീവിച്ചു. അവരെ ജോലികളിൽ സഹായിച്ചു. ഹദ്റത്ത് ഫാത്വിമയും ഹദ്റത്ത് അലിയുടെ എല്ലാ കാര്യങ്ങളിലും എല്ലാ വിധത്തിലും ശ്രദ്ധിച്ചിരുന്നു.

ഹദ്റത്ത് ഫാത്വിമ(റ) വഫാത്തായപ്പോൾ ഹദ്റത്ത് അലി(റ)വിലാപഗാനം എഴുതി. ഖബ്റടക്കം കഴിഞ്ഞ് വീട്ടിൽ വന്നപ്പോൾ ദുഃഖം താങ്ങാനാവാതെ വിഷമിക്കുന്ന ഘട്ടത്തിൽ അദ്ദേഹത്തിന്റെ നാവിലൂടെ ഉതിർന്നുവീണ ആ കവിതാശകലത്തിന്റെ അർഥം ഇപ്രകാരമാണ്:

"ദുൻയാവിലെ ദുഃഖങ്ങൾ നാലു

ഭാഗത്തുനിന്നും എന്നെ പൊതിഞ്ഞിരിക്കുന്നതായി ഞാൻ കാണുന്നു. അതിന് ഇരയായിത്തീരുന്നവൻ ജീവിതാവസാനംവരെ രോഗിയായിരിക്കുന്നു. രണ്ടു മിത്രങ്ങൾ പരസ്പരം ഒന്നിക്കുമ്പോൾ, അവരിൽ വേർപാടും ഉണ്ടാകുമല്ലോ? സുഹൃത്ബന്ധം വേർപെടാത്ത കാലം ഹ്രസ്വമാണ്. അഹ്മദിനു ശേഷം(സ)ഫാത്വിമയിൽ നിന്നുളള എന്റെ വേർപെടൽ സുഹൃത്ത് എപ്പോഴും കൂടെയുണ്ടാവില്ല എന്നതിനു തെളിവാണ്."

**ഹദ്റത്ത് ഫാത്വിമക്ക് മറ്റു സഹോദരിമാരിൽനിന്നുള്ള ശ്രേഷ്ഠത:** ഹദ്റത്ത് ഫാത്വിമയ്ക്ക് തന്റെ മൂത്ത സഹോദരിമാരായ ഹദ്റത്ത് സയ്നബ്, ഹദ്റത്ത് റുഖിയ്യഃ, ഹദ്റത്ത് ഉമ്മുകുൽഥൂം എന്നിവരിൽനിന്ന് പല കാര്യത്തിലും ശ്രേഷ്ഠതയുണ്ട്. ഇക്കാരണത്താലാണ് ആ മൂന്നുപേരേയും കുറിച്ച് പൊതുവെ മുസ്ലിംകൾക്ക് അധികമൊന്നും അറിയാത്തത്. ഏതു കര്യങ്ങളിലാണ് ശ്രേഷ്ഠത:-

1. നബി(സ)തിരുമേനിക്കു ഏഴ് മക്കളുണ്ടയിരുന്നു. പക്ഷേ, നബി(സ)യുടെ കുടുംബപരമ്പര നിലനിന്നത് ഫാത്വിമയിലൂടെയാണ്.

2. ഹദ്റത്ത് ഫാത്വിമയുടെ ജീവിതത്തിലെ ഒട്ടനവധി സംഭവങ്ങൾ അവരുടെ ഭർത്താവ് ഹദ്റത്ത് അലിയുടെ പേരുമായി ചേർത്തിട്ടാണ് പറഞ്ഞു വന്നിട്ടുളളത്. ഹദ്റത്ത് സയ്നബിന്റെ ഭർത്താവ് മക്കയിൽത്തന്നെ താമസിച്ചു. ഹദ്റത്ത് സയ്നബാണെങ്കിൽ ആദ്യമേതന്നെ മക്കയിൽനിന്ന് ഹിജറ പോയിരുന്നു. എന്നാൽ, അവരുടെ ഭർത്താവ് നാല് വർഷത്തിനു ശേഷമാണ് മദീനയിലെത്തിയത്. അപ്പോഴാണ് ഇസ്ലാം സ്വീകരിച്ചത്. അദ്ദേഹം മദീനയിലെത്തി രണ്ടു വർഷം കഴിഞ്ഞപ്പോൾ ഹദ്റത്ത് സയ്നബ് വഫാത്താകുകയും ചെയ്തു. അതിനുശേഷമുളള ഭർത്താവിന്റെ ജീവിതത്തെക്കുറിച്ച് അറിവൊന്നുമില്ല.

3. ഹദ്റത്ത് ഫാത്വിമയുടെ ഭർത്താവ് ഹദ്റത്ത് അലി(റ), നബി(സ) തിരുമേനിയുടെ മൂത്താപ്പായുടെ മകനായിരുന്നു. നബി(സ)യുടെ വീട്ടിൽത്തന്നെയാണ് വളർന്നതും. ഈ രണ്ടു വശത്തുമുളള ബന്ധം കാരണത്താൽ നബി(സ)യോട് പ്രത്യേക സ്നേഹമുണ്ടായിരുന്നു. അതുകൊണ്ടാണ് നബി(സ)മിക്കപ്പോഴും ഒരു കൂസലും കൂടാതെ ഹദ്റത്ത് ഫാത്വിമയുടെ വീട്ടിൽ പോയിരുന്നത്.

4. മറ്റുമരുമക്കളെപ്പോലെ ഹദ്റത്ത് അലി(റ)യുടെ സാമ്പത്തിക നിലമെച്ചപ്പെട്ട തായിരുന്നില്ല. 'ഞെരുക്കത്തോടെയാണ് ജീവിച്ചുപോന്നത്. ഹദ്റത്ത് ഫാത്വിമ(റ)യ്ക്ക് മറ്റു സഹോദരിമാരെ അപേക്ഷിച്ച് മതവിജ്ഞാനം കൂടുതലായിരുന്നു. മറ്റുളളവരെ അപേക്ഷിച്ച് കൂടുതൽ സമർഥയും ബുദ്ധിമതിയുമായിരുന്നു. കവിതകൾ രചിക്കാറുണ്ടായിരുന്നു. നബി(സ)തിരുമേനി വഫാത്തായപ്പോൾ വിലാപഗാനമെഴുതി. ഹൃദയസ്പൃക്കായ ആ വരികൾ കേട്ട് ആളുകൾ വിങ്ങിപ്പൊട്ടുമായിരുന്നു. വ്യക്തിപരമായ സവിശേഷതയും ഹദ്റത്ത് ഫാത്വിമയുടെ പ്രസിദ്ധിക്കു കാരണമായി.

5. നബി(സ)യുടെ അതിരറ്റ സ്നേഹമായിരുന്നു ഫാത്വിമയെ കൂടുതൽ പ്രസിദ്ധയാക്കി തീർത്തത്. മൂന്നുകുട്ടികൾ ഒന്നിനു പിറകെ ഒന്നായി മരിച്ചപ്പോൾ നബി(സ)തിരുമേനിയുടെ ഒരേയൊരു കുട്ടി, ഏറ്റവും ചെറിയകുട്ടി ഫാത്വിമ മാത്രമായിരുന്നു ബാക്കിയായത്.




# സത്യദൂതൻ വരിക്കാരാവുക

പ്രസിദ്ധീകരണത്തിന്റെ 87 വർഷങ്ങൾ പിന്നിട്ട സത്യദൂതൻ മാസികയ്ക്ക് പുതിയതായി വരിക്കാരെ ചേർക്കുന്നതിന് ജനുവരി, ഫെബ്രുവരി മാസങ്ങൾ പ്രചാരണ മാസമായി നടത്തുകയാണ്. ഈ അവസരത്തിൽ മാന്യവായനക്കാരും അതിനായുള്ള പരിശ്രമത്തിൽ സഹകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

**സത്യദൂതൻ**

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം

നിലവിലെ വരിക്കാർ 2013 ലെ വരിസംഖ്യ അടച്ച് സബ്സ്ക്രിപ്ഷൻ പുതുക്കണമെന്നും കുടിശ്ശികയുള്ളവർ അടച്ചുതീർക്കണമെന്നും ഉണർത്തുന്നു.

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി–682018
email-sathyadoothan1@gmail.com

എന്ന്
മാനേജർ,
സത്യദൂതൻ

അതുകൊണ്ട് സ്നേഹം മുഴുവൻ ഫാത്വിമയിൽ കേന്ദ്രീകരിച്ചു. സ്വാഭാവികമായും ഏറ്റവും ചെറിയ കുട്ടിയോട് സ്നേഹം കൂടുമല്ലോ? ഇവിടെയാണെങ്കിൽ ഫാത്വിമ മാത്രമേ ഉള്ളുതാനും. ഹദ്റത്ത് ഫാത്വിമയ്ക്കും ഹദ്റത്ത് നബി(സ)തിരുമേനിയോട് അതിരറ്റ സ്നേഹമുണ്ടായിരുന്നു. അങ്ങേയറ്റം അനുസരണശീലയാ യിരുന്നു. അല്ലാഹുവിന്റെ തൃപ്തിയും സന്തോഷവുമൊന്നു മാത്രമായിരുന്നു എപ്പോഴും മുന്നിൽ. ഹദ്റത്ത് ഫാത്വിമയുടെ ഉന്നതമായ സ്വഭാവ ഗുണങ്ങളുടേയും ഉദാത്തമായ കർമങ്ങ ളുടേയും മാതൃക ലോക ചരിത്രത്തിൽ എങ്ങും ലഭിക്കുകയില്ല. ഉന്നതമായ ഈ സ്വഭാവം കാരണത്താൽ നബി(സ) തിരുമേനിയുടെ ഹൃദയത്തിൽ ഫാത്വിമ യോടുള്ള സ്നേഹം കൂടുതൽ ആഴ്ന്നിറങ്ങി.

**ഹദ്റത്ത് ഫാത്വിമയുടെ മക്കൾ:** ഹദ്റത്ത് ഫാത്വിമയ്ക്ക് 5 കുട്ടികളുണ്ടായിരുന്നു. 3 ആണും 2 പെണ്ണും. ഹദ്റത്ത് ഹസൻ, ഹദ്റത്ത് ഹുസയ്ൻ, ഹദ്റത്ത് മുഹ്സിൻ, ഹദ്റത്ത് സയ്നബ് ഹദ്റത്ത് ഉമ്മുകുൽഥൂം (റദിയല്ലാഹു അൻഹും). മുഹ്സിൻ ചെറുപ്രായത്തിൽ മരണപ്പെട്ടു. മറ്റു നാലു കുട്ടികളും പ്രധാന സംഭവങ്ങളുടെ അടിസ്ഥാനത്തിൽ സുപ്രസിദ്ധരായിത്തീർന്നു. ഇവരിൽ ഏറ്റവും മൂത്തത് ഹദ്റത്ത് ഹസൻ(റ) ആയിരുന്നു. ഹിജറ 3-ാം വർഷമാണ് അദ്ദേഹം ജനിച്ചത്. നബി(സ) തന്നെയായിരുന്നു രണ്ടു ദൗഹിത്രന്മാർക്കും പേരിട്ടത്. രണ്ടു പേരോടും നബി(സ)തിരുമേനിക്കു അതിരറ്റ സ്നേഹമായിരുന്നു. തന്റെ സ്വന്തം മക്കളാണെന്ന് നബി(സ) പറയാറുണ്ടായിരുന്നു. നബി(സ)സുജൂദി ലായിരിക്കുമ്പോൾ ഹസനും ഹുസയ്നും പുറത്തു കയറി ഇരിക്കുമായിരുന്നു. ഒരിക്കൽ ആരോ അതു കണ്ടിട്ട് പറഞ്ഞു: 'എത്ര നല്ല യാത്രാവാഹനമാണിത്.' ഇതു കേട്ടുടനെ നബി(സ)പറഞ്ഞു: 'യാത്രക്കാരും മോശക്കാരല്ല.' പെൺകുട്ടികളിൽ ഹദ്റത്ത് സയ്നബ് വിഖ്യാതയായിരുന്നു. കർബല സംഭവത്തിനു ശേഷമുണ്ടായ എല്ലാ ബുദ്ധിമുട്ടുകളേയും ഹദ്റത്ത് സയ്നബ്(റ)തന്റേടത്തോടും ധൈര്യത്തോടും കൂടി നേരിട്ടു. ഹദ്റത്ത് ഹുസയ്ന്റെ മകനായ ഇമാം സയ്നുൽ ആബ്ദീനെ(റഹ്)കർബല മൈതാനത്തും,പിന്നെ കൂഫയിലും അവസാനം ഡമാസ്കസിലുംവെച്ച് വധിക്കപ്പെടുന്നതിൽനിന്ന് രക്ഷിച്ചത് ഹദ്റത്ത് സയ്നബായിരുന്നു.

ഹദ്റത്ത് ഫാത്വിമ(റ)തന്റെ മക്കളെ നല്ല ശിക്ഷണം നല്കി വളർത്തി. അല്ലാഹുവിനേയും റസൂലിനേയും അനുസരിക്കേണ്ടത് എങ്ങനെയെന്ന് പഠിപ്പിച്ചു. സത്യത്തിന്റേയും സത്യസന്ധതയുടേയും കോന്തല എപ്പോഴും താങ്ങിപിടിക്കേണ്ടതെങ്ങനെയെന്ന് ഹദ്റത്ത് ഇമാം ഹുസയ്ൻ(റ)പഠിച്ചത് ആ മടിത്തട്ടിൽനിന്നായിരുന്നു. ഒരു ദിവസം നബി(സ)തിരുമേനി ഹസനേയും ഹുസയ്നേയും തന്റെ തുടയിലിരുത്തി. അവർ രണ്ടുപേരും നബി(സ)യെ കെട്ടിപ്പിടിച്ചിരുന്നു. നബി(സ)രണ്ടു പേരേയും നെഞ്ചോടു ചേർക്കുകയും ഇങ്ങനെ പ്രാർഥിക്കുകയും ചെയ്തു: 'അല്ലാഹുവേ! ഞാൻ ഇവരെ സ്നേഹിക്കുന്നു, നീയും ഇവരെ സ്നേഹിച്ചാലും. ഇവരെ സ്നേഹിക്കുന്ന വ്യക്തിയേയും സ്നേഹിച്ചാലും.' ഒരു ദിവസം പറഞ്ഞു: 'ഞാൻ ഹുസയ്നിൽ നിന്നാണ്, ഹുസയ്ൻ എന്നിൽ നിന്നാണ്.' ഇമാം ഹസൻ(റ) ജനിച്ചപ്പോൾ ആ സന്തോഷത്തിൽ ഹദ്റത്ത് ഫാത്വിമ(റ) ആഘോഷ പരിപാടി സംഘടിപ്പിച്ചു. എന്നാൽ, നബി(സ) പറഞ്ഞു: 'മകളേ! അവന്റെ മുടി കളയുക. ആ മുടിയുടെ തൂക്കം വെള്ളി ദരിദ്രരിലും അശരണരിലും വിതരണം ചെയ്യുക. അതു മതി.' ഹദ്റത്ത് ഹുസയ്ൻ(റ) ജനിച്ചപ്പോഴും അങ്ങനെ തന്നെ ചെയ്തു. ഹദ്റത്ത് ഹസൻ(റ)ഹിജറ 3-ാം വർഷവും ഹദ്റത്ത് ഹുസയ്ൻ (റ)ഹിജറ 4-ാം വർഷവുമാണ് ജനിച്ചത്. നബി(സ)ചെവിയിൽ ബാങ്കു കൊടുത്തു, തുപ്പൽ തൊട്ടു കൊടുത്തു. ഹദ്റത്ത് ഹസനും(റ) ഹദ്റത്ത് ഹുസയ്നും(റ) നബി(സ)യോടു ഏറെ സാദൃശ്യമുള്ളവരായിരുന്നു. ഹദ്റത്ത് ഹുസയ്ൻ(റ) തലമുതൽ കാലുവരെ നബി(സ) തന്നെയായിരുന്നു. നബി(സ)പറഞ്ഞു: 'ഈ ചെറുപ്പക്കാർ സ്വർഗത്തിലെ നേതാക്കന്മാരാണ്.' ഹദ്റത്ത് ഫാത്വിമയുടെ വീട്ടിൽ പോകുമ്പോഴെല്ലാം പറയും: 'എന്റെ കുട്ടികൾ, എന്റെ മകളുടെ കുട്ടികൾ.' അവരുടെ കരച്ചിൽ നബി(സ) തിരുമേനിക്ക് അസഹ്യമായിരുന്നു. ചുരുക്കം പറഞ്ഞാൽ, നബി(സ) തിരുമേനിക്ക് ഹദ്റത്ത് ഫാത്വിമ യോടും(റ) ഹദ്റത്ത് അലിയോടും(റ) അവരുടെ കുട്ടികളായ ഹദ്റത്ത് ഹസനോടും(റ) ഹദ്റത്ത് ഹുസയ്നോടും(റ) അതിരറ്റ സ്നേഹമായിരുന്നു.

വിവ. മൗലവി മുഹമ്മദ് ഇസ്മായിൽ

**റഫറൻസ്**

1. സയ്റുസ്സ്വഹാബിയാത് : മൗലാനാ സഈദ് അഹ്മദ് അൻസ്വാരി, മൗലാനാ അബ്ദുസ്സലാം നദ്‌വി, മൗലാനാ സയ്യിദ് സുലയ്മാൻ നദ്‌വി 2. സ്വഹാബിയാത് : മൗലാനാ നിയാസ് മുഹമ്മദുഖാൻ ഫത്ഹ്പുരി, 3. സീറത്തു ഖാത്തമുന്നബിയ്യീൻ (വാള്യം 2) ഹദ്റത്ത് മിർസാ ബശീർ അഹ്മദ് 4.സീറത്ത്അസ്‌വാജെ മുത്വഹ്ഹറാത്, സീറത്തെ സ്വഹാബിയാത്തെത്വയ്യിബാത് മാഇൽ ഖയ്ർ ആബാദി 5. ഫാത്വിമ ബിൻത് മുഹമ്മദ് ഉമർ അബുന്നസ്ർ (മിസ്റിലെ സുപ്രസിദ്ധ പണ്ഡിതൻ) വിവർത്തനം: ജനാബ് റഈസ് അഹ്മദ് ജഅ്ഫരീ 6. കുതുബെ അഹാദീഥ് ത്വബഖാത് ഇബ്നു സഅ്ദ്, സ്വഹീഹ് ബുഖാരി, അൽ അസ്വാബഃ, അബൂദാവൂദ്, സീറത്ത് ഇബ്നു ഹിശാം, ഇബ്നു തഅ്ഥീറിന്റെ ഗ്രന്ഥമായ അസദുൽഗാബഃ

## ജീവികളോടുള്ള സ്നേഹം

മുഴുവൻ ജീവജാലങ്ങൾക്കും കാരുണ്യമായിരുന്നു റസൂൽ തിരുമേനി(സ) മിണ്ടാപ്രാണികൾക്കും മനുഷ്യനെപോലെ അവകാശങ്ങളുണ്ടെന്നും പതിനാലുനൂറ്റാണ്ടുകൾക്ക് മുമ്പ് അവിടുന്ന് പഠിപ്പിച്ചു. അവയോട് ഏറ്റവും ദയയോടും കാരുണ്യത്തോടെയും പെരുമാറണമെന്നു എണ്ണമറ്റ പ്രവൃത്തിയിലൂടെയും ഉപദേശങ്ങളിലൂടെയും തിരുമേനി (സ) പഠിപ്പിച്ചു.

## ജൂതജനതയും ആധുനിക കാലവും 8

# നെപ്പോളിയന്റെ അനുഭാവം

ഫ്രഞ്ച് വിപ്ലവാനന്തരം യൂറോപ്പിലെ ചക്രവർത്തിയെപ്പോലെ അധികാരത്തിൽ വാണ നെപ്പോളിയൻ ബോണോപ്പാർട്ട് യഹൂദരോട് പൊതുവെ അനുഭാവം പുലർത്തി. നെപ്പോളിയന്റെ പതനത്തിന് ശേഷം ക്രിസ്തീയ യൂറോപ്പ് വീണ്ടും യഹൂദ പീഡനത്തിനുള്ള അരങ്ങൊരുക്കിയെങ്കിലും ചരിത്ര ഗതിയെ പിറകോട്ട് നയിക്കാൻ അവർക്കായില്ല.

**എ. എം മുഹമ്മദ് സലീം**

**ഫ്ര**ഞ്ച് വിപ്ലവാനന്തരം നെപ്പോളിയൻ ഫ്രാൻസിനെ അരാജകത്വത്തിൽ നിന്ന് രക്ഷിക്കുകമാത്രമല്ല യൂറോപ്പിനെ ഒരു സാമ്രാജ്യമാക്കി മാറ്റുകയും താൻ സ്വയം ഒരു സാമ്രാട്ടാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. യൂറോപ്പിലുണ്ടായ ഒട്ടേറെ ആധുനിക പുരോഗമനാശയങ്ങൾക്കും തുടക്കം കുറിച്ചത് നെപ്പോളിയനായിരുന്നു. ക്രിസ്തു സഭയെ വെറുത്തിരുന്ന നെപ്പോളിയന് പീഡിതരായ യഹൂദികളോട് താല്പര്യവും അനുഭാവവുമുണ്ടായിരുന്നു. എങ്കിലും നെപ്പോളിയന് യഹൂദരോടുള്ള വ്യക്തിപരമായ നിലപാടുകൾ വ്യക്തമല്ല. അവരോട് യോജിച്ചും വിയോജിച്ചും കൊണ്ടുള്ള നിരവധി പ്രസ്താവനകൾ അദ്ദേഹത്തിന്റേതായുണ്ട്. മതപരമായ പക്ഷപാതിത്വങ്ങളില്ലാത്ത ഒരു സിവിൽ സൊസൈറ്റി ഫ്രാൻസിലുണ്ടാകണമെന്നായിരുന്നു അദ്ദേഹം ഉദ്ദേശിച്ചതെന്ന് മനസ്സിലാക്കാം.

നെപ്പോളിയൻ എ. ഡി. 1799 ൽ തുർക്കി ഖിലാഫത്തിന്റെ കീഴിൽ ഫലസ്തീന്റെ ഭാഗമായിരുന്ന അക്രെ (Siege of Acre) ആക്രമിച്ചു കീഴടക്കാൻ വേണ്ടി ഉപരോധിക്കുകയുണ്ടായി. ഈജിപ്ത് അധിനിവേശം കഴിഞ്ഞു മടങ്ങുന്ന വഴിയാണ് അക്രെ അക്രമണം. തുർക്കി ഖിലാഫത്തിന് കീഴിലായിരുന്ന അക്രെ അന്ന് ഭരിച്ചിരുന്നത് അഹ്മദ് അൽ ജസ്സാർ പാഷയായിരുന്നു. ശക്തരായിരുന്ന ബ്രിട്ടീഷു സാമ്രാജ്യത്വത്തിന്റെ സഹായത്തോടെ നെപ്പോളിയന്റെ ഫ്രഞ്ച് സൈന്യത്തെ ജസ്സാർ പാഷ പരാജയപ്പെടുത്തി. ഇന്നത്തെ ഇസ്റായേലിലെ പടിഞ്ഞാറൻ ഗലീലി പ്രദേശത്തെ ഒരു നഗരമാണ് ആക്രെ. ഉപരോധാവസരത്തിൽ ഏഷ്യയിലും ആഫ്രിക്കയിലും യൂറോപ്പിലുമായി ചിതറി കിടന്ന ജൂതരോട് പുരാതന ജെറുസലേം പുനസ്ഥാപനത്തിന് തന്റെ കൊടിക്കീഴിൽ അണിനിരക്കാൻ വേണ്ടി നെപ്പോളിയൻ ആഹ്വാനം നടത്തിയതായും അതിനായി അവർക്ക് അദ്ദേഹം ആയുധങ്ങൾ. നൽകിയതായും പറയപ്പെടുന്നു. അങ്ങനെയൊരു പ്രഖ്യാപനം നടത്തിയെങ്കിൽ തന്നെ അത് യഥാർഥത്തിൽ ജെറുസെലം പിടിച്ചെടുക്കാനായിരുന്നില്ല ഒരു യുദ്ധ തന്ത്രം എന്ന നിലക്കായിരുന്നു ആ പ്രഖ്യാപനമെന്ന് ചില ചരിത്രകാരന്മാർ പറയുന്നു. അതായത് അക്രെ ഭരണാധികാരിയുടെ സമർഥനായ ഉപദേശകനും യഹൂദനുമായ ഹൈം ഫർഹിയെ സ്വാധീനിക്കാനായിരുന്നു ഇങ്ങനെയൊരു ആഹ്വാനം നെപ്പോളിയൻ നടത്തിയതെന്നാണ് അവരുടെ അഭി പ്രായം. ഒരു നൂറ്റാണ്ട് കഴിഞ്ഞ് 1940 കളിൽ നെപ്പോളിയന്റെ ഈ പ്രഖ്യാപനത്തിന്റെ ജർമൻ തർജമ കണ്ടുകിട്ടി എന്ന് പറഞ്ഞു കൊണ്ട് സിയോണിസ്റ്റ് പ്രസ്ഥാനക്കാർ വൻ പ്രചാരണം നടത്തുകയുണ്ടായി. സിയോണിസ്റ്റുകളുടെ ഇസ്റായേൽ രാഷ്ട്രത്തിന്റെ കരട് പ്രഖ്യാപനം നെപ്പോളിയന്റെ ഈ വിളംബരത്തിലുണ്ടെന്ന് പറഞ്ഞ് അവർ ഇതിനെ ഉപയോഗപ്പെടുത്തി. 'ഫലസ്തീന്റെ യഥാർഥ അവകാശികൾ' (Rightfull heirs of Palestine ), (ഒരു ദേശീയ ജനവിഭാഗം എന്ന നിലക്ക് ദേശീയ ജനതകൾക്കിടയിലെ നിങ്ങളുടെ രാഷ്ട്രീയ അസ്തിത്വം' (Your political existence as a nation among tha nations) എന്നീ സയണിസത്തിന്റെ ശൈലികൾ ഈ നെപ്പോളിയൻ വിളംബര ത്തിലുള്ളതാണെന്നും അവർ പ്രചരിപ്പിച്ചു. Simon Schwarz fuchs എഴുതിയ 'Obstinate Hebrews: representation of Jews in France 1715-1815'എന്ന പുസ്തകത്തിൽ സിയോണിസ്റ്റുകൾ പ്രചരിപ്പിക്കുന്ന ഈ രേഖ വ്യാജമാണെന്ന് തെളിയിച്ചിട്ടുണ്ട്.


നെപ്പോളിയൻ

1806 ൽ ജനുവരിയിൽ ആസ്റ്റർപിറ്റ്

യുദ്ധം കഴിഞ്ഞ് മടങ്ങിവരുമ്പോൾ നെപ്പോളിയൻ സ്ട്രാസ്ബർഗിൽ തങ്ങുക യുണ്ടായി. അൽസാസ് പ്രദേശ ത്തുള്ള പാവപ്പെട്ട കർഷകത്തൊഴിലാളികൾ തങ്ങളെ സാമ്പത്തിക പ്രയാസങ്ങളിൽ നിന്നും രക്ഷിക്കാനുള്ള അപേക്ഷ യുമായി നെപ്പോളിയനെ സമീപിച്ചു. ഫ്രെഞ്ച് വിപ്ലവം ഈ തൊഴിലാളികളെ പൊടുന്നനെ ഫ്യൂഡൽ പ്രഭുത്വത്തിന്റെ ദാസ്യത്തിൽ നിന്ന് മോചിപ്പിച്ചപ്പോൾ അവർക്ക് തൊഴിൽ നഷ്ടപ്പെടുകയും വിശപ്പടക്കാനുള്ള മറ്റു മാർഗങ്ങളില്ലാതെ ഉഴലുകയുമായിരുന്നു. അവിടെയുള്ള ബാങ്കർമാർ മുഴുവനും ജർമൻ ജൂതന്മാരായിരുന്നു. അവരോട് പാവപ്പെട്ട കർഷകർക്ക് ഭൂമിയും ഉപകരണങ്ങളും വാങ്ങാൻ പണം കടം കൊടുക്കണമെന്ന് നെപ്പോളിയൻ ആജ്ഞാപിച്ചു. ബാങ്കർമാർ പതിനാറ് ശതമാനം പലിശക്ക് പാവപ്പെട്ട കർഷകർക്ക് കടം നൽകി. ഇത് വളരെ അധികമായിരുന്നു.കൊള്ള പലിശക്ക് വിധേയരായ കർഷകർക്ക് അത് തിരിച്ചടക്കാനായില്ല. അൽസാസിലെ കർഷകർ ക്ഷുഭിതരായി യഹൂദികളെ അക്രമിക്കാനൊരുങ്ങി വിവരം നെപ്പോളി യനറിഞ്ഞു. ഇത് ചർച്ചചെയ്യാൻ അദ്ദേ ഹം ഒരു കൗൺസിൽ വിളിച്ചു ചേർത്തു. അപ്പോൾ ചിലർ യഹൂദികളുടെ കൊള്ള പലിശക്കെതിരെ കർശന നിലപാട് സ്വീകരിക്കണമെന്നും ബാങ്കിംഗ് ലൈസ ൻസ് എടുത്തുകളയണമെന്നും അഭിപ്രാ യപ്പെട്ടു. മറ്റു ചിലരാകട്ടെ അവരുടെ പൗരാവകാശങ്ങൾ നിരോധിക്കുന്ന തിനോട് വിയോജിച്ചു. നെപ്പോളിയൻ രണ്ടു കൂട്ടരേയും അനുരഞ്ജിപ്പിച്ചു. അൽസാസിലെ യഹൂദർ ഒരു വർഷ ത്തേക്ക് കടം തിരികെ വാങ്ങരുതെന്ന് നിർദേശിച്ചു. തുടർന്ന് യഹൂദരും ക്രിസ്ത്യാനികളുമായുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ അദ്ദേഹം ഒരു കൗൺ സിൽ വിളിച്ചു ചേർക്കുകയും ചെയ്തു. അതിന് മുമ്പ് നെപ്പോളിയൻ യഹൂദ ന്മാർക്ക് ഒരു ചോദ്യാവലി നൽകിയിരുന്നു. ആ ചോദ്യാവലി ചർച്ച ചെയ്യാൻ യഹൂദ പ്രമാണിമാരും റബ്ബിമാരും സാധാരണ ക്കാരും 1806 ജൂലായ് മാസം പാരീസിലെ ഒരു ഹോട്ടലിൽ സമ്മേളിച്ചു. നെപ്പോളി യന്റെ ചോദ്യങ്ങൾ ഇവയായിരുന്നു. ജൂതന്മാർ ബഹുഭാര്യത്വം ആചരിക്കു ന്നുണ്ടോ?. ജൂതന്മാർ ക്രിസ്ത്യാനികളെ വിവാഹം കഴിക്കുമോ? വിവാഹ മോചനം നടത്തുവാൻ റബ്ബിമാർക്ക് (യഹൂദ പുരോഹിതന്മാർക്ക്) സ്വതന്ത്ര അധികാര മുണ്ടോ? അതോ സിവിൽ അധികാരി കളുടെ അംഗീകാരം വേണമോ? യഹൂദി കൾ പലിശ അനുവദനീയമാണെന്ന് കരുതുന്നുവോ? നെപ്പോളിയനെ സന്തോ ഷിപ്പിക്കുന്ന രൂപത്തിൽ മറുപടി പറയാൻ യഹൂദർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അവരുടെ ഉത്തരം ഇപ്രകാരമായിരുന്നു. ബഹു ഭാര്യത്വം യഹൂദ സമുദായം നിരോധിച്ചിരിക്കുന്നു. സിവിൽ കോടതി കളുടെ അംഗീകാരത്തിന് വിധേയമായി മാത്രമേ വിവാഹ മോചനം അനുവദി ക്കുകയുള്ളൂ. ക്രിസ്ത്യാനികളുമായുള്ള വിവാഹം അനുവദനീയമാണ്. പലിശ മോസസ്സിന്റെ നിയമത്തിന് വിരുദ്ധമാണ്. യഹൂദമുഖ്യന്മാരുടെ ഉത്തരം കേട്ട് സംതൃപ്തനായ നെപ്പോളിയൻ കൗണ്ട് ലൂയീസ് മോലിനെ തന്റെ തൃപ്തി അറിയിക്കാൻ യഹൂദരുടെ അടുക്കലേക്ക് പറഞ്ഞയച്ചു. അദ്ദേഹം പറഞ്ഞ വാക്ക് വിൽ ഡ്യൂറന്റ് തന്റെ പുസ്തകത്തിലു ദ്ധരിച്ചിട്ടുണ്ട്. പുരാതനമായ ഒരു ജനത യുടെ ഈ സംഗമം കാണുമ്പോൾ ആരാണ് അദ്ഭുതപ്പെടാതിരിക്കുക. കഴിഞ്ഞനൂറ്റാണ്ടിലെ ആരെങ്കിലുമൊരാൾ മടങ്ങിവരികയും അയാൾ ഈ കാഴ്ച്ച കാണുകയും ചെയ്യതാൽ വിശുദ്ധ നഗരത്തിന്റെ (ജെറുസലെമിന്റെ) ഭിത്തി ക്കുള്ളിൽ അയാൾ പറിച്ചു നട്ടവനാണോ എന്ന് സംശയം തോന്നാം!



യഹൂദികളുടെ പൗരാവകാശങ്ങളുടെ പ്രഖ്യാപനം നടത്താൻ ഒരു സുനേദ്രം വിളിച്ചു ചേർക്കാൻ നെപ്പോളിയൻ ഉത്തരവിട്ടു. സുനേദ്രം എന്നാൽ യഹൂദികളുടെ പരമോന്നത സഭയാണ്. അത് എ.ഡി. 66 ൽ ടൈറ്റസ് ജെറുസലേം ആക്രമിക്കുന്നതിന് തൊട്ടു മുമ്പായിരുന്നു വിളിച്ചു ചേർത്തത്. പതിനേഴ് നൂറ്റാണ്ടു കൾക്ക് ശേഷം യഹൂദികൾ സുനേദ്രം വിളിച്ചു ചേർക്കണമെന്ന് നെപ്പോളിയന്റെ അഭ്യർഥന ജൂതന്മാരിൽ എന്തെന്നില്ലാത്ത ആത്മാഭിമാനവും ആഹ്ലാദവും സംജാത മാക്കി. യൂറോപ്പിലെ എല്ലാ പ്രമുഖ സിനഗോഗുകളിൽനിന്നും സുനേദ്രത്തിന് പ്രതിനിധികളെ അയക്കാനുള്ള ഫ്രെഞ്ച് സാമ്രാട്ടിന്റെ ക്ഷണം അയച്ചു. ഫ്രെഞ്ച് പൗരന്മാർക്കെന്നപോലെ ചരിത്രത്തി ലാദ്യമായി അവർക്ക് തുല്യപൗരാ വകാശം കൊടുക്കാൻ പോകുകയായിരു ന്നു. ഈ മഹൽ സുദിനത്തെ ക്കുറിച്ചുള്ള വിചാരം പോലും യഹൂദരിൽ ഹർഷോ ന്മാദമുണ്ടാക്കി. നിർഭാഗ്യകരമെന്ന് പറയട്ടെ സുനേദ്രത്തിന് നിശ്ചയിക്കപ്പെട്ട ഏഴു ദിവസങ്ങൾക്ക് മുമ്പ് നെപ്പോളിയൻ ഒരു പടയോട്ടത്തിൽ ഏർപ്പെട്ടു പോയ തിനാൽ സുനേദ്രം നടക്കാതെ പോയി. 1807 ഫെബ്രുവരി 9-ാം തീയതി ചേർന്ന മറ്റൊരു യോഗത്തിൽ 45 റബ്ബിമാ രും 26 യഹൂദ പ്രമുഖരും പങ്കെടുത്തു. നെപ്പോളിയന്റെ പ്രതിനിധിയായി പങ്കെടു ത്തവർ യഹൂദരോട് ചില വിശദീകരണ ങ്ങൾ വീണ്ടും ആരായു കയും യഹൂദർ അതിന് മറുപടി പറയുകയും ചെയ്തു. യഹൂദരോട് അവർ ചില നിർദേശങ്ങൾ നൽകി. അതായത്, ക്രിസ്ത്യാനിക ളോടുള്ള വിരോധം അവസാനിപ്പിക്കുക, അവരുടെ സ്വന്തം രാജ്യം എന്നപോലെ ഫ്രാൻസിനെ സ്നേഹിക്കുക, രാജ്യ രക്ഷക്കുള്ള സൈനിക സേവനങ്ങളിൽ ഏർപ്പെടുക, പലിശ വ്യാപാര മൊഴിവാ ക്കുക, കൃഷിയിലേക്കും കരകൗശല വ്യവസായത്തിലേക്കും കലാവസ്തു നിർമാണത്തിലേക്കും കൂടുതലായി

ഏർപ്പെടുക മുതലായവയായിരുന്നു നിർദേശങ്ങൾ.

ഒരു വർഷത്തിന് ശേഷം 1888 മാർച്ച് 18 ന് നെപ്പോളിയൻ യഹൂദികളെ സംബന്ധിച്ച് അന്തിമ പ്രഖ്യാപനം നടത്തുകയുണ്ടായി. ലോറെയ്സും അൽസാസും ഒഴികെ ഫ്രാൻസിലെ മുഴുവൻ യഹൂദർക്കും പൂർണ പൗര സ്വാതന്ത്ര്യം നെപ്പോളിയൻ പ്രഖ്യാപിച്ചു. പത്ത് വർഷത്തിന് ശേഷം ലൊറെയ്തിനിലേയും അൽസാസിലെയും സ്ഥലങ്ങളിലെ കുട്ടികളുടെയും പട്ടാളക്കാരുടെയും പലിശകളെല്ലാം യഹൂദർ മാപ്പാക്കി. അവിടെ യഹൂദർക്ക് പ്രത്യേകം ലൈസൻസില്ലാ കച്ചവടം ചെയ്യാൻ അനുവദിക്കുകയും ചെയ്തു. 1810 ൽ നെപ്പോളിയൻ ചക്രവർത്തി ഫ്രഞ്ച് സമൂഹവുമായി കൂടുതൽ കൂടിക്കലരാൻ വേണ്ടി ഫ്രഞ്ച് ഭാഷയിലുള്ള കുടുംബ നാമങ്ങൾ ഉപയോഗിക്കണമെന്ന് യഹൂദരോട് നിർദേശിക്കുകയും ചെയ്തു. റോമിലെ ജസ്റ്റീനിയൻ ചക്രവർത്തിക്ക് ശേഷം യൂറോപ്പിലെ സിവിൽ ക്രിമിനൽ നിയമങ്ങൾ പരിഷ്ക്കരിച്ച് ക്രോഡീകരിച്ചതിന്റെ പ്രശസ്തി നെപ്പോളിയന് മാത്രം അവകാശപ്പെട്ടതാണ്. നെപ്പോളിയന്റെ നിയമ സംഹിത (Napolian Code) എന്നാണ് അത് അറിപ്പെടുന്നത്. സിവിൽ സമത്വം, മത സഹിഷ്ണുത, കൃഷിക്കാരുടെ വിമോചനം, പൊതു വിചാരണ, ജൂറി സമ്പ്രദായം എന്നീ പരിഷ്ക്കാരങ്ങളെല്ലാം നെപ്പോളിയന്റേതായിരുന്നു- സ്വാഭാവികമായും യഹൂദ സമുദായവും ഇതിന്റെയെല്ലാം ഗുണഭോക്താക്കളായി മാറി.

### വിയന്നാ കോൺഗ്രസ്സും യഹൂദികളും

യൂറോപ്പിനെ സ്വന്തം കാൽകീഴിലാക്കിയ നെപ്പോളിയന് ബ്രിട്ടനെ പരാജയപ്പെടുത്താൻ കഴിഞ്ഞില്ല. തന്റെ വരുതിയിലാക്കിയ യൂറോപ്യൻ രാജ്യങ്ങളെ പങ്കെടുപ്പിച്ച് കൊണ്ട് ഒരു ഉപരോധ വ്യവസ്ഥ ബ്രിട്ടനെതിരെ സംഘടിപ്പിച്ചെങ്കിലും നാവിക ശക്തിയിൽ അജയ്യമായിരുന്ന ബ്രിട്ടനെ പരാജയപ്പെടുത്താൻ നെപ്പോളിയനായില്ല. ബ്രിട്ടീഷ് ഉൽപ്പന്നങ്ങൾ ആവശ്യമായിരുന്ന യൂറോപ്യൻ രാജ്യങ്ങളിൽ ഈ ഉപരോധം വിജയം കണ്ടില്ല. യൂറോപ്യൻ രാജ്യങ്ങളെ അടിച്ചമർത്തിക്കൊണ്ടുള്ള നെപ്പോളി യന്റെ ഏകാധിപത്യ ഭരണം തദ്ദേശീയ വികാരം ആളിക്ക ത്തിക്കുകയും ഫ്രാൻസിനെതിരെ തിരിയാനും ആഞ്ഞടിക്കാനും ആ രാജ്യങ്ങളെ പ്രേരിപ്പിക്കുകയും ചെയ്തു. സ്പെയിൻ, പ്രഷ്യ, ജർമനി, റഷ്യ എന്നീ രാജ്യങ്ങൾ നെപ്പോളിയനോട് യുദ്ധം പ്രഖ്യാപിച്ചു. അവസാനം വാട്ടർ ലൂ യുദ്ധത്തിൽ വെച്ച് നെപ്പോളിയൻ ബ്രിട്ടനോടു തോറ്റു. അദ്ദേഹത്തെ സെന്റ് ഹെലീനാ ദ്വീപിലേക്ക് ബ്രിട്ടീഷുകാർ നാടുകടത്തി. അവിടെ വെച്ച് നെപ്പോളിയൻ കാൻസർ ബാധിച്ച് മരിച്ചു.

യൂറോപ്പിന്റെ രാഷ്ട്രീയ മണ്ഡലത്തിൽ നിന്ന് ഉൾവലിഞ്ഞ രാജഭരണം നെപ്പോളിയന്റെ പതനത്തിന് ശേഷം വീണ്ടും ശക്തിയാർജിച്ചു തലപൊക്കി. പഴയ ഫ്യൂഡൽ ക്രിസ്തീയ വാഴ്ച്ചയിലേക്ക് യൂറോപ്പിനെ പിടിച്ചു വലിക്കാനും യഹൂദികൾക്ക് അനുവദിച്ച പൗരാവകാശങ്ങൾ റദ്ദ് ചെയ്യാനും നീക്കങ്ങളുണ്ടായി. നെപ്പോളിയൻ തന്റെ പതനം ആസന്നമായപ്പോൾ പറഞ്ഞത് ഏറേക്കുറേ അന്വർഥമായി. വാട്ടലൂവിൽ തന്റെ പതനത്തിൽ യൂറോപ്പ് പരിതപിക്കുമെന്നായിരുന്നു അദ്ദേഹം പറഞ്ഞത്. യൂറോപ്യൻ രാജാക്കന്മാർ ആസ്ത്രിയയുടെ തലസ്ഥാനമായ വിയന്നയിൽ സമ്മേളിച്ചു 1815 ലെ ഈ സമ്മേളനത്തെയാണ് വിയന്നാ കോൺഗ്രസ്സ് എന്ന് വിളിക്കുന്നത്. നെപ്പോളിയൻ ഏകീകരിച്ച യൂറോപ്പിന്റെ ഭൂപടം രണ്ടാമതും മാറ്റി വരക്കാനാ യിരുന്നു പിന്തിരിപ്പന്മാരായ രാജാക്കന്മാരുടെ ശ്രമം. ചരിത്രത്തിലാദ്യമായി ജൂതന്മാരുടെ അവകാശങ്ങൾ വിയന്നാ കോൺഗ്രസ്സ് പുനസ്ഥാപിച്ചെങ്കിലും യാഥാസ്ഥിതികന്മാർ ചില വ്യവസ്ഥകൾ ജൂതന്മാരുടെ മേൽ അടിച്ചേൽപ്പിക്കുകയുണ്ടായി. വിദേശ ശക്തികളുടെ പ്രേരണയാൽ ജൂത വിമോചനം കൊണ്ടു വരുന്നതിനോട് ക്രിസ്തീയ രാജാക്കന്മാർ യോജിച്ചില്ല. ഇക്കാര്യത്തിൽ അതായത് രാജക്കന്മാരാണ് തീരുമാനമെടുക്കേണ്ടതെന്ന് അവർ വാദിച്ചു. യൂറോപ്പിലെ വിശുദ്ധ സഖ്യം എന്നറിയപ്പെട്ടിരുന്ന റഷ്യയിലും പ്രഷ്യയിലും ആസ്ത്രിയയിലും യഹൂദികൾക്കെതിരെ നിരവധി ലഘു ലേഖകളും പ്രചാരണങ്ങളും പ്രത്യക്ഷപ്പെട്ടു. അതായത് ക്രിസ്ത്യാനികൾക്കൊപ്പം തുല്യ പൗരന്മാരായി യഹൂദരെ കാണാൻ ഒരിക്കലും സാധ്യമല്ല എന്നായിരുന്നു അവരുടെ നിലപാട്. ഹോളണ്ടൊഴികെ യൂറോപ്പിലുടനീളം യഹൂദന്മാർക്കെതിരെയുള്ള യൂറോപ്പിന്റെ പഴയ വിരോധം വീണ്ടും നാമ്പെടുത്തു. ഫ്രഞ്ചു വിപ്ലവം വരെ യൂറോപ്പിൽ യഹൂദർക്ക് നിരോധനങ്ങളും വിലക്കുകളുമായിരുന്നു. യൂറോപ്പിലെ പൊതു നിയമം ആ സ്ഥിതിയിലേക്ക് തിരിച്ച് പോകാൻ വെമ്പി, പക്ഷേ ചരിത്രഗതി പിറകോട്ട് നയിക്കാൻ ആരാലും സാദ്ധ്യമല്ലായിരുന്നു. പൗരന്മാർ എന്ന നിലക്ക് എല്ലാ അവകാശങ്ങളും എല്ലാ മനുഷ്യർക്കും തുല്യമായി ലഭിക്കണമെന്ന പൊതുജനാഭിപ്രായം അപ്പോഴേക്കും യൂറോപ്പിൽ രൂഢമൂലമായിക്കഴിഞ്ഞി രുന്നു.

യഹൂദികൾ പൊതു സമൂഹവുമായി കൂടുതൽ ഇഴുകി ചേർന്ന് കൊണ്ട് അവരുടെ ഗട്ടോവിലുള്ള ജീവിതവും ബാഹ്യമായ മതചിഹ്നങ്ങളും അതിശീഘ്രം ഉപേക്ഷിച്ചു. ക്രിസ്യൻ സമൂഹത്തിലെ മാറിയ പരിതസ്ഥിതി എപ്പോഴും തകിടം മറിയാൻ സാദ്ധ്യതയുണ്ടെന്ന യഹൂദികളുടെ ഭയം അവരുടെ പരിഷ്ക്കരണ സംരഭങ്ങൾക്ക് ആക്കം കൂട്ടി. ചരിത്രത്തിന്റെ തിക്തയാഥാർഥ്യങ്ങളിൽ നിന്നും പാഠം ഉൾക്കൊണ്ട യഹൂദികൾ മതപരവും സാമൂഹികവമായ ഒരു പാട് മാറ്റങ്ങൾ സ്വയം വരുത്തി. പുതിയ സാമൂഹിക വ്യവസ്ഥയിൽ ജീവിക്കാനുള്ള അനുകൂല നയങ്ങൾ അതീജീവന തന്ത്രമെന്ന നിലയിൽ യഹൂദികൾ അതിവേഗം സ്വായത്തമാക്കി. വിശുദ്ധ ഖുർആൻ പറഞ്ഞത് പോലെ ജനങ്ങളുമായുള്ള കരാറിലൂടെ അവർ വിമോചനം നേടുകയായിരുന്നു.
(തുടരും)

### അസൂയയും വിദ്വേഷവും

നിങ്ങൾ പരസ്പരം അസൂയാലുക്കളാകരുത്. പരസ്പരം മത്സരിച്ച് വില പേശരുത്. പരസ്പരം വെറുക്കരുത്. പിന്തിരിഞ്ഞു നിൽക്കരുത്. നിങ്ങളിൽ ചിലർ ചിലർക്കെതിരായി വിൽപ്പന നടത്തുകയുമരുത്.

**(നബി വചനം – മുസ്ലിം)**

# കപട വിശ്വാസിയുടെ കുത്ത് വാക്കും റസൂൽ തിരുമേനി(സ)യുടെ ഔദാര്യവും

കപട വിശ്വാസികളുടെ നേതാവായ അബ്ദുല്ലാ ഇബ്നു ഉബയ്യ് ഇബ്നി സുലുൽ റസൂൽ തിരുമേനി (സ) യെ അങ്ങേയറ്റം വിഷമിപ്പിച്ച യാളായിരുന്നു. മതനിന്ദകന്മാരെ വധിച്ചുകളയണമെന്ന് പറയുന്ന മുസ് ലിം നാമധരികളായ തീവ്രവാദികൾ റസൂൽ തിരുമേനി(സ)യുടെ അബ്ദുല്ലാ ഇബ്നു ഉബയ്യിനോട് കാണിച്ച സമീപനം എന്താണെന്നറിയേണ്ടതുണ്ട്

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

കപട വിശ്വാസികളുടെ നേതാവായ അബ്ദുല്ലാ ഇബ്നു ഉബയ്യ് ഇബ്നി സുലുൽ നടത്തിയ ഗുരുതരമായ മതനിന്ദയെക്കുറിച്ച് ഖുർആൻ തന്നെ രേഖപ്പെടുത്തുന്നു ഒരിക്കൽ ഒരു ദൗത്യത്തിൽ പങ്കെടുത്ത് മദീനയിലേക്ക് മടങ്ങുന്ന അവസരത്തിൽ മറ്റുള്ളവരുടെ കൂടെ നിന്ന് കൊണ്ട് അബ്ദുല്ലാ ഇബ്നു ഉബയ്യ് ഇങ്ങനെ പ്രസ്താവിച്ചു:

"ഏറ്റവും വന്ദ്യനായ ആൾ മദീനയിലെ ഏറ്റവും നിന്ദ്യനായ ആളെ പുറത്താക്കും." വിശുദ്ധ ഖുർആൻ ഇത് സംബന്ധിച്ച് പറയുന്നു:

'നാം മദീനയിലേക്ക് തിരിച്ചു ചെന്നാൽ ഏറ്റവും ബഹുമാന്യനായ ഒരാൾ ഏറ്റവും നിന്ദ്യനായ ഒരാളെ അവിടെനിന്ന് പുറത്താക്കുക തന്നെ ചെയ്യുമെന്ന് അവർ പറയുന്നു. എന്നാൽ യഥാർഥ ബഹുമതി അല്ലാഹുവിനും അവന്റെ ദൂതനും സത്യവിശ്വാസികൾക്കുമുള്ളതത്രെ. പക്ഷേ കപട വിശ്വാസികൾ അതറിയുന്നില്ല'(83:9)

ആബ്ദുല്ല ഇബ്നു സുലുലിന്റെ വാക്കുകളിൽ ഉള്ളടങ്ങിയിട്ടുള്ള റസൂൽ തിരുമേനിക്കുറിച്ചുള്ള നിഗൂഢമായ നിന്ദയെക്കുറിച്ച് എല്ലാവർക്കും മനസ്സിലായി. ഇത് കേട്ടപ്പോൾ അവർ ധാർമിക രോഷത്താൽ പ്രക്ഷുബ്ധരായി. എത്രത്തോളമെന്നാൽ അനുവാദം നൽകപ്പെടുകയാണെങ്കിൽ അബ്ദുല്ല ഇബ്നു ഉബയ്യയെ അവർ വാളിനിരയാക്കുമായിരുന്നു.

ഈ സംഭവത്തെ തുടർന്ന് റസൂൽ തിരുമേനി (സ) യുടെ അനുചരന്മാരുടെ വികാര വിക്ഷോഭത്തിന് മൂർദ്ധന്യ ദശ പ്രാപിച്ചതായി ആധികാരികമായി നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. അതായത് വികാരം അത്യുഗ്രമായി ജ്വലിച്ചു നിന്ന വ്യക്തി മറ്റാരുമായിരുന്നില്ല, അബദുല്ലാ ഇബ്നു ഉബയ്യിന്റെ സ്വന്തം പുത്രൻ തന്നെയായിരുന്നു ആ വ്യക്തി. അദ്ദേഹം റസൂൽ തിരുമേനിയെ സമീപിച്ച് സ്വന്തം പിതാവിനെ വധിക്കാൻ തന്നെ അനുവദിക്കണമെന്ന് അഭ്യർഥിച്ചു. മറ്റാരെങ്കിലും അദ്ദേഹത്തെ വധിക്കുകയാണെങ്കിൽ പിന്നീട് അജ്ഞത കാരണം തന്റെ പിതൃഘാതകന്റെ നേരെ തനിക്ക് പ്രതികാര ചിന്ത ഉദിച്ചേക്കാം എന്നായിരുന്നു ആ മകൻ വാദിച്ചത്. അടുത്ത ബന്ധുക്കളെ സംബന്ധിച്ച് ചെറിയ അപമാനങ്ങൾ പോലും നൂറ്റാണ്ടുകളോളം പക വെച്ചു പുലർത്തിയ ഒരു പാരമ്പര്യമായിരുന്നു അറബികളുടേത്. ഒരു പക്ഷേ ഈ പരമ്പര്യത്തെക്കുറിച്ചുള്ള ചിന്തയായിരിക്കാം അപ്പോൾ ആ പുത്രന്റെ മനസ്സിലുണ്ടായിരുന്നത്. പക്ഷേ റസൂൽ തിരുമേനി (സ) ആ അപേക്ഷ നിരസിച്ചു. മാത്രമല്ല അബ്ദുല്ലാ ഇബ്നു ഉബയ്യയെ യാതൊരു വിധത്തിലും ശിക്ഷിക്കാൻ തന്റെ അനുയായികളിലാരെയും അനുവദിച്ചതുമില്ല (ഇബ്നു ഇശ്ഹാഖ് നിവേദനം - അൽ സീറത്തുന്നബവിയ്യ- ഇബ്നു ഹാശിം ഭാഗം 3 പേ 155)

മദീനയിലേക്ക് വന്നതിന് ശേഷം അബ്ദുല്ലാ ഇബ്നു ഉബയ്യ് വളരെ സമാധാനപരമായി ജീവിച്ചു. തീർച്ചയായും അദ്ദേഹം സാധാരണ നിലയിൽ മരിക്കുകയും ചെയ്തു. റസൂൽ തിരുമേനി (സ) അബ്ദുല്ലാ ഇബ്നു ഉബയ്യിന്റെ മൃതശരീരം പുതപ്പിക്കാൻ തന്റെ സ്വന്തം കുപ്പായം അദ്ദേഹത്തിന്റെ മകന് നൽകുകയുണ്ടായി. അനുഗ്രഹത്തിനായിട്ടായിരുന്നു റസൂൽ തിരുമേനി (സ)യുടെ ഈ പ്രവൃത്തി. മറ്റു അനുചരന്മാർ അവരുടെ പക്കലുള്ളതെല്ലാം നൽകി റസൂൽ തിരുമേനി(സ) യുടെ ആ വസ്ത്രം അദ്ദേഹത്തിൽ നിന്നും സ്വന്തമാക്കാൻ ആഗ്രഹിച്ചിരുന്നിരിക്കണം. അത് മാത്രമല്ല റസൂൽ തിരുമേനി(സ) അദ്ദേഹത്തിന്റെ ജനാസ നമസ്ക്കാരത്തിന് നേതൃത്വം നൽകി. ഈ തീരുമാനം റസൂൽ തിരുമേനി (സ) യുടെ പല അനു ചരന്മാരേയും വല്ലാതെ അസ്വസ്ഥരാക്കി . നേരത്തെ പരാമർശിച്ച ഈ ഗുരുതരരമായ കുറ്റം കാരണം അവർ ഒരിക്കലും അബ്ദുല്ലാ ഇബ്നു ഉബയ്യക്ക് മാപ്പ് കൊടുക്കാൻ തയ്യാറായിരുന്നില്ല. പിന്നീട് രണ്ടാം ഖലീഫയായ ഉമറുബ്നു ഖത്താബിന് ഇത് സഹിക്കാനായില്ല. അദ്ദേഹം ഇതിനെതിരെ റസൂൽ തിരുമേനി(സ) യോട് തുറന്ന് പറഞ്ഞു. ആ

# ഉമർ(റ)യും ഈസാ നബി(അ)ന്റെ മരണവും

മുസ്‌ലിം ലോകത്ത് ആദ്യമായുണ്ടായ ഏറ്റവും പ്രാമാണികവും ഏകീകൃതവുമായ അഭിപ്രായം മുഹമ്മദ് നബി(സ)ക്ക് മുമ്പുണ്ടായിരുന്ന എല്ലാ പ്ര വാചകന്മാരും മരിച്ചു പോയി എന്നതാണ്

**മാലിക്ക് അമീൻ കാക്കനാട്**

**പ്ര**വാചകന്റെ മരണവാർത്ത ഉമറിനെ അക്ഷരാർഥത്തിൽ അമ്പരപ്പിച്ചു. അത് വിശ്വസിക്കാൻ അദ്ദേഹം സന്നദ്ധനായില്ല. വിഭ്രാന്തമായ ആ മനസ്സിന്റെ പ്രതികരണം ഇതായിരുന്നു. മുഹമ്മദ് മരിച്ചുവെന്ന് ഒരു വിഭാഗം മുനാഫിഖുകൾ വാദിക്കുന്നു. അല്ലാഹുവാണെ അവിടുന്ന് മരിച്ചിട്ടില്ല. ഇംറാന്റെ പുത്രൻ മൂസാ പോയത് പോലെ അദ്ദേഹവും ദൈവസന്നിധിയിലേക്ക് പോയിരിക്കയാണ്. അദ്ദേഹം നാൽപ്പത്നാൾ തന്റെ ജനതയിൽ മറഞ്ഞിരുന്നു. പിന്നീട് തിരിച്ചു വന്നു. എന്നാൽ ജനം പറഞ്ഞു അദ്ദേഹം മരിച്ചുവെന്ന് . അതിനാൽ മൂസാ വന്നത് പോലെ നബി(സ)യും വരും. തിരുമേനി (സ) മരിച്ചുവെന്ന് വാദിക്കുന്നവന്റെ കൈകാലുകൾ തീർച്ചയായും ഛേദിക്കപ്പെടുക തന്നെ ചെയ്യും.

ഉമറിനെ സമാശ്വസിപ്പിക്കാനും സത്യം ബോദ്ധ്യപ്പെടുത്താനും മുഗീറ നടത്തിയ ശ്രമം വിഫലമാവുകയാണുണ്ടായത്. എങ്കിലും അധികം താമസിയാതെ അബൂബക്കർ സ്ഥലത്തെത്തി. പ്രവചകന്റെ വിയോഗം ഉറപ്പ് വരുത്തിയ ശേഷം അദ്ദേഹം വിളിച്ചു പറഞ്ഞു ആരെങ്കിലും മുഹമ്മദിനെയാണ് ആരാധിച്ചിരുന്നതെങ്കിൽ തീച്ചയായും മുഹമ്മദ് ഇതാ മരിച്ചു കഴിഞ്ഞിരിക്കുന്നു. ആരെങ്കിലും അല്ലാഹുവിനെയാണ് ആരാധിക്കുന്നതെങ്കിൽ അവൻ മരണമില്ലാത്തവനും ജീവിച്ചിരിക്കുന്നവനുമാണ്. തുടർന്ന് ഖുർആൻ സൂക്തം പാരായണം ചെയ്തു: മുഹമ്മദ് ദൈവദൂതനല്ലാതൊന്നുമല്ല അദ്ദേഹത്തിന് മുൻപ് പല പ്രവാചകന്മാരും കഴിഞ്ഞു പോയിട്ടുണ്ട്. അതിനാൽ അദ്ദേഹം മരിക്കുകയോ വധിക്കപ്പെടു കയോ ചെയ്താൽ നിങ്ങൾ പിറകോട്ട് തിരിഞ്ഞു പോകുകയോ ആരെങ്കിലും അങ്ങനെ ചെയ്യുന്ന പക്ഷം അത് അല്ലാഹു വിന് യാതൊരു ഉപദ്രവവും വരുത്തുകയില്ല. നന്ദി കാണിക്കുന്നവർക്ക് അല്ലാഹു പ്രതിഫലം നൽകുക തന്നെ ചെയ്യും.

അബൂബക്കറിന്റെ വാക്കുകളും ഖുർആൻ വചനങ്ങളും ഉമറിന് ബോധോദയമുണ്ടാക്കി. അദ്ദേഹം അല്ലാഹു വിന്റെ മുമ്പിൽ പ്രണമിച്ചു. ആ ദിവ്യ വചനം മുമ്പ് കേട്ടിട്ടില്ലാത്ത വിധം അദ്ദേഹത്തിന്റെ അന്തരംഗത്ത് ചലനങ്ങൾ സൃഷ്ടിച്ചു. ഒരു കൊച്ചു കുട്ടിയെ പോലെ ഉമർ വ്യഥിത ചിത്തനായി വിലപിച്ചു. ധീരനും കരുത്തനുമായ ആ യോദ്ധാവ് പ്രവാചകവിയോഗത്തിന് മുമ്പിൽ പകച്ചു നിന്നു, ഇടിവെട്ടേറ്റത് പോലെ (ഫാറൂക്ക് ഉമർ – ശൈഖ് മുഹമ്മദ് കാരക്കുന്ന്, പേജ് 52, 53)

ഇത് ഉമറി(റ)ന്റെ ജീവിതത്തിലുണ്ടായ വേദനാജനകമായ ഒരു സംഭവമാണ്. ലോകാനുഗ്രഹിയായ പ്രവാചകൻ ഇഹലോകവാസം വെടിയാൻ സമയമായിട്ടില്ലെന്ന് തെറ്റിദ്ധരിച്ച ഉമർ (റ) പ്രവാചകൻ മരിച്ചിട്ടില്ലെന്ന് വിശ്വസിക്കുകയും അങ്ങനെ ആരെങ്കിലും പറഞ്ഞാൽ ആ പറയുന്നവന്റെ ഗളം ഛേദിക്കുമെന്നും ആക്രോശിക്കുകയുണ്ടായി. ഈ സംഭവം അറിഞ്ഞ അബൂബക്കർ(റ) അവിടെ സന്നിഹിതനായിരുന്ന സഹാബി വര്യന്മാരെ അഭിസംബോധന ചെയ്തു കൊണ്ട് ഒരു ചെറിയ പ്രഭാഷണം നടത്തി. ആ പ്രഭാഷണത്തിൽ അദ്ദേഹം കാര്യങ്ങളുടെ നിജ സ്ഥിതി വ്യക്തമാക്കിക്കൊണ്ട് വിശുദ്ധ ഖുർആനി

സംഭവം ഇപ്രകാരം റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു.

‘റസൂൽ തിരുമേനി(സ) ജനാസ നമസ്ക്കാരത്തിന്നായി വരികയായിരുന്നു. പെട്ടെന്ന് ഉമർ മുന്നോട്ട് വന്നു. റസൂൽ തിരുമേനി(സ)യോട് തന്റെ തീരുമാനം മാറ്റുവാൻ യാചിച്ചു. പ്രവാചകൻ പോലും എഴുപത് തവണ മാപ്പിനായി ശുപാർശ ചെയ്താലും കപട വിശ്വാസികൾക്ക് വേണ്ടിയുള്ള ശുപാർശ സ്വീകരിക്കപ്പെടുകയില്ല എന്ന ഖുർആൻ വചനം റസൂൽ തിരുമേനി(സ)യെ ഓർമിപ്പിച്ചു. ആനു ഷംഗികമായി പറയട്ടെ എഴുപത് എന്ന സംഖ്യ അക്ഷരാർഥത്തിലെടുക്കേണ്ടതില്ല. ഇത് വളരെ കൂടുതൽ എന്ന അർഥത്തിൽ ആയിരുന്നു അറബികൾ ഉപയോഗിച്ചിരുന്നത്.

ഏതായാലും റസൂൽ തിരുമേനി(സ) മന്ദസ്മിതം പൊഴിച്ചു കൊണ്ട് പ്രതിവചിച്ചു. ‘ഉമറേ, മാറി നിൽക്കൂ. താങ്കളേക്കാൾ എനിക്ക് നന്നായി കാര്യങ്ങൾ അറിയാം. എഴുപത് വട്ടം അദ്ദേഹത്തിന് വേണ്ടി മാപ്പിരന്നാലും ദൈവം അദ്ദേഹത്തിന് പൊറുത്തു കൊടുക്കുന്നില്ലെങ്കിൽ ഞാൻ അദ്ദേഹത്തിന് വേണ്ടി എഴുപതിലധികം തവണ മാപ്പിരക്കുന്നതാണ്. പിന്നീട് റസൂൽ തിരുമേനി ജനാസ നമസ്ക്കാരത്തിന് നേതൃത്വം നൽകകുയുണ്ടായി’ (ബുഖാരി 2, കിതാബ് അൽ ജനായിസ് . പേ, 96–97)

ഇസ്‌ലാം മത സ്ഥാപകനായ റസൂൽ തിരുമേനി(സ)യെ നിന്ദിക്കുന്ന വർക്ക് മരണ ശിക്ഷ നൽകണമെന്ന് മുറവിളി കൂട്ടുന്നവർക്കുള്ള ഉചിതമായ മറുപടിയാണിത്. അത്തരമൊരു മതത്തി ന് മാത്രമേ മതാന്തരീയമായ സമാധാനം ലോകത്ത് സ്ഥാപിക്കണമെന്ന അവകാശ വാദമുന്നയിക്കാനാവൂ

ലെ സൂറത്ത് ആലുഇംറാനിലെ 145-ാമത്ത ആയത്ത് പാരായണം ചെയ്തു.' മുഹമ്മദ് ഒരു ദൈവദൂതൻ മാത്രമാണ് അദ്ദേഹത്തിന്ന് മുമ്പുണ്ടായിരുന്ന എല്ലാ ദൈവദൂതന്മാരും കാലഗതി പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു. അപ്പോൾ അദ്ദേഹം മരിക്കുകയോ, കൊല്ലപ്പെടുക്കുകയോ ചെയ്തിരുന്നുവെങ്കിൽ നിങ്ങൾ നിങ്ങളുടെ കുതികാലുകളിൻ മേൽ പിന്തിരിഞ്ഞു പോവുകയോ?

ഈ വിശുദ്ധ വചനം ഉമർ (റ) ന്റെ ബോധമണ്ഡലത്തിൽ തിരിച്ചറിവിന്റേയും വിവേകത്തിന്റേയും പ്രകാശം പരത്തി. തിരുദൂതർക്ക് മുമ്പ് കടന്നു പോയ സർവ പ്രവാചകന്മാരും മരണത്തിന്റെ കവാടത്തിലൂടെ കടന്ന് പോയി. അത് പോലെ മുഹമ്മദ് നബി(സ) യും മരണത്തിന്റെ കവാടത്തിലൂടെ ഇതാ കടന്നു പോയിരിക്കുന്നു എന്ന ഖുർ ആനിക വചനത്തിന്റെ സാരാംശം ഉമർ (റ) ന്റെ ഹൃദയത്തെ ദുഖസാന്ദ്രമാക്കി. മുഹമ്മദ് നബി (സ) മരിക്കുകയോ കൊല്ലപ്പെടുകയോ ചെയ്യുകയാണെങ്കിൽ നിങ്ങൾ നിങ്ങളുടെ കുതികാലുകളിൽ പിന്തിരിഞ്ഞുകളയുമോ? ഖുർആൻ വചനത്തിന്റെ ചോദ്യശരത്തിന് മുമ്പിൽ അദ്ദേഹം ശിരസു കുനിച്ചു. ഉമർ ശാന്തനായി. യാഥാർഥ്യവുമായി സമരസപ്പെട്ടു.

ഈ സംഭവം ഒരു മഹാസത്യത്തെയാണ് അനാവരണം ചെയ്യുന്നത്. ഈസാ നബി (അ) ആകാശത്ത് ജീവിച്ചിരിക്കുന്നു, അവസാന കാലം ലോകത്തേക്ക് തിരിച്ചുവരുമെന്നുമുള്ള അബദ്ധ വിശ്വാസ ത്തിന്റെ പൊള്ളത്തരങ്ങളെയാ ണ് അത് വെളിച്ചത്ത് കൊണ്ട് വന്നതെന്ന് ഈ സംഭവം വസ്തുനിഷ്ഠമായും നിഷ്പക്ഷമായും വിശകലനം ചെയ്താൽ മനസ്സിലാക്കാം.

ഹദ്റത്ത് ഉമർ (റ) നബി (സ) ഇഹലോക വാസം വെടിഞ്ഞിട്ടില്ലെന്ന് സമർഥിക്കാൻ ഉപോൽ ബലകമായി ചൂണ്ടിക്കാട്ടിയത് മൂസാ നബി (അ) തന്റെ അനുചരന്മാരിൽ നിന്നും മറഞ്ഞിരുന്ന സംഭവമാണ് . മൂസാനബി (അ) യെ നാൽപ്പത് ദിവസങ്ങളോളം കാണാതായപ്പോൾ മൂസാ നബി (അ) യുടെ ജനത അദ്ദേഹം മരിച്ചുപോയി എന്ന് നിനച്ചു. അവർ കരഞ്ഞു വിലപിച്ചു. പക്ഷേ മൂസാ നബി (അ) ജീവനോടെ വന്നു. അതുപോലെ നബി (സ) മരിച്ചിട്ടില്ല , മൂസാനബി(അ) തിരിച്ചു വന്നത് പോലെ വരുമെന്ന് സമർഥിക്കാനാണ് ഉമർ (റ) ശ്രമിച്ചത്. എന്നാൽ ഈസാ നബി (അ) ആകാശത്ത് ജീവിച്ചിരിക്കുന്നുവെന്നും അദ്ദേഹം തിരികെ ഇറങ്ങുമെന്നും ഉള്ള വിശ്വാസം പ്രവാചകന്റെ കാലഘട്ടത്തിൽ ഉണ്ടായിരുന്നുവെങ്കിൽ തീർച്ചയായും ഉമർ അത് ഉദ്ധരിക്കുമായിരുന്നു. മാത്രമല്ല അബൂബക്കറി (റ) ന്റെ വാദഗതിയെ ചോദ്യം ചെയ്യുകയും ചെയ്യുമായിരുന്നു. കാരണം ഉമർ ധീരനായിരുന്നു. തനിക്ക് തന്റെ അഭിപ്രായങ്ങൾ ആരോടും തുറന്ന് പറയാനും തനിക്ക് ഉൾക്കൊള്ളാൻ കഴിയാത്ത കാര്യങ്ങൾ വിയോജിക്കാനും സത്യത്തേയും അസത്യത്തേയും വേർതിരിച്ചു മനസ്സിലാക്കാനുമുള്ള ആർജവവും തന്റേടവും ഉമർ (റ)ന് ഉണ്ടായിരുന്നു. എന്നാൽ അദ്ദേഹം നിഷ്ക്കളങ്കനായ ഒരു കുട്ടിയെ പ്പോലെ അബൂബക്കറിന്റെ അഭി പ്രായത്തോട് യോജിക്കുകയാണ് ചെയ്തത്.

പ്രവാചകന്റെ കാലഘട്ടത്തിൽ ഈസാ നബി(അ) യെക്കുറിച്ച് മൂന്ന് തരത്തിലുള്ള അഭിപ്രായമാണ് പ്രചാരത്തിലുണ്ടായിരുന്നതെന്ന് ചരിത്രം സാക്ഷ്യം പറയുന്നു.

1-ഈസാ നബി (അ)യെ ശപ്തനാക്കി കുരിശിൽ തറച്ചു കൊന്നു വെന്ന യഹൂദരുടെ വിശ്വാസം 2- ഈസാ നബി(അ) കുരിശിൽ കിടന്ന് മരിച്ച് മൂന്നു നാൾക്ക് ശേഷം ആകാശത്തേക്ക് ഉയർന്ന് പോയി എന്ന ക്രൈസ്തവരുടെ വിശ്വാസം 3- ഇസാ നബി 120 വയസ്സിൽ സാധാരണ നിലയിൽ മരിച്ചു പോയി എന്ന വിശ്വാസം.. ഈ മൂന്ന് വിശ്വാസങ്ങൾക്കപ്പുറത്ത് നാലാമതൊരു വിശ്വാസം ആ കാലഘട്ടത്തിൽ ഉണ്ടായിരുന്നില്ല എന്നതാണ് യാഥാർഥ്യം. അങ്ങനെ നാലാമതൊരു വിശ്വാസം ഉണ്ടായിരുന്നുവെങ്കിൽ തീർച്ചയായും ഉമർ (റ)ന്റെ വാൾ അന്ന് ഉറയിൽ വിശ്രമിക്കുമായിരുന്നില്ല. പ്രവാചകന്റേയും ഖുലഫാഉർറാശിദീങ്ങളുടെയും കാലഘട്ടത്തിന് ശേഷം എവിടെ നിന്നോ എങ്ങനെയോ ഇസ്ലാമിക വിശ്വാസം എന്ന പേരിൽ കടന്നു കൂടിയ അന്ധവിശ്വാസമാണ് ഈസാ നബി (അ) ആകാശത്ത് ജീവിച്ചിരിക്കുന്നു എന്നത്. ഈ വിശ്വാസത്തിന് ഖുർആന്റെയോ ഹദീസിന്റെയോ ചരിത്ര രേഖകളുടെയോ യാതൊരു പിൻബലവുമില്ല. എന്നാൽ ഈ കാലഘട്ടത്തിലെ യുഗപുരുഷനായ ഹ: അഹ്മദ് (അ) ഈസാ നബി (അ) ആകാശത്ത് ജീവിച്ചിരിപ്പില്ല. മറ്റ് പ്രവാചകന്മാർ മരിച്ച് പോയത് പോലെ മരിച്ചു പോയിയെന്ന് വിശുദ്ധ ഖുർആനിലെ മുപ്പതോളം ആയത്തുകൾ ഉദ്ധരിച്ചു കൊണ്ട് വളരെ യുക്തി സഹജമായി സ്ഥാപിക്കുകയുണ്ടായി. ഈസാ നബി (അ) ആകാശത്ത് ജീവിച്ചിരിക്കുന്നുവെന്ന് വാദിക്കുന്ന ആളുകൾ വി. ഖുർ ആനിലെ ഒരു വാക്കോ വചനമോ എങ്കിലും ഉദ്ധരിച്ച് കൊണ്ട് ഹ: അഹ്മദി(അ)ന്റെ വാദത്തെ പ്രതിരോധി ക്കാൻ ശ്രമിക്കാതെ വിറങ്ങലിച്ചു നിൽക്കുന്ന കാഴ്ചയാണ് ഒരു നൂറ്റാണ്ടിൽ പരമായി ലോകം കണ്ടുകൊണ്ടിരി ക്കുന്നത്.

ഈസാ നബി(അ)യുടെ മരണവുമായി ബന്ധപ്പെട്ട ഹദ്റത്ത് അഹ്മദ് (അ) രചിച്ച യേശു മിശിഹാ ഇന്ത്യയിൽ എന്ന ഗവേഷണ കൃതി വിശ്വപ്രസിദ്ധമാണ്. ആ കൃതിയിൽ അദ്ദേഹം ബൈബിളിന്റേയും ഖുർആന്റെയും ഹദീസിന്റെയും വൈദ്യശാസ്ത്രഗ്രന്ഥങ്ങളുടെയും ചരിത്രരേഖകളുടെയും തെളിവുകൾ നിരത്തി വെച്ചു കൊണ്ട് ഈസാ നബി (അ) കുരിശിൽനിന്നും മരിക്കാതെ രക്ഷപ്പെടുകയും അവിടെ നിന്ന് ഇന്ത്യയിലേക്ക് പ്രയാണം ചെയ്ത് കാശ്മീരിൽ വെച്ച് ദിവംഗതനാകുകയുമാണുണ്ടായതെന്ന് തെളിയിക്കുന്നു. കാശ്മീരിലെ ശ്രീനഗറിൽ യൂസ് ആസഫ് എന്ന പ്രവാചകന്റേതായി അറിയപ്പെടുന്ന ഖബർ ഈസാ നബി (സ) യുടെതാണ് എന്നദ്ദേഹം സ്ഥാപിക്കുകയും ചെയ്തു. ഹദ്റത്ത് അഹ്മദി(അ) ന്റെ വാദഗതിക്കെതിരെ ലോകത്തെമ്പാടും കോലാഹലങ്ങളുടെ പരമ്പരകൾ മുഴക്കപ്പെടുന്നുണ്ടെങ്കിലും എതിരാളികളിൽ നിന്ന് ഒരാളും തന്നെ പ്രസ്തുത കൃതിക്ക് ഖണ്ഡനമെഴുതാനോ അവരുടെ വാദഗതികൾ ശരിയെന്ന് സ്ഥാപിച്ചു കൊണ്ട് ഗ്രന്ഥം രചിക്കാനോ അവർക്ക് ഇത് വരെ കഴിഞ്ഞിട്ടില്ല. എന്നാൽ എതിരാളികൾ ഹദ്റത്ത് അഹ്മദി (അ) നെ അസഭ്യം പറയാനും അടിസ്ഥാനരഹിതവും മാന്യതയുടെ സീമകൾ ലംഘിച്ചുമുള്ള ആക്ഷേപങ്ങൾ ഉന്നയിക്കാനുമാണ് അവരുടെ പുസ്തകതാളുകളും പത്രകോളങ്ങളും ഉപയോഗിച്ചത്.

ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കാണിക്കുന്ന സമീപനം സ്വീകരിച്ചു കൊണ്ട് എതിരാളികൾ ഹദ്റത്ത് അഹ്മദി (അ) നെ വളിച്ചതും പുളിച്ചതുമായ അസഭ്യങ്ങൾ കൊണ്ട് അഭിഷേകം ചെയ്തു കൊണ്ടിരുന്നപ്പോഴും പ്രസ്തുത ഗ്ര ന്ഥത്തെ ആസ്പദമാക്കി ശ്രീനഗറിലെ യേശുവിന്റെ കബറിനെ കുറിച്ച് സാർവത്രികമായി ഗവേഷണങ്ങൾ തുടങ്ങുകയും അതുമായി ബന്ധപ്പെട്ട് പല ഗവേഷണ കൃതികൾ പ്രസിദ്ധീകരിക്കുകയും ചെ യ് തുകൊണ്ടിരുന്നു.

അതിൽ എടുത്ത് പറയേണ്ട ഒരു കൃതിയാണ് സ്പെയിൻ കാരനായ ആൻഡ്രിയാസ് ഫേബർ കൈസറുടെ കൃതി. ഈ കൃതിയുടെ മലയാള തർജമ ശ്രീ ആന്റണി പുളിക്കലാണ് നിർവഹി ച്ചിരിക്കുന്നത്. ഹദ്റത്ത് അഹ്മദി(അ)ന്റെ ശിഷ്യ ഗണം ഈ വിഷയത്തെ സംബ ന്ധിച്ച് ലോകത്തിലെ പല ഭാഷകളിലും ഒരു പാടു ഗ്രന്ഥങ്ങൾ പ്രസിദ്ധീകരി ച്ചിട്ടുണ്ട്. പക്ഷേ ആ ഗ്രന്ഥങ്ങൾക്ക് ഒന്നിനു പോലും മറുപടി എഴുതാൻ ആരും തന്നെ മുന്നോട്ട് വന്നിട്ടില്ല.

മൗലാനാ മുഹമ്മദ് ഉമർ എച്ച്. എ, സാഹിബ് എഴുതിയ 'ഈസാ നബി(അ) യുടെ മരണം' എന്ന കൃതി കേരളത്തിലെ എല്ലാ മുസ്ലിം പ്രസ്ഥാനങ്ങളിലെയും പണ്ഡിതന്മാരെ വല്ലാതെ ഉറക്കം കെടുത്തിയ കൃതിയാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ മുന്നേറ്റത്തെ തടയിടാൻ പല തരത്തിലുള്ള ഗ്രന്ഥങ്ങളും രചിച്ച് പ്ര സിദ്ധീകരിച്ചവർ ഇത്വരെ ഈസാ നബിയുടെ മരണത്തിന് മറുപടി എഴുതിയിട്ടില്ല.. ഈസാ നബി ആകാശ ത്ത് ജീവിച്ചിരിക്കുന്നു വെന്നതിന് വ്യക്തമായ തെളിവുകളുണ്ടെങ്കിൽ പ്രസ്തുത കൃതിക്കെതിരെ എന്തു കൊണ്ട് മുസ്ലിം ഉലമാക്കൾ മൗനം പാലി ക്കുന്നു.?

ഹദ്റത്ത് അഹമദി(അ)ന്റെ കാലത്ത് ഈസാ നബി(അ)യുടെ മരണത്തെ കുറിച്ച് ചർച്ച ചെയ്തപ്പോൾ പണ്ഡിത ന്മാർ പറഞ്ഞത് ഈസാ നബി മരിച്ച് ഞങ്ങൾ ജീവിച്ചിരുന്നിട്ടെന്ത് കാര്യം എന്നാണ്. അത്തരമൊരു വിചാരത്തി ലും മനോ ദുഃഖത്തിലുമാണ് അവർ ഹദ്റത്ത് അഹ്മദ് (അ) നെ എതിരിട്ട് കൊണ്ടിരുന്നത്. എന്നാൽ അഭിനവ മുസ്ലിം പണ്ഡിതന്മാർ ഈസാ നബി(സ) യുടെ മരണം ചർച്ചചെയ്യാൻ തയ്യാറാകാതെ ഒഴിഞ്ഞുമാറിക്കൊണ്ട് ഈസാ നബി (സ) മരിക്കട്ടെ മരിക്കാതി രിക്കട്ടെ എന്ന സമീപനം സ്വീകരിച്ച് കൊണ്ട് ഈ കാര്യം ഇസ്ലാമിൽ പ്രസക്തമല്ല എന്ന് പറഞ്ഞ് നിസ്സാര വത്ക്കരിക്കുന്നു

ഹദ്റത്ത് അഹ്മദ് (അ) പറയുന്നു: 'ഈസാ നബിയുടെ കാലത്ത് കല്ലറകളിൽ ശിലാ രേഖകൾ എഴുതി വെക്കുന്ന സമ്പ്രദായമുണ്ടായിരുന്നു. അദ്ദേഹത്തി ന്റെ ശിലാകുടീരവും അത്തരം അടയാള ങ്ങളിൽ നിന്നും ഒഴിഞ്ഞിരിക്കുമെന്ന് കരുതുന്നതും യുക്തിസഹമല്ല. കബർ തുറന്നു നോക്കുകയാണെങ്കിൽ അമ്പരപ്പി ക്കുന്ന പല രഹസ്യങ്ങളും പുറത്ത് വരുന്നതാണ്' (യേശു മിശിഹ ഇന്ത്യ യിൽ) ഹദ്റത്ത് അഹ്മദി(അ)ന്റെ ഈ വെല്ലുവിളി നേരിടുവാൻ പണ്ഡിത ലോകം തയ്യാറാകുമോ?

---

പേജ് 6 -ൽ നിന്നും തുടർച്ച

ഭരണം അവന് ലഭിച്ചിട്ടില്ല. ഇപ്പോൾ ക്രിസ്ത്യാനികൾ അവന്റെ കയ്യിൽനിന്ന് ഒന്നും വാങ്ങി ഭക്ഷിക്കാത്തത് കൊണ്ട് പി ന്നെയേത് കടമാണുണ്ടായിട്ടുള്ളത്? അങ്ങനെ കയ്യിലൊന്നുമില്ലാത്ത ദൈവ ത്തെകൊണ്ട് കടം മാപ്പാക്കിക്കേണ്ട യാതൊരാവശ്യവുമില്ല. അവനെ ഭയപ്പെടേണ്ടുന്ന ഒരാവശ്യവും വരുന്നില്ല. കാരണം ഭൂമിയിൽ അവന്റെ രാജ്യം ഇപ്പോൾ വന്നിട്ടില്ല. അവന്റെ ഭരണത്തി കൂടത്തിന്റെ ചമ്മട്ടികൊണ്ടുള്ള ശിക്ഷ ഒരു ഭയമുണ്ടാക്കുകയില്ല. ഏതെങ്കിലും കുറ്റവാളിയെ ശിക്ഷിക്കാൻ അവനെന്ത് കാര്യമാണുള്ളത്? അല്ലെങ്കിൽ മൂസാ നബി(അ)യു ടെ കാലത്തെ അനുസരണ യില്ലാത്ത ധിക്കാരികളായ ജനങ്ങളെ പോലെ പ്ലേഗയച്ചു നശിപ്പിക്കുവാനോ ലൂത്തിന്റെ സമുദായത്തിന് സംഭവിച്ചത് പോലെ അവരുടെ മേൽ കൽമഴ പെയ്യിക്കുവാനോ അ ല്ലെങ്കിൽ ഭൂകമ്പമോ ഇടിമിന്നലോ അല്ലെങ്കിൽ അതു പോലെ യുള്ള ഏതെങ്കിലും ശിക്ഷയോ ഇറക്കി അനുസരണയില്ലാത്ത ജനങ്ങളെ നശിപ്പി ക്കുവാനോ അവനെന്ത് ശക്തിയാണു ള്ളത്? കാരണം ഇപ്പോഴത്തെ ദൈവ ത്തിന്റെ ഭരണം ഭൂമിയിൽ ഇല്ലല്ലോ.

ക്രിസ്ത്യാനികളുടെ ദൈവപുത്രൻ ദുർബലനായത് പോലെ പിതാവായ ദൈവവും ദുർബലനാണ്. അവന്റെ പുത്രന് പങ്കൊന്നും ഇല്ലാതിരുന്നത് പോലെ അവനും പങ്കൊന്നുമില്ല. ആ സ്ഥിതിയിൽ അവനോട് ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ എന്ന് പ്രാർഥിക്കുന്നത് നിരർഥകമാണ്. ക്ഷമിക്കാൻ അവനെപ്പോഴാണ് കടം തന്നിട്ടുള്ളത്? കാരണം ഭൂമിയിലെ ഉൽപ്പാദനം അവന്റെ കൽപ്പനയനുസരി ച്ചാകുന്നില്ല.. ഭൗമിക വസ്തുക്കൾ അവന്റേതല്ല സ്വയംഭുവാണ്. കാരണം ഭൂമിയിൽ അവന്റെ കൽപ്പന നടപ്പിലില്ല. ഭൂമിയിൽ അവന് ഭരണമോ രാജത്വമോ ഇല്ലാതിരിക്കേ ഒരു ഭൗതിക സുഖവും അവന്റെ കൽപ്പനക്കനുസൃതമല്ലാ തിരിക്കേ അവന് ശിക്ഷിക്കാനുള്ള അവകാശമോ അധികാരമോ ഇല്ല. അത് കൊണ്ട് അത്തരം ശക്തിയറ്റവനെ തങ്ങളുടെ ദൈവമാക്കുകയും ഭൂമിയിലെ ഏതെങ്കിലും കാര്യത്തിനായി അവനോട് പ്രതീക്ഷ വെക്കുകയും ചെയ്യുന്നത് വിഢ്ഢിത്തമാവുന്നു. കാരണം ഭൂമിയിൽ ഇപ്പോൾ അവന്റെ രാജത്വമില്ലല്ലോ.

എന്നാൽ ഫാത്തിഹ അദ്ധ്യായ ത്തിലെ പ്രാർഥന നമുക്ക് പഠിപ്പിച്ചു തരുന്നത് ദൈവത്തിന് ഇതര പ്രപഞ്ച ങ്ങളുടെ മേലിലുള്ളത്പോലെ ഭൂമിയിലും സദാസമയവും അധീശാധികാരം ഉണ്ടായിരിക്കുമെന്നാണ്. ഫാത്തിഹാ അധ്യായത്തിൽ പ്രാരംഭത്തിൽ തന്നെ ലോകത്തിൽ മറ്റൊരു ഗ്രന്ഥത്തിലും വ്യക്തമായി പറഞ്ഞിട്ടില്ലാത്ത ദൈവ ത്തിന്റെ തികവുറ്റതും സുശക്ത വുമായ വിശേഷഗുണങ്ങൾ പ്രതിപാദിച്ചിരി ക്കുന്നു. എപ്രകാരമെന്നാൽ അല്ലാഹു താൻ പരമ കാരുണികനാണെന്നും രക്ഷാശിക്ഷയുടെ ഉടമസ്ഥനാണെന്നും പറയുന്നു. എന്നിട്ട് അവനോട് പ്രാർ ഥിക്കുവാനുള്ള പാഠം നൽകുന്നു. ആ പ്രാർഥന യേശു മസീഹ് പഠിപ്പിച്ച പ്രാർഥന പോലെ ഓരോ ദിവസത്തിലേയും ആഹാരത്തിന് വേണ്ടിയുള്ള അപേക്ഷയല്ല. മറിച്ച് അനാദികാലം തൊട്ട് മനുഷ്യന് നൽകപ്പെട്ട പ്രകൃതിക്കനുസൃതമായ നിലയിൽ അവന്റെ ദാഹശമനത്തിനുള്ള പ്രാർഥന യാണ്.അത് ഇതാണ്.

**ഇഹ്ദിനസ്സ്വിറാത്തൽ മുസ്തഖീം സ്വിറാത്വല്ലദീന അൻ അംത അലയ്ഹിം**

അല്ലയോ പരിപൂർണമായ ഗുണങ്ങ ളുടെയുടമസ്ഥനായുള്ളവനേ! ഒരോ അണുവും നിന്റെ ഔദാര്യത്തിൽ നിന്നാണ് പരിപാലിക്കപ്പെടുന്നത് . നിന്റെ പരമകാരുണികത്വത്തിൽ നിന്നും രക്ഷാശിക്ഷാ നടപടികളുടെ അധികാര ത്വത്തിൽ നിന്നും ഫലമനുഭ വിക്കുന്നു. നീഞങ്ങളുടെ പൂർവ കാല സാത്വികരുടെ പിന്തുടർച്ചാവകാശികളാക്കിത്തീർ ക്കേണമേ നീ അവർക്ക് നൽകിയിരുന്ന ഓരോ അനുഗ്രഹവും ഞങ്ങൾക്കും നൽകേണമേ. ഞങ്ങൾ അനുസരണ യില്ലാത്തവരാകുന്നതിൽ നിന്നും നീ ഞങ്ങളെ രക്ഷിക്കേണമേ, നിന്റെ സഹായമില്ലാതെ ഭാഗ്യം കെട്ടവരായി വഴി കേടിലാകുന്നതിൽ നിന്നും നീ ഞങ്ങളെ കാത്തു രക്ഷിക്കേ ണമേ. ആമീൻ

(കശ്തിയെനൂഹ്)

# കുട്ടികളോടുള്ള പെരുമാറ്റം

മുസാഫിർ

**കു**ട്ടികളോട് തുടർച്ചയായി ക്രൂരമായി പെരുമാറിയതിനും ശാരീരികമായി പീഡിപ്പിച്ചതിനും നോർവേ കോടതി ഇന്ത്യൻ ദമ്പതികളെ ശിക്ഷിക്കുകയുണ്ടായി. നോർവേയിൽ സോഫ്റ്റ്വെയർ എഞ്ചിനീയറായ ഹൈദരാബാദുകാരൻ ചന്ദ്ര വല്ലനേനിനെ 18 മാസവും അമ്മ അനുപമയെ 15 മാസവുമാണ് തടവിന് വിധിച്ചത്. കുട്ടിയുടെ ശരീരത്തിൽ പൊള്ളലേൽപ്പിച്ചതിന്റേയും ബെൽറ്റ് കൊണ്ട് അടിച്ചതിന്റേയും പാടുകളുണ്ടെന്ന് പോലീസിനെ ഉദ്ധരിച്ച് പ്രോസിക്യൂട്ടർ കോടതിയിൽ പറഞ്ഞു. കുട്ടിയെ നല്ല ശീലം പഠിപ്പിക്കാൻ മതാപിതാക്കൾ നാവുപൊള്ളിക്കുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്താറുണ്ടായിരുന്നെന്നും ക്രൂരമായ പീഡനങ്ങളായിരുന്നു ശരീരത്തിൽ ഏൽപ്പിച്ചതെന്നും പ്രോസിക്യൂട്ടർ കോടതിയെ ബോധിപ്പിച്ചു. തന്റെ മാതാപിതാക്കൾ തന്നെ ഉപദ്രവിക്കാറുണ്ടെന്നും നിക്കറിൽ മൂത്ര മൊഴിച്ചതിന് തന്നെ നാട്ടിലേക്ക് തിരിച്ചയക്കുമെന്ന് ഭീഷണിപ്പെടുത്താറുണ്ടെന്നും കുട്ടി സകൂൾ ടീച്ചർമാരോട് സങ്കടം പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ഈ പീഡനം അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടത്.

മാതാപിതാക്കളുടെ കയ്യിൽ ദൈവത്താൽ ഏൽപ്പിക്കപ്പെട്ട നിസ്സഹായരും നിഷ്കളങ്കരുമായ കുട്ടികളെ വേദനിപ്പിക്കുക എന്നത് അങ്ങേയറ്റം മനുഷ്യത്വ വിരുദ്ധവും ദൈവത്തോട് കണക്ക് പറയേണ്ട കുറ്റകൃത്യവുമാണ്. കുട്ടികളോട് സ്നേഹമില്ലാത്ത മാതാപിതാക്കൾ കാണില്ല. മനുഷ്യ സന്തതികൾ മാത്രമല്ല ജന്തു ലോകത്തും സഹജമായ ഈ വികാരം കാണാം. കുട്ടികളെ നല്ലവരാക്കി തീർക്കാൻ ചില മാതാപിതാക്കളും അദ്ധ്യാപകരും അവലംബിക്കുന്ന ശിക്ഷണ ശൈലിയാണ് എതിർക്കപ്പെടേണ്ടത്. കർക്കശമായ നിയന്ത്രണമേർപ്പെടുത്തിയും ദണ്ഡന മുറകളിലൂടെയും സർക്കസ് കൂടാരത്തിലെ മൃഗശിക്ഷകനായ റിങ്ങ് മാസ്റ്ററെ പോലെ ഇവർ വകതിരിവില്ലാതെ കുട്ടികളോട് പെരുമാറുന്നു. കുട്ടികളോടുള്ള സ്നേഹമയമായ പെരുമാറ്റത്തിന്റേയും സദുപദേശത്തിന്റേയും സ്വാധീന ശക്തി ഇത്തരം ആളുകളുടെ മനോഘടനക്കജ്ഞാതമാണ്. പീഡകരായ മാതാപിതാക്കളുടെ സന്തതികൾ സമൂഹത്തിന് മുമ്പിൽ ഏറ്റവും പരിഗണയനർഹിക്കുന്ന ഒരു വിഭാഗമാണ്. എത്രതന്നെ നിയമ പരിരക്ഷ ഉണ്ടായാലും തങ്ങളുടെ വേദനകളും കൊച്ചുസങ്കടങ്ങളും



സഹിക്കുകയല്ലാതെ അത് ആരോടെങ്കിലും പറയാനോ അതിനെ പ്രതിരോധിക്കാനോ അതിൽ നിന്ന് മോചനത്തിനോ പിഞ്ചുകുട്ടികൾക്കാവില്ല. പാശ്ചാത്യ നാടുകൾ ഇക്കാര്യത്തിൽ വിട്ടു വീഴ്ച്ചയില്ലാത്ത വൻ ജാഗ്രതയാണ് കാണിക്കുന്നത്. മിണ്ടാപ്രാണികളെ പോലെ ഈ ദണ്ഡന നീതിക്ക് കീഴിൽ വീർപ്പ് മുട്ടിക്കഴിയുന്ന നിസ്സഹായരായ മനുഷ്യശിശുക്കൾക്ക് വേണ്ടിയാണ് ഈ വിധി. നോർവേ കോടതിയുടെ ഈ വിധി അത്തരം മാതാപിതാക്കളുടെ കണ്ണുതുറപ്പിക്കേണ്ടതാണ്.

കുട്ടികളുടെ മനഃശ്ശാസ്ത്രത്തെക്കുറിച്ച് ആധുനിക പഠനങ്ങൾ നിരവധി വിവരങ്ങൾ നമുക്ക് നൽകുന്നുണ്ട്. മനുഷ്യ ശിശുവിന്റെ വളർച്ച അദ്ഭുതങ്ങൾ നിറഞ്ഞതാണ്. ശിശു ജനിക്കുമ്പോൾ ഉള്ളതും ഇല്ലാത്തതുമായ സിദ്ധികൾ ഏതൊക്കെയാണെന്ന് നാം അറിഞ്ഞിരിക്കണം. പുതുതായി ജനിച്ച കുഞ്ഞിന് അനിച്ഛാ പ്രതികരണങ്ങൾ (Reflexes) ഉണ്ട്. അവന്റെ നിയന്ത്രണം കൂടാതെ തന്നെ പ്രവർത്തിക്കുന്ന ജൈവ പ്രക്രിയയാണ് അനിച്ഛാ പ്രതികരണങ്ങൾ. ഉറക്കം അതിലൊന്നാണ്. ദൈവം ശിശുവിന് നൽകിയ രക്ഷോപായമാണിത്. ജനിച്ച ശിശുവിന് ജന്മ വാസനകൾ ഉണ്ടാവാം. പക്ഷേ ശീലങ്ങളൊന്നും ഉണ്ടായിക്കഴിഞ്ഞിട്ടില്ല. ശീലങ്ങൾ പിന്നീട് ആർജിച്ചെടുക്കുന്നതാണ്. ശിശു മഹാ യാഥാസ്ഥിതികനായിരിക്കും. ഗർഭകാലത്തെ അവസ്ഥ തന്നെ തുടരാമെന്ന ഭാവത്തിൽ സദാ നിദ്രാലുവായിരിക്കും. അപരിചിതമായ ബാഹ്യ ലോകത്തെ ഒഴിവാക്കാനും ദ്രുതഗതിയിലുള്ള വളർച്ചക്കുമാണ് ഈ ഉറക്കം. പിന്നീട് ബാഹ്യലോകവുമായി ഇടപഴകാൻ അവൻ നിർബന്ധിതനാകുന്നു. അപ്പോഴാണ് അവനിൽ ശീലങ്ങൾ ആവിർഭവിക്കുന്നത്. വളർന്ന് വലുതാവുമ്പോൾ അവനെ തല്ലാൻ കയ്യിൽ വടിയുമായി നിൽക്കുന്ന മാതാവിന് ശിശുവിൽ ശീലങ്ങൾ വളർത്തി യെടുക്കുന്നതിൽ വലിയ പങ്കുണ്ട്. പ്രഹരിച്ചും വേദനിപ്പിച്ചും കൊണ്ടല്ല ശിശുക്കളിൽ ശീലങ്ങൾ വളർത്തേണ്ടത്. ബുദ്ധിപരമായ സമീപനത്തോടെയായിരിക്കണം ഇത് നിർവഹിക്കേണ്ടത്. ഉദാഹരണത്തിന് കുട്ടിക്ക് ഭക്ഷണം നൽകുന്നത് കൃത്യ സമയത്തായിരിക്കണം. ദഹനേന്ദ്രിയങ്ങളുടെ പ്രവർത്തനവും ദഹനരസത്തിന്റെ ഉദ്പാദനവും കൃത്യമായി പ്രവർത്തന ക്ഷമമാവണമെങ്കിൽ കൃത്യ സമയത്ത് ശിശുവിന് ആഹാരം നൽകണം. സ്വഭാവത്തേയും ഇത് വലിയ തോതിൽ സ്വാധീനിക്കുന്നു. മറിച്ച് കരയുമ്പോഴൊക്കെ ആഹാരം കൊടുക്കുന്ന ശീലം അവനു തന്നെ പ്രതികൂലമായി ബാധിക്കും. കരച്ചിൽ കൊണ്ട് കാര്യം സാധിക്കുമെന്ന് അവൻ കരുതും. പിന്നെ എന്തിനും ഏതിനും കരയുക എന്ന ശീലം അവനിൽ വളർന്നുവരും. താൻ അനാവശ്യമായി എത്ര നേരം കരഞ്ഞാലും ലോകം അത് ശ്രദ്ധിക്കുന്നില്ല എന്ന ബോധം ശിശുവിൽ ഉണ്ടായി തീരണം. ശ്രദ്ധിക്കേണ്ട പ്രധാനകാര്യം ശിശുവിന്റെ എല്ലാ കരച്ചിലും മാതാക്കൾ അവഗണിക്കരുത്. കരച്ചിൽ അവന്റെ ഒരേയൊരു ആശയ വിനിമയ മാർഗമെന്ന നിലക്ക് ശിശുവിന്റെ കരച്ചിലിനെ സംബന്ധിച്ച് മാതാക്കൾ അതീവ ശ്രദ്ധാലുക്കളായിരിക്കുകയും അത് തിരിച്ചറിയുകയും വേണം. ശിശു വളരാൻ തുടങ്ങുമ്പോൾ തന്നെ ഇത്തരം ശീലങ്ങൾ അവരിൽ വളർത്തിയെടുക്കാൻ മാതാക്കൾ ശ്രദ്ധിക്കണം. മാതാപിതാക്കന്മാരുടെ നല്ല കർമ മാതൃകകളോളം കുട്ടികളെ സ്വാധീനിക്കുന്ന മറ്റൊന്നുമില്ല. ഉപദേശ മോ ശാസനയോ തല്ലലോ ആശ്രയിക്കാതെ നല്ല മാതൃകകൾക്ക് കുട്ടികളെ സ്വാധീനിക്കാൻ കഴിയുന്ന താണ്. സ്വാവ സംസ്ക്കരണത്തിൽ അഹ്മദിയ്യാ ഖലീഫമാർ നൽകുന്ന ശിക്ഷണങ്ങൾ കുട്ടികളെ സന്മാർഗികളാക്കി മാറ്റാൻ ഏറ്റവും ഉതകുന്ന ആത്മീയൗഷധങ്ങളാണ്. അമിത വാത്സല്യവും കുട്ടിക്ക് എന്തും സാധിപ്പിച്ചു കൊടുക്കുന്ന പതിവും മാതാപിതാക്കൾ ഒഴിവാക്കണം. ഇത്തരം നല്ല ശീലങ്ങൾ വളർത്തിയാൽ കുട്ടികളെ തല്ലേണ്ട പ്രശ്നം ഉദിക്കുന്നില്ല.

ചാഞ്ചല്യവും ക്രീഡാതൽപ്പരതയും അവരുടെ ജൈവപ്രകൃതിയിൽ ദൈവം നിക്ഷേപിച്ച പ്രത്യേകതകളാണ്. അവരുടെ ചലനങ്ങളും ചിന്തയും അതുപോലെ അസ്ഥിരമാണ്. മാത്രമല്ല ചലിക്കുന്നതെല്ലാം അവരുടെ ശ്രദ്ധയെ പിടിച്ചു പറ്റുകയും ചെയ്യും. ജന്തു ലോകത്തെ കുട്ടികളെ നിരീക്ഷിച്ചാൽ ഏളുപ്പത്തിൽ ഇത് മനസ്സിലാവും. കളിയാണ്. കുട്ടികളുടെ പ്രായത്തിലെ മുഖ്യ ജീവിത വൃത്തി. അടക്കമില്ലാത്ത ഈ കളിയാണ്. വികൃതിയെന്ന് നമ്മിൽ പലരും പറഞ്ഞ് നെറ്റിചുളിക്കുന്നത്. ഈ ചഞ്ചല പ്രകൃതിയെ ക്ലാസ്റൂമിലെ കൃത്രിമാന്തരീക്ഷത്തിൽ അടക്കിയിരുത്തി പഠിപ്പിക്കുമ്പോൾ കുട്ടികളുടെ സ്വാഭാവിക പ്രകൃതിയെ പറ്റിയും അതിസൂക്ഷ്മവും ശീഘ്രവുമായ അവരുടെ സംവേദന ശേഷിയെപറ്റിയും രക്ഷിതാക്കന്മാർക്കും അദ്ധ്യാപകർക്കും ബോധം വേണം. ചില റിങ്ങ് മാസ്റ്റർമാരായ പിതാക്കന്മാർക്കും അദ്ധ്യാപകർക്കും ഈ വികൃതികൾ അശേഷം ദഹിക്കില്ല. ഈ പരിതസ്ഥി തിയിൽ തല്ലുകാരായ മതാപിതാക്ക ന്മാരുടെ സന്താനമായി ജനിക്കുന്ന വികൃതി കുട്ടന്മാരുടെ സ്ഥിതിയാണ് കഷ്ടം. പ്രഹരിക്കൽ കുട്ടികളിൽ മാനസികവും ബുദ്ധിപരവുമായി വലിയ ആഘാതങ്ങളാണുണ്ടാക്കുക. കുട്ടികളെ നന്നാക്കാനാണ് അവർ തല്ലുന്നതെന്നാണ് ന്യായം. മിക്കവാറും തങ്ങളുടെ അരിശം തീർക്കാനോ, കോപം ശമിപ്പിക്കാനോ തങ്ങളുടെ ഹിതം അവരിൽ അടിച്ചേൽപ്പിക്കാനോ ആണ് അവർ പിഞ്ചുകുട്ടികളുടെ പൂമേനി വേദനിപ്പിക്കുന്നത്. നഴ്സറി ക്ലാസുകളിൽ പോലും വിദ്യാഭ്യാസം എന്നത് കഴുത്തറുപ്പൻ മത്സരമാണ്. ഈ മത്സരത്തിൽ മുന്നിലെത്താൻ കുതിമുള്ളടിച്ച് കുതിരയെ പായിക്കുന്നത് പോലെ കുട്ടികളെ അടിച്ച് പഠിപ്പിക്കുന്ന മതൃ പീഢകയാണ് ആധുനിക ശിശുവിന്റെ ഏറ്റവും വലിയ പ്രതിയോഗികളിലൊരാൾ. ഇത്തരം ബോധന രീതികൾ അശാസ്ത്രീയവും കുട്ടികളിൽ നേർവിപരീത ഫലവുമാണുണ്ടാക്കുക.

കുട്ടികളുടെ കാര്യത്തിൽ ആധുനിക സമൂഹം അതീവ ശ്രദ്ധാലുവാണ് എന്ന കാര്യത്തിൽ സംശയമില്ല. മിക്ക വീടുകളിലെയും രാജകുമാരന്മാരും രാജകുമാരിമാരുമാണ് അവർ. കുഞ്ഞുങ്ങൾ സ്വയം തന്നെ എല്ലാവരുടേയും സ്നേഹവാത്സല്യങ്ങൾക്ക് പാത്രമാണ്. ഇക്കാലത്തെ അണുകുടുംബങ്ങളിൽ ഒന്നോ രണ്ടോ സന്താനങ്ങൾ മാത്രമേ കാണൂ. അവരാകട്ടെ മറ്റു ബന്ധുജനങ്ങളിൽ നിന്നും പ്രായമുള്ളവരിൽ നിന്നും വേറിട്ട് കഴിയുകയും ചെയ്യുന്നു. പ്രായമേറിയവർ എപ്പോഴും പിഞ്ചുകുട്ടികളുടെ കൂട്ടുകാരാണ്. അവരുടെ സാന്നിദ്ധ്യം ഇന്ന് മിക്ക വീടുകളിലുമില്ല. കൂട്ടുകുടുംബമല്ലാത്തതിനാൽ കുട്ടികൾക്ക് മറ്റുകൂട്ടുകാരുമില്ല. ചുരുക്കത്തിൽ മിക്ക കുട്ടികളും വീടുകളിൽ ഏകാന്തരാണ്.

ആധുനിക ശിശുമനഃശ്ശാസ്ത്രം കുട്ടികളെ അടിക്കുന്നതിനെതിരാണ്. ഇന്ത്യയിൽ അഭ്യസ്ഥവിദ്യരടക്കം മതജാതിഭേദമന്യേ പല മാതാപിതാക്കളും കുട്ടികളെ തല്ലി നന്നാക്കണമെന്ന അഭിപ്രായക്കരാണ്. ഇന്ത്യയിൽ തമിഴ്നാട്ടിലെ വിദ്യാഭ്യാസ ചട്ടത്തിലെ 51-ാം

വകുപ്പ് വിദ്യാർഥികളുടെ മേൽ ശാരീരിക ദണ്ഡന മേൽപ്പിക്കാൻ അദ്ധ്യാപകന് നിയമപരമായി തന്നെ അനുമതി നൽകുന്നു. ഇതിനെ ചൊല്ലി ഒരു പാട് വിവാദങ്ങൾ നടന്നതാണ്. തമിഴ്നാട് വിദ്യാഭ്യാസ ചട്ടത്തിൽ സദാചാരത്തിന്റെ പേരിൽ അതായത് കരുതികൂട്ടിയുള്ള കളവ്, വാക്കിലോ പ്രവൃത്തിയിലോ ഉള്ള അശ്ലീലം, വ്യക്തമായ അനുസരണക്കേട് എന്നീ വിഷയങ്ങളിൽ കുട്ടി കുറ്റക്കാര നാണെന്ന് കണ്ടാൽ പ്രധാനാദ്ധ്യാപകന്റെ മേൽ നോട്ടത്തിൽ കൈയിൽ ആറ് പ്രഹരങ്ങൾ നൽകാമെന്നാണ് തമിഴ്നാട് വിദ്യാഭ്യാസ ചട്ടം പറയുന്നത്. തമിഴ് നാട്ടിൽ ചട്ട പ്രകാരവും ഇവിടെ ചട്ടമില്ലാതെയും ചൂരൽ എന്ന ചെങ്കോലുമായി ക്ലാസുമുറികളിൽ സ്വേച്ഛാധിപതിയായി വാഴുന്ന അദ്ധ്യാപകൻ പലരുടേയും ഭൂതകാല സ്മൃതി മണ്ഡലത്തിലെ ഒരു പേടിസ്വപ്നമാണ്. വാസ്തവത്തിൽ മിക്കവാറും കുട്ടികൾ അദ്ധ്യാപകരിൽ നിന്നും അടി കൊള്ളുന്നത് ചട്ടത്തിൽ പറഞ്ഞത് പോലെ സദാചാര ഭംഗത്തിന്റെ പേരിലല്ല; പഠിക്കാത്തതിന്റെ പേരിലാണ്. പഠിത്തത്തിൽ പിന്നോക്കക്കാരനായ കുട്ടിയെ ശാസിച്ചും അടിച്ചും പഠിപ്പിക്കാ നൊരുങ്ങുന്ന അദ്ധ്യാപകരും രക്ഷിതാ ക്കളും യൂറോപ്പിലാണെങ്കിൽ അഴിയെ ണ്ണേണ്ടി വരുമായിരുന്നു. പഠിക്കാത്ത തിന്റെ പേരിൽ കുട്ടിയെ തല്ലിയാൽ കുട്ടിയുടെ മാനസിക ശേഷിയും ബുദ്ധിനിലവാരവും മുരടിച്ചു പോകു മെന്ന് എത്രയോ മനഃശാസ്ത്ര പഠനങ്ങൾ വന്നു കഴിഞ്ഞു. പഠനത്തിൽ പിന്നോക്ക ക്കാരായ വിദ്യാർഥികളെ മുൻ നിരയിലെ ത്തിക്കാൻ ശാസ്ത്രീയമായ ബോധരീതി കൾക്കാവും. ഏറ്റവും കുറഞ്ഞ അധ്വാന ത്തിലൂടെ സുഗമമായി കുട്ടികളെ പഠിപ്പിക്കാനുള്ള ടെക്നിക്കുകൾ മനഃശ്ശാ സ്ത്രജ്ഞന്മാരും വിദ്യാഭ്യാസ വിചക്ഷണ ന്മാരും ആവിഷ്ക്കരിച്ചി ട്ടുണ്ട്. അതിനെ പറ്റിയൊന്നും അറിയാതെ ചൂരലിന്റെയും കാർക്കശ്യത്തിന്റെയും മാഹാത്മ്യം പറഞ്ഞ് കുട്ടികളെ നന്നാക്കാനൊരു ങ്ങുന്ന ദുശ്ശാസനന്മാരെ ദുശ്ശാസനൻമാർ കുട്ടികളുടെ ശത്രുക്കളാണ്.

ഇന്ത്യയിൽ National Commission for Protection of Child Rights (NCPCR) പുറത്തിറക്കിയ Guide Line for Limiting Corporal Punishment in Schools എന്ന മാർഗ രേഖയിൽ മിനിസ്ട്രി ഓഫ് വുമൺ ആന്റ് ചൈൽഡ് ഡവലപ്പ് മെന്റിന്റെ നേതൃത്വത്തിൽ Child Abuses In India-2007 നടത്തിയ ഒരു പഠന ത്തിലെ സ്ഥിതിവിവരക്കണക്കുകൾ ഉദ്ധരിച്ചിട്ടുണ്ട്. അത് പ്രകാരം ഇന്ത്യയിൽ 69% കുട്ടികളും ശാരീരികമായി അടിച്ചു വേദനയേൽക്കുന്നവരാണെന്ന ഞെട്ടി പ്പിക്കുന്ന വിവരമാണ് ലഭിച്ചത്. അതിൽ 54% വും ആൺ കുട്ടികളാണ്. വീടുകളിൽ 52.91 % ആൺകുട്ടികളും 47.09 പെൺ കുട്ടികളും പീഡിപ്പിക്കപ്പെടുന്നു. കുട്ടി കളുടെ പീഡകരിൽ 88.6% അവരുടെ രക്ഷിതാക്കളാണ് രക്ഷിതാക്കൾ കുട്ടികളെ അടിച്ചു നന്നാക്കാനാണ് ശ്രമിക്കുന്ന തെങ്കിൽ ഈ രീതി അവരിൽ തെറ്റായ സന്ദേശമാണ് നൽകുക. സ്നേഹ ത്തിന്റേയും ഉപദേശത്തിന്റേയും പ്രവർ ത്തനശേഷി കുട്ടികൾ സ്വന്തം അനുഭവ ത്തിൽ അറിയാതെ പോവുകയും ലോകം നന്നാക്കാൻ ദണ്ഡന മുറയും സംഹാര ക്രിയകളുമാണ് വേണ്ടതെന്ന വിചാരം അവരിൽ അങ്കുരിക്കുകയും ചെയ്യും. വീടുകളിലും പൊതു സ്ഥാപനങ്ങളിലും ഇത്തരം ഏകാധിപത്യ ശൈലി സ്വീകരിച്ച കാർക്കശ്യത്തിന്റെയും അമിത നിയന്ത്രണ ത്തിന്റെയും ദുർവാസാവു മാരെ കാണാം.

മാനവ വിശ്വവിദ്യാലയത്തിലെ മഹാഗുരുവായ മുഹമ്മദ് നബി (സ)യുടെ അദ്ധ്യാപന രീതിയും മാതൃകയും അത്യുദാരവും നിസ്സീമവുമായ ആർദ്രത യുടേതുമായിരുന്നു. കാർക്കശ്യവും ശിക്ഷാനടപടികളും അധികാര പ്രയോഗ വുമായിരുന്നില്ല അവിടുത്തെ രീതി. ആധുനിക ലോകം ഈ രീതി തിരിച്ചറി യുന്നതിന് മുമ്പേ സ്നേഹം കൊണ്ട് മനുഷ്യ ഹൃദയങ്ങളെ ജയിച്ചടക്കിയ ലോക ഗുരുവാണ് റസൂൽ തിരുമേനി(സ). അതാണ് ഖുർആൻ പറഞ്ഞത്. ***'അല്ലാഹുവിന്റെ മഹത്തായ കാരുണ്യം കൊണ്ട് തന്നെയാണ് നീ അവരോട് സൗമ്യമായി വർത്തിക്കുന്നത്. നീപരുഷ സ്വഭാവിയും കഠിന ഹൃദയനുമായിരു ന്നുവെങ്കിൽ അവർ നിന്റെ ചുറ്റുനിന്നും ചിതറിപ്പിരിഞ്ഞു പോകുമായിരുന്നു.'*** *(3:160)* കുട്ടികളെ അഗാധമായി സ്നേഹിച്ച മുഹമ്മദ് നബി (സ) യെ മാതൃക യാക്കുന്നവർക്ക് കുട്ടികളെ പ്രഹരിക്കു ന്നതിനെയും അവരോടുള്ള പീഢന ങ്ങളെയും അംഗീകരിക്കാനാവില്ല. എത്ര വലിയ ദൗത്യ യാത്ര നടത്തുന്ന വേളകളിലായിരുന്നാൽ പോലും തിരു നബി (സ) കുട്ടികളെ വാരിയെടുത്തു ഉമ്മ വെക്കുമായിരുന്നു. അവരോടൊപ്പം വിനോദങ്ങളിൽ ഏർപ്പെടുകയും ചെയ്തിരുന്നു. തിരുനബി (സ) അവരെ ദൈവത്തിന്റെ പൂന്തോപ്പിലെ പ്രിയപ്പെട്ട മലരുകളായിട്ടാണ് വിശേഷിപ്പിച്ചത്. മക്കയിലേക്ക് വിജശ്രീലാളിതനായി കടന്ന് വന്ന നബി തിരുനബി (സ) തന്റെ ഒട്ടകത്തിന്റെ പുറത്ത് രണ്ട് പിഞ്ചു പൈതങ്ങളേയും ഇരുത്തിയാണ് ആഗതനായത്. ഒരിക്കൽ ഒരു കാട്ടറബി നിങ്ങൾ കുഞ്ഞുങ്ങളെ ചുംബിക്കുന്നല്ലോ പക്ഷേ ഞങ്ങൾ അപ്രകാരം ചുംബിക്കാറില്ല എന്ന് പറഞ്ഞു. ഇത് കേട്ട നബി തിരുമേനി (സ) ഇപ്രകാരം പ്രതിവചിച്ചു. ദൈവം നിങ്ങളുടെ മനസ്സിൽ നിന്നും സ്നേഹം എടുത്തുകളഞ്ഞെങ്കിൽ അതിന് ഞാനെന്തു ചെയ്യണം?

തിരു നബി (സ) യുടെ ശിഷ്യനായ വാഗ്ദത്ത മസീഹ് കുട്ടികളെ പ്രഹരിക്കുന്നതിനോട് കഠിനമായ വെറുപ്പ് പ്രകടിപ്പിച്ചിരുന്നു. അങ്ങനെ ആരെങ്കിലും ചെയ്തതായി അറിഞ്ഞാൽ ആ മഹാത്മാ വിന്റെ മുഖത്ത് കോപം അങ്കുരിക്കു മായിരുന്നു. കുട്ടികളെ മർദിക്കുന്നത് ഒരു തരം ശിർക്ക് (ദൈവത്തിൽ പങ്ക് ചേർക്കൽ) ആണെന്നാണ് അവിടുന്ന് അഭിപ്രായപ്പെട്ടത്. കുട്ടികളിൽ സ്വഭാവ ദൂഷ്യങ്ങളുണ്ടെങ്കിൽ അവർക്ക് വേണ്ടി പ്രാർഥിക്കുകയാണ് വേണ്ടതെന്നും ദൈവം നിരുപാധികം സ്വീകരിക്കുന്ന പ്രാർഥനകളിലൊന്ന് മക്കൾക്ക് വേണ്ടി ചെയ്യുന്ന പ്രാർഥനയാണെന്നുമുള്ള റസൂൽ തിരു മേനി(സ)യുടെ വചനം ഓർമിപ്പിച്ച് വാഗ്ദത്ത മസീഹ് ദൈവം ഫലം വാഗ്ദാനം ചെയ്ത ഈ പ്രാർഥനയിൽ നിന്നും ഫലമെടുക്കു കയാണ് വേണ്ടതെന്നും ഉദ് ബോധിപ്പി ക്കുകയുണ്ടയി. വളരെയേറേ തിരക്കുകൾ ക്കിടയിലും കുട്ടികളുമായി സംവദി ക്കാനും അവരോടൊപ്പം സമയം ചിലവഴിക്കാനും അഹ്മദിയ്യാ ഖലീഫമാർ കാട്ടുന്ന ശ്രദ്ധ പ്രസ്താവ്യമാണ്. മുസ് ലിം ടെലിവിഷൻ അഹ്മദിയ്യ പ്രാധാന്യ ത്തോടെ സംപ്രേഷണം ചെയ്യുന്ന പരിപാടികളിൽ ഒന്നാണത്.


കുട്ടികൾ യാതൊരു അവകാശ ങ്ങളുമില്ലാത്ത മുതിർന്നവരുടെ കയ്യിലെ കളിപ്പാട്ടങ്ങളല്ല. അവർക്കും അവകാശ ങ്ങളുണ്ട്. രാഷ്ട്രവും മതവുമെല്ലാം അത് സമ്മതിക്കുന്നു. പക്ഷേ കുട്ടികൾ മാത്രം അത് അറിയുന്നില്ല. ഈ ചർച്ചകളുടെ യെല്ലാം സാരാംശം കുട്ടികളോടുള്ള പെരുമാറ്റം നിയമം മുഖേന നടപ്പാക്കേണ്ട ഒന്നല്ല നിയമങ്ങൾ ഇക്കാര്യത്തിൽ മനുഷ്യരെ ബോധവൽക്കരിക്കുകയും മാർഗദർശനം ചെയ്യുകയും ചെയ്യുന്നു എന്ന് മാത്രം. നീ മഹത്തായ ധാർമിക ഗുണങ്ങളുടയ വൻ തന്നെയാണ്. (68:3)

# ഡോക്ടറേറ്റ് ലഭിച്ചു



കണ്ണൂർ സ്വദേശിയും കോഴിക്കോട് ജമാഅത്ത് അംഗവുമായ കൗസർ എടപ്പകത്തിന് നിയമത്തിൽ ഡോക്ടറേറ്റ് ലഭിച്ചു. ന്യൂഡൽഹിയിലെ ഇന്ത്യൻ ലോ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും 'വിവാഹമോചനവും ലിംഗനീതിയും ഇന്ത്യൻ മുസ്‌ലിം വ്യക്തി നിയമത്തിൽ ഒരു സാമൂഹ്യ നിയമ പഠനം' എന്ന വിഷയത്തിലായിരുന്നു ഗവേഷണം നടത്തിയത്. ഇന്ത്യൻ ലോ ഇൻസ്റ്റിറ്റ്യൂട്ടിലെ അസോസിയേറ്റ് റിസർച്ച് പ്രൊഫസർ ഡോ. ഫജർഖാൻ അഹ്മദ്, കേരള ഹൈക്കോടതിയിലെ അഭിഭാഷകൻ ഡോ. സെബാസ്റ്റ്യൻ ചെമ്പപ്പിള്ളി എന്നിവരുടെ കീഴിലായിരുന്നു പഠനം. അഭിഭാഷകനായി പ്രാക്ടീസ് ചെയ്യവെ അഭിഭാഷകരിൽ നിന്നും നേരിട്ടുള്ള നിയമനം വഴി 2009 ൽ കേരള ജുഡീഷ്യൽ ഡിസ്ട്രിക്ട് & സെഷൻസ് ജഡ്ജിയായി തിരഞ്ഞെടുക്കപ്പെട്ടു. ഇപ്പോൾ കോഴിക്കോട് അഡീഷണൽ ജില്ലാ ജഡ്ജിയായും ഫോറസ്റ്റ് ട്രിബ്യൂണലുമായും പ്രവർത്തിക്കുന്നു. ഇതിനു മുമ്പേ തിരുവനന്തപുരം അഡീഷണൽ ജില്ലാ ജഡ്ജിയായി പ്രവർത്തിച്ചിട്ടുണ്ട്. 2007ൽ മലേഷ്യയിൽ നടന്ന അന്താരാഷ്ട്ര ഫാമിലിലോ കോൺഫറൻസിൽ ഇന്ത്യയിൽ നിന്നുള്ള ഏക പ്രതിനിധിയായി സംബന്ധിച്ച് പ്രബന്ധം അവതരിപ്പിച്ചിട്ടുണ്ട്. 1990 ൽ കോഴിക്കോട് സർവക ലാശാലയിൽ നിന്നും ഒന്നാം റാങ്കോടെ എൽ. എൽ.ബിയും 1999 ൽ എം. ജി. യൂണിവേഴ്സിറ്റിയിൽ നിന്നും കോൺട്രാക്ട് നിയമത്തിൽ എൽ.എൽ എം. ഉം കരസ്ഥമാക്കി. യു.കെ.യിലെ മീഡിയേഷൻ കൗൺസിലും അമേരി ക്കയിലെ ഹാം ലൈൻ യൂണിവേഴ്സിറ്റി സ്കൂൾ ഓഫ്‌ലോയും സംയുക്തമായി നടത്തിയ ഇന്റർ നാഷണൽ അക്രഡിറ്റഡ് മീഡിയേഷൻ ട്രെയിനിംഗ് കോഴ്സ് 2005ൽ പൂർത്തിയാക്കി.

പറമ്പത്ത്കണ്ടി മഹ്മൂദിന്റെയും എടപ്പകത്ത് റൗളയുടേയും മകനാണ്. ഭാര്യ: ഡോക്ടർ അമീറ അഹ്മദ് ഇസ്മായിൽ മക്കൾ : മുഹമ്മദ് അസം ആലിയ മിഷാൽ, ഷിറീൻ കൗസർ, സേഫ് കൗസർ



കോഴിക്കോട് നടന്ന ബുക്ക് സ്റ്റാൾ

# അഹ്മദിയ്യാ ബുക്ക്സ്റ്റാളും സെമിനാറും സംഘടിപ്പിച്ചു

എറണാകുളം: ഡിസംബർ 1 മുതൽ 10 വരെ എറണാകുളത്ത് നടന്ന അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ വെച്ച് സംഘടിപ്പിച്ച അഹ്മദിയ്യാ ബുക്ക് സ്റ്റാൾ ജനശ്രദ്ധ ആകർഷിച്ചു. അനേകായിരങ്ങൾക്ക് ഇസ്‌ലാമിന്റെ സത്യസന്ദേശം പകർന്ന് നല്കാൻ ഇതുമൂലം സാധിച്ചു. അഹ്മദിയ്യാ വനിതാ സംഘടനയായ ലജ്നാഇമായില്ലാഹ് ബുക്ക് സ്റ്റാൾ പ്രവർത്തനത്തിൽ സജീവ പങ്കാളികളായി. 'മതഗുരുക്കൻമാർ ആദരിക്കപ്പെടേണ്ടവർ' എന്ന വിഷയത്തെ ക്കുറിച്ച് പുസ്തകോത്സവവേദിയിൽ 5-ാം തീയതി സംഘടിപ്പിച്ച സെമിനാർ ഡോ. സെബാസ്റ്റ്യൻ പോൾ ഉദ്ഘാടനം ചെയ്തു. യുക്തിയും വിശ്വാസവും ഒന്നായി മാറണമെന്നും ലോകത്തെ സമസ്യകൾക്ക് ഉത്തരം കണ്ടെത്താനുള്ള മഹത്തായ സംരംഭത്തിലാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഏർപ്പെട്ടിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. അഹ്മദിയ്യാ സാഹിത്യങ്ങൾ വായിച്ചതിലൂടെയാണ് തനിക്ക് മറ്റ് മതങ്ങളെക്കുറിച്ച് കൂടുതൽ അറിവ് ലഭിച്ചതെന്ന് പ്രമുഖ സാംസ്കാരിക പ്രവർത്തകൻ അഡ്വ. ശിവൻ മഠത്തിൽ അഭിപ്രായപ്പെട്ടു. എല്ലാ മതസ്ഥരേയും കൈനീട്ടി സ്വീകരിച്ച മഹത്തായ പാരമ്പര്യമാണ് കേരളത്തിനുള്ളതെന്ന് സെമിനാറിൽ അധ്യക്ഷത വഹിച്ച മേഖല അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് പറഞ്ഞു. ഇ.എച്ച്. നജീബ്സാഹിബ്, പ്രൊഫ. മഹ്മൂദ് അഹ്മദ് സാഹിബ്, എം. അബ്ദുർ റഹ്മാൻ സാഹിബ് എന്നിവരും സംസാരിച്ചു.

ബി. എ. മുഹമ്മദ് നജീബ്,
എറണാകുളം

www.alislam.org

## അനുസ്മരണം



### യു.പി. മരക്കാർ സാഹിബ്

തിരൂർ ജമാഅത്തിലെ സജീവ അംഗമായിരുന്ന യു.പി. മരക്കാർ സാഹിബ് 16.11.2012 ന് വെള്ളിയാഴ്ച രാവിലെ 11.30ന് പെരിന്തൽമണ്ണ അൽശിഫാ ആശുപത്രിയിൽ നിര്യാതനായി. ഇന്നാലില്ലാഹി...

പഴയകാല മുജാഹിദ് പ്രവർത്തകനാ യിരുന്ന പരേതൻ അഹ്മദിയ്യാ പ്രസിദ്ധീകരണങ്ങളുടെ നിരന്തര വായനയിലൂടെ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സത്യം ഗ്രഹിക്കുകയായിരുന്നു. തിരൂർ ജമാഅ ത്തിന്റെ രൂപീകരണത്തിനു ശേഷം സാധ്യമായ എല്ലാ ജമാഅത്ത് പ്രവർത്തനത്തിലും അദ്ദേഹം മുഴുകി. ജമാഅത്തിന് വേണ്ടിയുള്ള സാമ്പത്തിക ത്യാഗങ്ങ ളിലും സാമ്പത്തിക പരാധീനതയനുഭവിക്കുന്ന മറ്റുള്ളവരെ കണ്ടറിഞ്ഞ് സഹായിക്കുന്നതിലും മരക്കാർ സാഹിബ് എന്നും മുൻപന്തിയിലായിരുന്നു. ഫാത്തിമ സാഹിബയാണ് ഭാര്യ. മക്കൾ: മുഹമ്മദ് അലി, ആബിദ, സൗദ, മർഹൂം സാജിദ് (ഖാദിയാനിൽ വച്ച് മരണപ്പെട്ടു) ബഷീർ, ജംഷീന, സജ്ന. മരുമക്കൾ: റംല, അഷ്റഫ്, ഫസൽ, ഫാത്തിമ, മുഹമ്മദ് ബഷീർ, മസൂദ്. അല്ലാഹു പരേതന് മഗ്ഫിറത്തേകി ജന്നത്തിൽ ഉന്നത പദവി നല്കി അനുഗ്രഹിക്കട്ടെ, ആമീൻ


-കുഞ്ഞാലൻ ഹാജി



ഖാദിയാനിൽ (പഞ്ചാബ്) നടന്ന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ജൽസാ സാലാന (വാർഷിക സമ്മേളനം) നാസിർ അഅ്‌ല മൗലവി മുഹമ്മദ് ഇനാം ഗോറി സാഹിബ് ഉദ്ഘാടനം ചെയ്യുന്നു




മലപ്പുറം മേഖല ഇജ്തിമയിൽ നടന്ന പൊതുസമ്മേളനം മൗലാനാ സുൽത്താൻ അഹ്മദ് സഫർ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു.




കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവ വേദിയിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സംഘടിപ്പിച്ച സെമിനാർ ഡോ. സെബാസ്റ്റ്യൻ പോൾ ഉദ്ഘാടനം ചെയ്യുന്നു. അഡ്വ. ശിവൻ മഠത്തിൽ, ബി.ബി. അഹ്മദ് കബീർ, പ്രൊഫ. മഹ്മൂദ് അഹ്മദ്, എം. അബദുർറഹ്മാൻ എന്നിവർ സമീപം



കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്റ്റാൾ സന്ദർശിച്ച എറണാകുളം ജില്ലാകളക്ടർ പി. ഐ. ശെയ്ഖ് പരീത്

2013 January

Vol: 85 Issue.1
Price Rs. 20/-

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14

The Sathyadoothan Monthly

വായിക്കുക, വരിക്കാരാവുക!



# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ
ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

ഒരു കോപ്പിക്ക് 20 രൂപ
വാർഷിക വരിസംഖ്യ 200 രൂപ

കൂടുതൽ വിവരങ്ങൾക്ക്
മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250, ഇമെയിൽ sathyadoothan1@gmail.com

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി
കൂടുതൽ അറിയാൻ ബന്ധപ്പെടുക

Toll free No. 1800 425 2020
(9 am to 9 pm)